# സംശയനിഘണ്ടു

(നാനാൎത്ഥങ്ങൾ, പൎയ്യായങ്ങൾ, ഔഷധങ്ങളുടെ
ഫലശ്രുതികൾ, അപശബ്ദശോധനം, പ്രയോ
ഗവിശേഷം, ഏകാക്ഷരകോശം, സംഖ്യാ
പരിഛിന്നസജാതീയ പദാൎത്ഥങ്ങൾ,
പൎയ്യായകോശം, വിപരീത പദ
ങ്ങൾ, സഭ്യശൈലികൾ, ഗ്രാമ്യ
ശൈലികൾ, സന്ദേഹപരി
ഹാരം, ധാതുപാഠങ്ങൾ
എന്നിവ അടങ്ങിയതു്.)

M41 / H212
LIBRARY, BANGALORE. 1181
M.41 / H21

*By*

**N. H. HARAN M. A.**

NATIONAL BOOK STALL KOTTAYAM KALARIKAL BAZAR

ഒന്നാംപതിപ്പ്
കാപ്പി 1000.

1950.
വില രൂപാ 3.

പ്രകാശകന്മാർ,
'വിദ്യാരംഭം പ്രസ്സ് & ബുക്കുഡിപ്പോ',
മുല്ലയ്ക്കൽ, ആലപ്പുഴ.

'വിജ്ഞാനപോഷിണി' പ്രസ്സ്, കൊല്ല

പകർപ്പവകാശം വി. ആനന്ദവല്ലിയ്ക്കു്

# വിജ്ഞപ്തി

ഭാഷാനിഘണ്ടുക്കൾ ഇക്കാലത്തു പലതും പുറത്തു വന്നിട്ടുണ്ടു്; ചെറുതും വലുതുമായിട്ടു് പ്രയോജനത്തിന്റെ മുൻപിൽനിറുത്തി, ഒന്നടങ്കം പരിശോധിച്ചാൽ അവയ്യോരോന്നിനും പലതരം കുറവുകൾ ഉള്ളതായി കാണാം. മറെറാരുവിധം പറഞ്ഞാൽ, വേദം, പുരാണം, ചരിത്രം, ശബ്ദാനുശാസനം, സാഹിത്യശാസ്ത്രം ആദിയായ ഭാഷാഘടകങ്ങളെ പൂർണ്ണനിലയിൽ സ്പർശിക്കുന്ന ഒരെണ്ണം പോലും ഇന്നു പുറത്തുവന്നിട്ടുള്ള മലയാളനിഘണ്ടുക്കളിൽ ഇല്ലതന്നെ. ഇത്തരം കുറവുകൾ സംക്രമിക്കാത്ത—ഉപയോഗത്തിന്റെ ഉത്തമകോടിയിൽ ഉൾപ്പെടുത്താൻ കൊള്ളാവുന്ന—ഒരു ശബ്ദകോശം തയാറാക്കി പ്രസാധനം ചെയ്യുന്നതിനു് ഏതാനുംകൊല്ലങ്ങളായി ഞങ്ങൾ ഉത്സാഹപൂർവ്വം ശ്രമംചെയ്തുവരികയാണു്. ഇതേ താല്പര്യം തന്നെ കേരളസാഹിത്യപരിഷത്തിന്റെയും, ഐക്യസംസ്ഥാന സർവ്വകലാശാലയുടെയും ശ്രദ്ധയിൽപെട്ടിരിക്കുന്ന സംഗതിയും ഒരുവിധം ആശ്വാസകരംതന്നെ. എന്നാൽ ഞങ്ങളുടെ മേല്പറഞ്ഞ ശബ്ദകോശപരമായ ശ്രമവും ഉത്സാഹവും അധികം ദൂരമല്ലാത്ത ഭാവിയിൽ ഫലരൂപം കൈക്കൊള്ളുമെന്നു് ഉറപ്പുപറയത്തക്ക പരിതഃസ്ഥിതികൾ സമാഗതമായിട്ടുണ്ടു്. അതിന്റെ ഒരു വിദൂര "മാതൃക"യാണു് ഇപ്പോൾ പ്രസാധനംചെയ്യുന്ന ഈ "സംശയനിഘണ്ടു."

വിദ്യാർത്ഥികളുടെയും യുവസാഹിത്യകാരന്മാരുടെയും ഉപയോഗമാണു് ഞങ്ങൾ മുഖ്യമായി ഈ പ്രസിദ്ധീകരണംകൊണ്ടു് ഉദ്ദേശിക്കുന്നതു്. ഇടത്തരക്കാർക്കു സാഹിത്യമാർഗ്ഗങ്ങളിലും, വിദ്യാർത്ഥികൾക്കു് അദ്ധ്യയനസരണി

കളിലും വന്നേക്കാവുന്ന സാധാരണ സംശയങ്ങൾക്കെല്ലാം ഈ നിഘണ്ടുവിൽ പരിഹാരം കണ്ടെത്തുവാൻ സാധിക്കും. നാനാൎത്ഥങ്ങൾ, പൎയ്യായങ്ങൾ, ഔഷധങ്ങളുടെ ഫലശ്രുതികൾ, അപശബ്ദശോധനം, പ്രയോഗവിശേഷം മുതലായ മുഖ്യ ഭാഷാകാൎയ്യങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. കൂടാതെ പരിശിഷ്ടം എന്ന വിഭാഗത്തിൽ ഏകാക്ഷരകോശം, സംഖ്യാപരിഛിന്നസജാതീയപദാൎത്ഥങ്ങൾ, പൎയ്യായകോശം, വിപരീതപദങ്ങൾ, സഭ്യശൈലികൾ, ഗ്രാമ്യശൈലികൾ, സന്ദേഹപരിഹാരം, ധാതുപാഠങ്ങൾ ഇവയും ഉൾപ്പെട്ടിട്ടുണ്ടു്. ഇത്രയുംകൊണ്ടു് ഈ ലഘുശബ്ദകോശത്തിന്റെ ഉള്ളടക്കം പൂൎണ്ണമായി എന്നുതന്നെ പറയാം.

ഏവംവിധമായ സംവിധാനക്രമം നിഘണ്ടുനിൎമ്മാണമാൎഗ്ഗത്തിൽ നൂതനമാണെന്നു് അഭിപ്രായപ്പെടുവാൻ ഞങ്ങൾ അല്പവും മടിക്കുന്നില്ല. മലയാളത്തിൽ ഇന്നോളമുണ്ടായിട്ടുള്ള കോശഗ്രന്ഥങ്ങൾ എടുത്തുവച്ചു പരിശോധിക്കുന്നവൎക്കു് ഈ പരമാൎത്ഥം പെട്ടെന്നു മനസ്സിലാകും. ഇങ്ങനെ ഒരു പുതിയ മാതൃകപിടിച്ചു് എഴുതീട്ടുള്ള ഈ ചെറിയ കോശനിബന്ധത്തെ ഞങ്ങൾ സബഹുമാനം പുറത്തയച്ചുകൊള്ളുന്നു.

ആലപ്പുഴ,
17—8—1125.

പ്രകാശകന്മാർ.

# സംശയനിഘണ്ടു

## അ

അ=നാ-1. ആദ്യക്ഷരം 2. നിഷേധാർത്ഥം കുറിക്കുന്ന 'നഞ്ഞി'ന്റെ ആദേശരൂപം. ഇതു സ്വരാദിയായ പദത്തോടു ചേരുമ്പോൾ 'അൻ' എന്നാകും. പദം വ്യഞ്ജനാദിയാണെങ്കിൽ ആദേശം 'അ' തന്നെ. കൂടുതൽ വിവരത്തിന്നു 'നഞ്ഞ്' എന്ന പദം നോക്കുക 3. വിഷ്ണു 4. സ്വല്പം.

അംശം (അംശകം)=നാ-1. ഭാഗം 2. ഒരു രാശിയുടെ നാലിലൊന്നു്. പൎയ്യായം-വണ്ടകം, ഭാഗം.

അംശു=നാ-1. രശ്മി 2. സൂൎയ്യൻ 3. നൂൽ. പൎയ്യാ-കിരണം, മയൂഖം, ഗഭസ്തി, ഘൃണി, ഘൃഷ്ടി, ഭാനു.

അംശുകം=1. വസ്ത്രം 2. ഉത്തരീയം. പൎയ്യാ-ചേലം, വസനം, ആച്ഛാദനം.

അംശുമതി=നാ-1. ദ്രമിളൻ എന്ന ഗന്ധൎവ്വന്റെ മകൾ 2. മൂവില. പൎയ്യാ-സാലപൎണ്ണി, സ്ഥിര, ധ്രുവ—ഇതു വിഷമജ്വരം, വാതരോഗം, നീരു്, പ്രമേഹം, മൂലക്കുരു ഇവയെ ശമിപ്പിക്കും.

അംശുമത്ഫലാ=വാഴ. പൎയ്യാ-കദളി, വാരണബുസ, മോച, രംഭ, കാഷ്ഠീല.

അംശുമത്=നാ-1. രശ്മിയുള്ളതു് 2. നേരിയ നൂലുള്ളതു്.

അംശുമാൻ=സൂൎയ്യൻ. പൎയ്യാ-അൎയ്യമാ, ദ്വാദശാത്മാ, അഹസ്കരൻ, ബ്രദ്ധ്നൻ, വിഭാകരൻ, വിവസ്വാൻ, സപ്താശ്വൻ, ഹരിദശ്വൻ, വികൎത്തനൻ, സവിതാ, വിഭാവസു.

അംസം=നാ-1. തോൾ (ചുമൽ) 2. യുദ്ധം. പൎയ്യാ-സ്കന്ധം, ഭുജശിരസ്സ്.

അംസളൻ=നല്ല ബലമുള്ളവൻ. പൎയ്യാ-ബലവാൻ, മാംസളൻ.

അംഹതി=നാ-1. ദാനം 2. രോഗം. പൎയ്യാ-വിഹാപിതം, ത്യാഗം, ഉത്സജ്ജനം, വിശ്രാണനം, വിതരണം, പ്രാദേശനം, നിൎവപണം.

അംഹസ്സ്=പാപം. പൎയ്യാ-കലുഷം, വൃജിനം, ഏനസ്, അഘം, ദുരിതം, ദുഷ്കൃതം.

അകം=ഉള്ള്. പര്യാ-അന്തര്, അന്തരാളം.

അകചം=നാ-1. തലമുടിയില്ലാത്തത് 2. കേതു എന്ന ഗ്രഹം.

അകരണി=ഒന്നും ചെയ്യാതിരിക്ക. ഇതു ശാപവചനത്തിൽ സാധാരണ പ്രയോഗിച്ചുകാണും. അല്ലാത്ത സ്ഥലത്ത് 'അകരണം' എന്നു രൂപം.

അകവാൾ=ഒരുജാതി മസൂരി രോഗം.

അകർത്താവ്= സാംഖ്യമതക്കാരൻ.

അകർമ്മകം=കർമ്മമില്ലാത്തക്രിയ. (വ്യാകരണശാസ്ത്രത്തിൽ, ക്രിയ രണ്ടുവിധം: അകർമ്മകമെന്നും സകർമ്മകമെന്നും.)

അകലം=നാ-1. ദൂരം 2. അംശമില്ലാത്തത്, അവയവമില്ലാത്തത് 3. മാധുര്യമില്ലാത്തത്.

അകല്പൻ=നാ-1. അവശൻ 2. അശക്തൻ.

അകസ്മാൽ=പെട്ടെന്ന്. പര്യാ-അഹ്നായ, ഝടിതി, മംക്ഷു.

അകാണ്ഡം=അനവസരം, സമയത്തല്ലാതെ.

അകായൻ=രാഹു. പര്യാ-സൈംഹികേയൻ, വിധുന്തുദൻ.

അകിഞ്ചനൻ=ദരിദ്രൻ. പര്യാ-നിസ്സ്വൻ, ദുർവിധൻ, ദീനൻ, ദുർഗ്ഗതൻ.

അകുതോഭയൻ=നാ-1. എങ്ങും ഭയമില്ലാത്തവൻ 2. ശിവൻ.

അകുലൻ=ദുഷ്കുലത്തിൽ ജനിച്ചവൻ.

അകുഹൻ= വക്രബുദ്ധിയല്ലാത്തവൻ, സരളഹൃദയൻ.

അകൂപാരം=സമുദ്രം. പര്യാ-പാരാവാരം, സരിത്പതി, ഉദന്വാൻ, ഉദധി, സിന്ധു, സരസ്വാൻ, സാഗരം, അർണ്ണവം.

അകൃച്ഛ്റം=സുഖം.

അകൃഷ്ടപച്യം=ഉഴാതെ തനിയെ വിളയുന്ന നിലം.

അകൃഷ്ണകർമ്മാവ്=പുണ്യാത്മാവ്, സദാചാരമുള്ളവൻ. പര്യാ-ശിശ്വിദാനൻ.

അക്ക=അമ്മ.

അക്കനം=ഒരു അക്ഷരം

അക്രൂരൻ=നാ-1. ദയാശീലൻ, 2. യദുവംശത്തിലെ ഒരു രാജാവ്.

അക്ഷം=നാ-1. ഇന്ദ്രിയം 2. അച്ചുതണ്ട് 3. വ്യവഹാരം 4. പകിടക്കരു 5. രുദ്രാക്ഷം 6. താന്നിമരം.

അക്ഷൻ=രാവണൻെറ ഒരു പുത്രൻ (അക്ഷകുമാരൻ)

അക്ഷത= പുരുഷസംസർഗ്ഗമുണ്ടാകാത്ത സ്ത്രീ (അവിവാഹിത), കന്യക.

അക്ഷതം=മലർ. പര്യാ-ലാജം.

അക്ഷദർശകൻ= ന്യായാധിപതി. പര്യാ-പ്രാഡ്വിപാകൻ.

അക്ഷദേവി= ചൂതുകളിക്കാരൻ. പര്യാ-ധൂർത്തൻ, കിതവൻ, ദ്യൂതകൃത്.

അക്ഷപാദൻ=ഗൌതമമുനി.

അക്ഷമാല=ജപമാല.

അക്ഷരം=നാ-1. നാശമില്ലാത്തതു് 2. ബ്രഹ്മം 3. അകാരം മുതലായ വർണ്ണം.

അക്ഷരചുഞ്ചു= എഴുത്തുകാരൻ. പര്യാ-ലിപികാരൻ, അക്ഷരചണൻ, ലേഖകൻ.

അക്ഷരി=വർഷത്തു. പര്യാ-പ്രാവൃട്.

അക്ഷവതി=ചൂതുകളി. പര്യാ-ദ്യൂതം, കൈതവം, പണം.

അക്ഷവിത്=ചൂതറിയുന്നവൻ.

അക്ഷാന്തി=സഹനമില്ലായ്മ. പര്യാ-ഈൎഷ്യ.

അക്ഷി=കണ്ണ്. പര്യാ-ദൃക്, നയനം, ലോചനം, നേത്രം.

അക്ഷികൂടകം=ആനയുടെ നേത്രഗോളം.

അക്ഷിഗതൻ= ദ്വേഷിക്കപ്പെട്ടവൻ, ശത്രു. പര്യാ-ദ്വേഷ്യൻ.

അക്ഷീബം=മുരിങ്ങ. പര്യാ-തീക്ഷ്ണഗന്ധം, സൗഭാഞ്ജനം, ശിഗ്രു, മോചകം.

അക്ഷീബൻ=കുടിച്ചു മദിയ്ക്കാത്തവൻ. വിപരീതപദം-"ക്ഷീബൻ."

അക്ഷുണ്ണം=നാ-1. ശീലിക്കാത്തതു് 2. വിചിത്രം 3. പൊടിക്കാത്തതു്.

അക്ഷുദ്രൻ=നാ-1. ശിവൻ 2. ഉത്തമൻ.

അക്ഷോടം=മലയുകമെന്ന മരം. പര്യാ-കന്ദരാളം.

അക്ഷോഭം=നാ-1. ആനയെ തളയ്ക്കുന്ന കുററി 2. ഇളക്കമില്ലാത്തതു്.

അക്ഷൗഹിണി=പത്തു് അനീകിനി കൂടിയ സേനാവിശേഷം.

അഖണ്ഡം=ചൂർണ്ണം പര്യാ-കൃൽസ്നം, നിഖിലം, സമഗ്രം, അന്യൂനകം, വിശ്വം.

അഖാതം=കുഴിച്ചുണ്ടാക്കാത്ത ജലാശയം. പര്യാ-ദേവഖാതകം. വിപരീതം-ഖാതം.

അഗം=നാ-1. വൃക്ഷം 2. പർവ്വതം.

അഗദം=ഔഷധം. പര്യാ-ഭേഷജം, ഭൈഷജ്യം, ജായു.

അഗദംകാരൻ=വൈദ്യൻ. പര്യാ-ഭിഷക്, ചികിത്സകൻ.

അഗമം=വൃക്ഷം. പര്യാ-ദ്രുമം, ദ്രു, ശാഖി, വിടപി, അനോകഹം, മഹീരുഹം.

അഗരി=ദേവതാളി. പര്യാ-ജീമൂതം, ഖര, ദേവതാഡം—ഇതു പനി, വീപ്പുമുട്ടൽ, എലിവി

ഷം മുതലായവയെ ശമിപ്പിക്കും.

അഗരു=കാരകിൽ (കറുത്ത അകിൽ) പര്യാ-കാളാഗരു.

അഗസ്തി=അഗസ്ത്യമുനി. പര്യാ-കുംഭയോനി, കലശീസുതൻ, സിന്ധുവൈരി.

അഗാധം=നിലയില്ലാത്ത സ്ഥലം. പര്യാ-അതലസ്പർശം. വിപരീതപദം-ഗാധം.

അഗാരം=വീട്. പര്യാ-ഉദവസിതം, വേശ്മം, നികേതനം, സത്മം, നിശാന്തം, വസ്ത്യം, ധിഷ്ണ്യം, നിവസനം, നിവേശനം.

അഗുരു=നാ-1. ഘനമില്ലാത്തത്, കട്ടികുറഞ്ഞത് 2. കറുത്ത ഇരുമ്പുള്ള മരം.

അഗ്നായി=അഗ്നിയുടെഭാര്യ. പര്യാ-സ്വാഹാ.ഹുതഭുക്പ്രിയ.

അഗ്നി=നാ-1. തീയ്യ് 2. കൊടുവേലി.

അഗ്നികണം=തീപ്പൊരി. പര്യാ-സ്ഫുലിംഗം.

അഗ്നിചിത്=അഗ്ന്യാധാനംചെയ്തവൻ, അടിതിരി.

അഗ്നിജ്വാല=നാ-1. തീജ്വാല 2. മേന്തോന്നി 3. താതിരി—ഇതു് വിഷം,അതിസാരം, വിസപ്പം, വയറുകടി, രക്തദോഷം ഇവയെ ശമിപ്പിക്കും.

അഗ്നിത്രയം=ഗാർഹപത്യാഗ്നി, ദക്ഷിണാഗ്നി, ആഹവനീയാഗ്നി. ഇവയ്ക്കു മൂന്നിനുംകൂടി 'ത്രേത' എന്നു പറയും.

അഗ്നിഭൂ=സുബ്രഹ്മണ്യൻ. പര്യാ-ഗുഹൻ, ശക്തിധരൻ, ഷാൺമാതുരൻ, കുമാരൻ, ക്രൗഞ്ചദാരണൻ, സ്കന്ദൻ, ശരജന്മാവ്, മഹാസേനൻ, ഷഡാനനൻ, ശിഖിവാഹനൻ, താരകജിത്, ബാഹുലേയൻ, വിശാഖൻ, സേനാനി.

അഗ്നിമന്ഥം=മുഞ്ഞമരം.പര്യാ-ശ്രീപർണ്ണം, ജയം, കണിക, ഗണികാരിക—ഇതു് അഗ്നിമാന്ദ്യം, നീരു്, ശോധനക്കുറവു്, ആമദോഷം, പാണ്ഡുരോഗം ഇവയെ ശമിപ്പിക്കും. വാതകഫസംബന്ധമായ എല്ലാ രോഗങ്ങൾക്കും നന്നു്.

അഗ്നിമുഖി=ചേർമരം. പര്യാ-വീരവൃക്ഷം, അരുഷ്കരം, ഭല്ലാതകം—ഇതു് ഒരുവക വിഷമുള്ളതാണു്. പ്രത്യൗഷധംതാന്നി.

അഗ്നിശിഖം=നാ-1. ചപ്പങ്ങം 2. കുങ്കുമം.

അഗ്ന്യുത്പാതം=1. ധൂമകേതു 2. അഗ്നിനിമിത്തമുള്ള ആപത്തു്. പര്യാ-ഉപാഹിതം.

അഗ്രം=നാ-1. അററം 2. വൃക്ഷത്തിൻെറ തലപ്പു് 3. ശ്രേഷ്ഠം 4. മുൻപു്.

അഗ്രഗൻ=മുമ്പെ പോകുന്നവൻ, മുമ്പൻ (പ്രധാനൻ.)

അഗ്രജൻ=ജ്യേഷ്ഠൻ. പര്യാ-അഗ്രജന്മാവ്, പൂർവ്വജൻ, അഗ്ര്യൻ

അഗ്രതസ്സരൻ=മുൻപിൽ നടക്കുന്നവൻ.

അഗ്രതസ്=മുൻപിൽ. പര്യാ-പുരസ്, പുരതസ്.

അഗ്രിമൻ= ജ്യേഷ്ഠസഹോദരൻ (മുമ്പൻ)

അഗ്രേദിധിഷു= പുനർവിവാഹത്തിലേപ്പെട്ട സ്ത്രീയുടെ ഭർത്താവ്. ജ്യേഷ്ഠനുമുൻപേ വിവാഹം ചെയ്ത അനുജൻ എന്നും അർത്ഥമുണ്ട്.

അഗ്രേസരൻ=മുൻപിൽ നടക്കുന്നവൻ, പ്രമാണി.

അഗ്ര്യം=ശ്രേഷ്ഠം. പര്യാ-പരാർദ്ധ്യം, പ്രധാനം, പ്രമുഖം, പ്രവേകം, അനുത്തമം, മുഖ്യം, വരേണ്യം, പ്രബർഹം, അവരാർദ്ധ്യം, പ്രാഗ്രഹരം, പ്രാഗ്ര്യം.

അഘം=നാ-1. പാപം 2. ദുഃഖം 3. ചൂതുകളി മുതലായ ദുഷ്കർമ്മങ്ങളിലുള്ള താല്പര്യം.

അഘമർഷണം= പാപനാശകമായ മന്ത്രം.

അഘ്ന്യ=പശു. പര്യാ-മാഹേയി, സൗരഭേയി, ഉസ്ര, ശൃംഗിണി, അർജ്ജുന.

അംഘ്രി=നാ-1. കാല് 2. വൃക്ഷങ്ങളുടെ വേര്.

അംഘ്രിപം=വൃക്ഷം.

അങ്കം=നാ-1. അടയാളം 2. നാടകത്തിലെ ഒരു ഭാഗം 3. പർവ്വതം 4. യുദ്ധാലങ്കാരം 5. യുദ്ധം 6. മടി 7. അപവാദം.

അങ്കണം=മുററം. പര്യാ-ചത്വരം, അജിരം, അംഗണം.

അങ്കുരം=വിത്തിൻെറ പുതിയ മുള.

അങ്കുശം=തോട്ടി. പര്യാ-സൃണി.

അങ്കോലിക=ആലിംഗനം. പര്യാ-അങ്കപാളി, പരിഷ്വംഗം.

അങ്ക്യം=മടിയിൽവച്ചു കൊട്ടുന്ന വാദ്യം.

അംഗ=ഹേ, അല്ലയോ.

അംഗജൻ=കാമദേവൻ. പര്യാ-സ്മരൻ, പുഷ്പധന്വാവ്, മകരധ്വജൻ, കന്ദർപ്പൻ, ദർപ്പകൻ, അനംഗൻ, ശംബരാരി, മനസിജൻ, കുസുമേഷു.

അംഗദം=തോൾവള. പര്യാ-കേയൂരം.

അംഗന=നാ-1. സ്ത്രീ 2. സുന്ദരി 3. വടക്കേദിക്പാലകൻെറ ആനയുടെ പിടി. പര്യാ-യോഷിത്, അബല, യോഷ, സീമന്തിനി, പ്രതിപദർശിനി, വാമ, വനിത, മഹിള.

അംഗരക=ചെറിയ കുപ്പായം.

അംഗരാഗം=കുറിക്കൂട്ട്.

അംഗവിക്ഷേപം= അഭിനയം. പര്യാ-അംഗഹാരം.

അംഗസംജ്ഞ=ആംഗ്യം.

അംഗാരം=നാ-1. തീക്കനൽ 2. കരി.

അംഗാരകൻ=ചൊവ്വ. പര്യാ-കുജൻ, ഭൗമൻ, ലോഹിതാംഗൻ, മഹീസുതൻ.

അംഗാരകമണി=പവിഴം. പര്യാ-പ്രവാളം, വിദ്രുമം.

അംഗാരകാരകൻ= മരമെരിച്ചു കരിയെടുക്കുന്നവൻ.

അംഗാരധാനി=തീച്ചട്ടി. പര്യാ-ഹസന്തി, അംഗാരശകടി, ഹസനീ.

അംഗാരവല്ലി=നാ-1. ചെറുതേക്കു് 2. പുങ്ങുമരം.

അംഗാരികാ=നാ-1. കരിമ്പിൻതണ്ടു് 2. നെരിപ്പോടു്.

അംഗികാ=ചട്ട. പര്യാ-തനുത്രം, കഞ്ചുകം, കുപ്പായം.

അംഗിരസ്സ്=ഒരു മഹർഷി.

അംഗീകാരം=നാ-1. സ്വീകരണം 2. ഉടമ്പടി. പര്യാ-ആശ്രവം, അഭ്യുപഗമം, പ്രതിശ്രവം, സമാധി, സംശ്രവം.

അംഗുലം=നാ-1. വിരൽ 2. പെരുവിരൽ 3. എട്ടു യവത്തിന്റെ നീളം.

അംഗുലി=വിരൽ. പര്യാ-കരശാഖ, കരരുഹം.

അംഗുലീയം=മോതിരം. പര്യാ-ഊൎമ്മിക.

അംഗുലീമോടനം=വിരലിന്റെ ഞൊട്ടയൊടിക്ക.

അംഗുഷ്ഠം=പെരുവിരൽ.

അങ്ങനെ=അപ്രകാരം. അങ്ങിനെ എന്നെഴുതുന്നതു ശരിയല്ല.

അങ്ങെക്കൂറു്=അടുത്ത വീടു്.

അച്=സ്വരാക്ഷരങ്ങളെ മുഴുവൻ കുറിക്കുന്ന ഒരു വ്യാകരണ സംജ്ഞ.

അചണ്ഡി=ഇണക്കമുള്ള പശു.

അചരം=ചരിക്കാത്തതു്. സഞ്ചരിക്കാത്ത മല, മരം മുതലായവയുടെ പൊതുപ്പേരു്.

അചല=ഭൂമി. പര്യാ-അനന്ത, ധര, വിശ്വംഭര, സ്ഥിര, അബ്ധിമേഖല, സർവംസഹ, വസുന്ധര, അവനി, മഹി, ക്ഷിതി, ക്ഷമ, ധാത്രി, ധരിത്രി, ജ്യാ, കാശ്യപി.

അചലം=പൎവ്വതം. പൎയ്യാ-ശിഖരി, മഹീധ്രം, അഹാൎയ്യം, ക്ഷ്മാഭൃത്, ധരം, അദ്രി, ഗോത്രം, ഗിരി, ഗ്രാവ.

അചിരം=ഏറെനാൾ നില്ക്കാത്തതു്.

അചിരദ്യുതി=മിന്നൽ. പൎയ്യാ-ശമ്പാ, ക്ഷണപ്രഭ, വിദ്യുത്, തടിത്തു്.

അചിരാൽ=പെട്ടെന്നു്, കാലവിളംബമില്ലാതെ.

അചേതനം=1. ജീവനില്ലാത്ത 2. ബോധമില്ലാത്ത 3. ഓൎമ്മയില്ലാത്ത.

അച്ഛടക്കം=1. ഭയം 2. ബഹുമാനം 3. നീതിപാലനം.

അച്ഛിരി=നാണംകുണുങ്ങിയ ചിരി.

അച്ഛിമട്ടം=ഒരുജാതിക്കുതിര.

അച്ഛോ=അത്ഭുതം ഭയം ദുഃഖം ഇവ കുറിക്കുന്ന ഒരു വ്യാക്ഷേപകം. പ്രാചീനമലയാളഗ്രന്ഥങ്ങളിൽ ധാരാളം പ്രയോഗിച്ചു കാണും.

അച്ഛം=പേടി.

അച്യുതൻ=ശ്രീകൃഷ്ണൻ. പര്യാ-മാധവൻ, നാരായണൻ, വൈകുണ്ഠൻ, വിഷ്ടരശ്രവസ്സ്, ഹൃഷീകേശൻ, സ്വഭൂ, ദൈത്യാരി, ഗോവിന്ദൻ, ഗരുഡധ്വജൻ, കംസാരാതി, അധോക്ഷജൻ.

അച്ഛ=നാ-1. നിർമ്മലം 2. സ്ഫടികം 3. ആഭിമുഖ്യം.

അച്ഛഭല്ലം=കരടിക്കുരങ്ങ്. പര്യാ-ഋക്ഷം, ഭല്ലൂകം.

അച്ഛാവാകൻ=പതിനാറ് ഋത്വിക്കുകളിൽ ഒരാൾ.

അച്ഛിദ്രം=നാ-1. ഛിദ്രമില്ലാ 2. പഴുതില്ലാത്ത 3. കുറവില്ലാത്ത.

അജൻ=ബ്രഹ്മാവ്. പര്യാ-ആത്മഭൂ, സുരജ്യേഷ്ഠൻ, പരമേഷ്ഠി, പിതാമഹൻ, നാഭിജന്മാ, അണ്ഡജൻ, പൂർവ്വൻ, നിധനൻ, സത്യകൻ, ഹംസവാഹനൻ.

അജൻ=നാ-1. ദശരഥന്റെ അച്ഛൻ 2. ശിവൻ 3. കാമദേവൻ 4. വിഷ്ണു 5. ആണാട് 6. ദൈവം.

അജം=നാ-1. ആട് 2. മേടംരാശി (കോലാട്.) പര്യാ-സ്തഭം, ഛാഗം, ബസ്തം, ഛഗലകം.

അജ=നാ-1. പെണ്ണാട് 2. മായാദേവി.

അജകവം=ശിവന്റെ വില്ല്. പര്യാ-അജഗവം, പിനാകം, അജകാവം, ആജഗവം.

അജഗന്ധി=ആട്ടുനാറിവേള. പര്യാ-കബരി, തുംഗി, ഖരപുഷ്പ. ഇത് വാതം, ജ്വരം, ഗുന്മൻ, അഗ്നിമാന്ദ്യം ഇവയെ ശമിപ്പിക്കും.

അജഗരം=പെരുമ്പാമ്പ്. പര്യാ-ശയു, വാഹസം

അജഗർദ്ദം=നീർക്കോലി. പര്യാ-ജലവ്യാളം, അലഗർദ്ദം.

അജനൻ=ഈശ്വരൻ.

അജന്യം=ദുർന്നിമിത്തം. പര്യാ-ഉത്പാതം, ഉത്സഗ്ഗം.

അജമേധം=ആട്ടിനെ ബലികഴിച്ചു നടത്തുന്ന ഒരുവക യാഗം.

അജമോജം=അയമോദകം. പര്യാ-ഉഗ്രഗന്ധാ, ബ്രഹ്മദർഭ, യവാനിക.

അജയ്യം=ജയിക്കാൻ കഴിയാത്ത.

അജലംബനം=അഞ്ജനം.

അജശൃംഗി=ആട്ടുതീണ്ടാപ്പാല. പര്യാ-വിഷാണി.

**അജസ്രം**=എല്ലായ്പോഴും. പര്യാ-സന്തതം, അനാരതം, അശ്രാന്തം, സതതം, അവിരതം, അനിശം, നിത്യം, അനവരതം.

**അജഹ**=ഉപേക്ഷിക്കാത്ത, വിടാത്ത.

**അജഹല്ലക്ഷണ**=സ്വാത്ഥം മുഴുവൻ ഉപേക്ഷിക്കാത്ത ലക്ഷണ. 'ലക്ഷണ' എന്ന വാക്കു നോക്കുക.

**അജഹാ**=നായ്ക്കുരണ. പര്യാ-ആത്മഗുപ്ത, അവ്യണ്ഡകണ്ഡൂല, പ്രാവൃഷായണി, ശൂകശിംബി, മക്കടി, കപികച്ഛൂ. ഇതു് രക്തപിത്തം, വാതം, ദുഷ്ടവ്രണം, ക്ഷയം ഇവയെ ശമിപ്പിക്കും. വൃഷ്യവുമാണ്.

**അജാഗരം**=ഉണച്ചയില്ലായ്മ, ശ്രദ്ധയില്ലായ്മ.

**അജാജി**=ജീരകം. പര്യാ-ജരണം, കണ.

**അജാജീവൻ**=ആട്ടിനെക്കൊണ്ടു ഉപജീവിക്കുന്നവൻ. പര്യാ-ജാബാലൻ, അജാജീവി.

**അജാതശത്രു**=നാ-1. ശത്രുക്കളില്ലാത്തവൻ 2. ധമ്മപുത്രൻ.

**അജിതൻ**=നാ-1. വിഷ്ണു 2. ശിവൻ 3. ബുദ്ധമുനി 4. ജയിക്കപ്പെടാത്തവൻ.

**അജിനം**=തോൽ. പര്യാ-ചമ്മം, കൃത്തി.

**അജിനപത്രം**=നാ-1. വവ്വാൽ 2. നരിച്ചീർ. പര്യാ-ജതുക.

**അജിനയോനി**=മാൻ. പര്യാ-മൃഗം, കുരംഗം, വാതായു, ഹരിണം, ഏണം.

**അജിരം**=നാ-1. മുററം 2. കാററ് 3. ശരീരം 4. വിഷയം.

**അജിഹ്മം**=നേരെയുള്ള, വളവില്ലാത്ത. പര്യാ-ഋജു, സരളം, പ്രഗുണം.

**അജിഹ്മഗം**=അസ്ത്രം.

**അജീവം**=മരണം.

**അജീവനി**=നാശം, മുടിവ്.

**അജൂര്യൻ**=നാ-1. നാശമില്ലാത്തവൻ 2. വേഗവാൻ. ഈ വാക്കു വേദത്തിൽമാത്രം പ്രസിദ്ധം.

**അജേയൻ**=ജയിക്കപ്പെട്ടവാനാകാത്തവൻ. അജയ്യൻ എന്നും രൂപം.

**അജ്ജുക**=വേശ്യ. നാട്യത്തിൽ മാത്രം പ്രസിദ്ധം.

**അജ്ഝട**=കിഴകാനെല്ലി. പര്യാ-അമല, താലി, ശിവ, താമലകി. ഇതു മൂത്രകൃച്ഛ്റം, പ്രമേഹം, കാമില, പാണ്ഡുരോഗം, വിഷം, നേത്രരോഗം, ചുട്ടുനീററൽ ഇവയെ ശമിപ്പിക്കും.

**അജ്ഞൻ**=അറിവില്ലാത്തവൻ, മൂഢൻ. പര്യാ-യഥാജാതൻ, മൂർഖൻ, വൈധേയൻ, ബാലിശൻ.

**അജ്ഞാനം**=അറിവില്ലായ്മ, തെ

റായ അറിവു്. പര്യാ-അവിദ്യ, അഹംമതി.

അഞ്ചമ്പൻ=കാമദേവൻ. അരവിന്ദം, അശോകം, ചൂതം, നവമല്ലിക, നീലോല്പലം ഇങ്ങനെ കാമദേവന്റെ അമ്പുകൾ അഞ്ചു്.

അഞ്ചലം=അററം. പര്യാ-കോടി, തുമ്പു്, തലപ്പു്.

അഞ്ചാംപുര= വ്യഭിചാരദോഷമുണ്ടെന്നു സംശയം കണ്ടാൽ അതിന്റെ നിശ്ചയംവരെ ബ്രാഹ്മണസ്ത്രീയെ പാർപ്പിക്കുന്ന സ്ഥലം.

അഞ്ചിതം=നാ-1. പൂജിക്കപ്പെട്ടതു് 2. ശോഭിച്ചതു് 3. പോയത്തു്.

അഞ്ചുക=ഭയപ്പെടുക, പൂജിക്കുക, ശോഭിക്കുക, യാചിക്കുക.

അഞ്ജനൻ=വരുണന്റെ ആന.

അഞ്ജനം=ഒരുജാതി മഷി. സൗവീരാഞ്ജനം, രസാഞ്ജനം, തുത്ഥാഞ്ജനം, കപോതാഞ്ജനം, ഇങ്ങനെ നാലുതരം അഞ്ജനം.

അഞ്ജനകേശി=നാ-1. കറുത്ത തലമുടിയുള്ളവൾ 2. പവിഴക്കൊടി.

അഞ്ജന=നാ-1. ഹനുമാന്റെ അമ്മ 2. വടക്കേദിക്കിലെ പിടിയാന.

അഞ്ജലി=കൂപ്പുകൈയ്

അഞ്ജസാ=നാ 1. ഉടനെ 2.സത്യമായി 3. യോഗ്യമായി.

അടച്ചൂററി=അടവലക, അരിവാക്കുന്നതിനു് ഉപയോഗിക്കുന്ന പലക

അട=ചുററിനടക്കുക.

അടനം=സഞ്ചാരം. പര്യാ-അടാട്യ, സഞ്ചരണം.

അടനി=വില്ലിന്റെ അററം. പര്യാ-കോടി.

അടമ്പു്=ഒരുജാതിവള്ളി. ഇതു കൂട്ടതലായി സമുദ്രതീരങ്ങളിൽ കാണാം.

അടമഴ=ഇടവിടാതെയുള്ള മഴ.

അടമാനം=നാ-1. അടപ്പു് 2. പണയം 3. ജാമ്യം.

അടർ=യുദ്ധം. പര്യാ-അമർ, പട, പോരു്, അടൽ.

അടരൂഷം=ആടലോടകം. പര്യാ-വൃഷം, വാസകം, വാശിക, സിംഹി, വൈദ്യമാതാ. ഇതു് കഫപിത്തരോഗങ്ങൾ, കാസശ്വാസം, ക്ഷയം, ഛർദ്ദി, കഷ്ഠം ഇവയ്ക്കു നന്നു്.

അടവു്=നാ-1. മര്യാദ, 2. മിടുക്കു് 3. കണക്കുകുറിക്ക 4. അഭ്യാസവിധം 5. ചതിവു് 6. അടയുക.

അടവി=കാടു്. പര്യാ-അരണ്യം, വിപിനം, ഗഹനം, കാനനം, വനം.

അടവികൻ=വനംവിചാരിപ്പുകാരൻ.

അടി=നാ-1. തല്ലു് 2. കാൽച്ചു

വട്ട് 3. കാൽകൊണ്ടുള്ള അളവ് 4. താഴത്തെഭാഗം.

അടിതിരി=ഒരുജാതി ബ്രാഹ്മണൻ.

അടിപ്പടവ്=പുരയുടെ അടിസ്ഥാനം.

അടിമയാവന=കരമൊഴിവായിട്ടുള്ള വസ്തു.

അടിയറ=ബഹുമാനസൂചകമായി വയ്ക്കുന്ന കാഴ്ച.

അടിയറവ്=നാ-1. ഗതിമുട്ടിയ തോൽവി 2. തോററെന്നു താനേ സമ്മതിക്കുക.

അടിയില=രാജാക്കന്മാൎക്കു ഭക്ഷണംവിളമ്പിവെയ്ക്കുന്ന ഇലയോ പാത്രമോ.

അടുക്കളെക്കുരുവി=ഒരു ജാതി ചെറിയ കുരുവിപ്പക്ഷി.

അടുക്കുവെത്തു്=കുടിയാൻ മുതലാളിയ്ക്കു കൊടുക്കുന്ന ഒരു അവകാശം.

അട്യ=ചുററിനടപ്പു്

അട്ടം=നാ 1.പൊക്കമുള്ള മാളിക 2. തെരുവുമണ്ഡപം 3. ഉറക്കെ 4. വരമ്പ്.

അട്ടക്കരി=പുകയറ.

അട്ടഹാസം= 1. ഉറക്കെയുള്ള ചിരി. 2. അലറുക.

അട്ടാലം=നാ-1. രാജധാനി 2. ഗോപുരം 3. മാളിക 4. കൊത്തളം.

അട്ടി=1. നിര 2. കൂട്ടം.

അട്ടിപ്പേറു്=തീറുവാങ്ങുക

അഡഹൂ=അയനിമരം. പര്യാ-പരിവ്യാധം, ലകുചം.

അണ=നാ 1. വെള്ളം തടുക്കുന്ന ചിറ. 2. വായുടെ ഇടത്തുംവലത്തും ഉള്ള ഭാഗം 3. വാഴക്കൈയ് 4. ഒരു നാണയം.

അണകം=നിന്ദിക്കപ്പെട്ടതു്. പര്യാ-നികൃഷ്ടം, പ്രതികൃഷ്ടം, അൎവ്വാ, രേഫം, യാപ്യം, അവമം, അധമം, കുപൂയം, കുത്സിതം, അവദ്യം, ഖേടം, ഗൎഹ്യം.

അണക്കട=അണയുടെ ചുവട്ടു്.

അണച്ചൽ=നാ-1. സമീപിക്കുക 2. ആലിംഗനംചെയ്ക.

അണയം=സമീപം.

അണലി=ഒരുവക പാമ്പ്.

അണവീനം=ചെറുനെല്ലുവിളയുന്നസ്ഥലം. പര്യാ-അണവ്യം.

അണി=നാ-1. നിര 2. വണ്ടിയുടെ അച്ചുതണ്ടിൻെറ അററത്തു വയ്ക്കുന്ന ആപ്പ് 3. അതിരു് 4. ആയുധത്തിൻെറ അററം.

അണിമാവ്= അഷ്ടൈശ്വൎയ്യങ്ങളിൽ ഒന്നു്. "അഷ്ടൈശ്വൎയ്യം" എന്ന വാക്കു നോക്കുക.

അണിയൽ=അലങ്കാരം

അണിയം=വള്ളം മുതലായവയുടെ മുൻതല.

അണിയറ=വേഷമിടുന്ന സ്ഥലം.

അണീ=ആണി.

അണീയസ്=ഏററവും ചെറുത്
അണു=1. ചെറുത്, 2. അല്പം. പര്യാ-ക്ഷുല്ലകം, സ്തോകം, ദഭ്രം, കൃശം, തനു, ത്രുടി, ലവം, ലേശം, കണം.
അണ്ഡം=കക്ഷണം.
അണ്ടർ=ദേവൻ. പര്യാ-ഉമ്പർ, ഇമയവർ.
അണ്ഡം=നാ 1. മുട്ട 2. ഗോളം 3. വൃഷണം 4. ബാഹ്യലോകം മുഴുവൻ.
അണ്ഡകടാഹം=ലോകം മുഴുവൻ.
അണ്ഡകോശം=വൃഷണം, വിത്തറ.
അണ്ഡജം=നാ-1. പക്ഷി 2. പാമ്പ് 3. മൽസ്യം 4. ഗൗളി 5. കസ്തൂരി.
അണ്ഡജൻ=ബ്രഹ്മാവ്.
അണ്ണൽ=ദൈവം.
അണ്ണാക്കൊട്ടൻ=ഒരുജാതി അണ്ണാൻ.
അണ്ണാവി=ആര്യബ്രാഹ്മണരിൽ ശ്രേഷ്ഠതയുള്ള ഒരു വർഗ്ഗം.
അണ്ണി=1. അണ്ണൻെറ ഭാര്യ 2. ഒരുജാതി അണ്ണാൻ.
അതടം=1. നിരപ്പില്ലാത്തസ്ഥലം 2. ഉയന്ന സ്ഥലം 3. ചരിവ്.
അതന്ദ്രൻ=ഈശ്വരൻ, ദൈവം
അതലം=പതിനാലു ലോകങ്ങളിൽ ഏററവും അടിയിലത്തെ ലോകം.
അതലസ്പൃശ്യം=അഗാധമായ സ്ഥലം.
അതസി=അഗശി. പര്യാ-ഉമ, ക്ഷുമ.
അതി=അധികം, ഏററവും, ശ്രേഷ്ഠതയുള്ള, കവിയുന്ന.
അതികൃതം=ആവശ്യമുള്ളതിലധികംചെയ്യുന്നത്.
അതിക്രമം=പേടിയില്ലാതെ ശത്രുക്കളുടെ നേരേ എതിരിത്തു ചെല്ലുക.
അതിഗന്ധം=മണം അധികമുള്ളത്.
അതിഗർജ്ജനം=നാ-1. വലിയ ഇടിമുഴക്കം 2. അലച്ച 3. ഉറക്കെയുള്ള ശകാരം.
അതിചരം=അപ്പുറം പോകുന്നത്.
അതിചരാ=ഓരിലത്താമര. പര്യാ-പത്മ, ചാരടി, അവ്യഥ, പത്മചാരിണി. ഇതു മോഹാലസ്യം, അപസ്മാരം, ഛർദ്ദി, രക്തപിത്തം, പ്രമേഹം, അതിസാരം ഇവയെ ശമിപ്പിക്കും.
അതിച്ഛത്രം=കൂണ്. പര്യാ-പാലഘ്നം, ഛത്ര.
അതിതരാം=ഏററവും അധികം.
അതിഥി=വിരുന്നുകാരൻ. പര്യാ-ആഗന്തു, ഗൃഹാഗതൻ, ആവേശികൻ.
അതിദേവൻ=നാ-1. ദേവന്മാരെ അതിക്രമിച്ചവൻ. 2. ശിവൻ.

അതിനൌ=തോണിയെക്കാൾ ഉത്തമം (തോണിയെ അതിലംഘിച്ചതു്)

അതിപന്ഥാവു്=നല്ലവഴി. പര്യാ-സൂപഥം, സൽപഥം.

അതിപാതം=1.വീഴ്ച 2. കടക്കൽ 3. വിരോധം.

അതിബല-നാ-1. ഉറപ്പൻ 2. ഒരു മന്ത്രം.

അതിമാത്രം=അധികം.

അതിമാനുഷൻ=ദിവ്യൻ.

അതിമായൻ=മായയെ ജയിച്ചവൻ.

അതിമുക്ത=നാ-1. സന്തതിയില്ലാത്തവൾ 2. തള്ളപ്പെട്ടവൾ.

അതിമുക്തം=നാ-1. കരുക്കുത്തിമുല്ല 2. പനച്ചി.

അതിരഥൻ=നാ-1. കണ്ണന്റെ വളൎത്തച്ഛൻ 2. തേരാളി മരിച്ചാലും സ്വയം തേരുതെളിച്ചുകൊണ്ടു പടവെട്ടുന്ന വില്ലാളി.

അതിരിക്തം=ഏററവും, അധികം, കവിഞ്ഞതു്.

അതിരേകം=അധികമായ, കവിഞ്ഞ.

അതിവക്താവു്=അധികം സംസാരിക്കുന്നവൻ.

അതിവാദം= പരുഷസംഭാഷണം.

അതിവിഷ=അതിവിടയം. പര്യാ-വിശ്വ, വിഷ, പ്രതിവിഷ, ഉപവിഷ, അരുണ, ശൃംഗി, മഹൌഷധി. ഇതു് കഫം പിത്തജ്വരം, ആമപക്വാതിസാരം ഇവയെ ശമിപ്പിക്കും.

അതിവേലം=ഏററവും, അതിരുകടന്നതു്.

അതിശയം=കവിഞ്ഞതു്. അത്ഭുതമെന്നൎത്ഥത്തിൽ പ്രയോഗിക്കുന്നതു ശരിയല്ല.

അതിശയോക്തി=ഒരു അൎത്ഥാലങ്കാരം.

അതിസൎജ്ജനം= അതിദാനം.

അതിസന്ധാനം=ചതിവു്.

അതിസൎപ്പണം= ഗൎഭശിശുവിന്റെ അനക്കം.

അതിസാരൻ= ഏററവും ബലമുള്ളവൻ.

അതീതം=കഴിഞ്ഞതു്.

അതിനൌകൻ= തോണിയിൽനിന്നു കരയ്ക്കിറങ്ങിയവൻ.

അതീന്ദ്രിയൻ=നാ-1. യോഗി 2. ഈശ്വരൻ.

അതുലം=നാ-1. തുല്യമല്ലാത്തതു് 2. എള്ളിന്റെ തയ്യ്.

അത്തൽ=നാ-1. ദുഃഖം 2. ഭയം.

അത്താണി=ചുമട്ടുതാങ്ങി.

അത്തിക=മൂത്തസഹോദരി, നാട്യത്തിൽ പ്രസിദ്ധം.

അത്യഗ്നി=അഗ്നിയെ കവിഞ്ഞതു്.

അത്യന്തം=അന്തത്തെ അതിക്രമിച്ച, കവിഞ്ഞ, അധികമായ.

അത്യന്തകോപനൻ= അതി കോപശീലൻ.

അത്യന്തീനൻ=രണശൂരൻ. പര്യാ-വിക്രാന്തൻ, വീരൻ.

അത്യയം=നാ-1. നാശം 2. മരണം 3. ദുഷ്കർമ്മം 4. ശിക്ഷ.

അത്യർത്ഥം=ഏററവും. പര്യാ-അതിമാത്രം, ഭൃശം, ഉദ്ഗാഢം, നിർഭരം.

അത്യാകാരം=നാ-1. ആക്ഷേപം 2. നിന്ദ.

അത്യാചാരം= മുൻനടപടിയ്ക്കു വിരുദ്ധമായ.

അത്യായു=യാഗത്തിനുള്ള ഒരുതരം പാത്രം.

അത്യാഹിതം=നാ-1. മഹാഭയം 2. വലിയ വിപത്ത്.

അത്ര=ഇവിടെ

അത്രാന്തരെ=ആയിടയ്ക്ക്, അപ്പോൾ.

അത്രി=ഒരു മഹർഷി.

അഥ=നാ-1. തുടക്കത്തിൽ ഉപയോഗിക്കുന്ന ഒരവ്യയം 2. അനന്തരം. ഈ ശബ്ദം അഥൊ എന്ന രൂപത്തിലും വരും.

അഥർവം=നാലാമത്തെ വേദം.

അദഭ്രം=വളരെ. പര്യാ-പ്രഭൂതം, പ്രചുരം, പ്രാജ്യം, ബഹുലം, പുരുഹം, ഭൂരി.

അദാന്യൻ=കൊടുക്കാത്തവൻ.

അദാന്തൻ=അടക്കമില്ലാത്തവൻ.

അദാലത്തു=പണക്കാര്യം ഇടപെട്ട വ്യവഹാരം.

അദിയ്ക്കുക=ഭക്ഷിക്കുക.

അദിതി=കാശ്യപന്റെ ഭാര്യമാരിൽ ഒരുവൾ, ദേവമാതാവു്.

അദിതിനന്ദനൻ=ദേവൻ. പര്യാ-അമരൻ, അമർത്ത്യൻ, നിർജ്ജരൻ, ത്രിദശൻ, വിബുധൻ, സുരൻ, സുപർവൻ, സുമനസ്സ്, ദിവൌകസ്.

അദ്യം=ഭക്ഷിക്കാൻ കൊള്ളാവുന്നതു്.

അദൃക്ക്=കണ്ണില്ലാത്തവൻ.

അദൃഷ്ടം=നാ-1. അഗ്നി ജലം മുതലായവയിൽനിന്നു് അവിചാരിതമായുണ്ടാകുന്ന ആപത്തു് 2. കാണപ്പെടാത്തതു്.

അദൃഷ്ടി=ക്രൂരമായ നോട്ടം.

അദ്ധാ=നാ-1. പരമാർത്ഥം 2. പ്രത്യക്ഷം 3. പെട്ടെന്നു്.

അത്ഭുതം=നാ-1. ആശ്ചര്യം 2. രസങ്ങളിൽ ഒന്നു്.

അദ്മരൻ=അധികം ഭക്ഷിക്കുന്നവൻ.

അദ്യ=ഇപ്പോൾ, ഇന്നു്.

അദ്യതനം=ഇന്നുള്ളതു്, ഇപ്പോഴുള്ളതു്.

അദ്രി=നാ-1. പർവതം 2. വൃക്ഷം 3. ആദിത്യൻ.

അദ്രിജം=നാ-1. മലയിലുണ്ടായതു് 2. കന്മദം.

അദ്രിജ=പാർവതി. പര്യാ-ഉമ,

കാർത്ത്യായനി, ഗൌരി, കാളി, ഹൈമവതി, ഈശ്വരി, ശിവാ, ഭവാനി, രുദ്രാണി, ശർവാണി, സർവമംഗല.

അദ്രിരാജൻ= ഹിമാലയപർവതം.

അദ്രോണി=അമരി. പര്യാ-രഞ്ജനി, ശ്രീഫലി, തുത്ഥ, തൂണി, ദോള, നീലിനി. ഇതു വിഷത്തിനു സിദ്ധൌഷധമാണു്.

അദ്വയവാദി=ബുദ്ധൻ. പര്യാ-ശ്രീഘനൻ, ശാസ്താവു്, മാരജിത്തു്, ജിനൻ, ഷഡഭിജ്ഞൻ, ദശബലൻ, വിനായകൻ, സർവാർത്ഥസിദ്ധൻ, ശൗദ്ധോദനി.

അധമം=നാ-1. കുറഞ്ഞതു്, താഴ്ന്നതു്. 2. നിന്ദ്യം.

അധമർണ്ണൻ=കടം വാങ്ങുന്നവൻ, കടക്കാരൻ.

അധരം=നാ-1. താഴത്തേതു് 2. ചുണ്ടു്.

അധരീണം=താഴെയുള്ളതു്.

അധരേദ്യു=കഴിഞ്ഞദിവസം.

അധസ്=താഴെ. പര്യാ-അധസ്താൽ.

അധഃകരണം=കീഴാക്കുക.

അധാമാർഗ്ഗവം=ചെറുകടലാടി. പര്യാ-അപാമാർഗ്ഗം, പ്രത്യക്പർണ്ണി, കീശപർണ്ണി, ഇതു മൂലക്കുരു, മഹോദരം, ആമദോഷം, ഛർദ്ദി, അതിസാരം ഇവയെ ശമിപ്പിക്കും.

അധി=ഒരു ഉപസർഗ്ഗം. അവ്യയീഭാവസമാസത്തോടു ചേർന്നുവരും. സപ്തമിയുടെ അർത്ഥം കുറിക്കും. ഉദാ-അധികേരളം കേരളത്തിൽ എന്നർത്ഥം.

അധികം=1. ലാഭം, മുതലിൽകവിഞ്ഞുകിട്ടുന്ന പ്രതിഫലം 2. ശ്രേഷ്ഠത 3. വലിപ്പം.

അധികരിക്കുക = വിഷയമാക്കുക. ഈ അർത്ഥത്തിൽ അധീകരിക്കയെന്ന പ്രയോഗം ശരിയല്ല.

അധികരണം=നാ 1. അടിസ്ഥാനം 2. അദ്ധ്യായം 3. ഏഴാമത്തെ വിഭക്തി.

അധികർദ്ധി-വലിയ ധനവാൻ.

അധികാംഗം=അരപ്പട്ട, ബെൽറ്റു്.

അധികാരം=നാ-1. അദ്ധ്യായം. 2. മേൽക്കോയ്മ 3. ഉടമസ്ഥാവകാശം.

അധികൃതൻ=ഉദ്യോഗസ്ഥൻ.

അധിത്യക=മലയുടെ മുടിപ്പരപ്പു്.

അധിഭൂ=പ്രു. പര്യാ-നായകൻ, നേതാവു് പരിവൃഢൻ, അധപൻ.

അധിരോഹിണി=കോണി. ഏണിയെന്നും പാഠമുണ്ടു്.

അധിവാസനം=കുറിക്കൂട്ടു മുതലായവകൊണ്ടു ശരീരത്തിനു സൗരഭ്യമുണ്ടാക്കുക.

അധിവിന്നാ=മൂത്തഭാര്യ. പര്യാ-കൃതസപത്നിക, അദ്ധ്യൂഢ.

അധിശ്രയണി=നാ-1. അടുപ്പ് 2. ചൂള.

അധിഷ്ഠാനം=നാ-1. വണ്ടിച്ചക്രം 2. പട്ടണം 3. പ്രഭാവം 4. ആക്രമണം.

അധീതി=അദ്ധ്യയനം, പഠിത്വം.

അധീനം=വശമായത്. പര്യാ-ആത്തം, നിഘ്നം, ആയത്തം.

അധീരൻ=നാ-1. ഭയശീലൻ 2. രോഗംകൊണ്ടു വിഷമിക്കുന്നവൻ.

അധീശ്വരൻ=ചക്രവർത്തി. പര്യാ-സാർവഭൌമൻ, മണ്ഡലേശ്വരൻ.

അധുനാ=ഇപ്പോൾ. പര്യാ-സമ്പ്രതി, ഇദാനീം, സാമ്പ്രതം.

അധൃഷ്ടൻ=ലജ്ജിച്ചവൻ. ധൃഷ്ടശബ്ദത്തിന്റെ വിപരീതപദം.

അധൃഷ്യൻ=-അടുത്തുകൂടാത്തവണ്ണം ശക്തിയുള്ളവൻ.

അധോംശുകം=ഉടുവസ്ത്രം.

അധോഭുവനം=പാതാളം. പര്യാ-ബലിസത്മം, രസാതലം, നാഗലോകം.

അധോക്ഷജൻ=മഹാവിഷ്ണു.

അധ്യക്ഷൻ=നാ-1. കണ്ണിനു നേരെയുള്ളവൻ 2. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ.

അധ്യയനം=പഠിക്കുക.

അധ്യവസായം=നാ-1. ഉത്സാഹം 2. അലങ്കാരശാസ്ത്രത്തിൽ വർണ്ണ്യത്തെ മറച്ചുപറയുന്ന സമ്പ്രദായം.

അധ്യാത്മം=സൂക്ഷ്മശരീരം.

അധ്യാപനം=പഠിപ്പിക്കൽ.

അധ്യാഹാരം=ഊഹം. പര്യാ-തർക്കം.

അധ്യൂഢ=മൂത്ത ഭാര്യ.

അധ്യേഷണ= നാ-1അപേക്ഷ. 2. ക്ഷണം 3. പ്രേരണ.

അധ്വഗൻ=വഴിപോക്കൻ. പര്യാ-അധ്വന്യൻ, പാന്ഥൻ, പഥികൻ, അധ്വനീനൻ.

അധ്വഗം=ഒട്ടകം.

അധ്വരം=യാഗം. പര്യാ-യജ്ഞം, സത്രം, മഖം, ഇഷ്ടി.

അധ്വര്യു= യജുർവേദം പഠിച്ച ബ്രാഹ്മണൻ.

അധ്വാവ്=വഴി. പര്യാ-മാർഗ്ഗം, സൃതി, പന്ഥാവ്, പദ്യ, വർത്മാവ്, സരണി.

അന=അഭാവം (ഇല്ല, അല്ല.) ഉദാ-അനോപമം.

അനഘൻ=നാ-1. പാപമില്ലാത്തവൻ 2. ദുഃഖമില്ലാത്തവൻ 3. തെറ്റുചെയ്യാത്തവൻ.

അനംഗൻ=കാമദേവൻ.

അനച്ഛം=ശുദ്ധമല്ലാത്ത, തെളിമയില്ലാത്ത.

അനഞ്ജനം=ആകാശം. പ.

യ്യാ-വ്യോമം, പുഷ്കരം, അംബരം, അന്തരീക്ഷം, ഗഗനം, നഭസ്സ്, അഭ്രം, സുരപഥം.

അനഞ്ജസം= യോഗ്യമല്ലാത്തത്, യുക്തിയില്ലാത്തതു്.

അനഡ്വാൻ-കാള. പര്യ്യാ-ഉക്ഷം, വൃഷം, ഋഷഭം.

അനന്തു=എല്ലാം. രാമചരിതം കണ്ണശ്ശരാമായണം മുതലായ പ്രാചീനകൃതികളിൽ ഈ വാക്ക ധാരാളം കാണാം.

അനന്തം=ആകാശം.

അനന്താ=നാ-1. ഭൂമി 2. ചെറുകൊടിത്തുവ.

അനന്തൻ=ആദിശേഷൻ.

അനന്തരം=പിന്നാലെ. പര്യ്യാ-അഥ, പുനഃ ഭൂയഃ

അനന്തരായം=മുടക്കംകൂടാതെ.

അനന്തപുരം= തിരുവനന്തപുരം പര്യ്യാ-സ്യാനന്ദൂരം, അനന്താലയം.

അനധീനകൻ=തച്ചൻ. (സ്വതന്ത്രനായ തച്ചപ്പണിക്കാരൻ.)

അനമിതംപചൻ=ലുബ്ധൻ. പര്യ്യാ-കദര്യൻ, കിംപചൻ, കൃപണൻ, ക്ഷുദ്രൻ.

അനന്യജൻ=കാമദേവൻ.

അനന്യവൃത്തി= ഒന്നിൽതന്നെ ശ്രദ്ധിച്ചു കൊണ്ടിരിക്കുന്നവൻ. പര്യ്യാ-ഏകതാനൻ, ഏകസർഗ്ഗൻ, ഏകാഗ്രൻ, ഏകായനൻ.

അനപത്യത= സന്താനമില്ലായ്മ.

അനഭിജ്ഞൻ= അറിവില്ലാത്തവൻ.

അനമൻ=ബ്രാഹ്മണൻ.

അനയം=നാ-1. ആപത്തു് 2. അശുഭം 3. ചൂതുകളി മുതലായ ദുഷ്കർമ്മങ്ങളിൽനിന്നുണ്ടാകുന്ന ദുഃഖം 4. നീതികേടു്.

അനർഗ്ഗളം=തടവില്ലായ്മ.

അനർഘം=വിലമതിക്കാൻ വയ്യാത്ത.

അനലൻ=അഗ്നി. പര്യ്യാ-വഹ്നി, വൈശ്വാനരൻ, വീതിഹോത്രൻ, ധനഞ്ജൻ, കൃഷ്ണവർത്മാവു്, ഉഷർബുധൻ, ശോചിഷ്കേശൻ, ഹുതഭുക്,ജ്വലനൻ.

അനൽ=ചൂടു്.

അനവദ്യം=നാ-1. പരിശുദ്ധമായതു് 2. കുറവില്ലാത്തതു്.

അനവധാനത=നാ-1. ശ്രദ്ധയില്ലായ്മ 2. അടക്കമില്ലായ്മ.

അനവമം=നാ-1. ശ്രേഷ്ഠതയുള്ളതു് 2. നല്ലതു്.

അനവരതം=എല്ലാസമയവും.

അനവസ്കരം= ശുദ്ധമാക്കിയതു്. പര്യ്യാ-നിർണ്ണിക്തം, ശോധിതം, നിശ്ശോധ്യം, മൃഷ്ടം.

അനവരാർദ്ധ്യം= പ്രധാനമായതു്, മുഖ്യമായതു്.

അനവ്രതൻ= നാ-കുറഞ്ഞൊരു സന്ന്യാസവൃത്തിയുള്ളവൻ.

താട്ടശനായ ജൈനമതക്കാരൻ

അനസൂയ=നാ-1. അസൂയയി ല്ലായ്മ 2. ശകുന്തളയുടെ തോഴി 3. അത്രിമുനിയുടെ ഭാര്യ.

അനസ്സ്=നാ-1. വണ്ടി 2. ചോറ് 3. അമ്മ 4. ജനനം 5. ജീവൻ 6. ശ്വാസം.

അനക്ഷരം= യോഗ്യമല്ലാത്ത വാക്ക്.

അനാകാരം=ആകൃതിയില്ലാത്ത, രൂപമില്ലാത്ത.

അനാകൃതം=വിലക്കപ്പെടാത്ത.

അനാഗതം=നാ-1. വരാത്ത 2. അറിയാത്ത.

അനാഗതാർത്തവ=തിരളാത്തവൾ, കന്യക. പര്യാ-ഗൗരി, നഗ്നിക.

അനാദരം=നിന്ദ. പര്യാ-പരിഭവം, തിരസ്ക്രിയ, രീഢ, അവജ്ഞ, അവഹേളനം, അസൂക്ഷണം.

അനാദ്യൻ=ഈശ്വരൻ.

അനാമയൻ=നാ-1. രോഗമില്ലാത്തവൻ 2. ദുഃഖമില്ലാത്തവൻ.

അനാമിക=നാ-1. പേരില്ലാത്തതു് 2. അണിവിരൽ.

അനായാസകൃതം = നിഷ്പ്രയാസമുണ്ടാക്കിയതു്, എളുപ്പത്തിൽ തയ്യാറാക്കിയ കഷായം. ഈ വാക്കു് വൈദ്യശാസ്ത്രത്തിൽ പ്രസിദ്ധം. ഇതിനു ഫാണ്ടമെന്നു പറയും.

അനാര്യതിക്തം=കിരിയാത്തു്. പര്യാ-കിരാതം, ഭൂനിംബം. ഇതു് ജ്വരം, പിത്തം, കാസം, ദാഹം, വ്രണം, ചൊറി ഇവയെ ശമിപ്പിക്കും. ഈ വാക്കിനു വേപ്പെന്നും, പുത്തരിച്ചുണ്ടയെന്നും പറഞ്ഞുകാണുന്നതു ശരിയല്ല.

അനാഹതം=കോടിമുണ്ടു്, പുതുവസ്ത്രം. പര്യാ-നിഷ്പ്രവാണി തന്ത്രകം, നവാംബരം.

അനാഹതം=ആറാധാരങ്ങളിൽ ഒന്നു്.

അനാഹാര്യം=നാ-1. കൃത്രിമമല്ലാത്ത 2. ഭക്ഷിക്കാൻകൊള്ളാത്ത.

അനിമിഷം=നാ-1. മത്സ്യം 2. ദേവവർഗ്ഗം.

അനിരുദ്ധൻ=1. തടയപ്പെടാത്തവൻ 2. ശ്രീകൃഷ്ണന്റെ പൗത്രൻ.

അനിലൻ=കാററു്. പര്യാ-പവനൻ, പവമാനൻ, മാരുതൻ, സദാഗതി, സമീരണൻ, ജഗത്പ്രാണൻ, പ്രഭഞ്ജനൻ, ശ്വസനൻ, സ്പർശനൻ.

അനിശം=എല്ലായ്പ്പോഴും.

അനിഴം=പതിനേഴാമത്തെ നക്ഷത്രം.

അനീകം=സൈന്യം. പര്യാ-ധ്വജിനി, വാഹിനി, സേന, പൃതന, ചമൂ, വരൂഥിനീ, ബലം.

അനീകസ്ഥൻ=നാ-1. രാജാവിൻെറ അംഗരക്ഷകൻ 2. സൈന്യത്തിൽ ചേർന്നവൻ.

അനീകിനി=2187 ആന, അത്രയും തേര്, 6567 കുതിര, 10935 കാലാൾ ഇത്രയും ചേർന്ന സൈന്യവിഭാഗം.

അനീശൻ=അസമർത്ഥൻ.

അനീഹൻ=ആശയില്ലാത്തവൻ.

അനു=നാ-1. പിന്നാലെ 2. കൂടെ 3. അടുക്കൽ 4. ഒരുമിച്ച് 5. ഓരോന്നായി 6. തോറും 7. കുറിച്ച്.

അനുകൻ=കാമുകൻ. പര്യാ-അഭീകൻ, കമനൻ, കമിതാവ്, കാമയിതാവ്, അഭികൻ, കമ്രൻ.

അനുകർഷം=തേരിൻെറ അടിപ്പലക.

അനുകല്പം=അപ്രധാനവിധി. ഇതിനു ഗൗണവിധിയെന്നും പറയും.

അനുകാമീനൻ= തന്നിഷ്ടംപോലെ സഞ്ചരിക്കുന്നവൻ.

അനുകാരം=അനുകരണം.

അനുക്തം=പറയാത്തത്.

അനുക്രമം=നാ-1. ക്രമമനുസരിച്ച് 2. മുറ.

അനുക്രോശം=കരുണ. പര്യാ-കൃപ, ദയ, അനുകമ്പ.

അനുഗൻ=നാ-1. ഭർത്താവ് 2. പിമ്പെ നടക്കുന്നവൻ.

അനുഗ്രഹം=ആശീർവാദം.

അനുചരൻ=കൂടെ നടക്കുന്നവൻ. പര്യാ-അനുപ്ലവൻ, അഭിസരൻ, സഹായൻ.

അനുജീവി=ആശ്രയിച്ചു ജീവിക്കുന്നവൻ, സേവകൻ.

അനുതർഷണം = മദ്യംകുടിക്കുന്ന പാത്രം. പര്യാ-സരകം, അനുതർഷം, ചഷകം.

അനുതാപം=ചെയ്തതിനെപ്പറ്റി പിന്നീടുള്ള ദുഃഖം. പര്യാ-പശ്ചാത്താപം, അനുശയം.

അനുത്തമം=ശ്രേഷ്ഠം.

അനുത്തരൻ=എല്ലാവരിലും മികച്ചവൻ. (ന ഉത്തരോ യസ്മാത്.)

അനുദാത്തം=താഴ്ത്തി ഉച്ചരിക്കുന്ന ശബ്ദം. (നീചൈരനുദാത്തഃ)

അനുപദം=നാ-1. പദംതോറും 2. കൂടെക്കൂടെ.

അനുപദീന=മൂടിച്ചെരിപ്പ്, ബൂട്സ്.

അനുപമ=നാ-1. തുല്യമല്ലാത്തവൾ 2. തെക്കുപടിഞ്ഞാറെ ദിക്പാലൻെറ പിടിയാന.

അനുബന്ധം=നാ-1. ദോഷസംഭവം 2. സന്ധിയിൽ ലോപിക്കുന്ന അക്ഷരം 3. പ്രകൃതം വിടാതുള്ള അനുവർത്തനം 4. അനുസരണം.

അനുബോധം=സുഗന്ധം വരു

ന്നുക. (കസ്തൂരി മുതലായ സഹജസുഗന്ധവസ്തുക്കളുടെ സൗരഭ്യം മങ്ങിപ്പോയാൽ മറവു വിധം സുഗന്ധമുണ്ടാക്കുക.)

അനുഭാവം=നാ-1. തേജസ്സ് 2. സജ്ജനനിശ്ചയം 3. വികാരസൂചനം.

അനുഭോഗം=അനുഭവം.

അനുമതി=നാ-1. സമ്മതം 2. അനുവാദം 3. പതിനാലുകൂടിയ വെളുത്തവാവ്.

അനുമരണം=കൂടെ മരിക്കുക.

അനുമാനം=നാ-1. ഊഹം 2. തൎക്കശാസ്ത്രത്തിലെ ഒരു ലക്ഷണം.

അനുയോഗം=ചോദ്യം. പൎയ്യാ-പ്രശ്നം, പൃച്ഛ.

അനുരോധം=നാ-1. പിന്നാലെ ചെന്നു തടുക്കുക 2. അനുകൂലമായി പ്രവൎത്തിക്കുക.

അനുലാപം=നാ-1. കൂടക്കൂടെ പറയുക 2. ആവൎത്തിച്ചു പറയുക.

അനുലേപം=ന-1. സുഗന്ധദ്രവ്യങ്ങൾ പുരട്ടുക 2. കുറിക്കൂട്ട്.

അനുലോമം=ക്രമമനുസരിച്ചുള്ളത്. മുറപ്രകാരം.

അനുവാകം=വേദത്തിലെ ഒരു ഭാഗം.

അനുവേലം=നാ-1. സമയംതോറും 2. കൂടെക്കൂടെ.

അനുവിധ=ശമ്പളം. പൎയ്യാ-ഭൃത്യ, ഭൎമ്മം, വേതനം, ഭരണ്യം, നിൎവേശം, ഭൃതി.

അനുശയം=പശ്ചാത്താപം.

അനുശാസനം=നാ-1. കല്പന 2. ശാസ്ത്രം.

അനുഷംഗം=നാ-1. സംബന്ധം 2. ആസക്തി 3. നമസ്കാരം.

അനുഷ്ണൻ=മടിയൻ. പൎയ്യാ-ശീതകൻ, അലസൻ, തുന്ദപരിമൃജൻ, മന്ദൻ.

അനുസ്വാരം= അൎദ്ധമകാരസൂചകമായ ചിഹ്നം, പൂജ്യം.

അനുഹാരം=അനുകരണം.

അനൂകം=നാ-1. വംശം 2. സ്വഭാവം 3. ജീവന്റെ പൂൎവ്വസ്ഥിതി.

അനൂചാനൻ=വേദവേദാംഗങ്ങൾ പഠിച്ച ബ്രാഹ്മണൻ.

അനൂനകം=എല്ലാം, മുഴുവൻ. പൎയ്യാ-സമഗ്രം, അഖണ്ഡം, വിശ്വം, സമസ്തം, കൃത്സ്നം, അഖിലം, സകലം.

അനൂപം=നനവുള്ള സ്ഥലം, ജലാശയസാമീപ്യമുള്ള പ്രദേശം.

അനൂരു=സൂൎയ്യന്റെ തേരാളി. പൎയ്യാ-അരുണൻ, ഗരുഡാഗ്രജൻ, കാശ്യപി.

അനൃജു=നേരെയല്ലാത്തത്.

അനൃതം=നാ-1. കള്ളം 2. കൃഷി.

അനേകപം=ആന. പൎയ്യാ-ഹ

സ്തി, ദ്വിരദം, ദന്താവളം, ദ്വിപം, കുംഭി, ദന്തി, ഗജം.

അനേഡമൂകൻ=1. സംസാരിക്കാനും കേൾക്കാനും വയ്യാത്തവൻ. 2. വഞ്ചനയുള്ളവൻ.

അനേഹസ്=കാലം.

അനോകഹം=വൃക്ഷം.

അന്തം=നാ-1. ഒടുവു്, അവസാനം, 2. മരണം.

അന്തകൻ=കാലൻ. പര്യാ-യമൻ, ധർമ്മരാജൻ, പരേതരാട്, പിതൃപതി, ദണ്ഡധരൻ, സമവർത്തി, ശ്രാദ്ധദേവൻ.

അന്തർജ്ജനൻ=ബ്രാഹ്മണൻ. പര്യാ-അഗ്രജന്മാവു്, ഭൂദേവൻ, ബാഡവൻ, ദ്വിജൻ, വിപ്രൻ.

അന്തരം=നാ-1. ഇട 2. അവധി 3. ഉടുവസ്ത്രം 4. മറവു് 5. വ്യത്യാസം 6. വഴുതു് 7. കൂടാതെ 8. പുറത്തുള്ളതു് 9. അവസരം 10. തുല്യം.

അന്തരംഗം=മനസ്സ്. പര്യാ-ചിത്തം, ചേതസ്സ്, ഹൃദയം, സ്വാന്തം, ഹൃത്തു്, മാനസം.

അന്തരാ=ഇടയിൽ. പര്യാ-അന്തരെ, അന്തരേണ. കൂടാതെ (വിനാ) എന്നും അർത്ഥമുണ്ടു്.

അന്തകരിപു=ശിവൻ. പര്യാ-ശംഭു, ഈശൻ, പശുപതി, ശൂലി, രുദ്രൻ, സ്ഥാണു, ഉമാപതി, ശങ്കരൻ, ചന്ദ്രശേഖരൻ, ഭവൻ, ഭീമൻ, ഉഗ്രൻ, കപർദ്ദി, ശ്രീകണ്ഠൻ, ശിതികണ്ഠൻ, കപാലഭൃത്തു്, കൃത്തിവാസി, വൃഷധ്വജൻ.

അന്തരായം=വിഘ്നം, തടസ്സം. പര്യാ-പ്രത്യൂഹം, വിഘ്നം.

അന്തരാളം=മദ്ധ്യപ്രദേശം.

അന്തരീക്ഷം=ആകാശം. പര്യാ-നഭസ്സ്, ഗഗനം, വ്യോമം, സുരവർത്മം.

അന്തരീപം=ദ്വീപം, തുരുത്തു്.

അന്തർജ്ജനം=ബ്രാഹ്മണസ്ത്രീ.

അന്തർദ്ധി=മറവു്. പര്യാ-വ്യവധ, അന്തർദ്ധി, അപവാരണം, തിരോധാനം, അപിധാനം, പിധാനം, ആച്ഛാദനം.

അന്തർദ്വാരം=അകത്തെ വാതിൽ.

അന്തർമനസ്സ്=ദേഹമനസ്സൻ.

അന്തർവ്വത്നി=ഗർഭിണി. പര്യാ-ആപന്നസത്വാ, ഗുർവിണി.

അന്തർവ്വാണി= ശാസ്ത്രങ്ങളഭ്യസിച്ചവൻ, വിദ്വാൻ.

അന്തർവേശികൻ= അന്തഃപുരത്തിൽ നിയോഗിക്കപ്പെട്ടവൻ.

അന്താവസായി=ക്ഷുരകൻ. പര്യാ-ക്ഷുരി, മുണ്ഡി, ദിവാകീർത്തി, നാപിതൻ.

അന്തി=നാ-1. വൈകുന്നേരത്തെ സന്ധ്യ 2. മൂത്ത സഹോദരി.

അന്തികം=അടുക്കൽ. പര്യാ-സമീപം, നികടം, ആസന്നം, സന്നികൃഷ്ടം, സനീഡം, സദേ

ശം, അഭ്യാശം, സവിധം, സമര്യാദം, സവേശം, അഭ്യർണ്ണം, ഉപകണ്ഠം, അഭ്യഗ്രം, അഭിതഃ.

**അന്തികതമം**=ഏററവും അടുക്കൽ. അതിശയാനാൎത്ഥത്തിൽ തമപ് പ്രത്യയം.

**അന്തിക**=അടുപ്പ്. പര്യാ-അശ്മന്തം, ഉദ്ധാനം, ചുല്ലി, അധിശ്രയണി.

**അന്തികാശ്രയം**=ഊന്നുകോൽ. അടുത്തുള്ള ആശ്രയം.

**അന്തേവാസി**=നാ-1. ശിഷ്യൻ 2. പറയൻ.

**അന്തോളം**=മഞ്ചൽ.

**അന്തഃപുരം**=സ്ത്രീകൾ പാൎക്കുന്ന ഗൃഹഭാഗം.

**അന്ത്യം**=ഒടുവിലത്തെതു്. പര്യാ-ജഘന്യം, ചരമം, പാശ്ചാത്യം, പശ്ചിമം.

**അന്ത്യജൻ**=നാ-1. ശൂദ്രൻ 2. പറയൻ.

**അന്ദ്രം**=കടൽ.

**അന്ദുകം**=നാ-1. കാൽതള. 2. ആനത്തുടൽ.

**അന്ധം**=ഇരുട്ടു്.

**അന്ധകാരം**=ഇരുട്ടു്. പര്യാ-ധ്വാന്തം, തിമിരം, തമിസ്രം, തമസ്സ്.

**അന്ധതമസം**=കൂരിരുട്ടു്.

**അന്ധസ്**=ചോറു്. പര്യാ-ഭിസ്സ, ഓദനം, ഭക്തം, ദീദിവി.

**അന്ധു**=കിണറു്.

**അന്നം**=1. അരയന്നം 2. ചോറു് 3. ഭക്ഷിക്കപ്പെട്ടതു്.

**അന്യം**=വേറായിട്ടുള്ളതു്. പര്യാ-ഇതരം, ഏകതരം, അന്യതരം, ഭിന്നം.

**അന്യതരേദ്യുഃ**=രണ്ടിലൊരു ദിവസം.

**അന്വക്ഷം**=പിമ്പേ പോവുക. പര്യാ-അനുപദം, അന്വക്.

**അന്വയം**=വംശം. പര്യാ-സന്തതി, ഗോത്രം, അന്വവായം, ജനനം, കുലം, അഭിജനം, സന്താനം.

**അന്വാധി**=നാ-1. ജാമ്യം, 2. പണയം, 3. സൂക്ഷിക്കാനേല്പിച്ചവസ്തു.

**അന്വാസനം**=1. ശുശ്രൂഷണം 2. വേലസ്ഥലം 3. സ്നേഹവസ്തി.

**അന്വാഹാൎയ്യം**=മരിച്ചവരെ ഉദ്ദേശിച്ചു ചെയ്യുന്ന കൎമ്മം, ശ്രാദ്ധം.

**അന്വിതൻ**=കൂടിയവൻ.

**അന്വിഷ്ടം**= അന്വേഷിക്കപ്പെട്ടതു്. പര്യാ-അന്വേഷിതം, ഗവേഷിതം, മാർഗ്ഗിതം, മൃഗിതം.

**അന്വീക്ഷ**=തത്വജ്ഞാനം.

**അപ്**=വെള്ളം. പര്യാ-അൎണ്ണസ്, ഉദകം, അംഭസ്സ്, സലിലം, കീലാലം, അംബു, വാര്, വാരി, ഉദം.

അപകാരം=നാ-1. ഉപദ്രവം 2. പക.

അപകാരഗീരു്=ശകാരവാക്കു് ഭീഷണി.

അപകൃഷ്ടൻ= പിടിച്ചുതള്ളിപ്പുറത്താക്കപ്പെട്ടവൻ.

അപക്രമം=ഓട്ടം. പര്യാ-പ്രദ്രാവം, ഉദ്രാവം, സംദ്രാവം, വിദ്രവം, ദ്രവം, അപയാനം, പ്രദ്രവം.

അപഗ=നദി.

അപഘനം=അവയവം.പര്യാ-അംഗം, പ്രതീകം, അവയവം.

അപചയം=നാ-1. നാശം 2. കുറവു്.

അപചായം=1. നമസ്കാരം 2. അപഹരണം 3. അരുത്തെട്ടക്കുക.

അപചിതി=പൂജ. പര്യാ-സപര്യ, അർഘ്യ, അർഹണ, അച്ച.

അപടു=നാ-1. രോഗി 2. അസമർത്ഥൻ.

അപത്യം=കുട്ടി. പര്യാ-തോകം.

അപത്രപിഷ്ണു=ലജ്ജാശീലൻ.

അപഥം=പിഴച്ച വഴി.

അപദാനം=നാ-1. അത്ഭുതപരാക്രമം 2. ഉചിതമായി ചെയ്തുതീത്ത ജോലി.

അപദാന്തരം= കൂടിച്ചേന്നതു്. പര്യാ-അവ്യവഹിതം, സംസക്തം.

അപദേശം=നാ-1. വ്യാജം 2. ലക്ഷ്യം 3. സ്വരൂപം മാററുക 4. കാരണം.

അപധ്വസ്തൻ-ധിക്കരിക്കപ്പെട്ടവൻ.

അപപ്രഥ=ദുഷ്കീത്തി.

അപഭ്രംശം=നാ-1. അപശബ്ദം, നിയമാനുസാരമല്ലാത്ത വാക്കു് 2. പതനം.

അപമിത്യകം=കടം. പര്യാ-ഋണം.

അപയാനം=നാ-1. ഓട്ടം 2. പിൻമാററം.

അപരം=നാ-1. അന്യം 2. ആനയുടെ മുൻകാലു് 3. പിൻപു്.

അപരസ്പരം=ഇടവിടാതുള്ളതു് (ക്രിയാസാതത്യേ സൂട്)

അപരാജിതൻ=നാ-1. തോല്ക്കപ്പെടാത്തവൻ 2. വിഷ്ണു 3. ശിവൻ.

അപരാജിത=കൃഷ്ണക്രാന്തി. പര്യാ-ഗിരികർണ്ണി, വിഷ്ണുക്രാന്ത, അധിഷ്ഠിത. ഇതു കഫവാതം വിഷജ്വരം മുതലായവ ശമിപ്പിക്കും.

അപരാദ്ധപൃഷല്കൻ= ലാക്കു തെററിയ വില്ലാളി.

അപരാഹ്നം=പകലിൻെറ ഒടുവിലത്തെ സമയം.

അപരേദ്യുഃ=പിറേറദിവസം.

അപർണ്ണ=പാർവതി.

അപലാപം=സത്യം മറച്ചു പറയുക.

അപവർഗ്ഗം=നാ-1. മോക്ഷം 2. അവസാനം.

അപവർജ്ജനം=നാ-1. സമ്മാനം 2. മോചനം 3. ആനന്ദം.

അപവാരണം=നാ-1. മറവു് 2. തിരശ്ശീല.

അപശദൻ=നീചൻ. പര്യാ-പാമരൻ, നീചൻ, നിഹീനൻ, ജാല്മൻ, ക്ഷുല്ലകൻ.

അപഷ്ഠം=നാ-1. കാലം 2. പ്രതികൂലം.

അപസർപ്പൻ=നാ-1. ഒററുകാരൻ 2. ഗൂഢചാരൻ.

അപസവ്യം=1. എതിരു് 2. വലത്തേതു്.

അപസ്കരം=തേരിൻെറ അവയവം.

അപസ്നാനം=മരിച്ചയാളെ ഉദ്ദേശിച്ചുള്ള കുളി.

അപഹാരം=പിടിച്ചെടുക്കുക.

അപഹ്നുതി=ഒരലങ്കാരം.

അപാംപതി=വരുണൻ. പര്യാ അപ്പതി, പ്രചേതസ്, പാശി, യാദസാംപതി.

അപാംഗം=നാ-1.കണ്ണുകടക്കണ്ണു് 2. പൊട്ടു്.

അപാചി=തെക്കേദിക്കു്. "അവാചി" എന്ന പാഠം ശരിയല്ല.

അപാനം=മലദ്വാരം, ഗുദം.

അപാമാർഗ്ഗം = ചെറിയകടലാടി. ഇതു മഹോദരം, മൂലക്കുരു മുതലായവയെ ശമിപ്പിക്കും.

അപാരം=ആനയുടെ മുൻകാലു്.

അപാവൃതൻ=സ്വതന്ത്രൻ. പര്യാ-സ്വൈരി, സ്വച്ഛന്ദൻ, നിരവഗ്രഹൻ.

അപാസനം=നാ-1. ഉപേക്ഷ 2. കൊല.

അപി=ഒരവ്യയം, നിന്ദ, ചോദ്യം, സമുച്ചയം, ശങ്ക, സംഭാവന ഈ അർത്ഥത്തിൽ വരും.

അപിധാനം=മറവു്.

അപിനദ്ധം=നാ-1. വസ്ത്രം ധരിക്കപ്പെട്ടതു് 2. കെട്ടപ്പെട്ടതു്.

അപൂപം=അപ്പം.

അപോഗണ്ഡൻ= പിറപ്പിലേ അംഗവൈകല്യമുള്ളവൻ.

അപ്പതി=നാ- 1. വരുണൻ 2. സമുദ്രം.

അപ്പിത്തം=അഗ്നി.

അപ്പി=ജലം.

അപ്രകാണ്ഡം=വേരുംകൊമ്പും മാത്രമുള്ള ചെടി.

അപ്രഗുണം=ചിതറിയതു്.

അപ്രതീതം=നാ-1. പ്രസിദ്ധികുറഞ്ഞതു് 2. ഒരു കാവ്യദോഷം.

അപ്രധാനം=മുഖ്യമല്ലാത്തതു്. പര്യാ-ഉപസജ്ജനം, അപ്രാഗ്ര്യം.

അപ്സരസ്സ്=സ്വർഗ്ഗത്തിലെ വേശ്യ, ഉർവ്വശ്യാദികൾ.

അഫലം=ഒരിക്കലും കായ്ക്കാത്ത മരം. പര്യാ-വന്ധ്യം, അവകേശി.

അബദ്ധമുഖൻ=അപ്രിയം പറയുന്നവൻ.

അബല=സ്ത്രീ.

അബാധ=നാ-1. തടവില്ലാത്ത, 2. ഉപദ്രവമില്ലാത്ത.

അബ്ജൻ=ചന്ദ്രൻ. പര്യാ-വിധു, സുധാംശു, ഓഷധീശൻ, നിശാപതി, ജൈവാതൃകൻ, സോമൻ, ഗ്ലൌ, മൃഗാങ്കൻ, കലാനിധി, ദ്വിജരാജൻ, ശശധരൻ, ക്ഷപാകരൻ, ഇന്ദു.

അബ്ജയോനി=ബ്രഹ്മാവ്.

അബ്ദം=മേഘം. പര്യാ-വാരിവാഹം, വലാഹകം, ധാരാധരം, ജീമൂതം, പയോദം, ഘനം.

അബ്ധികഫം=കടൽനുര. പര്യാ-ഫേനം, ഡിണ്ഡീരം.

അഭയ=കടുക്ക. പര്യാ-അവ്യഥ, പത്ഥ്യ, കായസ്ഥ, പൂതന, അമൃത, ഹരീതകി, ചേതകി, ശിവ. എല്ലാവിധ രോഗങ്ങൾക്കും നന്ന്. മുഖ്യമായി, അഗ്നിയേയും ശുക്ലത്തേയും വർദ്ധിപ്പിക്കും; മലത്തെ അയച്ചുവിടും; ബുദ്ധിയെ നന്നാക്കും; രുചിയുണ്ടാക്കും; ഇന്ദ്രിയബലംചെയ്യും; യൌവ്വനത്തെ നിലനിർത്തും.

അഭാവം=നാ-1. ഇല്ലായ്മ 2. തർക്കശാസ്ത്രപ്രസിദ്ധമായ സപ്തപദാർത്ഥങ്ങളിൽ ഒന്ന്.

അഭാഷണം=വ്രതമൌനം.

അഭിക്രമം=നിർഭയം ശത്രുക്കളെ എതിർക്കുക.

അഭിഖ്യ=നാ-1. പേര് 2. ശോഭ 3. കീർത്തി.

അഭിഗ്രഹം=പോരിനുവിളി.

അഭിഘാതി=നാ-1. ശത്രു 2. കൊലയാളി.

അഭിഘാരം=ഉരുക്കിയ പശുവിൻനെയ്യ്.

അഭിചാരം= അന്യോപദ്രവത്തിനുവേണ്ടി ചെയ്യുന്ന മാന്ത്രികകർമ്മം.

അഭിജനം=നാ-1. വംശം 2. സ്വന്തദേശം.

അഭിജ്ഞൻ=പണ്ഡിതൻ, അറിവുള്ളവൻ.

അഭിതഃ=നാ-1. സമീപം 2. ഇരുവശവും 3. വേഗത്തിൽ.

അഭിധ=പേര്. പര്യാ-നാമം, ആഖ്യ, അഭിധാനം, അഭിഖ്യ, അഭിധേയം.

അഭിധ്യ=അന്യന്റെ സ്വത്തുക്കൾ കൈവശപ്പെടുത്താനുള്ള ആഗ്രഹം.

അഭിനവോത്ഭിത്ത്=പുതിയ നാമ്പ്, ആദ്യത്തെ മുള.

അഭിനിര്യാണം=പോരിനായിട്ടു പുറപ്പെടുക.

**അഭിനീതം**=ന്യായ്യമായി ലഭിക്കുന്നതു്. പൎയ്യാ-കല്പ്യം, സമൎത്ഥം, ദേശരൂപം, സാമഞ്ജസം, യുക്തം, ഔപയികം, ഭജമാനം, ലഭ്യം.

**അഭിപന്നൻ**=നാ-1. തെററു ചെയ്യുവൻ 2. ശത്രുവിനാൽ ആക്രമിക്കപ്പെട്ടവൻ 3. ആപത്തിലകപ്പെട്ടവൻ.

**അഭിഭവം**=നാ-1. തോൽവി 2. അവമാനം.

**അഭിമന്ത്രണം**=നാ-1. ക്ഷണിക്കുക 2. വിളിക്കുക

**അഭിമാനം**=നാ-1. ഗൎവ്വം 2. അജ്ഞാനം 3. പ്രാൎത്ഥന 4. ഹിംസ.

**അഭിയോഗം**=നാ-1. പോരിൽ നേരിടുക 2. ഉത്സാഹം.

**അഭിരൂപൻ**=നാ-1. വിദ്വാൻ 2. മനോഹരൻ.

**അഭിലാവം**=നാ. 1. കൊയ്ത്തു് 2. മുറിക്കുക.

**അഭിലാഷുകൻ**= അത്യാഗ്രഹി. പൎയ്യാ-ഗൃദ്ധ്നു, ലുബ്ധൻ, തൃഷ്ണക്, ലോലുപൻ.

**അഭിവാദകൻ**=വന്ദനശീലൻ.

**അഭിവ്യാപ്തി**=എല്ലാടവും വ്യാപിക്കുക.

**അഭിശസ്തി**=യാചന. പൎയ്യാ-യാച്ഞ, അൎത്ഥന.

**അഭിഷംഗം**=നാ-1. ശാപം 2. തിരസ്കാരം.

**അഭിഷവം**=നാ-1. കള്ളു വാററുക 2. മന്ത്രപൂൎവ്വകമായ സ്നാനം.

**അഭിഷുതം**=വെപ്പുകാടി. പൎയ്യാ-ആരനാളകം, സൗവീരം, കല്മാഷം, അവന്തിസോമം, ധാന്യാമ്ലം, കുഞ്ജലം, കാഞ്ജികം.

**അഭിഷേണനം**= സൈന്യസമേതം ആക്രമിക്കുക.

**അഭിസമ്പാതം**=യുദ്ധം. പൎയ്യാ-മൃധം, ആസ്കന്ദനം, സംഖ്യം, സമീകം, സാംപരായകം, സമരം, അനീകം, രണം, വിഗ്രഹം, സംപ്രഹാരം, കലി, സംസ്ഫോടം, സംയുഗം, അഭ്യാമൎദ്ദം, സമാഘാതം, സംഗ്രാമം, ആഹവം, സമുദായം, സംയത്, സമിതി, ആജി, സമിത്, യുത്.

**അഭിസരൻ**=സഹായി.

**അഭിസാരിക**=കാമുകനെ അന്വേഷിച്ചു കുറിസ്ഥലത്തു ചെല്ലുന്നവൾ.

**അഭിഹാരം**=നാ-1. മോഷണം 2. കയ്യേററം.

**അഭീകൻ**=നാ-1. ഭയമില്ലാത്തവൻ 2. കാമുകൻ.

**അഭീക്ഷ്ണം**=എല്ലായ്പോഴും, നിത്യമായി.

**അഭീരുപത്രി**=ശതാവരി. പൎയ്യാ-ശതമൂലി, ഇന്ദീവരി, വ

രി, ബഹുസുത, ഋഷ്യപ്രോക്ത, നാരായണി, അഹേരു. ഇതു് വാതപിത്തരോഗങ്ങൾ, ക്ഷയം, രക്തപിത്തം, അസ്ഥിസ്രാവം, അസൃഗ്ദരം ഇവയെ ശമിപ്പിക്കും.

അഭീശു=നാ-1. രശ്മി 2. കടിഞ്ഞാൺ 3. കയറു്.

അഭ്യഗ്രൻ=നാ-1. നേരെ മുമ്പിൽ നില്ക്കുന്നവൻ 2. പ്രധാനൻ 3. സമീപത്തുള്ളവൻ.

അഭ്യംഗം=എണ്ണതേപ്പു്.

അഭ്യമിതൻ=രോഗി. പര്യാ-ഗ്ലാനൻ, ഗ്ലാസ്നു, ആമയാവി, വികൃതൻ, വ്യാധിതൻ, അപടു, ആതുരൻ, അഭ്യാന്തൻ.

അഭ്യമിത്ര്യൻ=ശത്രുവിന്റെ നേരേ ചെല്ലുന്നവൻ.

അഭ്യർണ്ണം=സമീപം, അടുക്കൽ.

അഭ്യവകർഷണം=കൌശലത്തിൽ പുറത്തേയ്ക്കെടുക്കുക, ഊരിയെടുക്കുക.

അഭ്യവസ്കന്ദനം=ചതിവായ ആക്രമണം, മുന്നറിവുകൊടുക്കാതെ നടത്തുന്ന ആക്രമണം.

അഭ്യവഹൃതം=ഭക്ഷിക്കപ്പെട്ടതു്. പര്യാ-ചർവിതം, ലിപ്തം (ലീഢം), പ്രത്യവസിതം, ഗിലിതം, ഖാദിതം, ജഗ്ധം, ഭക്ഷം, ഗ്രസ്തം, അശിതം.

അഭ്യാഖ്യാനം=ഇല്ലാത്തതുണ്ടാക്കിപ്പറയുക.

അഭ്യാഗമം=നാ-1. നേരെ വരിക 2. എഴുന്നേല്ക്കുക 3. യുദ്ധം, 4. അടുക്കൽ.

അഭ്യാഗാരികൻ=കുടുംബരക്ഷകൻ. പര്യാ-കുടുംബവ്യാപൃതൻ, ഉപാധികൻ.

അഭ്യാന്തൻ=രോഗി.

അഭ്യാമർദ്ദം=യുദ്ധം.

അഭ്യാശം=സമീപം.

അഭ്യാസാദനം=അവിചാരിതമായി ആക്രമിക്കുക.

അഭ്യുത്ഥാനം=നാ-1. എഴുന്നേല്ക്കുക, ഉയരുക.

അഭ്യുദയം=നാ-1. ലൗകികസുഖത്തിന്റെ പരമാവസ്ഥ 2. അഭിവൃദ്ധി.

അഭ്യുപഗമം=നാ-1. പ്രതിജ്ഞ 2. അടുത്തു ചെല്ലുക.

അഭ്യുപപത്തി=നാ-1. അനുഗ്രഹം 2. യുക്തി.

അഭ്യുപായനം=കൈക്കൂലി

അഭ്യൂഷം=ബോളി(ഓട്ടട)പര്യാ-അപൂപം, പൗലി.

അഭ്രം=നാ-1. ആകാശം 2. മേഘം.

അഭ്രപുഷ്പം=ആററുവഞ്ചി.പര്യാ-വിദുലം, ശിതം, വേതസം, വാനീരം, വഞ്ജുളം. ഇതിന്റെ പൂവും കായും, ദീപനവും രക്തപിത്തത്തെ ശമിപ്പിക്കുന്നതുമാണു്.

അഭ്രമുവല്ലഭൻ=ഐരാവതം.

(ഇന്ദ്രൻെറആന)പര്യാ-അഭ്രമാതംഗം, ഐരാവണം.

അഭ്രേഷം=നാ-1. ന്യായമായ ലാഭം 2. യോഗ്യത.

അഭ്രംകഷം=1. ആകാശത്തെ ഉരസുന്നതു് 2. പർവതം 3. കാററു്.

അമത്രം=പാത്രം. പര്യാ-ആവപനം, ഭാജനം, ഭാണ്ഡം.

അമർ=യുദ്ധം.

അമരൻ=ദേവൻ. പര്യാ-നിർജ്ജരൻ, വിബുധൻ, സുരൻ, ത്രിദശൻ, സുവർവാണൻ, ദിവൗകസ്സ്, ശൗഭൻ.

അമർഷണം=കോപശീലം.

അമല=കീഴാനെല്ലി. പര്യാ-ബഹുട, അമല, താലീ, ശിവ, താമലകി. ഇതു പ്രമേഹം, കാമില, പാണ്ഡുരോഗം, നേത്രരോഗം ഇവയെ ശമിപ്പിക്കും.

അമാ=കൂടെ പര്യാ-സഹ, സാകം, സമം, സാദ്ധം.

അമാത്യൻ=മന്ത്രി, രാജ്യാംഗങ്ങളിൽഒന്നു്. സ്വാമി, അമാത്യൻ, സുഹൃത്, ബലം,കോശം,ദുർഗ്ഗം, രാഷ്ട്റം ഇവയാണ രാജ്യാംഗങ്ങൾ.

അമാനസ്യം=ദുഃഖം. പര്യാ-വ്യഥ, ബാധ, പീഡ, പ്രസൂതിജം, കഷ്ടം, കൃച്ഛ്റം, ആഭീലം.

അമാവാസ്യ=കറുത്തവാവു്. പര്യാ-അമാവാസി, ദർശം, സൂര്യേന്ദുസംഗമം, കുഹു.

അമിത്രം=ശത്രു. പര്യാ-രിപു, വൈരി, സപത്നൻ, അരി, ദ്വേഷണൻ, ദുർഹൃത്തു്, ദ്വിട്ടു്, വിപക്ഷൻ, അഹിതൻ, ശാത്രവൻ, പരിപന്ഥി, ശത്രു, അരാതി, പരൻ.

അമുത്ര=പരലോകത്തിൽ.

അമൃതം=നാ-1. മോക്ഷം 2. വെള്ളം 3. നെയ്യു് 4. യാഗശേഷം 5. പാലു് 6. യാചിക്കാത്ത ധർമ്മം 7. വിഷം 8. ഒരു മരുന്നു് 9. ദേവന്മാരുടെ ഭക്ഷണം 10. ചോറു്.

അമോഘം=സഫലം.

അമോഘ=പൂപ്പാതിരി. പര്യാ-പാടലി, കാചസ്ഥാലി, ഫലേരുഹാ, കുബേരാക്ഷി. ഇതു രക്തവാതം, പിത്തം, ഇക്കിൾ, ഛർദ്ദി, നീരു്, കഫരോഗം ഇവയെ ശമിപ്പിക്കും.

അമ്പറ=ആവനാഴി. ശരമിടുന്ന ഉറ.

അമ്പിളി=ചന്ദ്രൻ.

അംബരം=നാ-1. ആകാശം 2. വസ്ത്രം.

അംബരീഷം=വറപ്പുപാത്രം.

അംബരീഷൻ =പ്രസിദ്ധനായ ഒരു രാജാവു്.

അംബഷ്ഠൻ=വൈശ്യസ്ത്രീയിൽ ബ്രാഹ്മണനു ജനിച്ച പുത്രൻ. ഇ

വന്ന വൈദ്യവൃത്തിയാണു തൊഴിൽ. ഈ വാക്കിൻെറ തത്ഭവമായിരിക്കണം അമ്പട്ടൻ.

**അംബ**=നാ-1. പാർവതി 2. അമ്മ.

**അംബു**=1. വെള്ളം 2. ഇരുവേലി.

**അംബുജം**=താമര. പര്യാ-നളിനം, കുശേശയം, വിസപ്രസൂനം, പങ്കേരുഹം, സരസിജം, സാരസം, ശതപത്രം, സഹസ്രപത്രം.

**അംബുഭൃത്തു്**=മേഘം.

**അംഭസ്സ്**=വെള്ളം.

**അംഭോജം**=നാ-1. താമര 2. ചന്ദ്രൻ.

**അംഭോധി**=സമുദ്രം.

**അമ്രാതകം**=അമ്പഴം. പര്യാ-കപീതനം, ആമ്രാതം.

**അമ്ലം**=നാ-1. പുളിരസം, 2. പുളിവൃക്ഷം.

**അമ്ലലോണിക**= പുളിയാരൽ. പര്യാ-ചുക്രിക, ദന്തശഠ, ചാർങ്ങേരി, അംബഷ്ഠ. ഇതു് ഗ്രഹണി, അർശസ്സ്, അതിസാരം, അഗ്നിമാന്ദ്യം ഇവയ്ക്കു നന്നു്.

**അമ്ലിക**=നാ-1. പുളിമരം 2. പുളിച്ചുതികട്ടൽ 3. ഞെരിഞ്ഞാമ്പുളി.

**അയം**=നാ-1. ഇവൻ (ഈ) 2. ദൈവാധീനം.

**അയനം**=നാ-1. വഴി 2. മൂന്നു ഋതുക്കൾകൂടിയകാലം 3. സൂര്യൻെറ രണ്ടുതരം ഗതി; ഉത്തരായണവും ദക്ഷിണായനവും.

**അയസ്സ്**=ഇരുമ്പു്.

**അയി**=ആശ്വാസവചനത്തിലെ സംബോധന(അല്ലയോ, ഹെ.)

**അയുഗശരൻ**=കാമദേവൻ.

**അയോഗ്രം**=ഉലക്ക. പര്യാ-മുസലം.

**അയ്യം**=ചിത്ത.

**അയ്യംവിളി**=നിലവിളി.

**അയ്യൻ**=ആര്യൻ.

**അരം**=വേഗം. പര്യാ-അവിളംബിതം, ക്ഷിപ്രം, ജവം, ശീഘ്രം, ത്വരിതം, ദ്രുതം, ആശു, സത്വരം, തൂർണ്ണം, രയം.

**അരക്കൻ**=രാക്ഷസൻ.

**അരചൻ**=രാജാവു്.

**അരണ്യം**=കാടു്. പര്യാ-അടവി, വിപിനം, കാനനം, ഗഹനം, വനം.

**അരത്നി**=ഒരു മുഴം.

**അരവിന്ദം**=താമര.

**അരരം**=വാതിൽ.

**അരാതി**=ശത്രു.

**അരാളം**=കുടിലം, വളഞ്ഞതു്. പര്യാ-വൃജിനം, ജിഹ്മം, ഊർമ്മിമതു്, കുഞ്ചിതം, നതം, അവിദ്ധം, ഭുഗ്നം, വേല്ലിതം, നതം.

**അരിത്രം**=പങ്കായം.

**അരിഷ്ടൻ**=ഒരു അസുരൻ.

അരിഷ്ടം=നാ-1. കാക്ക 2. വെങ്കായം 3. മരണലക്ഷണം 4. ആപത്തിന്റെ സൂചന 5. മോര് 6. ഒരുജാതി മദ്യം 7. ഭാഗ്യദോഷം 8. വേപ്പുമരം 9. ഈററില്ലം.

അരിഷ്ടതാതി= നന്മ ചെയ്യുന്നവൻ. പര്യാ ശിവതാതി, ശിവങ്കരൻ, ക്ഷേമങ്കരൻ.

അരു=നാ-1. മമ്മം 2. ശ്രേഷ്ഠമായ.

അരുണൻ=നാ-1. സൂര്യൻ 2. സൂര്യന്റെ സാരഥി.

അരുണ=നാ-1. അതിവിടയം 2. മഞ്ചട്ടി 3. ത്രികോല്പക്കൊന്ന 4. കുന്നി.

അരുന്തുദം=മമ്മഭേദന.

അരുന്ധതി=വസിഷ്ഠന്റെഭായ്യ.

അരുവയർ=സുന്ദരി.

അരുസ്=പുണ്ണ്. പര്യാ-ഈമ്മം, വ്രണം.

അരോകം=പ്രഭയില്ലായ്മ.

അക്കൻ=ആദിത്യൻ.

അക്കം=നാ-1. സ്ഫടികം, സൂര്യകാന്തം 2. എരുക്ക് 3. ഒരുവക മദ്യം.

അക്കബന്ധു=ബുദ്ധൻ. പര്യാ-സുഗതൻ, സവ്വജ്ഞൻ, ധമ്മരാജൻ, തഥാഗതൻ, സമന്തഭദ്രൻ, ഭഗവാൻ, മാരജിത്, ലോകജിത്, ജിനൻ, ഷഡഭിജ്ഞൻ, ദശബലൻ, അദ്വയവാദി.

അർഗ്ഗളം=നാ-1. സാക്ഷ 2. തടസ്സം.

അർഘം=നാ-1. വില 2. പൂജാവിധി.

അച്ച=നാ-1. ബിംബം 2. പൂജ.

അച്ചിസ്=നാ-1. ജ്വാല 2. രശ്മി 3. ശോഭ.

അജ്ജുനം=വെളുപ്പ്. പര്യാ-ശുഭ്രം, ശുചി, ശുക്ലം, വിശദം, ശ്വേതം (ശ്വേതം), പാണ്ഡുരം, അവദാതം, സിതം, ഗൗരം, വലക്ഷം, ധവളം.

അജ്ജുനി=നാ-1. നല്ല പശു 2. അഭിമന്യു.

അത്തനം=നിന്ദ. പര്യാ- ജുഗുപ്സ, ഹൃണീയ, ഘൃണ. ഇതിനു ലജ്ജയെന്നുമത്ഥമുള്ളതായി പക്ഷമുണ്ട്.

അത്ഥപതി=നാ-1. രാജാവ് 2. വൈശ്രവണൻ.

അത്ഥപ്രയോഗം=പലിശ. പര്യാ-കുസീദം, വൃദ്ധി.

അത്ഥശാസ്ത്രം=ഭൂമി ധനം മുതലായവയെസംബന്ധിച്ചുള്ള ശാസ്ത്രം. ബൃഹസ്പതി, കൗടില്യൻ ആദിയായവർ അത്ഥശാസ്ത്രം എഴുതീട്ടുണ്ട്.

അർത്ഥാന്തരന്യാസം= ഒരലങ്കാരം.

അർദ്ദനം=നാ-1. കൊല 2. ദുഃഖം 3. ഉപദ്രവം.

അർദ്ധചന്ദ്ര=നാൽകോല്പക്കൊ

ന്ന. പര്യാ-ശ്യാമ, രേചിനി, ത്രിവൃത, പാളിന്ദി, സുഷേണിക, മസൂരവിദള, കാളമേഷിക. ഇതു കൃമി, മഹോദരം, പാണ്ഡുരോഗം, ജ്വരം, ചൊറി, വ്രണം ഇവയെ ശമിപ്പിക്കും.

അർദ്ധഹാരം=അരുപത്തിനാലു മുത്തുകോർത്തുണ്ടാക്കിയ മാല.

അർദ്ധോരുകം=ഉത്തമസ്ത്രീകളുടുക്കുന്ന വസ്ത്രം. 'അർദ്ധോരുഹം' എന്ന പാഠം ശരിയല്ല.

അർബ്ബുദം=നാ-1. പത്തുകോടി 2. ഒരു രോഗം.

അർഭകൻ=കുട്ടി. പര്യാ-പോതം, പാകം, ഡിംഭം, പൃഥുകം, ശാബ(കം) ശിശു.

അർമ്മം=നാ-1. ചുടുകാട് 2. കണ്ണിലുണ്ടാകുന്ന ഒരുവക രോഗം.

അര്യൻ=നാ-1. വൈശ്യൻ 2. മുഖ്യൻ.

അർവാ=നാ-1. ഇന്ദ്രൻ 2. ചാൺ 3. കുതിര.

അർവാക്=പിന്നെയുള്ളതു്. ഇതു കാലദേശങ്ങളെ സംബന്ധിക്കും.

അർവാചീനം=പിൽക്കാലത്തുള്ളതു്.

അർശോഘ്നം=ചേന. പര്യാ-കന്ദം, സൂരണം. ഇതു കൃമിരോഗം, കാസം, ഛർദ്ദി, മൂലരോഗം, വയററുവേദന, രക്തദോഷം ഇവയ്ക്കു നന്നു്.

അലം=1. മതി 2. തടവു്.

അല=തിര. പര്യാ-ഊർമ്മി, തരംഗം, വിചി, ഭംഗം.

അലക്തം=കോലരക്കു്. പര്യാ-ലാക്ഷാ, ജതു, ദ്രുമാമയം, യാവം.

അലങ്കാരം=നാ-1. ആഭരണം 2. കാവ്യത്തിൻെറ ഒരു ഘടകം.

അലങ്കർമ്മീണൻ=സമർത്ഥൻ.

അലഗർദ്ദം=നീർക്കോലി.

അലഞ്ജരം=ഒരുവക വലിയ പാത്രം.

അലാതം=1. തീക്കൊള്ളി 2. പന്തം.

അലാബു=ചുരയ്ക്ക.

അലുക്ക്=ലോപിക്കാത്തതു്, ഒരു സമാസം. ഇതിൽ പ്രത്യയം ലോപിക്കയില്ല.

അല്പതനു=മുണ്ടൻ, നീളം കുറഞ്ഞവൻ. പര്യാ-വാമനൻ, ഖർവൻ, പൃശ്നി.

അല്പമാരിഷം=ചെറുചീര. ഇതു് അരോചകം, അഗ്നിമാന്ദ്യം ഇവയ്ക്കു നന്നു്.

അല്പീയസ്=ഏററവും ചെറുതു്.

അല്ല്=നാ-1. രാത്രി 2. ഇരുട്ടു്, 3. പാപം.

അല്ലൽ=നാ-1. ദുഃഖം 2. ഭയം.

അവകീർണ്ണം=നാ-1. ചിതറിയതു് 2. ഉപേക്ഷിച്ചതു് 3. പൊടിച്ചതു്.

അവകീർണ്ണി=സന്യാസവേഷക്കാരൻ.

അവക്രയം= വില. പര്യാ-മൂല്യം, വസ്നം.

അവഗതം=നാ-1. അറിഞ്ഞതു് 2. പോയതു്.

അവഗ്രഹം=1. മഴയില്ലായ്ക 2. സ്വീകരണം 3. ശാപവാക്കു് 4. ആനയുടെ നെററി 5. അപഹരിക്കുക.

അവടം=നാ-1. പൊത്തു് 2. കുഴി.

അവടീടൻ=പതിമൂക്കൻ.

അവട്ടു=നാ-1. പിടലി 2. പൊത്തു് 3. കുഴി 4. കിണറു്.

അവതംസം=ശിരോഭൂഷണം പര്യാ-ഉത്തംസം, ശേഖരം, കർണ്ണപൂരം.

അവദാരണം=നാ-1.തൂമ്പ 2. പിളക്കുക.

അവധീരണം=നാ-1. നിന്ദ 2. അവമാനം.

അവധൂതൻ=ബാഹ്യവിഷയങ്ങളിൽ ശ്രദ്ധയററ സന്യാസി.

അവനായം=താഴ്ത്തുക.

അവന്തിഃസാമം=കാടി.

അവഭൃഥം=നാ-1. യാഗസമാപ്തി 2. യാഗാവസാനത്തിലെ കുളി.

അവമം=നിന്ദിക്കപ്പെട്ടതു്. പര്യാ-നികൃഷ്ടം, പ്രതികൃഷ്ടം, അർവ, രേഫം, യാപ്യം, അധമം, കുപൂയം, കുത്സിതം, ഖേടം, അണകം.

അവയോഗം=ദുശ്ശകുനം.

അവരോധം=അന്തഃപുരം

അവലഗ്നം=ശരീരത്തിൻെറ മദ്ധ്യഭാഗം, അരക്കെട്ടു്. വലഗ്നമെന്നും രൂപമുണ്ടു്.

അവലേപം=നാ-1. അഹങ്കാരം 2. പുരട്ടുക 3. ചേർച്ച 4. ആഭരണം.

അവൽഗുജം=കാർകോകിൽ. പര്യാ-സോമരാജി, സുവല്ലി, കൃഷ്ണഫല, പൂതഫലി. ഇതു കഫരോഗം, കുഷ്ഠം ചൊറി, ചിരങ്ങു് ഇവയ്ക്കു നന്നു്.

അവശ്യം=നാ-1. നിശ്ചയം 2. സ്വാധീനപ്പെടാത്തതു്.

അവശ്യായം=മഞ്ഞു്. പര്യാ-തുഷാരം, ഹിമം, തുഹിനം, നീഹാരം.

അവഷ്ടംഭം=നാ-1. താങ്ങു് 2. ഊന്നു് 3. തടസ്സം 4. ആരംഭം 5. സ്വർണ്ണം 6. അഹങ്കാരം.

അവസഞ്ജനം=നാ-1. ആലിംഗനം 2. ആശ്ലേഷം.

അവസായം=നിശ്ചയം.

അവഹിത്ഥ= മനോവികാരങ്ങളെ മറയ്ക്കുക.

അവഹേളനം=നിന്ദ.

അവക്ഷേപണം=നാ-1. അഞ്ചുതരം കർമ്മങ്ങളിൽ ഒന്നു്

(താഴ്ത്തുക) 2. ശകാരം 3. നിന്ദ 4. ജയം.

അവാഗ്രം=നീളം കുറഞ്ഞതു്. പര്യാ-വാമനം, ഹ്രസ്വം, ന്യക്, ഖർവം.

അവാക്=അധോമുഖം, മുഖം കുനിച്ചതു്.

അവാച്യം=നാ-1. നിന്ദ്യമല്ലാത്ത 2. പറയരുതാത്ത.

അവാരം=നാ-1. വരമ്പു് 2. പുറവേലി 3. ഇക്കരെ.

അവി=നാ-1. ആടു് 2. സൂര്യൻ 3. എലി 4. രജസ്വല 5. യജമാനൻ 6. പർവ്വതം 7. കരിമ്പടം 8. മതിൽ.

അവികലം=നാ-1. കുറവില്ലാത്ത 2. പൂർണ്ണമായ.

അവിഗ്നം=പെരുംക്ലാവു്. പര്യാ-കരമർദ്ദകം, കൃഷ്ണപാകഫലം, സുഷേണം. ഇതു ദീപനകരവും പിത്തവർദ്ധകവുമാണ്.

അവിതം=രക്ഷിക്കപ്പെട്ടതു്. പര്യാ-ഗോപായിതം, ഗുപ്തം, രക്ഷിതം, ത്രാതം.

അവിദ്യ=നാ-1. മായ 2. അജ്ഞാനം.

അവിധ=ഒരു വ്യാക്ഷേപകം. ഇതിൻെറ പ്രയോഗം ഉണ്ണുനീലിസന്ദേശം തുടങ്ങിയ പ്രാചീന മലയാളഗ്രന്ഥങ്ങളിൽ കാണാം.

അവിരതം=നാ-1. എല്ലായ്പോഴും 2. നിത്യമായ.

അവിളംബിതം=താമസമില്ലാതെ.

അവീ=തീണ്ടാരിയായവൾ. പര്യാ-സ്ത്രീധർമ്മിണി, ആത്രേയി, മലിനി, പുഷ്പവതി, രജസ്വല, ഋതുമതി, ഉദക്യ.

അവീചി=നാ-1. ഒരുജാതി നരകം 2. ഓളമില്ലാത്തതു്. ഓരോരോവക പാപകർമ്മത്തിനും ഓരോതരം നരകമുണ്ടെന്നു ഭാഗവതത്തിൽ പറഞ്ഞിട്ടുണ്ടു്.

അവീര=ഭർത്താവും പുത്രനുമില്ലാത്തവൾ.

അവേക്ഷ=നാ-1. ദൃഷ്ടിയുറപ്പിച്ചുള്ള നോട്ടം 2. ശ്രദ്ധ.

അവ്യണ്ഡ=നായ്ക്കുറിഞ്ഞി. പര്യാ-ആത്മഗുപ്ത, ജഡ, കണ്ഡുര, പ്രാവൃഷായണി. ഇതു വാതം, രക്തപിത്തം ഇവയെ ശമിപ്പിക്കും; വീര്യവൃദ്ധിയുമുണ്ടാക്കും.

അവ്യഥ=നാ-1. ഒരുവക പാമ്പു് 2. കടുക്കാ 3. ഓരിലത്താമര.

അവ്യയം=നാ-1. ചെലവില്ലാത്ത 2. നാശമില്ലാത്ത 3. പരബ്രഹ്മം 4. ലിംഗവചനഭേദങ്ങളിൽ രൂപഭേദംവരാത്ത ശബ്ദം.

അവ്യവഹിതം=നാ-1. മറയ്ക്കപ്പെടാത്തതു് 2. ഇടയിൽ മറെറാന്നില്ലാത്തതു്.

**അവ്യാഹതം**=നാ-1. തടവില്ലാത്തതു് 2. നാശമില്ലാത്തതു്.

**അവ്യാഹൃതി**=മൗനം, മിണ്ടാതിരിക്കുക.

**അശനായ**=വിശപ്പു്. പര്യാ-ബുഭുക്ഷ, ക്ഷുത്തു്.

**അശനി**=വജ്രായുധം. പര്യാ-ഹ്രാദിനി, കുലിശം, ഭിദുരം, പവി, ശതകോടി, സ്വരു, ദംഭോളി. ഇതിനു് ഇടിത്തീയെന്നും അർത്ഥമുണ്ടു്.

**അശിരൻ**=നാ-1. അഗ്നി 2. സൂര്യൻ.

**അശോകം**=നാ-1. ഒരു മരം 2. ദുഃഖമില്ലായ്മ.

**അശ്മം**=നാ-1. കല്ലു് 2. വാവ.

**അശ്മഗർഭം**=മരതകരത്നം. പര്യാ-ഗാരുത്മതം, മരതകം, ഹരിന്മണി.

**അശ്മജം**=കന്മദം. പര്യാ-ഗൈരേയം, അർത്ഥ്യം, ഗിരിജം, ശിലാജതു.

**അശ്മന്തം**=അടുപ്പു്.

**അശ്മസാരം**=ഇരുമ്പു്. പര്യാ-ലോഹം, ശസ്ത്രകം, തീക്ഷ്ണം, പിണ്ഡം, കാളായസം, അയസ്.

**അശ്രം**=നാ-1. കണ്ണുനീർ 2. രക്തം.

**അശ്രാന്തം**=നാ-1. ക്ഷീണിക്കാത്ത 2. നിത്യമായുള്ള.

**അശ്രി**=നാ-1. മൂല 2. വായ്ത്തല 3. കോണു്.

**അശ്രു**=കണ്ണുനീർ. പര്യാ-നേത്രാംബു, അസ്രം, അസ്രു, ബാഷ്പം.

**അശ്ലീലം**=നാ-1. ഒരു കാവ്യദോഷം 2. അസഭ്യവാക്കു്.

**അശ്വം**=കുതിര. പര്യാ-ഘോടകം, വീതി, തുരഗം, തുരംഗമം, തുരംഗം, വാജി, വാഹം, അർവാവു്, ഗന്ധർവം, സൈന്ധവം, സപ്തി.

**അശ്വത്ഥാമാവു്**=ദ്രോണാചാര്യരുടെ പുത്രൻ.

**അശ്വത്ഥം**=അരയാൽ. പര്യാ-ബോധിദ്രുമം, ചലദലം, പിപ്പലം, കുഞ്ജരാശനം. ഇതുകൊണ്ടുള്ള കഷായം യോനിരോഗത്തെ ശമിപ്പിക്കും.

**അശ്വയുക്കു്**=നാ-1. അശ്വതിനക്ഷത്രം 2. തുലാമാസം.

**അശ്വിനീദേവന്മാർ**=അശ്വിനിയുടെ പുത്രന്മാർ, ദേവവൈദ്യന്മാർ. പര്യാ-സ്വർവൈദ്യന്മാർ, നാസത്യന്മാർ, അശ്വികൾ, ആശ്വിനേയന്മാർ, ദസ്രന്മാർ.

**അഷഡക്ഷീണം**=രണ്ടുപേർ മാത്രമായി ചെയ്യുന്ന മന്ത്രം.

**അഷ്ടഗന്ധം**=അകിൽ, ചന്ദനം, ഗുൽഗുലു, മാഞ്ചി, കുങ്കുമം, കൊട്ടം, രാമച്ചം, ഇരുവേലി.

**അഷ്ടഗുണം**=ക്ഷമ, ദയ, അന

സൂയ, അനായാസം, മംഗളം, അകാപ്പണ്യം, ശൗചം, അസ്പൃഹ.

അഷ്ടചൂണ്ണം=ചുക്കു്, കുരുമുളകു്, തിപ്പലി, അയമോദകം, ഇന്തുപ്പു്, ജീരകം, കരിഞ്ജീരകം, കായം ഇവ ചേത്ത പൊടി.

അഷ്ടദ്രവ്യം=അരയാൽ, അത്തി, ഇത്തി, പ്ലാശ്ശു്, പേരാൽ, എള്ളു്, വെൺകടുകു്, നെയ്യു്.

അഷ്ടധാതു=പൊന്നു്, വെള്ളി, ഇരുമ്പു്, ചെമ്പു്, യശദം, രസം, വെള്ളത്തീയം, കാരീയം.

അഷ്ടപദ്ധതി = സമ്യക്ദൃഷ്ടി, സമ്യക്സങ്കല്പം, സമ്യക്വാക്കു്, സമ്യഗാജീവം, സമ്യക്സമാധി, സമ്യക്വ്യായാമം, സമ്യക്സ്മൃതി, സമ്യക്കമ്മം.

അഷ്ടപ്രകൃതി=ഭൂമി, ജലം, അഗ്നി, വായു, ആകാശം, മനസ്സു് ബുദ്ധി, അഹംകാരം.

അഷ്ടബുദ്ധിഗുണം=ശുശ്രൂഷ, ശ്രവണം, ഗ്രഹണം, ധാരണം, ഊഹം, അപോഹം, അത്ഥവിജ്ഞാനം, തത്വജ്ഞാനം.

അഷ്ടരസം=ശൃംഗാരം, ഹാസ്യം, കരുണം, രൌദ്രം, വീരം, ഭയാനകം, ബീഭത്സം, അത്ഭുതം.

അഷ്ടരാഗം=കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം, ഡംഭം, അസൂയ.

അഷ്ടവൈദ്യന്മാർ= കുട്ടൻചേരിമൂസ്സ്, പ്ലാന്തോട്ടമൂസ്, ചിരട്ടമൺമൂസ്സ്, തൈക്കാട്ടുമൂസ്, ത്രിശ്ശൂർതൈക്കാട്ടുമൂസ്, വെള്ളോട്ടുമൂസ്, ആലത്തൂർനമ്പി, കാത്തോൾനമ്പി.

അഷ്ടാക്ഷരം=ഓം നമോ നാരായണായ.

അഷ്ടാംഗയോഗം=യമം, നിയമം, പ്രാണായാമം ആസനം, പ്രത്യാഹാരം, ധ്യാനം, ധാരണ, സമാധി.

അഷ്ടാപദം=സ്വണ്ണം. പര്യാ-കാഞ്ചനം, കനകം, ഹേമം, ശാതകുംഭം, ഹിരണ്യം, ഹാടകം, തപനീയം, ഗാംഗേയം, ഭമ്മം, കർബ്ബുരം, ചാമീകരം, ജാതരൂപം, മഹാരജതം, രുക്മം, കാത്തസ്വരം, ജംബൂനദം.

അഷ്ടൈശ്വര്യം= ധനം, ധാന്യം, ധൈര്യം, ശൗര്യം, വിദ്യ, കീത്തി, വിജയം, രാജ്യം.

അഷ്ഠീവത്=മുട്ടു്. പര്യാ-ജാനു, ഊരുപവ്വ്.

അസകൃത്=നാ-1. പിന്നെയും പിന്നെയും, ൨. അനേകപ്രാവശ്യം.

അസനം = വേങ്ങമരം. പര്യാ-സജ്ജകം, പ്രിയകം, ജീവകം, ബന്ധൂകം. ഇതു് അതിസാരം, രക്തപിത്തം, പൊള്ളക, കുഷ്ഠം ഇവയെ ശമിപ്പിക്കും.

**അസമീക്ഷ്യകാരി**=ആലോചന കൂടാതെ പ്രവൃത്തി ചെയ്യുന്നവൻ.

**അസി**=വാൾ. പര്യാ-ഖഡ്ഗം, നിസ്ത്രിംശം, ചന്ദ്രഹാസം, അരിഷ്ടി, കൗക്ഷേയകം, മണ്ഡലാഗ്രം, കരവാലം, കൃപാണം.

**അസിക്നി**=അന്തഃപുരത്തിലെ യുവതിയായ ദാസി.

**അസിതം**=കറുപ്പ്. പര്യാ-നീലം, ശ്യാമം, കാളം, ശ്യാമളം, മേചകം.

**അസിധാവകൻ**=ആയുധമുണ്ടാക്കുന്നവൻ, കടച്ചിൽക്കൊല്ലൻ.

**അസിപുത്രി**=ചുരികയെന്ന ആയുധം. പര്യാ-അസിധേനു, ശസ്ത്രി, അസിധേനുക.

**അസിപത്രം**=നാ-1. കരിമ്പ് 2. വാളലക് (പിടിയൊഴിച്ചുള്ള ഭാഗം) 3. നരകവിശേഷം.

**അസു**=നാ-1. ജീവൻ 2. വെള്ളം 3. ചൂട്.

**അസുരൻ**=ദേവവിരോധി. പര്യാ-ദൈത്യൻ, ദൈതേയൻ, ദനുജൻ, ഇന്ദ്രാരി, ദാനവൻ, ദിതിസുതൻ, ശുക്രശിഷ്യൻ, പൂർവദേവൻ.

**അസൂക്ഷണം**=അനാദരം.

**അസൃക്ക്**=രക്തം. പര്യാ-ക്ഷതജം, ശോണിതം, ലോഹിതം, രുധിരം.

**അസൃക്പൻ**=രാക്ഷസൻ. പര്യാ-കൗണപൻ, ക്രവ്യാദൻ; ആശരൻ, രാത്രിഞ്ചരൻ, കർബ്ബുരൻ, കീകസാത്മജൻ, യാതുധാനൻ, പുണ്യജനം, നൈരൃതൻ, യാതു.

**അസ്തം**=നാ-1. അസ്തമയപർവതം 2. ഉപേക്ഷിക്കപ്പെട്ടത് 3. നാശം.

**അസ്തി**=ഉള്ളത് (തിങന്തപ്രതിരൂപകമായ അവ്യയശബ്ദം)

**അസ്തു**=നാ-1. അസൂയയോടുകൂടെ അംഗീകരിക്കുക 2. പീഡ 3. ഭവിക്കട്ടെ.

**അസ്ത്രം**=അമ്പ്. പര്യാ-പൃഷൽകം, വിശിഖം, അജിഹ്മഗം, ആശുഗം, കളംബം, മാർഗ്ഗണം, പത്രി, രോപം, ഇഷു.

**അസ്ഥിരം**=നാ-1. ഇളക്കമുള്ളത് 2. നശിക്കുന്നത്.

**അസ്രം**=നാ-1. കണ്ണുനീര് 2. കോണ് 3. രോമം 4. രക്തം.

**അസ്വച്ഛന്ദൻ**=അന്യന് അധീനപ്പെട്ടവൻ. പര്യാ-ആയത്തൻ, നിഘ്നൻ, അധീനൻ, ഗൃഹകൻ.

**അസ്വപ്നൻ**=ദേവൻ.

**അഹംയു**=അഹംകാരി, ഞാനെന്നു ഭാവമുള്ളവൻ.

**അഹസ്**=പകൽ.

**അഹരഹം**=ദിവസംതോറും. അഹരഹഃ എന്നു മററു നിഘണ്ടുക്കളിൽ കാണുന്നതു ശരിയല്ല. (രാജാഹസഖീഭ്യഷ്ടച്) ഇങ്ങനെ പാണിനി നിഷ്കൃഷിക്കുന്നു.

അഹർമ്മുഖം=പ്രഭാതം. പര്യാ-പ്രത്യൂഷം, കല്യം, ഉഷസ്സ്, പ്രത്യുഷസ്സ്, വ്യുഷ്ടം, ഗോസംസർഗ്ഗം, വിഭാതം.

അഹല്ലികം=ശവം. പര്യാ-കുണപം, പിണം.

അഹന്നിശം=പകലും രാവും.

അഹാര്യം=നാ-1. പർവ്വതം 2. എടുക്കാനാകാത്തതു്.

അഹി=പാമ്പു്. നാ-1. ആദിത്യൻ 2. വഴിപോക്കൻ 3. വൃഷ്ണൻ 4. വെള്ളം 5. ആയില്യം.

അഹിതൻ=ശത്രു.

അഹിർബുദ്ധ്ന്യൻ ശിവൻ.

അഹിഭയം=രാജാക്കന്മാർക്കുസ്വന്ത പക്ഷക്കാരിൽനിന്നുണ്ടാകുന്ന ഭയം.

അഹിഭുക്=1. മയിൽ 2. ഗരുഡൻ.

അഹേരു=മരമഞ്ഞൾ. പര്യാ-പീതദ്രു, കാലീയകം, ഹരിദ്രു, ദാർവ്വീ, പചംപച, ദാരുഹരിദ്ര, പർജ്ജനി. ഇതു കണ്ണുരോഗം, നേത്രരോഗം, വ്രണം, പ്രമേഹം, വിഷം, മൂത്രകൃച്ഛ്റം ഇവയെ ശമിപ്പിക്കും.

അഹോ!=1. ആശ്ചര്യം 2 കഷ്ടം 3. വിസ്മയം.

അഹോരാത്രം=പകലും രാത്രിയും (മുപ്പതു മുഹൂർത്തം കൂടിയ സമയം)

അളക=1. കുബേരന്റെ രാജധാനി 2. എട്ടുമുതൽ പത്തുവരെ വയസ്സുള്ള പെൺകുട്ടി.

അളകം=നാ-1. കുറുനിര 2. പേപ്പട്ടി 3. തലമുടി.

അളർക്കം=1. പേപ്പട്ടി 2 വെള്ളരിക്ക.

അളവു്=നാ-1. സന്ദർഭം 2. തോതു്.

അളി=നാ-1. വണ്ടു് 2. തേളു് 3. വൃശ്ചികം എന്ന രാശി 4. മദ്യം.

അളികം=നെററി. പര്യാ-ലലാടം, ഗോധി, ഫാലം.

അളിപകം=കുയിൽ. പര്യാ-പരഭൃതം, വനപ്രിയം, പരപുഷ്ടം, കളകണ്ഠം, പികം, കോകിലം.

അളിന്ദം=പുറന്തിണ്ണ. പര്യാ-പ്രഘണം, പ്രഘാണം.

അളീകം=നാ-1. അസത്യം 2. അപ്രിയം 3. നെററി 4. സ്വർഗ്ഗം.

## ആ

ആ=നാ-1. ബ്രഹ്മാവു് 2. ചുട്ടെഴുത്തുകളിൽ ഒന്നു് 3. സംശയം, ഓർമ്മ, ദയ ഇവയിൽ ഉപയോഗിക്കുന്ന ഒരു അവ്യയം.

ആകണ്ഠം=കഴുത്തോളം.

ആകരം=നാ- 1. വിളഭൂമി 2. രത്നഖനി 3. സമൂഹം.

ആകലനം=നാ-1. പിടിക്കുക 2. എണ്ണുക 3. ആഗ്രഹം 4. അന്വേഷണം 5. ചിന്ത 6. ഗണന 7. കെട്ട്.

ആകല്പം=നാ-1. ആഭരണം 2. വർദ്ധന 3. അലങ്കാരം 4. ലോകനാശംവരെ.

ആകല്യം=നാ-1. രോഗം 2. അസ്വാസ്ഥ്യം.

ആകാരം=നാ-1. ആകൃതി 2. അഭിപ്രായം 3. ശരീരം.

ആകാരണം=വിളിക്കുക. പര്യാ-ഹൂതി, ഹവം, ആഹ്വാനം, ആകാരണ.

ആകുലം=ചിതറിയതു്. പര്യാ-വ്യസ്തം, അപ്രഗുണം.

ആക്രന്ദം(നം)=നാ-1. ഉറക്കെ കരയുക 2. ഭയങ്കരമായ യുദ്ധം 3. വിളിക്കുക.

ആക്രീഡം=നാ-1. ഉദ്യാനം 2. ഉല്ലാസം.

ആക്രോശനം=നാ-1. ശാപം 2. ആണ 3. നിന്ദ 4. നിലവിളി.

ആക്ഷപാദൻ= ന്യായശാസ്ത്രമറിയാവുന്നവൻ. പര്യാ-നൈയായികൻ.

ആക്ഷാരണ= മൈഥുനവിഷയകമായ അപവാദം.

ആക്ഷികൻ=പകിടകളി അറിയാവുന്നവൻ.

ആക്ഷീബം(വം)മുരിങ്ങ. പര്യാ-സൗഭാഞ്ജനം, ശിഗ്രു, തീക്ഷ്ണഗന്ധകം, മോചകം. ഇതു കഫം, ശോഫം, വാതം, കൃമി, ആമദോഷം, വിദ്രധി ഇവയ്ക്കു നന്നു്.

ആക്ഷോടം=മലയുകമരം. പര്യാ-കന്ദരാളം, ആഖോടം, കപ്പരാളം. ഇതു ശുക്ലവൃദ്ധികരവും വിഷഹരവും പിത്തനാശകവുമാകുന്നു.

ആഖണ്ഡലൻ=ഇന്ദ്രൻ. പര്യാ-സഹസ്രാക്ഷൻ, മരുത്വാൻ, മഘവാവ്, വിഡൗജസ്, പാകശാസനൻ, വൃദ്ധശ്രവസ്, സുനാസീരൻ, പുരുഹൂതൻ, പുരന്ദരൻ.

ആഖു=എലി. പര്യാ-ഉന്ദുരു, മൂഷികൻ, ഗിരികം.

ആഖുഭുക്ക്=പൂച്ച. പര്യാ-ഓതു, വിലാളം, മാർജ്ജാരം, വൃഷദംശകം.

ആഖേടം=നായാട്ടു്. പര്യാ-ആച്ഛോദനം, മൃഗവ്യം, മൃഗയ.

ആഗതി=നാ-1. വരവു് 2. അല്പമായ അറിവു്.

ആഗന്തു=നാ-1. വിരുന്നുകാരൻ 2. താനേ വരുന്നവൻ 3. വഴിപോക്കൻ.

ആഗസ്സ്=നാ-1. പാപം 2. അപരാധം.

ആഗസ്ത്യൻ=അഗസ്ത്യമുനി. പര്യാ-കുംഭസംഭവൻ, മൈത്രാവരുണി, സമുദ്രപീതി, ആഗ്നേയൻ.

ആഗാരം=വീട്. പര്യാ-നിശാന്തം, വസ്ത്യം, സദനം, ഭവനം.

ആഗുഃ=പ്രതിജ്ഞ. പര്യാ-സംവിത്, പ്രതിജ്ഞാനം, നിയമം, ആശ്രവം, സംശ്രവം.

ആഗ്നീധ്രം=ഹോമകുണ്ഡം.

ആഗ്രയണം=നാ-1. പുത്തരിയൂണ് 2. ബ്രാഹ്മണരുടെ ഒരു കർമ്മം.

ആങ്=ഒരു ഉപസർഗ്ഗം. 1. കുറച്ച് 2. അഭിവ്യാപ്തി (ഉൾപ്പെടെ) 3. അതിർത്തി (മര്യാദ)

ആംഗാരം=തിക്കനൽക്കൂട്ടം.

ആഘട്ടനം=നാ-1. കുത്ത് 2. അടി. 3. മുട്ടൽ 4. ഉരസൽ 5. തേപ്പ്.

ആഘൂർണ്ണം=തുറിച്ചു മിഴിക്കുക.

ആഘ്രാണം=മണക്കുക.

ആചമനം=മന്ത്രശുദ്ധമാക്കി വെള്ളം ഉപയോഗിക്കുക.

ആചാമം=വാർത്ത കഞ്ഞി. പര്യാ-മാസരം, വിസ്രാവം, നിസ്രാവം.

ആചിതം=നാ-1. കൂട്ടപ്പെട്ട 2. മൂടപ്പെട്ട 3. പരത്തപ്പെട്ട 4. കോർക്കപ്പെട്ട.

ആച്ഛുരിതകം = പൊട്ടിച്ചിരി.

ആച്ഛോദനം=നായാട്ട്.

ആച്ഛോടനം = ഞൊട്ടയൊടിക്കുക.

ആജകം=ആട്ടിൻകൂട്ടം.

ആജകാരം=ശിവന്റെ കാള.

ആജം=ഉരുക്കുനെയ്യ്.

ആജാനേയം=നല്ല കുതിര.

ആജ്ജു=കൂലിയില്ലാത്ത വേല. പര്യാ-വിഷ്ടി.

ആജ്യം=നെയ്യ്. പര്യാ-ഘൃതം, ഹവിസ്, സർപ്പിസ്.

ആടി=നാ-1. പൊന്മാൻ 2. താറാവ് 3. കർക്കടകമാസം.

ആടീകരം=കാള. പര്യാ-വലീവർദ്ദം, ഉക്ഷം, വൃഷഭം, അനഡ്വാൻ.

ആടോപം=നാ-1. അഹങ്കാരം 2. കോപം 3. പരാക്രമം.

ആട്ടുകൊററൻ=ആണാട്.

ആഢകം=നാലിടങ്ങഴി, നാലിടങ്ങഴികൊള്ളുന്ന ഒരു അളവുപാത്രം (ഒരു മരയ്ക്കാൽ)

ആഢകീ=നാ-1. ഒരു പയറ് 2. കാട്ടുപയറ് 3. പാവു് 4. സൗരഭ്യമുള്ള മണ്ണ്.

ആണ്ടാൽ=ഇല്ലിക്കുറവ്.

ആണ്ടി=സുബ്രഹ്മണ്യൻ.

ആതങ്കം=ദുഃഖം, രോഗം.

ആതഞ്ചനം=നാ- 1. തൃപ്തിയാക്കുക 2. ഉറ ഒഴിക്കുക 3. ലോഹാദികൾ നീററിയ പൊടി 4. നീററുക.

ആതതായി= 1. പിടിച്ചുപറിക്കാരൻ 2. കൊല്ലുവാൻ വരു

ന്നവൻ 3. കള്ളൻ.

ആതരം=കടത്തുകൂലി. പര്യാ-തരപണ്യം.

ആതാമ്രം=അല്പം ചെമന്നതു്.

ആതുരൻ=ദുഃഖിതൻ, രോഗി.

ആതോദ്യം=നാലുവക വാദ്യം.

ആത്തം=നാ-1. സ്വാധീനപ്പെട്ട 2. എടുക്കപ്പെട്ട.

ആത്മഘോഷം=കാക്ക. പര്യാ-ധ്വാങ്ക്ഷം, കരടം, ബലിപുഷ്ടം, സകൃത്പ്രജം.

ആത്മഭൂവു്=ബ്രഹ്മാവു്.

ആത്രേയി=നാ-1. ഋതുവായ സ്ത്രീ 2. അത്രിയുടെ ഭാര്യ.

ആദർശം=കണ്ണാടി, ദൃഷ്ടാന്തം.

ആദാനം=എടുക്കുക, കൈക്കൊള്ളുക.

ആദിത്യൻ=നാ-1. സൂര്യൻ 2. ദേവൻ.

ആദീനവം=ക്ലേശം.

ആദൃഃ=സ്പഷ്ടം.

ആദേശം=നാ-1. കല്പന 2. പകരം 3. വ്യാകരണത്തിലെ ഒരു സന്ധിവ്യവസ്ഥ.

ആദ്യൂനൻ=നാ-1. അതിയായ ഭക്ഷണാശയുള്ളവൻ 2. ആദിയില്ലാത്തവൻ.

ആധാനം=നാ-1. ഗർഭധാരണത്തിനു മുമ്പു ചെയ്യുന്ന ഒരു കർമ്മം 2 പണയം 3. വെയ്ക്കുക.

ആധിദൈവികം=ദൈവികമായുണ്ടായ ദുഃഖം (മൂന്നുവിധതാപങ്ങളിൽ ഒന്നു്.)

ആധൂതം=ഇളക്കപ്പെട്ട. പര്യാ-ആകമ്പിതം, വേല്ലിതം, പ്രേംഖിതം.

ആധോരണൻ=ആനക്കാരൻ. പര്യാ-ഹസ്തിപൻ, ഹസ്ത്യാരോഹൻ, നിയന്താവു്.

ആധ്മാനൻ=അഹംകാരവിജൃംഭിതൻ.

ആധ്മാനം=നാ-1. ഉല (തിരുത്തി) 2. വായുരോഗം, വായു വന്നുമുട്ടി വീക്ക.

ആധ്യാനം=വിചാരം.

ആനകം=ഒരു വാദ്യം, പടഹം.

ആനതി=നമസ്കാരം, വണക്കം, താഴ്മ; കുനിയുക.

ആനനം=മുഖം പര്യാ-വക്ത്രം, ആസ്യം, തുണ്ഡം, ലപനം.

ആനമ്രം=അല്പം കുനിഞ്ഞതു്.

ആനർത്തം=നാ-1. അരങ്ങു് 2. വെള്ളം 3. ഒരു രാജ്യം.

ആനായം=വല. പര്യാ-ജാലം.

ആനായൻ=ഇടയൻ. പര്യാ-പശുപൻ, വല്ലവൻ, ഗോപൻ, ഗോസംഖ്യൻ, ഗോധുക്, ആഭീരൻ.

ആനാഹം=നാ-1. മലമൂത്രബന്ധം 2. നീളം 3. വസ്ത്രത്തിന്റെ നീളം.

ആനി=മിഥുനമാസം.

ആനൃശംസ്യം=നാ-1. ദയ 2. സൗമ്യസ്വഭാവം.

ആന്തരം=നാ-1. ഇടയിലുള്ള 2. രഹസ്യമായ 3. അകത്തുള്ള.

ആന്ധസികൻ= അടുക്കളക്കാരൻ (അരിവെയ്പുകാരൻ) പര്യാ-ആരാളികൻ, സൂദൻ, ഔദനികൻ.

ആപഗ=നദി.

ആപന്നസത്വ=ഗർഭമുള്ളവൾ. പര്യാ-ഗുർവിണി, അന്തർവത്നി.

ആപീഡം=ശിരോഭൂഷണം (മുടിപ്പൊന്ന്)

ആപീതം=നാ-1. കുടിക്കപ്പെട്ടതു് 2. അല്പം മഞ്ഞനിറമായ.

ആപീനം=നാ-1. കിണറ് 2. തടിച്ചതു് 3. പശുവിൻെറ അകിട്ട്.

ആപൃച്ഛനം=നാ-1. സംഭാഷണം 2. യാത്രചോദിക്കുക.

ആപ്തൻ=നാ-1. സ്നേഹിതൻ 2. വന്നവൻ 3 വിശ്വസ്തൻ.

ആപ്യായനം=നാ-1. സംതൃപ്തി 2. തടിപ്പ് 3. ഉച്ഛഭക്ഷണം.

ആപ്രപദീനം=നാ-1. കാലിൻെറ പുറവടിവരെ ഞാന്നുകിടക്കുന്നതു് 2. നീലയങ്കി.

ആപ്ലവം=കുളി. പര്യാ -ആപ്ലാവം, സ്നാനം.

ആപ്ലുതം=നാ-1. നനഞ്ഞതു് 2. കുളിച്ചതു്.

ആബന്ധം=നാ-1. അലങ്കാരം 2. ജീവികൾക്കു ജീവനില്ലാത്തവയോടുണ്ടാകുന്ന താല്പര്യവിശേഷം. ശകുന്തളയ്ക്കു വൃക്ഷലതാദികളോടുണ്ടായ താല്പര്യവിശേഷം ഉദാഹരണം.

ആഭ=ശോഭ.പര്യാ-പ്രഭ, ത്വിട്, രുക്, ഛവി, ദ്യുതി.

ആഭാസം=നാ-1. വെളിച്ചം 3. പ്രതിബിംബം.

ആഭിമുഖ്യം—നാ-1. അടുപ്പം 2. മുഖത്തോടുമുഖം 3. മേൽനോട്ടം.

ആഭീരവല്ലി=ഇടയന്മാരുടെ താമസസ്ഥലം. പര്യാ-ഘോഷം, വ്രജം.

ആഭീലം=നാ-1. അതിവേദന 2. ദുഃഖം 3. കഷ്ടം.

ആഭോഗം=നാ-1. പൂർണ്ണത 2. പരപ്പ് 3. അനുഭവം.

ആമന്ത്രണം=നാ-1. ക്ഷണിക്ക 2. സംസാരിക്ക 3. യാത്രചോദിക്കുക.

ആമിഷം=ഇറച്ചി (മാംസം.)പര്യാ-പലലം, തരസം, ക്രവ്യം.

ആമിക്ഷ=ഉറയൊഴിക്കുക.

ആമുക്തം=നാ-1. ധരിക്കപ്പെട്ടതു്. 2. അഴിച്ചുവിടപ്പെട്ടതു്.

ആമോദം=നാ-1. സന്തോഷം 2. സൗരഭ്യം.

ആമ്നായം=വേദം. പര്യാ-ശ്രുതി, നിഗമം, മറ, ആരണം.

ആമ്രം=മാവു്. പര്യാ-ചൂതം,രസാലം,അതിസൗരഭം,സഹകാരം

ആമ്രേഡിതം=ആവർത്തിച്ച പറക.

ആമ്ലം=നാ-1. പുളിമരം 2. പുളിരസം.

ആയതം=നീളമുള്ളതു്. പര്യാ-ദീർഘം, ആനാഹം.

ആയതി=നാ-1. ഭാവികാലം 2. വരവു്.

ആയൻ=ഇടയൻ, പശുവിനെ മേയ്ക്കുന്നവൻ.

ആയം=നാ-1. വരവു് 2. ലാഭം 3. ശരീരസംബന്ധമായ സ്വാധീനത.

ആയാമം=നാ-1. നീളം 2. പരപ്പു്.

ആയോധനം=യുദ്ധം.

ആരണൻ=ബ്രാഹ്മണൻ.

ആരവം=ശബ്ദം. പര്യാ-നിനദം, വിരാവം, നാദം, നിർഹ്രാദം, നിസ്വനം, സ്വാനം.

ആരാ=നാ-1. ചാട്ട 2. കത്തി 3. തോലുളി.

ആരാൽ=നാ-1. ദൂരെ 2. സമീപം.

ആരാമം=പൂന്തോട്ടം. പര്യാ-ഉപവനം, ഉദ്യാനം.

ആരാളികൻ= അരിവെയ്പുകാരൻ.

ആരുണ്യം=ചെമപ്പു്.

ആരോഹണം=നാ-1. കയററം 2. കല്പട 3. മേൽനില 4. എടുപ്പു്.

ആര്യൻ=നാ-1. ശ്രേഷ്ഠൻ 2. വൈശ്യൻ 3. നേതാവു്.

ആര്യമാവു്=ആദിത്യൻ.

ആര്യ=ശ്രീപാർവ്വതീദേവി.

ആർജ്ജവം=നാ-1. നേരെയുള്ളതു് 2. വണക്കം.

ആർത്തഗളം=നീലക്കുറിഞ്ഞി. പര്യാ-നീല, ഝിണ്ടി, ബാണദാസി.

ആർത്തവം=നാ-1. ഋതുഭാവം 2. ഋതുരക്തം.

ആർദ്രം=നാ-1. നനഞ്ഞതു് 2. അലിഞ്ഞതു്.

ആർദ്രകം=ഇഞ്ചി.

ആർഷം=നാ-1. ഋഷിയെസംബന്ധിച്ച 2. ഒരുതരം വിവാഹം.

ആർഷഭ്യം=എരുതാക്കാൻ പ്രായമായ കാളക്കുട്ടി.

ആർഹതൻ=ബുദ്ധമതക്കാരൻ.

ആലം=അരിതാരം. പര്യാ-പിഞ്ജരം, പീതനം, താലം, ഹരിതാലം.

ആലവാലം= വൃക്ഷച്ചുവട്ടിലെ തടം. പര്യാ-ആവാലം, ആവാപം.

ആലാസ്യം=മുതല. പര്യാ-നക്രം, കുംഭീരം, ഗ്രാഹം.

ആലിഞ്ജരം=വലിയ മൺപാന (ചാടി)

ആലേഖ്യം=ചിത്രം. പര്യാ-പ്ര

തിച്ഛന്ദം, പ്രതികൃതി.

ആലേഹനം= ആസ്വദിക്കുക, നക്കുക.

ആലോകം=നോട്ടം. പര്യാ-വീക്ഷണം, ദർശനം, വിലോകനം, സമീക്ഷണം.

ആവണി=ചിങ്ങമാസം.

ആവരണം=നാ-1. മറവു് 2. തടസ്സം.

ആവലി=സമൂഹം. പര്യാ-നികരം, നികുരുംബം, സമുദായം, തതി, ആളി, നികായം.

ആവസഥം=നാ-1. ഭവനം 2. ആശ്രമം.

ആവാപം=നാ-1. തടം 2 വിത 3. കൈവള 4. എറിയുക 5. കല്ലുംചേക്കുക.

ആവിർഭാവം=നാ-1. ജനനം 2. വെളിപ്പെടുത്തൽ.

ആവേഗം=നാ-1. സംഭ്രമം 2. തിടുക്കം 3. കോപം 4. നെഞ്ഞിടിപ്പു്.

ആവേശം=നാ-1. പ്രവേശനം 2. ഡംഭു്.

ആശയം=നാ-1. ഉദ്ദേശ്യം 2. അഭിപ്രായം. 3. ഉള്ളു്.

ആശരൻ=രാക്ഷസൻ.

ആശിസ്സ്=നാ-1. അനുഗ്രഹം (ആശീർവചനം) 2. വിഷപ്പല്ലു്.

ആശൌചം=നാ-1. ശുദ്ധി 2. പുല.

ആശ്രമം=മുനികളുടെ പാർപ്പിടം. പര്യാ-ഉടജം, പർണ്ണശാല.

ആശ്രയം=നാ-1. ആധാരം 2. ഭവനം 3. സഹായം.

ആശ്രി=വാളിൻെറ വായ്ത്തല.

ആശ്ലേഷം=നാ-1. ചേർച്ച 2. ആലിംഗനം.

ആഷാഢം=നാ-1. കർക്കടകമാസം 2. യോഗദണ്ഡു്.

ആസക്തി=നാ-1. താല്പര്യം 2. ശുഷ്കാന്തി.

ആസത്തി=നാ-1. ചേർച്ച 2. സാമീപ്യം.

ആസവം=നാ-1. മദ്യം 2. തേൻ.

ആസ്കന്ദനം=നാ-1. യുദ്ധം 2. കൊള്ള.

ആസ്ഥാ=നാ-1. താല്പര്യം 2. ആദരവു് 3. രാജസദസ്സ്.

ആസ്ഥാനം=സഭ. പര്യാ-പരിഷത്തു്, സംസത്തു്, ഗോഷ്ഠി, സമിതി.

ആസ്യം=നാ-1. മുഖം 2. വായ്.

ആഹവം=യുദ്ധം.

ആഹാവം=കൽത്തൊട്ടി.

ആഹികൻ=നാ-1. കേതു 2. പാണിനി.

ആഹോപുരുഷിക= അഹംഭാവം.

ആഹുതി=ഹോമം.

ആഹ്വാനം=വിളി. പര്യാ-ഹൂതി, ആകാരണ.

ആളാനം=കെട്ടുകുററി.

ആളി=നാ-1. തോഴി 2. സമൂഹം 3. വരമ്പ്.

ആഴി=നാ-1. മോതിരം 2. സമുദ്രം 3. എരിതീയ്.

## ഇ

ഇ=നാ-1. ലക്ഷ്മി 2. താമരയിതൾ 3. ഒരു ചുട്ടെഴുത്ത്.

ഇകൽ=യുദ്ധം.

ഇംഗം=സഞ്ചരിക്കുന്നത്. പര്യാ-ചരിഷ്ണു, ജംഗമം, ചരം, ത്രസം.

ഇംഗിതം=നാ-1. അഭിപ്രായം 2. ആഗ്രഹം.

ഇംഗുദി=ഓടൽമരം. ഇതു വാതകഫരോഗങ്ങൾ, വ്രണം ഇവയെ ശമിപ്പിക്കും.

ഇച്ഛ=ആഗ്രഹം. പര്യാ-കാംക്ഷ, സ്പൃഹ, വാഞ്ഛ. ലിപ്സ, മനോരഥം.

ഇജ്യ=നാ-1. യാഗം 2. ദാനം.

ഇടങ്കേട്=നാ-1. ഉപദ്രവം 2. വിരോധം.

ഇടമ്പൽ=നാ-1. അനുസരണക്കേട് 2. അഹങ്കാരം 3. വിരോധം.

ഇടർ=നാ-1. തെററ് 2. ദുഃഖം.

ഇടവം=നാ-1. ഒരു മാസം 2. ഒരു രാശി 3. കാള.

ഇഡ=നാ-1. ഒരു മുഖ്യനാഡി 2. ഭൂമി 3. പശു 4. വാക്ക്.

ഇതരം=നാ-1. അന്യം 2. നീചം.

ഇതരേതരം=തമ്മിൽ തമ്മിൽ. പര്യാ-പരസ്പരം, മിഥസ്, അന്യോന്യം.

ഇതി=നാ-1. കാരണം 2. ഇപ്രകാരം 3. എന്ന് 4. പ്രസിദ്ധം.

ഇതിഹ=പാരമ്പര്യമായ ഉപദേശം.

ഇത്വരി=വ്യഭിചാരിണി. പര്യാ-കുലട, പാംസുല, പുംശ്ചലി, സ്വൈരിണി, ധർഷിണി.

ഇദ്ധം=നാ-1. വർദ്ധിച്ചത് 2. വെയിൽ 3. പ്രകാശം 4. ചൂട്.

ഇധ്മം=വിറക്. പര്യാ-കാഷ്ഠം, ദാരു, ഇന്ധനം.

ഇനൻ=നാ-1. പ്രഭു 2. ഭർത്താവ് 3. ആദിത്യൻ.

ഇനിയ=നാ-1. മധുരമായ 2. സുന്ദരമായ.

ഇന്ദിര=ലക്ഷ്മി. പര്യാ-രമ, മംഗലദേവത, മാ, ഭാർഗ്ഗവി, ക്ഷീരസാഗരകന്യക, ശ്രീ.

ഇന്ദിന്ദിരം=വണ്ട്. പര്യാ-ദ്വിരേഫം, അളി, മധുപം, മിളിന്ദം, ചഞ്ചരീകം, ഷഡ്പദം.

ഇന്ദു=നാ-1. ചന്ദ്രൻ 2. കർപ്പൂരം.

ഇന്ദുമതി=നാ1. വെളുത്തവാവ് 2. അജമഹാരാജാവിൻെറപത്നി.

ഇന്ദുഗോപം= മിന്നാമിനുങ്ങ്.

പര്യാ-തൈജസകീടം.

ഇന്ദ്രദിക്കു്=കിഴക്കു്. പര്യാ-പ്രാചി, പൂൎവ്വദിക്കു്, ഐന്ദ്രി.

ഇന്ദ്രാണി=നാ-1. ഇന്ദ്രന്റെ ഭാൎയ്യ 2. കരുനൊച്ചി.

ഇന്ദ്രായുധം=മഴവില്ലു്. പര്യാ-ശക്രധനുസ്സു്.

ഇന്ധനം=വിറകു്.

ഇന്നിശ=നാ-1. ഈ രാത്രി 2. ഒരു രാഗം.

ഇഭം=ആന. പര്യാ-ഹസ്തി, ദന്താവളം, ഗജം, ദ്വിരദം, ദ്വിപം, ദന്തി.

ഇഭ്യം=നാ-1. ധനം 2. പുഷ്ടി.

ഇമയവർ=ദേവന്മാർ.

ഇയത്ത=ഇത്രമാത്രം.

ഇയം=ഇവൾ.

ഇരമ്മദം=ഇടിത്തീയ്യു്. പര്യാ-മേഘജ്യോതിസ്സു്.

ഇലത്താളം=കൈമണി.

ഇവ=പോലെ, തോന്നുമാറു്, ഉപമ ഉത്പ്രേക്ഷ ഈ അലങ്കാരങ്ങളിലെ വാചകശബ്ദം.

ഇഷം=തുലാമാസം.

ഇഷീകം=നാ-1. പുൽക്കൊടി 2. തൂലിക 3. ഒരുവക ദിവ്യാസ്ത്രം.

ഇഷു=അമ്പു്, ബാണം.

ഇഷ്ടാപൂൎത്തി=നാ-1. വഴിക്കിണറു മുതലായവ കുഴിപ്പിക്കുക 2.യാഗം.

ഇഷ്ടി=യാഗം. പര്യാ-അദ്ധ്വരം, യജ്ഞം, മഖം, സത്രം.

ഇഷ്വാസം=വില്ലു്. പര്യാ-ധനുസ്സു്, ചാപം, ശരാസനം.

ഇള=നാ-1. ഭൂമി 2. ശബ്ദം 3. പശു.

ഇക്ഷു=കരിമ്പു്. പര്യാ-രസാളം. ഇതിന്റെ നീരു് ശുക്ലവൃദ്ധികരവും രക്തപിത്തഹരവും സ്വാദുപാകരസവുമാണു്.

ഇക്ഷുരം=നാ-1. വയൽചുള്ളി 2. കരിമ്പു്.

ഇഴക്കം=1. നിരപ്പു് 2. മിനുസം 3. തേപ്പു് 4. വഴക്കം.

ഇറവൻ=നാ-1. ഭൎത്താവു് 2. പ്രഭു.

## ഈ

ഈ=നാ-1. കാമദേവൻ 2. മഹാലക്ഷ്മി.

ഈക്ഷണം=നോട്ടം.

ഈക്ഷണിക=ലക്ഷണം പറയുന്നവൾ. പര്യാ-ദൈവജ്ഞ, വിപ്രശ്നിക.

ഈട്ടിക്കൂട്ടുക=ശേഖരിക്കുക.

ഈഡ=സ്തുതി.

ഈതി=നാ-1. ദൈവികമായ ആപത്തു് 2. കലഹം 3. പരദേശസഞ്ചാരം.

ഈരണം=നാ-1. വാക്കു് 2. പ്രേരണം.

ഈൎമ്മം=വ്രണം.

ഈൗര്യ=ധ്യാനസ്ഥിതി (ഋഷികളുടെ ചര്യ.)

ഈൗഷ്യ=അസൂയ.

ഈൗശാനൻ=ശിവൻ.

ഈൗഷത്=നാ-1 അല്പം 2. സംശയം.

ഈൗഷ=കരിക്കോൽ (കലപ്പയുടെ കയ്യ്)

ഈൗഹ=നാ-1. ആഗ്രഹം. 2. പ്രയത്നം.

ഈൗഹാമൃഗം=ചെന്നായ്. പര്യാ-കോകം, വൃകം.

ഈൗളി=ചെറുവാൾ.

ഈൗളിതം=സ്തുതിക്കപ്പെട്ടതു്. പര്യാ-ശസ്തം, അഭിഷ്ടതം, വർണ്ണിതം, പ്രണുതം, പണിതം.

## ഉ

ഉ=നാ-1. ശിവൻ 2. ബ്രഹ്മാവു് 3. കോപത്തോടുകൂടിയ വാക്കു് 4. ഒരു പ്രത്യയം.

ഉക്തം=പറയപ്പെട്ടതു്.

ഉക്തി=വാക്കു്. പര്യാ-വ്യാഹാരം, വചനം, വചസ്സ്, ഗീതു്.

ഉക്രാണം=നാ-1. അലച്ച 2. അഹങ്കാരത്തോടുകൂടിയ ശബ്ദം.

ഉക്ഥം=സാമവേദം.

ഉക്ഷാവ്=കാള (ഉക്ഷമെന്നും പാഠമുണ്ടു്.)

ഉഖ=നാ-1. കലം 2. സൂര്യരശ്മി.

ഉഗ്രൻ=നാ-1. ശിവൻ 2. ഭയങ്കരൻ 3. ശൂദ്രസ്ത്രീയിൽ ക്ഷത്രിയനു ജനിച്ചവൻ.

ഉഗ്രഗന്ധം=നാ-1. വയമ്പു് 2. അയമോദകം.

ഉഗ്രാണം=നാ-1. ഖജനാവു് 2. കലവറ.

ഉങ്കണം=നാ-1. ചെമ്പു് 2. വേൻ.

ഉച്ചട=നാ-1. പെരുങ്കോരകപ്പുല്ലു് 2. കഴിമുത്തങ്ങ.

ഉച്ചാരം=മലം. പര്യാ-വിഷ്ഠ, ശമലം, ശകൃത്തു്, പുരീഷം, ഗൂഥം.

ഉച്ചാവചം=നാ-1. നാനാപ്രകാരം 2. ഏററക്കുറച്ചിൽ.

ഉച്ചൈസ്സ്=നാ-1. പൊക്കമുള്ള 2. ഉറക്കെ.

ഉച്ചൈഃശ്രവസ്സ്=ഇന്ദ്രന്റെ കുതിര.

ഉച്ഛ്റായം=പൊക്കം. പര്യാ-ഉത്സേധം, ഉച്ഛ്റയം.

ഉജ്ജാസനം=കൊലപ്പെടുത്തൽ. പര്യാ-പ്രമാപണം, നിബർഹണം, നിഷൂദനം, നികാരണം, പരാസനം.

ഉജ്ജ്വലം=നാ-1. ശൃംഗാരരസം 2. പൊന്നു്.

ഉഞ്ഛവൃത്തി= കാലാപെറുക്കിയുള്ള ജീവിതം. (വിളവെടുത്തു കഴിഞ്ഞശേഷം നിലങ്ങളിൽ പൊഴിഞ്ഞുകിടക്കുന്ന ധാന്യമെടുത്തുള്ള ജീവിതം.)

ഉടജം=പൎണ്ണശാല.

ഉടനീളം=നാ-1. ശരീരത്തിന്റെ നീളം 2. ഒന്നാകെ.

ഉടമ=നാ-1. പൂൎണ്ണാവകാശം 2. ശമ്പളം 3. ആഭരണം.

ഉഡു=നക്ഷത്രം. പൎയ്യാ-ഋക്ഷം, ഭം, താരം, താരകം.

ഉഡുപൻ=ചന്ദ്രൻ.

ഉഡുപം=നാ-1. ചങ്ങാടം 2. പൊങ്ങുതടി.

ഉഡ്ഡാമരം=നാ-1. ശ്രേഷ്ഠമായ 2. വിശിഷ്ടമായ.

ഉഡ്ഡീനം=മേല്പോട്ടു പറക്കുക.

ഉതവി=സാഹായ്യം.

ഉതാഹോ=നാമം-1. സംശയം 2. പക്ഷാന്തരം 3. ചോദ്യം 4. യോജിപ്പു്.

ഉൽക=നാ-1. തീക്കൊള്ളി 2. കൊള്ളിമീൻ.

ഉൽകണ്ഠ= ഇഷ്ടവസ്തുപ്രാപ്തിയിലുള്ള തിടുക്കം. (ഇതിനു് ആഗ്രഹം, ദുഃഖം എന്നൊക്കെ മററു നിഘണ്ടുക്കളിൽ കാണുന്ന അൎത്ഥം ശരിയല്ല.)

ഉൽകരം=നാ-1. ധാന്യസമൂഹം 2. കൂമ്പൽക്കൂട്ടുക.

ഉൽകൎഷം=നാ-1. ശ്രേഷ്ഠത 2. വൎദ്ധനവു് 3. മേല്പോട്ടു വലിക്കുക.

ഉൽകാരം=നാ-1. ധാന്യം തൂററുക 2. മൂടക്കൂട്ടുക.

ഉത്തം=നനഞ്ഞതു്. പൎയ്യാ-ക്ലിന്നം, തിമിതം, സമുന്നം, സാൎദ്രം.

ഉത്തംസം=നാ-1. ശിരോഭൂഷണം 2. കൎണ്ണാഭരണം.

ഉത്തരം=നാ-1. ഒരൎത്ഥാലങ്കാരം 2. മറുപടി 3. വടക്കേദിക്കു് 4. ശ്രേഷ്ഠം 5. ഉത്രം നക്ഷത്രം.

ഉത്താനം=നാ-1. മലൎന്നതു് 2. ആഴമില്ലാത്തതു്.

ഉത്താളം=നാ-1. പൊക്കമുള്ളതു് 2. ബലമുള്ളതു്.

ഉത്തേജനം=നാ-1. മൂൎച്ചകൂട്ടുക 2. പ്രേരിപ്പിക്ക 3. ഭംഗികൂട്ടുക.

ഉത്ഥാനം=നാ-1. പൊങ്ങുക 2. എഴുന്നേൽക്കുക 3. രോഗകാരണം 4. സന്തോഷം 5. പൗരുഷം 6. മുററം.

ഉല്പതനം=നാ-1. ചാട്ടം 2. ഉദ്ഭവം.

ഉല്പലം=നാ-1. കരിംകൂവളം 2. താമര.

ഉല്പാടനം=നാ-1. പറിച്ചെടുക്കുക 2. പിളൎക്കുക.

ഉൽപ്രേക്ഷ=നാ-1. ഒരൎത്ഥാലങ്കാരം 2. ഊഹം.

ഉൽഫുല്ലം= പൊന്തിവിരിഞ്ഞതു്. പൎയ്യാ-വ്യാകോശം, വികചം, സ്ഫുടം, പ്രഫുല്ലം.

ഉൽസംഗം=നാ-1. ആലിംഗനം 2. അങ്കപ്രദേശം (മടി) 3. ഉൾഭാഗം 4. കൊട്ടമുടി.

ഉൽസൎഗ്ഗം=നാ-1. ദാനം 2. വിടുക 3. വ്യാകരണത്തിലെ ഒരു വിധി.

ഉൽസാദനം=നാ-1. തിരുമ്മുക 2. സുഗന്ധംതേയ്ക്കുക 3. കയറുക 4. പൊക്കുക 5. നശിപ്പിക്കുക.

ഉൽസേധം=പൊക്കം.

ഉദകം=വെള്ളം.

ഉദക്യ=പുറത്തുമാറിയ സ്ത്രീ (തീണ്ടായിരുന്നവൾ.)

ഉദക്=നാ-1. വടക്കു് 2. പിന്നെ.

ഉദജം=നാ-1. പശുക്കളെ മേയ്ക്കുക 2. താമരപ്പൂവു്.

ഉദഞ്ചനം=നാ-1. മൂടി 2. മേല്പോട്ടെറിയുക.

ഉദന്യ=ദാഹം. പൎയ്യാ-പിപാസ, തൃട്ടു്, തൎഷം.

ഉദന്വാൻ=സമുദ്രം.

ഉദപാനം=കിണറു്. പൎയ്യാ-കൂപം, അന്ധു.

ഉദൎക്കം=ഭാവിഫലം.

ഉദശ്വിത്തു്=പകുതി വെള്ളം ചേൎത്ത മോരു്.

ഉദാത്തം=നാ-1. സ്വരവിശേഷം (ഉദാത്തം, അനുദാത്തം, സ്വരിതം ഇങ്ങനെ സ്വരങ്ങൾ ഉച്ചാരണഭേദമനുസരിച്ചു മൂന്നുവിധം) 2. ദാനം. 3. ഒരുതരം വാദ്യം.

ഉദാനൻ = പ്രാണവായുക്കളിൽ ഒന്നു്. (പഞ്ചപ്രാണൻ എന്ന വാക്കു നോക്കുക.)

ഉദീചി=വടക്കു്.

ഉദുംബരം=നാ-1. അത്തിവൃക്ഷം 2. ചെമ്പു്.

ഉദൂഖലം=നാ-1. ഉരൽ 2. ഗുല്ഗുലുമരം.

ഉദ്ഗമനീയം=അലക്കിയ വസ്ത്രം. (വസ്ത്രമെന്നുകാണുന്നതു ശരിയല്ല.)

ഉദ്ഗാരം=നാ-1. തികട്ടുക 2. ഏമ്പക്കം 3. ഛൎദ്ദി.

ഉദ്ഘസം=ഇറച്ചി (മാംസം.)

ഉദ്ഘാതം=നാ-1. ആയുധം 2. പ്രഹരം 3. ആരംഭം.

ഉദ്ദാനം=നാ-1. അടുപ്പു് 2. അരക്കെട്ടു് 3. ബന്ധനം.

ഉദ്ദേശം=നാ-1. പൊക്കമുള്ളപ്രദേശം 2. നിശ്ചയം.

ഉദ്ധൎഷം=നാ-1. ഉത്സവം 2. വലിയ സന്തോഷം.

ഉദ്ധാനം=അടുപ്പു്.

ഉദ്ധാരം=കടം. പൎയ്യാ-ഋണം, പൎയ്യുദഞ്ചനം.

ഉദ്ധൂനനം=ഇളക്കം.

ഉദ്ബണം=നാ-1. സ്പഷ്ടമായ 2. വൎദ്ധിച്ച 3. വെളിവായ.

ഉദ്ബം=മറുപിള്ള (മാച്ചു്.)

ഉദ്ഭേദം=നാ-1. മുള 2. ഊറുകുഴി.

ഉദ്യതനം=നാ-1. ഉത്സാഹം 2. പ്രയത്നം 3. ഉയൎത്തൽ.

ഉദ്യാനം=നാ-1. പുഷ്പവാടി 2. പുറപ്പാട് 3. പ്രയോജനം.

ഉദ്രം=കഴുനായ് (നീർപൂച്ചയെ ന്നം കാണുന്നു.) പര്യാ-ശങ്കു.

ഉദ്രേകം=നാ-1. അധികം 2. ആരംഭം.

ഉദ്വാഹം=വിവാഹം. പര്യാ-ഉപയമം, പാണിപീഡനം, ഉപയാമം.

ഉദ്വേഗം=നാ-1. ഭയം, 2. അടയ്ക്ക (പാക്ക്) 3. കയററം.

ഉന്ദുരു=എലി.

ഉന്മാഥം=നാ-1. കരിക്ക് 2. കൊല 3. കഠിനവേദന.

ഉന്മാദം=ഭ്രാന്ത്.

ഉന്മേയം=നാ-1. തൂക്കം 2. ഭാരം.

ഉപകണ്ഠം=സമീപം.

ഉപകുഞ്ചിക=നാ-1. കരിഞ്ജീരകം 2. ചിററേലം.

ഉപകുല്യ=നാ-1. കൈത്തോട് 2. തിപ്പലി.

ഉപക്രമം=നാ-1. ചികിത്സ 2. ആരംഭം 3. ഉപായം.

ഉപഗ്രഹനം=ആലിംഗനം. പര്യാ-പരിരംഭം, പരിഷ്വംഗം, സംശ്ലേഷം, ആശ്ലേഷം.

ഉപചിതം=നാ-1. പുഷ്ടിപ്പെട്ടത് 2. കുമ്മായംതേച്ച ഭിത്തി 3. വൎദ്ധിക്കപ്പെട്ടതു്.

ഉപജാപം=നാ-1. ഗൂഢാലോചന 2. നുണ 3. അഭിപ്രായവ്യത്യാസമുണ്ടാക്കുക.

ഉപജീവി=ഭൃത്യൻ. പര്യാ-കിങ്കരൻ, ഭൃതകൻ, ഭുജിഷ്യൻ, ഭൃംഗാരൻ.

ഉപജ്ഞ = തനാത്താനുണ്ടാകുന്ന അറിവു്. (ഒരു വസ്തുവിനെപ്പററിയുണ്ടാകുന്ന പ്രാഥമികജ്ഞാനം), കണ്ടുപിടിത്തം.

ഉപത്യക=പൎവ്വതത്തിൻെറ അടുത്തുള്ള പ്രദേശം.

ഉപദ=കാഴ്ചദ്രവ്യം. പര്യാ-ഉപഹാരം, പ്രാഭൃതം, ഉപായനം, ഉപഗ്രാഹ്യം.

ഉപധ=ധൎമ്മാദികൊണ്ടുള്ള പരീക്ഷണം. (കൗടില്യൻെറ അൎത്ഥശാസ്ത്രം നോക്കുക)

ഉപനാഹം=നാ-1. വീണത്തണ്ടു് 2. ഒരു രോഗം 3. പ്ലാസ്തിരി.

ഉപനിഷത്തു്=നാ-1. വേദാന്തം 2. ധൎമ്മം 3. വിജനസ്ഥലം.

ഉപന്യാസം=നാ-1. വാക്കിൻെറ തുടക്കം 2. വൎണ്ണനം.

ഉപപതി=ജാരൻ. പര്യാ-കാമുകൻ, അഭികൻ.

ഉപപത്തി നാ-1. യുക്തി 2. സാഹായ്യം 3. അറിവു്.

ഉപബഹം=തലയണ. പര്യാ-ഉപധാനം, ഉപബൎഹണം.

ഉപമ=നാ-1. ഒരു അൎത്ഥാലങ്കാരം 2. തുല്യത.

ഉപയമം=വിവാഹം.

ഉപരാഗം=ഗ്രഹണം.

ഉപലം=കല്ല്. പര്യാ-ശില, ദൃഷത്ത്, ഗ്രാവ.

ഉപലബ്ധി=നാ-1. ലാഭം 2 ജ്ഞാനം 3. ബുദ്ധി.

ഉപല=നാ-1. കൽക്കണ്ടം 2. കല്ല്.

ഉപവിഷ=അതിവിടയം (പല ശ്രുതി പറഞ്ഞിട്ടുണ്ട്)

ഉപശായം=ക്രമത്താലുള്ള ഉറക്കം.

ഉപശ്രുതം=നാ-1.കരാർചെയ്യപ്പെട്ടതു് 2. അംഗീകരിക്കപ്പെട്ടതു്.

ഉപസരം=ഗർഭഗ്രഹണം.

ഉപസർഗ്ഗം=നാ-1. ശുഭാശുഭങ്ങളെ സൂചിപ്പിക്കുന്ന ഉത്പാതം 2. ധാതുക്കളോടു ചേർന്നിന്നു് അർത്ഥാന്തരങ്ങളെ ജനിപ്പിക്കുന്ന പ്ര, പര, ഉപ മുതലായവ 3. ഒരു രോഗം.

ഉപസർജ്ജനം=1. നാ-അപ്രധാനം 2. ദുർന്നിമിത്തം.

ഉപസൂരണം=കിഴങ്ങ്.

ഉപസ്കരം=കറി നന്നാക്കുവാൻ ചേർക്കുന്ന കുരുമുളകുപൊടി മുതലായതു്.

ഉപാംശു=വിജനപ്രദേശം. പര്യാ-വിവിക്തം, ഏകാന്തം, രഹസ്സ്.

ഉപാകരണം=ഉപനയനംകഴിഞ്ഞശേഷം ചെയ്യുന്ന വേദപാഠാരംഭം.

ഉപാത്യയം=നാ-1. ക്രമക്കേട് 2. ഉദാസീനം.

ഉപാദാനം=നാ-1. ഇന്ദ്രിയനിവർത്തനം 2. എടുക്കുക.

ഉപാനത്ത്=ചെരിപ്പ്.

ഉപാസംഗം=ശരനാഴി. പര്യാ-തൂണി, നിഷംഗം, തൂണീരം, ഇഷുധി.

ഉപാഹിതം=ധൂമകേതു.

ഉപേന്ദ്രൻ=വിഷ്ണു.

ഉപോൽഘാതം=നാ-1. ആരംഭം 2. ഉദാഹരണം.

ഉഭയത്ര=രണ്ടിടത്തു്.

ഉഭയരാശി=മിഥുനം കന്നി ധനു മീനം ഈ നാലു രാശികളും കൂടിയതു്.

ഉമ=നാ-1.ശ്രീപാർവ്വതി 2. അഗസ്തിവൃക്ഷം.

ഉമ്പർ=ദേവന്മാർ.

ഉരഗം=പാമ്പ്. പര്യാ-പൃദാകു, ഭുജഗം, ചക്രി, വ്യാളം, സരീസൃപം, കാകോദരം.

ഉരണം=കുറിയാട്ട്. പര്യാ-ഊർണ്ണായുഃ, മേഷം, വൃഷ്ണി, എഡകം.

ഉരഭ്രം=ആണാട്ട്.

ഉരരി=നാ-1. അംഗീകാരം 2. വിസ്താരം.

ഉരു=നാ-1.രൂപം 2. വേട്ടയാടിയജന്തു 3. ആവർത്തനം 4. അധികം.

ഉർവ്വര=ഭൂമി.

ഉർവ്വാരു=വെള്ളരി. പര്യാ-കക്കടി. ഇതു പിത്തഹരവും മൂത്രരോഗം ചുട്ടുനീററൽ ഇവയെ ശമിപ്പിക്കുന്നതുമാണ്.

ഉലപം=വള്ളി.

ഉലൂകം=മൂങ്ങ. പര്യാ-പേചകം, ദിവാന്ധം, കൗശികം, ഘൂകം.

ഉല്ബം=നാ-1. ഗർഭത്തെപൊതിഞ്ഞിരിക്കുന്ന തൊലി 2. മറുപിള്ള 3. ഗർഭപിണ്ഡം.

ഉല്ലോചം=മേൽക്കട്ടി.

ഉശനസ്=ശുക്രൻ. പര്യാ-ദൈത്യഗുരു, കാവ്യൻ, ഭാർഗ്ഗവൻ, കവി.

ഉഷ=നാ-1. പുലർകാലം 2. അനിരുദ്ധൻെറ ഭാര്യ 3. സോഡാക്കാരം.

ഉഷിതം=നാ-1. ദഹിച്ചതു് 2. വസിക്കപ്പെട്ടതു് 3. പഴയതു്.

ഉഷ്ട്രം=ഒട്ടകം. പര്യാ-ക്രമേളകം, മയം, മഹാംഗം.

ഉസ്രം=നാ-1. രശ്മി 2. കാള.

ഉക്ഷാവ്=കാള.

ഉഴകലം=നാ-1. സേവകജനം 2. രാജചിഹ്നം.

## ഊ

ഊതം=നെയ്യപ്പെട്ടതു്.

ഊധസ്=നാ-1. പാൽ 2. അകിട്.

ഊനം=നാ-1. ക്ഷീണിച്ച 2. കുറവുള്ള.

ഊരവ്യൻ=വൈശ്യൻ. പര്യാ-ആര്യൻ, ഭൂമിസ്പൃശൻ, ഊരുജൻ.

ഊർണ്ണനാഭം=ചിലന്തി. പര്യാ-ലൂത, തന്തുവായം, മക്കടകം.

ഊർണ്ണായു=നാ-1. ആട്ട് 2. ചിലന്തി.

ഊർണ്ണം=നാ-1. ആട്ടിൻെറ രോമം 2. പുരികമദ്ധ്യത്തിലെ രോമാവൎത്തം.

ഊർമ്മി=നാ-1. ഞെറി 2. തിര 3. ഒഴുക്കു്.

ഊർമ്മിക=നാ-1. മോതിരം 2. പശ്ചാത്താപം.

ഊഷകം=നാ-1. പുലർകാലം 2. കുരുമുളകു്.

ഊഷരം=ഉവരുള്ളനിലം. പര്യാ-ഊഷം, ഊഷവാൻ.

ഊഹനി=ചൂൽ.

ഊഹം=നാ-1. തക്കം (ഓക്കുക) 2. അനുമാനത്തിൻെറ ഒരു വകഭേദം 3. ഉദ്ദേശം.

ഊഴം=നാ-1. സമയം 2. മുറ.

ഊററ=നാ-1. മട്ടു് (കട്ടു്) 2. ഒഴുകുക 3. അരിക്കുക.

## ഋ

ഋ=ദിതി (അസുരമാതാവു്)

ഋക്ക്=നാ-1. വേദമന്ത്രം 2. വേദങ്ങളിൽ ഒന്നു്.

ഋക്ഥം=നാ-1. സ്വർണ്ണം 2 സമ്പത്തു് 3 ദ്രവ്യം.

ഋജു=നാ-1. വളവില്ലാത്ത 2. സത്യമായ.

ഋണം=നാ-1. കടം 2. കോട്ട.

ഋതി=നാ-1. സൈന്യം 2. സത്യം 3. ഭാഗ്യം 4. വഴി.

ഋതെ=കൂടാതെ.

ഋത്വിക്=യാഗംചെയ്യുന്നവൻ.

ഋദ്ധം=നാ-1. വർദ്ധിച്ചതു്. 2. പൊലി.

ഋഭുക്ഷൻ=ഇന്ദ്രൻ.

ഋഷഭം=നാ-1. കാള 2. രണ്ടാമത്തെ സ്വരം 3. ഇടവം രാശി.

ഋക്ഷം=നാ-1. നക്ഷത്രം 2. കരടിക്കരണ്ടു് 3. പലകപ്പയ്യാനി.

ഋക്ഷാധിപൻ=ചന്ദ്രൻ.

## ൠ

ൠ=നാ-1. ഭൈരവൻ 2. ഒരു അസുരൻ.

## ഌ

ഌ=നാ-1. ഭൂമി 2. പർവ്വതം 3. ദേവി 4. സ്ത്രീസ്വഭാവം.

## ൡ

ൡ=നാ-1. ശിവൻ 2. അദിതി (ദേവമാതാവു്.)

## എ

എ=നാ-1. വിഷ്ണു 3. ഓർമ്മ 3. അസൂയ 4. കരുണ 5. വിളി 6. നിന്ദ.

എകിറു്=ദംഷ്ട്ര.

എച്ചം=ജന്തുക്കളുടെ മലം.

എണ്ണച്ചായൽ=വിളർച്ചയുള്ള.

എത=അതിരു്.

എതിരെ=നാ-1. നേരെ 2. രാവിലെ.

എമ്പെരുമാൻ=തുളുനാട്ടു ബ്രാഹ്മണൻ.

എരുത്തു=കാള.

എലുക=അതിരു്.

എല്ലത്തല=അതിരു്.

എഴന്തീ=കാട്ടുതീ.

എറുക=നാ-1. അടിക്കുക 2. അലക്കുക.

## ഏ

ഏ=നാ-1. വിഷ്ണു 2. അവധാരണനിപാതം.

ഏകം=നാ-1. ഒന്നു് 2 പ്രധാനം 3. അന്യം.

ഏകതാനൻ=ഒന്നിൽതന്നെ തല്പരനായിരിക്കുന്നവൻ.

ഏകദാ=ഒരിക്കൽ. പര്യാ-കദാചിതു്, ജാതുചിതു്.

ഏകപദി=വഴി.

ഏകപിംഗൻ=വൈശ്രവണൻ. പര്യാ-ഐളിബിളി, ഗുഹ്യകേശൻ, കുബേരൻ, ധനദൻ.

ഏകലം=തനിച്ചുള്ളതു്.

ഏകായനൻ=ഒന്നിൽതന്നെ താ

ല്പയ്യമുള്ളവൻ. പര്യ്യാ-ഏകാഗ്ര്യ ൻ, ഏകതാനൻ, അനന്യവൃത്തി.

ഏകാവലി=നാ-1. ഒരു ചുററുള്ള മുത്തുമാല 2. ഒരു അത്ഥാലങ്കാരം.

ഏഡകം=ആണാട്ട്.

ഏഡകൻ=ചെവി കേട്ടുകൂടാത്തവൻ.

ഏണം=മാൻ പര്യ്യാ-കുരംഗം, വാതായു, ഹരിണം, അജിനയോനി.

ഏതത്=ഇതു്.

ഏതഹി=ഇപ്പോൾ. പര്യ്യാ-സമ്പ്രതി, ഇദാനീം, അധുനാ, സാമ്പ്രതം.

ഏതാദൃശം=ഇതുപോലുള്ളതു്.

ഏധസ്=വിറകു്.

ഏധിതം=നാ-1. വളൎന്നതു് 2. വൎദ്ധിച്ചതു്.

ഏനസ്സ്=നാ-1. അപരാധം 2. പാപം.

ഏല=നാ-1. ഏലവള്ളി 2. പേരേലം.

ഏവ=നിശ്ചയം. പര്യ്യാ-ഏവം, തു, പുനഃ, വാ.

ഏഷിക=ചിത്രമെഴുതുന്നകോൽ.

## ഐ

ഐ=ശിവൻ.

ഐകാഗാരികൻ=കള്ളൻ. പര്യ്യാ-സ്തേനൻ, ദസ്യു, ചോരൻ, മലിമ്ലുചൻ.

ഐണം=നാ-1. മാൻകുട്ടം 2. മാനിനെ സംബന്ധിച്ച.

ഐന്ദ്രിയകം=നാ-1. ഇന്ദ്രിയവിഷയകമായ 2. പ്രത്യക്ഷമായ.

ഐരാവതം=ഇന്ദ്രന്റെ ആന.

ഐഷമസ്=ഈ വഷം.

ഐളിബിലൻ=കുബേരൻ.

ഐക്ഷവം=കരിമ്പിൻനീരു്.

## ഒ

ഒ=നാ-1. അനുസരണം 2. വിളി 3. ദയ.

ഒക്കു്=അര.

ഒച്ച=ശബ്ദം.

ഒടിയൻ=ഒടിവിദ്യക്കാരൻ (മന്ത്രവാദി)

ഒടുവു്=അവസാനം.

ഒതുക്കു്=കല്പട.

ഒത്തുക=നാ-1. അടവുപയററുക 2. ചാടുക.

ഒലി=ശബ്ദം.

ഒവ്വു്=നാ-1. അതെ 2. ശരി.

ഒസ്യത്തു്=മരണപത്രിക. (ബില്പത്രം)

ഒളി=നാ-1. ഭംഗി 2. ശോഭ 3. മറവു്.

ഒററൻ=ചാരൻ.

## ഓ

ഓ=നാ-1. ബ്രഹ്മാവ് 2. അന ന്തൻ 3. ഭൂമി 4. ശബ്ദം.

ഓകസ്=നാ-1. വീട്. പര്യ്യാ-സത്മം, സദനം, നിലയം, അവസഥം, ധിഷ്ണ്യം.

ഓഘം=നാ-1. ഒഴുക്ക് 2. കൂട്ടം.

ഓങ്കാരം=നാ-1. ബ്രഹ്മം 2 ഓം എന്ന അക്ഷരം.

ഓത=സമുദ്രം.

ഓതു=പൂച്ച.

ഓദനം=ചോറ്. പര്യ്യാ-ഭക്തം, ദീദിവി, അന്നം.

ഓഷം=നാ-1. ദഹനം 2. അത്യധികമായ ചൂട്.

ഓഷധീശൻ=ചന്ദ്രൻ.

ഓഷ്ഠം=ചുണ്ട്.

## ഔ

ഔ=അനന്തൻ.

ഔചിതി=ഔചിത്യം,യോഗ്യത.

ഔത്താനപാദി=ഉത്താനപാദന്റെ പുത്രൻ, ധ്രുവൻ.

ഔദനികൻ=നാ-1. അരിവെയ്പുകാരൻ 2.ഹോട്ടൽകാരൻ.

ഔദരികൻ=ഉദരം പ്രധാനമായിട്ടുള്ളവൻ, വയററിപ്പാടുമാത്രമായി ജീവിക്കുന്നവൻ.

ഔദുംബരം=നാ-1. അത്തിപ്പഴം 2. ചെമ്പ്.

ഔപയികം=യുക്തം, യോഗ്യമായതു്.

ഔപവസ്തം=ഉപവാസം.

ഔമീനം=ചണംവിളയുന്ന പ്രദേശം.

ഔരസൻ=സ്വന്തപുത്രൻ.

ഔർവ്വം=ബഡവാഗ്നി. പര്യ്യാ-ബാഡവം, ബഡവാനിലൻ.

ഔക്ഷകം=കാളക്കൂട്ടം.

## ക

കൻ=നാ-1. ബ്രഹ്മാവ് 2. വിഷ്ണു 3. കാമദേവൻ 4. സൂര്യ്യൻ 5. കാലൻ 6. വായു 7. അഗ്നി 8. ആത്മാവ്.

കകുത്ത്=കാളയുടെ പോഞ്ഞു്.

കകുദം=നാ-1. മുഖ്യമായ രാജചിഹ്നം 2. കാളയുടെ പോഞ്ഞു്.

കകുദ്മതി=കുറക് (ചന്തി.) പര്യ്യാ-കടി, ശ്രോണി, നിതംബം.

കകുപ്=ദിക്ക്.

കകുഭം=നാ-1. കാട്ടുകോഴി 2. നീർമാതളം.

കക്കോലകം=തക്കോലപ്പുട്ടിൽ.

കങ്കം=കഴുകൻ (പെരുമ്പരുന്തു്.)

കങ്കൻ=നാ-1. കാലൻ 2. വ്യാജമായി ബ്രാഹ്മണവേഷമെടുത്തവൻ.

കങ്കടം=പടച്ചട്ട. പര്യ്യാ-ഖാരവാണം, ജഗരം, ഉരച്ഛദം.

കങ്കണം=നാ-1. വള 2. വെള്ളത്തുള്ളി.

കങ്കതിക=ചീപ്പ്. പര്യാ-പ്രസാധനി, കങ്കതി, കങ്കതം.

കങ്കാളം=അസ്ഥിക്കൂടം

കംഗു=തിനയെന്ന ധാന്യം.

കംസം=പാല് മുതലായതു കുടിക്കാനുള്ള പാത്രം.

കചം=തലമുടി. പര്യാ-വേണി, ശിരോരുഹം, കുന്തളം, കൂന്തൽ, ചികുരം.

കച്ചരം=നാ-1. അഴുക്കുപററിയതു് 2. മുഷിഞ്ഞതു്.

കച്ചിൽ=ചോദ്യം, അനുനയം ഇവയിൽ പ്രയോഗിക്കുന്ന ഒരവ്യയം.

കച്ഛപം=നാ-1. ആമ 1. കുബേരന്റെ നവനിധികളിൽഒന്നു്

കച്ഛു=നാ-1. ചിരങ്ങു് 2. കാമം.

കച്ഛുരം=കൊടിത്തൂവ. പര്യാ-രോദിനി, ദുരാലഭ, ദുസ്പർശം, കുനാശകം. ഇതു് അഗ്നിമാന്ദ്യം അതിസാരം, വിഷമജ്വരം ഇവയെ ശമിപ്പിക്കും.

കജ്ജളം=നാ-1. കണ്ണെഴുതാനുള്ള മഷി 2. മേഘം 3. വിളക്കിലെ കരി.

കഞ്ചുകം=നാ-1. പടച്ചട്ട 2. പാമ്പിൻപടം 3. കുപ്പായം.

കഞ്ചുകി=നാ-1. ശിപായി 2. പാമ്പു്.

കഞ്ചുളി=നാ-1. റൗക്ക 2. അരച്ചട്ട.

കടം=നാ-1. ആനയുടെ കവിൾത്തടം 2. അരക്കെട്ടു് 3. പായ്.

കടകം=നാ-1. പൊൻവള 2. മലയുടെ മദ്ധ്യപ്രദേശം 3. രാജധാനി 4. വണ്ടിച്ചക്രം.

കടാരൻ=നാ-1. പൌരൻ 2. കാമമുള്ളവൻ.

കടാഹം=നാ-1. ആമയോടു് 2. എരുമക്കുട്ടി 3. കോളാമ്പു് 4. വലിയ പാത്രം 5. താഴികക്കുടം.

കടിപ്രോഥം=അരക്കെട്ടിൽ ഉയന്ന ഭാഗം.

കടീരം=നാ-1. പിൻഭാഗം 2. ചെറുകുഴി.

കടു=നാ-1. എരിവു് 2. തീക്ഷ്ണം 3. മത്സരം.

കടുതുംബി=പേച്ചുര.

കടുരവം=തവള. പര്യാ-ദർദ്ദുരം, മണ്ഡൂകം, ഭേകം.

കടംബരം=നാ-1. കറിക്കൂട്ടു് 2. പാൽപാട.

കഠിഞ്ജരം=ചെറുതുളസി. പര്യാ-പണ്ണാസം, കുഠേരകം.

കഠോരം=നാ-1. പൂർണ്ണം 2. കടുപ്പം 3. ഭയങ്കരം.

കഡംകരം=പതിരു്. പര്യാ-ബുസം, കഡംഗരം, പലാലം.

കഡാരം=തവിട്ടുനിറം. പര്യാ-കപിശം, പിശംഗം, കപിലം, പിംഗളം.

കണം=നാ-1.സൂക്ഷ്മാംശം 2.

തുള്ളി 3. പൊടിയരി.

കണ്ഠക്ഷന്ഥു്=വസ്ത്രഗ്രന്ഥി(മുണ്ടിട്ടു ചെരുകുന്നഭാഗം.)

കണിശം=നെൽക്കതിരു്.

കണ്ടകം=നാ-1. രോമാഞ്ചം 2. മുള്ളു്.

കണ്ഠം=കഴുത്തു്. പര്യാ-ശിരോധി, ഗളം, ഗ്രീവം, കന്ധരം.

കണ്ഠീരവം=സിംഹം. പര്യാ-മൃഗേന്ദ്രൻ, പഞ്ചാസ്യൻ, ഹര്യക്ഷൻ, കേസരി, ഹരി.

കണ്ഡു=ചൊറി. പര്യാ-ഖജ്ജു, കണ്ഡൂയ, കണ്ഡൂതി.

കണ്ഡോലം=മൂടക്കൊട്ട (വല്ലം)

കണ്ണായം=കട്ടികുറഞ്ഞ, നേമ്മയായ.

കതകം=തേററാമ്പരൽ.

കതി=എത്ര.

കതിപയ=ഏതാനും, ചില.

കഥഞ്ചിത്=വണിപ്പെട്ടു്.

കത്ഥനം=വൻപുപറച്ചിൽ.

കദദ്ധ്വാവു്=ചീത്തവഴി. പര്യാ-കാപഥം, ദുരദ്ധ്വം, വിപഥം, വ്യദ്ധ്വം.

കദനം=നാ-1. ദുഃഖം 2. പാപം 3. യുദ്ധം.

കദംബം=നാ-1. കടമ്പു് 2. അമ്പു് 3. കൂട്ടം 4. മേഘം 5. കടുക്.

കദര്യൻ=പിശുക്കൻ.

കദളി=നാ-1. ഒരുജാതി മാൻ 2. കൊടിക്കൂറ.

കദാ=എപ്പോൾ.

കദാചിത്കം=വല്ലപ്പോഴുംകൂടിയുള്ളതു്.

കദുഷ്ണം=ചെറുചൂടു്.

കദ്രു=നാ-1. തവിട്ടുനിറം 2. സപ്പമാതാവു്.

കദ്വദൻ=അസഭ്യം പുലമ്പുന്നവൻ.

കനകം=നാ-1. സ്വണ്ണം 2. ഉമ്മത്തു്.

കനിഷ്ഠൻ=ഏററവും ഇളയ അനുജൻ.

കനിഷ്ഠിക=ചെറുവിരൽ.

കനീനിക=കണ്ണിലെ കൃഷ്ണമണി.

കന്ഥ=നാ-1. കീറത്തുണി 2. മൺചുവരു് 3. കോണകം.

കന്ദം=നാ-1. ചേന 2. കിഴങ്ങു്.

കന്ദരം=ഗുഹ. പര്യാ-ദരി, ഗഹ്വരം.

കന്ദർപ്പൻ=കാമദേവൻ.

കന്ദളം=നാ-1. മുള (നാൻപു്) 2. യുദ്ധം.

കന്ദു=ദോശച്ചട്ടി (ദോശയുണ്ടാക്കുന്ന പാത്രം.)

കന്ദുകം=പന്തു്.

കന്ധരം=നാ-1. കഴുത്തു് 2. മേഘം.

കന്നൽ=കരിമീൻ.

കന്നക്കണ്ണാർ=ചെവിവരെ കണ്ണുള്ളവൾ (സുന്ദരി.) „കന്നൽക്കണ്ണി" എന്നതും ശരിതന്നെ.

ആ പക്ഷത്തിൽ 'കരിമീൻക ണ്ണി'യെന്നർത്ഥം.

കപടം=കള്ളം. പര്യാ-ഛദ്മം, ഉപധി, വ്യാജം, കൈതവം.

കപർദ്ദി=ശിവൻ.

കപാലം=നാ-1. തലയോട്ട് 2. ഭിക്ഷാപാത്രം 3. ചിരട്ട.

കപി=കുരങ്ങ്. പര്യാ-ശാഖാമൃഗം, വലീമുഖം, പ്ലവഗം, കീശം.

കപിത്ഥം=വിളാർമരം. ഇതിന്റെ കായ് തണ്ണീർദാഹം ശമിപ്പിക്കും.

കപിലൻ=സാംഖ്യമതസ്ഥാപകനായ മഹർഷി.

കപീതനം=നാ-1. പൂവരശ്ശ് 2. അമ്പഴം 3. കല്ലാൽ 4. നെന്മേനിവാക.

കഫോണി=കയ്യുടെ മുട്ട്.

കപോതം=മാടപ്രാവ്. പര്യാ-പാരാവതം, കളരവം.

കപോലം=കവിൾത്തടം. പര്യാ-ഗണ്ഡം.

കബന്ധം=നാ-1. വെള്ളം 2. രാഹു 3. തലയില്ലാത്ത ശവം.

കബരി=നാ-1. കെട്ടിയ തലമുടി 2. പെരുങ്കായം.

കം=നാ-1. ശിരസ്സ് 2. വെള്ളം 3. സുഖം.

കമഠം=ആമ.

കമണ്ഡലു=കിണ്ടി, സന്യാസിയുടെ ജലപാത്രം.

കമനൻ=നാ-1. ഭർത്താവ് 2 ബ്രഹ്മാവ്.

കമലം=നാ-1. മാൻ 2. താമര 3. ചെമ്പ് 4. വെള്ളം.

കമ്പനം=ഇളക്കസ്വഭാവമുള്ളത്.

കമ്പില്യം=കമ്പിപ്പാല. പര്യാ-കർക്കശം, രക്താംഗം, രോചനി. ഇതു വ്രണം, ഗുന്മം, മഹോദരം, കൃമിരോഗം ഇവയെ നശിപ്പിക്കും.

കംബു=നാ-1. ശംഖം 2. കൈവള 3. ആന.

കരവാളിക=ചെറുവാൾ. പര്യാ-ഈളി.

കരശാഖാ=കൈയുടെ വിരൽ. പര്യാ-അംഗുലി.

കരഹാടകം=നാ 1. മലങ്കാര 2. താമരക്കിഴങ്ങ്.

കരാളം=നാ-1. ഉയർന്നതു്. 2. ഭയങ്കരമായതു് 3. കോന്ത്രപ്പല്ലുള്ളതു്.

കരിണി=പിടിയാന. പര്യാ-ധേനുകാ, വശാ, കരേണു.

കരീരം=നാ-1. അഗസ്തിവൃക്ഷം 2. ഇല്ലിയുടെ കൂമ്പ് 3. കൂവളം 4. കുടം.

കരീഷം=ഉണങ്ങിയ ചാണകം.

കരുണം=നവരസങ്ങളിൽ ഒന്ന്.

കരേടു=ഇരണ്ടപ്പക്ഷി. പര്യാ-കൃകരേടു, കരടു.

കരോടി=തലയോട്ട്.

കക്കം=നാ. 1വെള്ളക്കുതിര 2. വഹ്നി 3. കണ്ണാടി. 4. കുടം.

കക്കടം(കട)=നാ-1. ഞണ്ട് 2. ഒരു രാശി 3. കക്കടകമാസം.

കക്കന്ധു=ലന്തമരം. പര്യാ-ബദരം, കോലി, കക്കണ്ഡു.

കക്കരി=നാ-1. വെള്ളരി 2. കുടം.

കക്കാരു=കുമ്പളം. പര്യാ-കൂശ്മാണ്ഡകം, കക്കരി. ഇതു് വാതപിത്തരോഗങ്ങൾ, അശ്മരി, അരോചകം ഇവയെ ശമിപ്പിക്കും.

കണ്ണധാരൻ=നാവികൻ; ചുക്കാൻപിടിക്കുന്നവൻ.

കണ്ണേജപൻ= ഏഷണിക്കാരൻ. പര്യാ-സൂചകൻ, പിശുനൻ.

കത്തരി=കത്രിക. പര്യാ-കൃപാണി.

കർദ്ദമം=ചെളി. പര്യാ-നിഷദ്വരം, ജംബാളം, ശാദം, പങ്കം.

കപ്പരം=നാ-1. തലയോട്ട് 2. ഒരുവക ഇരുമ്പുപാത്രം 3. ഒരായുധം.

കപ്പരീ=ഒരുമാതിരി അഞ്ജനം (രസാഞ്ജനം.)പര്യാ-ദാർവിക, രസഗർഭം, താർക്ഷ്യശൈലം.

കബ്ബുരം=നാ-1. സ്വണ്ണം 2. നാനാജാതിനിറം 3. വെള്ളം 4. പാപം.

കമ്മകാണ്ഡം= വേദത്തിന്റെ പൂവ്വഭാഗം (പൂവ്വമീമാംസ.)

കമ്മവൃത്തം=പ്രശസ്തകമ്മം, അത്ഭുതപരാക്രമം.

കമ്മസാക്ഷി=സൂര്യൻ.

കമ്മാരം=മുള പര്യാ-യവഫലം, ത്വചിസാരം, തൃണധ്വജം, വേണുതേജനം.

കഷം=നാ-1. ഉഴവു് 2. മൂന്നു കഴഞ്ചുകൂടിയ തൂക്കം 3. ഉരകല്ലു്.

കലലം=ഗർഭപിണ്ഡം.

കലശം=നാ-1. കുംഭം. 2. ധൂപക്കുററി. 3. ബിംബം ശുദ്ധിവരുത്തുന്ന ഒരു കമ്മം.

കല=വിദ്യാവിശേഷം. നാ-1. ചന്ദ്രന്റെ പതിനാറിൽ ഒരുഭാഗം 2. മാനിൽആണ് 3. മുപ്പതു കാഷ്ഠകൂടിയകാലം 4. തഴമ്പ് 5. ശില്പവേല. 6. അറുപത്തിനാലുവിദ്യകൾ. 7. അംശം.

കലാചി(ക)=കൈത്തണ്ട്.

കലാദൻ = പൊൻപണിക്കാരൻ. പര്യാ-നാഡിന്ധമൻ, സ്വണ്ണകാരൻ, രുഗ്മകാരൻ.

കലിക=പൂമൊട്ട്. പര്യാ-മുകുളം, കുഡ്മളം.

കലിദ്രുമം=താന്നിമരം. പര്യാ-അക്ഷം, തുഷം, കർഷഫലം, വിഭീതകം, ഭൂതാവാസം.

കലിധമ്മം=ദുഷ്ടത.

കലിപണം=തിരുവിതാംകൂറിൽ നടപ്പിലിരുന്ന ഒരു വെള്ളിനാണയം.

കലിമാരകം=ആവിരം. പര്യാ-പ്രകീര്യം, പൂതികരഞ്ജം, പൂതികം, കലിമാരകം.

കലിലം=പ്രവേശിക്കപ്പെടുവാൻ പ്രയാസമുള്ള. പര്യാ-ഗഹനം.

കല്പാന്തം=പ്രളയകാലം. പര്യാ-സംവൎത്തം, കല്പം, ക്ഷയം.

കല്മാഷം=പലനിറം. പര്യാ-ചിത്രം, കൎമ്മീരം, ശബളം, കൎബ്ബുരം.

കല്യം=നാ-1. ഉഷസ്സ് 2. ഇന്നലെ 3. നാളെ.

കല്യവൎത്തം=പ്രാതൽ.

കല്യാപാലൻ=മദ്യം കാച്ചുന്നവൻ.

കല്ലോലം=നാ-1. തിരമാല. 2. സന്തോഷം.

കവചം=ചട്ട. പര്യാ-വാരവാണം, കഞ്ചുകം, വൎമ്മം, ദംശനം, ജഗരം.

കവരീ=പിന്നിയ തലമുടി.

കവർ=ചിലരുടെ ശരീരത്തിലുണ്ടാകുന്ന ഒരുതരം ചീത്തമണം.

കവി=ദൈത്യഗുരുവായ ശുക്രൻ. പര്യാ-ശുക്രൻ, ദൈത്യഗുരു, കാവ്യൻ, ഉശനസ്, ഭാൎഗ്ഗവൻ.

കവിക=കടിഞ്ഞാൺ. പര്യാ-ഖലീനം.

കവേരകന്യ=കാളിന്ദീനദി.

കവോഷ്ണം=അല്പംചൂടുള്ള. പര്യാ-കോഷ്ണം, കവോഷ്ണം, മന്ദോഷ്ണം, കദുഷ്ണം.

കവ്യം=പിതൃകൎമ്മത്തിനുള്ള ചോറ്.

കശ=ചമ്മട്ടി.

കശാൎഹൻ=ചമ്മട്ടികൊണ്ടു് അടിക്കപ്പെടേണ്ടവൻ യോഗ്യൻ. പര്യാ-കശ്യൻ.

കശിപു=നാ-1. അന്നം 2. വസ്ത്രം.

കശീശാ=സുറിയാനിപ്പട്ടക്കാരൻ.

കശേരുക=തണ്ടെല്ലു്. പര്യാ-പൃഷ്ഠാസ്ഥി.

കശ്ചന=ഒരുത്തൻ, പര്യാ-കോപി, കശ്ചിത്.

കശ്മീരജന്മാവു്=കുങ്കുമം. പര്യാ-അഗ്നിശിഖം, ബാൽഹീകം, പീതനം, രക്തസങ്കോചം, പിശുനം, ധീരം.

കശ്യം=നാ-1. ഒരുമാതിരി മദ്യം 2. കുതിരയുടെനടുവു്.

കഷം=ഉരകല്ലു്.

കഷായം=നാ-1. മരുന്നിട്ടുവെവിക്കുന്ന വെള്ളം 2. തവിട്ടുനിറം 3. വൃക്ഷാദികളുടെ പശ.

കഷി=അനൎത്ഥമുള്ള.

കഷ്ടകാരകം=ലോകം.

കസം=ഉരകല്ലു്.

കഹ്വം=കൊക്കു്. പര്യാ-ബകം.

കല്ഹാരം=വെളുത്ത സൗഗന്ധികം. പര്യാ-സൗഗന്ധികം.

കളഞ്ജം=വിഷംതേച്ചിരിക്കുന്ന അസ്ത്രമേററ മൃഗം.

കളധൗതം=നാ-1. വെള്ളി. 2.

പൊന്നു്. 3. മധുരമായ ശബ്ദം.

കളപിംഗം=ഊർക്കുരുവി. പര്യാ-ചടകം.

കളഭം=ആനക്കുട്ടി 2. എട്ടുതരം സുഗന്ധദ്രവ്യം.

കളമം=നെൽ (നെല്ലു്.)

കളം=മധുരമായ ശബ്ദം. പര്യാ-കാകളി.

കളംബകൻ=പൊട്ടൻ. പര്യാ-ബധിരൻ.

കളാചിക=വെററിലത്തട്ടം.

കളാദൻ=തട്ടാൻ. പര്യാ-സ്വർണ്ണകാരൻ, നാഡിന്ധമൻ.

കക്ഷ്യ=നാ-1. ആനയുടെ കച്ചക്കയർ 2. ഉടഞ്ഞാൺ 3. ഇടമുററം 4. വിരോധം 5. ഉത്തരീയം 6. മുറി.

കഴിനാ=ഒരു ജലജന്തു.

കഴുന്നു=നാ-1. അമ്പു് 2. വില്ലിൽ ഞാണുകെട്ടുന്ന സ്ഥലം.

കറാടി=ബ്രാഹ്മണരിൽ ഒരു ജാതിക്കാരൻ.

കററടവു്=ചതി, നേരുകേടു്.

കററരി=വെളുക്കാത്ത അരി.

കററുവാണിഭ =കാളക്കിടാക്കളെ കച്ചവടംചെയ്യു.

## കാ

കാകപിഞ്ഛ=കുന്നി പര്യാ-കാകചിഞ്ച, ഗുഞ്ജം, കൃഷ്ണല.

കാകണ്ഡം=കാവടി.

കാകതാലീയം=യദൃച്ഛാസംഭവം എന്ന അർത്ഥം വരത്തക്ക ഒരു ന്യായം.

കാകതിന്ദുകം=കാക്കപ്പനച്ചി. പര്യാ-കാകേന്ദു, കുളകം, കാകപീലുകം, കാകതിന്ദുകം. പച്ചയായ കാക്കപ്പനച്ചിക്കായ് വാതകരമാണു്. പഴുത്താൽ പിത്തത്തിനു നന്നു്. ഛർദ്ദിയ്ക്കും കൊള്ളാം.

കാകഭീരു=മൂങ്ങ.

കാകരുകൻ=നാ-1 ഭയമുള്ളവൻ 2. നഗ്നനായവൻ 3. ഭാര്യയുടെ ചൊൽക്കീഴിൽ നിൽക്കുന്നവൻ.

കാകാംഗി=മേന്തോന്നി. പര്യാ-കാകനാസിക.

കാകിണി=പലത്തിൻെറ നാലിലൊന്നു്.

കാകുദം=അണ്ണാക്കു്. പര്യാ-താലു.

കാകോദരം=സർപ്പം. പര്യാ-ഉരഗം, പന്നഗം, ഭോഗി, വിലേശയം, ഫണി.

കാകോളം=നാ 1 ഒരുമാതിരി വിഷം. 2. കാവതിക്കാക്ക.

കാചക്കുപ്പി=സ്ഫടികക്കുപ്പി.

കാഞ്ചനാഹ്വയം=ഉമ്മത്തു്. പര്യാ-ധൂർത്തം, കിതവം.

കാഞ്ചി=നാ-1 ഉടഞ്ഞാൺ 2. തോക്കിൻെറ കാഞ്ചി 3. ഒരു ചെടി.

കാഞ്ചുകീയൻ=ശിപായി.

കാണ്ഡപൃഷ്ഠൻ=യുദ്ധത്തിനാ

യി ആയുധമെടുത്തവൻ. പര്യാ-ശസ്ത്രാജീവൻ, കാണ്ഡസ്പൃഷ്ടൻ, ആയുധീയൻ, ആയുധികൻ.

കാദംബം=ഒരുമാതിരി അരയന്നം. പര്യാ-കാദംബം, കളഹംസം.

കാദ്രവേയം=സപ്പം.

കാനീനൻ=വിവാഹം കഴിയാത്തവൾ പ്രസവിച്ചുണ്ടായ പുത്രൻ

കാന്ദവികൻ=പാത്രത്തിൽ അപ്പം ഉണ്ടാക്കുന്നവൻ. പര്യാ-ആപൂപികൻ, കാന്ദവികൻ, ഭക്ഷകാരൻ.

കാപി=ഒരുത്തി. (അ)

കാപുരുഷൻ=നിന്ദ്യനായ മനുഷ്യൻ.

കാമന്ധമി=നാ-1 കന്നാൻ, 2. മുരാരി.

കാമരേഖാ=വേശ്യാസ്ത്രീ.

കാംബലം(ളം)=കമ്പിളി കൊണ്ടു മൂടിയ തേരു്.

കാംബോജം=നാ-1. കാംബോജദേശത്തെ കുതിര 2. ആ രാജ്യം.

കാംസ്യം=നാ-1 ഓട്ടുപാത്രം. 2. ഓട്ടുചേങ്ങില.

കാമ്യദാനം=ആഗ്രഹമുള്ളതിനെ കൊടുക്കുക. പര്യാ-പ്രവാരണം.

കാമ്ലം=അല്പം പുള്ളിയുള്ള.

കായിതം=എഴുത്തു്.

കാരവീ=നാ 1. കാട്ടുപാവൽ 2. ചതകുപ്പ 3. കരിഞ്ജീരകം 4. പെരുങ്കായമരം.

കാരിക=നാ-1. അധികമായ വേദന 2. ചില ശാസ്ത്രങ്ങളുടെ ചുരുക്കമായിട്ടുള്ള വ്യാഖ്യാനപുസ്തകം, വൃത്തി.

കാരു=നാ-1. ചിത്രവേലക്കാരൻ 2. വെളുത്തേടൻ.

കാത്തസ്വരം=പൊന്നു് പര്യാ-സ്വർണ്ണം, സുവർണ്ണം, കനകം, ഹിരണ്യം.

കാൎത്താന്തികൻ=ഗണകൻ. പര്യാ-സാംവത്സരൻ, ജ്യൌതിഷികൻ, ദൈവജ്ഞൻ, മൌഹൂൎത്തികൻ, മൌഹൂൎത്തൻ, ജ്ഞാനി.

കാർപ്പണ്യം=നാ-1. ദാരിദ്ര്യം 2 ദുരാഗ്രഹം.

കാർപ്പാസം=നൂൽപ്പരുത്തി, നൂൽപ്പരുത്തി.

കാൎമ്മണം=വശീകരപ്രവൃത്തി. പര്യാ-മൂലകൎമ്മം.

കാലപൃഷ്ഠം=കർണ്ണന്റെ വില്ലു്.

കാലാഗരു=കാരകിൽ. പര്യാ-അഗരു.

കാലാനുസാരി=നാ-1. സാമ്പ്രാണി 2. ചോലേയം.

കാലാനുസം=കാരിരുമ്പു്.

കാക്ഷീവം=മുരിങ്ങ.

## കി

കികി=കാട്ടുകാക്ക.

കിങ്കണൻ=സ്വല്പം ദ്രവ്യത്തെ പ്രമാണിക്കാത്തവൻ.

കിഞ്ജല്കം=താമരയല്ലി. പര്യാ-കേസരം
കിഞ്ചം=സുരാബീജം. പര്യാ-നഗ്നഹൂ.
കിടി=പന്നി. പര്യാ-കിരി പോത്രി.
കിട്ടി=ഇടയ്ക്കകോൽ.
കിണം=തഴമ്പ്.
കിതവൻ=നാ-1 ചൂതാളി. 2. ഉന്മത്തൻ.
കിം=എന്ത്.
കിമുത=1. ഏതു് 2. സംശയം.
കിംവദന്തി=കേട്ടുകേൾവി. പര്യാ-ജനശ്രുതി.
കിംവാ=അല്ലെങ്കിൽ.
കിംശാരു=നെല്ലിൻെറ ഓവു്. പര്യാ-സസ്യശൂകം.
കിംശുകം=പ്ലാശു്.
കിംക്ഷണനൻ=അല്പകാലം സാരമില്ലെന്നു കരുതുന്നവൻ.
കിയതി=എത്ര? (കിയൽ എന്നുമാം)
കിരാതതിക്തം=നാ-1. പുത്തരിച്ചുണ്ട 2. കിരിയാത്തു്.
കിരാതൻ=കാട്ടാളൻ. പര്യാ-ശബരൻ, പുളിന്ദൻ.
കിരി=പന്നി. പര്യാ-ദംഷ്ട്രി, ഘോണി, സ്തബ്ധരോമ, ക്രോഡം, ഭൂദാരം.
കില=വാർത്ത, ഹേതു, അനിഷ്ടം, സംഭാവ്യം, അസത്യം ഈ അർത്ഥത്തിലുള്ള ഒരവ്യയം.
കിലകിഞ്ചിതം=ശൃംഗാരഭാവജങ്ങളായ ചേഷ്ടകളിൽ ഒന്നു്. പുഞ്ചിരി, കള്ളക്കരച്ചിൽ, കോപം, ഞെട്ടൽ ഇവ ഇടകലരുകയാണ് അതിൻെറ ലക്ഷണം. കൂടുതൽ വിവരം, വലിയ ശബ്ദകോശംനോക്കി അറിഞ്ഞുകൊള്ളണം.
കിലാസം=ചുണങ്ങ് (തേമൽ.) പര്യാ-സിദ്ധ്മം.
കിലിഞ്ജകം=നാ-1. പായ് 2. മറ 3. തിര.
കിൽബിഷം=പാപം. പര്യാ-അഘം, അംഹസ്, കലുഷം, വൃജിനം.
കിശോരൻ=കുട്ടി, പൈതൽ.
കിഷ്കു=നാ-1. ഒരുമുഴം 2. ഒരുചാൺ.
കിസലയം=തളിര്. പര്യാ-പ്രവാളം, പല്ലവം.
കിളർ=ഐശ്വര്യം.
കിഴട്ട്=കൊള്ളാത്തതു്, കേടുപററിയതു്.

## കീ

കീകസം=നാ-1. അസ്ഥി 2. അലകു്.
കീകസാത്മജൻ=അസുരൻ.
കീചകം=വണ്ടുതുളച്ച മുള (സുഷിരമുള്ള മുള.)
കീനാശൻ=നാ-1. കാലൻ 2. കൃഷിക്കാരൻ 3. നീചൻ.
കീരം=നാ-1. കിളി 2. ദേശം.

കീലം=നാ-1. ആണി 2. അഗ്നിജ്വാല.

കീലകം=പത്തൽ (കെട്ടുകററി.) പര്യാ-ശിവകം.

കീലാലം=നാ-1. വെള്ളം 2. ചോര.

കീശം=കുരങ്ങ്.

കീഴാൾ=ഭൃത്യൻ, ദാസൻ.

കീററുനാമം=ഗോപിക്കുറി.

## കു

കു=നാ-1. ഭൂമി 2. നിന്ദ്യം. കുശബ്ദം നിന്ദ്യാൎത്ഥത്തിൽ സമാസഗതമായിട്ടു പ്രയോഗിക്കാവു.

കുകരൻ=രോഗംനിമിത്തം കൈക്കു തകരാറുപററിയവൻ. പര്യാ-കുണി.

കുകുന്ദരം=സ്ത്രീകളുടെ നിതംബപ്രദേശത്തിലുള്ള കുഴി.

കുക്കുലം=നാ-1. കുററികൾനിറഞ്ഞ കുഴി 2. ഉമിത്തീയ് 3. കുപ്പായം.

കുക്കുടം=കോഴി. പര്യാ-കൃകവാകു, ചരണായുധം, താമ്രചൂഡം.

കുക്കുരം=പട്ടി. പര്യാ-കൌലേയകം, സാരമേയം, ഭഷകം, ശുനകം.

കുഗ്മളം=പൂമൊട്ട്. പര്യാ-മുകുളം, കോരകം, കോശം.

കുചം=മുല. പര്യാ-വക്ഷോജം, സ്തനം, കൊങ്ക, ഉരോജം.

കുജൻ=ചൊവ്വ. പര്യാ-അംഗാരകൻ, ഭൌമൻ, ലോഹിതാംഗൻ, മഹീസുതൻ.

കുഞ്ജം=നാ. 1. വള്ളിക്കുടിൽ 2. ആനക്കൊമ്പ് 3. താടിയെല്ല്.

കുഞ്ജരം=ആന. പര്യാ-ദന്തി, ദ്വിരദം, ദ്വിപം, ദന്താവളം.

കുഞ്ജലം_അരിക്കാടി.

കുടം=വെള്ളമെടുക്കുന്ന പാത്രം. പര്യാ-നിപം, ശരാവം, ഘടം, കലശം.

കുടകം=കലപ്പക്കൊഴുവ്. പര്യാ-നിരീശ(ഷ)ം, കൃഷികം, ഫാലം.

കുടജം=കുടകപ്പാല. പര്യാ-ഗിരിമല്ലിക, വത്സകം, ശക്രം. ഇതു് അതിസാരം, രക്തപിത്തം, മൂലക്കുരു ഇവയെ ശമിപ്പിക്കും.

കുടിലം=വളഞ്ഞതു്. പര്യാ-വക്രം, അരാളം, ആവിദ്ധം, അജിഹ്മം.

കുടീ=നാ-1. ഭാര്യ 2. ഭവനം 3. ഇരിപ്പിടം.

കുടുംബിനീ=ഭാര്യ. പര്യാ-പത്നി, ദ്വിതീയ, സഹധൎമ്മിണി, ജായ, ദാരങ്ങൾ.

കുട്ടനി=പുരുഷനെ കൂട്ടിക്കൊടുക്കുന്നവൾ. പര്യാ-ശംഭളി.

കുട്ടിമം=നാ-1. കെട്ടിപ്പടുത്ത തറ 2. കുടിൽ.

കുഠരം=മത്തിൻെറ പിടി.

കുഠാരം=കോടാലി. പര്യാ-സ്വധിതി, പരശു, പരശ്വധം.

കുഡബം=നാഴി.

കുഡ്യം=ചുവര്. പര്യാ-എഡൂകം, ഭിത്തി.

കുണപം=ശവം.

കുണ്ഠത=നാ-1. മിടുക്കില്ലായ്മ 2. പിന്മടക്കം.

കുണ്ഡൻ=ഭർത്താവു ജീവിച്ചിരിക്കെ, ജാരസംസർഗ്ഗംകൊണ്ടു ജനിച്ചവൻ.

കുണ്ഡലീ=നാ-1. സർപ്പം 2. കാക്കപ്പനച്ച.

കുതഃ=നാ-1. എവിടെനിന്ന് 2. എന്തുകൊണ്ട്.

കുതപം=പകലിന്റെ എട്ടാമത്തെ അംശം (ഉച്ച.)

കുതുപം=തോലുകൊണ്ടുള്ള ചെറിയ എണ്ണക്കുടം.

കുത്സ=നിന്ദ. പര്യാ-ഉപക്രോശം ഗർഹണം, കുത്സനം, ജുഗുപ്സ.

കുഥം=ആനപ്പുറത്തിടുന്ന വിരിപ്പ് (അമ്പാലിപ്പടം.)

കുദ്ദാലം=നാ-1. തുമ്പ 2. കാഞ്ചനമരം.

കുധ്രം=പർവതം.

കുനടി=മനയോല. പര്യാ-മനശ്ശില, നാഗജിഹ്വിക, നൈപാളി, ഗോള.

കുന്തളം=നാ-1. തലമുടി 2. ഒരു രാജ്യം 3. പാനപാത്രം.

കുന്ദം=നാ-1. കുരുക്കുത്തിമുല്ല 2. ഒരു നിധി 3. കുന്തിരിക്കം.

കുന്ദുരു=കുന്തിരിക്കം. പര്യാ-കുന്ദം, മുകുന്ദം, പലങ്കി.

കുന്നലക്കോൻ=കോഴിക്കോട്ടു സാമൂതിരി.

കുന്മാഷം=പകുതിവെന്ത യവം

കുപ്യം=ചെമ്പുമുതലായലോഹം.

കുബേരകം=ആലിന്റെ ആകൃതിയിലുള്ള ഒരുതരം വൃക്ഷം.

കുബ്ജൻ=കൂനൻ. പര്യാ-ഗഡുലൻ, ഗഡു.

കുമാരൻ=നാ-1. സുബ്രഹ്മണ്യൻ 2. ശൈശവം കഴിഞ്ഞവൻ.

കുമുദം=വെളുത്തആമ്പൽ. പര്യാ-കൈരവം.

കുമുദിനി=ആമ്പൽപൊയ്ക. പര്യാ-കുമുദ്വതി.

കുംബ=യാഗശാലയുടെ പുറമുള്ള മറ. (പട്ടിമുതലായ ജന്തുക്കൾ യാഗശാലയ്ക്കകത്തു കടക്കാതിരിപ്പാൻ പുറം ബലമായി കെട്ടിയുണ്ടാക്കുന്ന മറ.)

കുംഭകം=നാ-1നാഗദന്തി 2 യോഗാഭ്യാസക്കാരുടെ ശ്വാസം അടക്കുന്നതിനുള്ള ഒരു പ്രയോഗം.

കുംഭകാരൻ=കുശവൻ; മണ്ണുകൊണ്ടു പലതരത്തിലുള്ള പാത്രങ്ങളുണ്ടാക്കുന്നവൻ. പര്യാ-കുലാലൻ.

കുംഭയോനി=നാ-1. അഗസ്ത്യൻ 2. ദ്രോണൻ 3. വസിഷ്ഠൻ.

കുംഭിനീ=നാ-1. പിടിയാന 2. ഭൂമി.

കുംഭീപാകം=ഒരു നരകം.

കുംഭീരം=നാ-1. സ്രാക്ക് 2. മുതല.

കരണ്ഡകം=പൊൻ കുറിഞ്ഞി. പര്യാ-കരവകം, കരണ്ടകം, പിതപുഷ്പം.

കരരി=നാ-1. ഞാറപ്പക്ഷി 2. വെണ്ണാട്ട്.

കരുവിന്ദം=നാ-1. മുത്തങ്ങ 2. കുരുക്കുത്തിമുല്ല 3. കണ്ണാടി 4. പത്മരാഗം.

കുരുവിസ്തം=36 പണമിട.

കർവരൻ=രാക്ഷസൻ.

കുലദ്ധിക=ഒരുജാതി അഞ്ജനം

കുലാലൻ=നാ-1. കുശവൻ 2. കാട്ടുകോഴി.

കുലിശം=വജ്റായുധം.

കുലീ=നാ-1. കണ്ടകാരി 2. ഭാര്യയുടെ ജ്യേഷ്ഠത്തി.

കുലീരം=ഞണ്ട്. പര്യാ-കക്കടകം.

കുല്യം=നാ-1. അസ്ഥി 2. ഇറച്ചി 3. വെള്ളം ഒഴുകുന്ന ഓവ്.

കുവ=മൂശ.

കുവം=ചെങ്കഴിനീർപ്പൂവ്.

കുവിന്ദൻ=നെയ്ത്തുകാരൻ. പര്യാ-തന്തുവായൻ.

കുവേണി=മീൻകൂട് (ഒററാൽ. പര്യാ-മത്സ്യധാനി.

കുശയം=നാ-1. പാനപാത്രം 2. കവളം.

കുശി=ഇരുമ്പുകൊണ്ട് ഉണ്ടാക്കിയ ഒരു സാധനം (കൊഴവ്.)

കുശീലവൻ=നടൻ. പര്യാ-ശൈലൂഷൻ, ജായാജീവൻ, കൃശാശ്വി, ഭരതൻ.

കുശേശയം=താമര.

കുഷാകു=നാ-1. സൂര്യൻ 2. അഗ്നി 3. ശരീരം.

കുസീദം=പലിശ.

കുസുമേഷു=കാമദേവൻ.

കുസുംഭം=നാ-1. കിണ്ടി 2. സ്വർണ്ണം 3. കയിമ്പിൻപൂവ്.

കുസൂലം=നെല്ലറ.

കുസ്തുംബുരു=കൊത്തമ്പാലരി. പര്യാ-ഛത്ര, വിതുന്നകം, ധാന്യാകം. ധാന്യം.

കുഹകൻ=നാ-1. ഇന്ദ്രജാലക്കാരൻ 2. കുയുക്തിവാദി.

കുഹന=1. കള്ളം 2. ചതി 3. കപടഭക്തി.

കുഹളി=തെങ്ങിൻപൂക്കുല.

കുഹു=നാ. 1 കറുത്തവാവ് 2. കുയിലിൻെറ ശബ്ദം.

കുഹേഡി=മഞ്ഞ്. പര്യാ-തുഹിനം, നീഹാരം, തുഷാരം, ഹിമം.

കുളകം=നാ-1. കാക്കപ്പനച്ചി 2. പടോലം 3. അഞ്ചോ അതിലധികമോ പദ്യങ്ങൾക്ക ഒരു ക്രിയ വരുന്നതു്.

കുളവി=കടന്നൽ.

കുക്ഷിംഭരി=തൻെറ വയററിനെ മാത്രം രക്ഷിക്കുന്നവൻ.

## ക്രൂ

ക്രൂകഥൻ=അലങ്കരിച്ച കന്യകയെ ദാനംചെയ്യുന്നവൻ.

കൂജനം=പക്ഷികളുടെ ശബ്ദം.

കൂടം=നാ-1. ശരീരം 2. പർവതശിഖരം. 3. പാക്കുന്ന സ്ഥലം 4. കൊല്ലന്റെ മുട്ടിക 5. കുമ്പാരം 6. വഞ്ചന 7. സമൂഹം 8. കൊഴു 9. ഇന്ദ്രജാലം 10. കണി.

കൂടലർ=ശത്രുക്കൾ.

കൂടസ്ഥൻ=സർവവ്യാപി.

കൂപം=കിണറു്.

കൂബരം=നുകത്തിലും തേരിലും കൂടിവെച്ചുറപ്പിക്കുന്ന ഒരു തടി. പര്യാ-യുഗന്ധരം.

കൂർച്ചം=നാ-1 മൂച്ച് 2. മുന 3. പുരികമദ്ധ്യം.

കൂർച്ചശിരസ്സ്=നരിയാണി.

കൂർദ്ദനം=നേരമ്പോക്ക്. പര്യാ-ക്രീഡാ, ഖേല, നർമ്മ.

കൂർപ്പം=പുരികമദ്ധ്യം.

കൂർപ്പരം=കൈമുട്ട്.

## കൃ

കൃകം=ശിരസ്സ്.

കൃകണം=ഇരുവാൽചാത്തൻ. പര്യാ-കൃകരം.

കൃകലാസം=ഓന്ത്. പര്യാ-സരടം.

കൃകവാകു=നാ-1. പൂവൻകോഴി 2. മയിൽ 3. ഓന്ത് 4. പല്ലി 5. ഗൗളി

കൃകാടിക=നാ-1. പിൻകഴുത്ത്. 2. കഴുത്തിലെ മുഴ.

കൃണ്ണു=ചായമിടുന്നവൻ.

കൃതപുംഖൻ=ശരപ്രയോഗം ശരിയായിപ്പഠിച്ചവൻ. പര്യാ-കൃതഹസ്തൻ; സുപ്രയോഗവിശിഖൻ.

കൃതലക്ഷണൻ=ഗുണപ്രസിദ്ധൻ. പര്യാ-ആഹതലക്ഷണൻ.

കൃതാന്തം=നാ-1 ശാസ്ത്രസിദ്ധാന്തം 2. അമംഗലകർമ്മം.

കൃത്യക=ക്ഷുദ്രക്കാരി.

കൃത്തം=മുറിക്കപ്പെട്ടതു്. പര്യാ-ഛിന്നം, ഛാദം, ദാതം, ദിതം.

കൃത്തി=തോല്. പര്യാ-ചർമ്മം. അജിനം.

കൃത്സ്നം=നാ-1. മുഴുവൻ 2. വെള്ളം.

കൃപണൻ=പിശുക്കൻ. പര്യാ-ക്ഷുദ്രൻ, കദര്യൻ, കിംപചാനൻ.

കൃപാണം=വാൾ.

കൃപീടയോനി=അഗ്നി.

കൃശാനു=അഗ്നി.

കൃശാശ്വി=നടൻ.

കൃഷകൻ=കൃഷിക്കാരൻ. പര്യാ-ക്ഷേത്രാജീവൻ, കർഷകൻ, കൃഷീവലൻ.

കൃഷ്ടി=വിദ്വാൻ. പര്യാ-സംഖ്യാവാൻ, വിപശ്ചിത്ത്, കോവിദൻ

കൃഷ്ണകാംബോജി=കുന്നിക്കുരു.

കൃഷ്ണിക=കരിംകടുക്. പര്യാ-ക്ഷവം, ക്ഷുധാഭിജനനം, രാജിക, ആസുരി.

## കേ

കേകരൻ=കോങ്കണ്ണൻ. പര്യാ-വലിരൻ.

കേകി=മയിൽ. പര്യാ-ശിഖാവളം, ബഹി, ശിഖി, മേഘനാദാനലാസി.

കേവിൽ=ചിലർ.

കേതകി=കൈത. പര്യാ-തീക്ഷ്ണപുഷ്പാ, വിഫലാ, ധൂളിപുഷ്പിക, കണ്ടകദളാ, ദീർഘപത്രാ.

കേതനം=നാ-1. കൊടിമരം 2. സ്വകാര്യം പറയുക 3. താമസിക്കുക 4. കൎത്തവ്യം.

കേദരം=നാ-1. കറത്തിൻെറ മുന 2. ഒരുജാതിപ്പുല്ല്.

കേനിപാതകം=വങ്കായം. പര്യാ-അരിത്രം.

കേവലം=നാ-1. മുററ. മിക്കവാറും 2. മാത്രം, ഒന്നുമാത്രം, താനെ 3. മുഴവനും.

## കൈ

കൈഡൎയ്യം= ചെറുകമിഴ്. പര്യാ-ശ്രീപൎണ്ണി, കുമുദിക, കുംഭി, കഢ്ഫലം. ഇതു കഫവാതഹരവും, രുച്യവും, ജ്വരം മൂലക്കുരു മുഖരോഗം മുതലായവ നശിപ്പിക്കുന്നതുമാകുന്നു.

കൈതവകം=ചൂതു്.

കൈരവം=ആമ്പൽ.

കൈവൎത്തൻ=മീൻപിടിത്തക്കാരൻ. പര്യാ-ദാശൻ, ധീവരൻ.

കൈശികം=പിന്നിയ തലമുടി.

## കൊ

കൊക്കരെണി= ഒരുമാതിരിപൊയ്ക.

കൊങ്ക=മുല.

കൊടന്ന=കൈനിറച്ചുള്ള ഒന്നോ രണ്ടോ അളവു്.

കൊടിച്ചി=നാ-1. പെൺപട്ടി. 2. പശു.

കൊട്ടയാട്ടം=നാ-1. കുട്ടക്കം 2. ഞെരക്കം 3. ബുദ്ധിമുട്ടു്.

കൊണ്ടി=ഇണക്കമില്ലാത്തതു്.

കൊമ്പു=1. ആനക്കഴി 2. അപകടം.

കൊലിവു്=ഭാഗ്യം.

കൊശി=രുചി, സ്വാദു്.

കൊള്ളിയൂട്ടു്=ശവദാഹത്തിനായി വിറകു ശേഖരിക്കുന്നവൎക്കു കൊടുക്കുന്ന സദ്യ.

കൊഴവൻ=കുടിയാൻ.

കൊററക്കുട=രാജത്വം സൂചിപ്പിക്കുന്ന കുട.

കൊററവൻ=പ്രമാണി, രാജാവു്.

കൊററി=കൊക്കു്.

## കോ

കോകം=ചക്രവാകം. പര്യാ-ചക്രം, രഥാംഗം.

കോകിലാക്ഷം=വയൽചുള്ളി.

കോകിലം=കുയിൽ.

കോടരം=മരപ്പൊത്തു്. പര്യാ-നിഷ്കുഹം.

കോടവി=നഗ്നയായ സ്ത്രീ. പര്യാ-നഗ്നികാ.

കോടിവർഷാ=ഒരു മരുന്നു്. ചോനകപ്പുല്ലു്. പര്യാ-സമുദ്രാന്താ, ലതാകോപിക, മധുമാലാ. ഇതു പ്രമേഹം, കാസം, അശ്മരി ഇവയെ ശമിപ്പിക്കും.

കോടി=നാ-1. വില്ലിന്റെ അററം 2. ഉൽക്കർഷം 3. കോണു് 4. ഒരു സംഖ്യ.

കോടീരം=നാ-1. പിരിച്ചുകെട്ടിയ തലമുടി 2. ശിരസ്സു് 3. കിരീടം.

കോടരം=വട്ടപ്പുണ്ണു്. പര്യാ-മണ്ഡലകം.

കോദ്രവം=ഒരു ധാന്യം, വരകു്. പര്യാ-കോരദൂഷം.

കോയഷ്ടി=കുളക്കോഴി, നീർക്കോഴി.

കോരംഗി=ഏലത്തരി, ചിററേലം. പര്യാ-ത്രിപുടാ, ത്രുടി, ത്രുത്ഥാ. ഇതു് ക്ഷയം, അരോചകം, അഗ്നിമാന്ദ്യം ഇവയെ ശമിപ്പിക്കും.

കോലം—പൊങ്ങുതടി. പര്യാ-ഉഡുപം, പ്ലവം.

കോലകം=കുരുമുളകു്. പര്യാ-മരിചം, കൃഷ്ണം, ഊഷണം, ധർമ്മപത്തനം. ഇതു് കഫവാതരോഗങ്ങൾ ക്രമി ഇവയെ നശിപ്പിക്കും.

കോലംബകം=വീണത്തണ്ടു്.

കോവിദൻ=പണ്ഡിതൻ.

കോവിദാരം=മലയകത്തി.

കോശം=നാ-1. ഭണ്ഡാരം 2. പൂവുണ്ടാകുവാനുള്ള മൊട്ടു് 3. വാളിന്റെ ഉറ 4. ധനസമൂഹം 5 ദിവ്യപ്രമാണം.

കോശാതകി=നാ-1. പടവലം 2. വരിപ്പീച്ചൽ.

കോഷ്ണം=ചെറുചൂടു്.

## കൌ

കൌകഥികൻ=അസഭ്യം പുലമ്പുന്നവൻ.

കൌക്കുടികൻ=നാ-1. കപടഭക്തിക്കാരൻ 2. ഒരുമാതിരി സന്യാസി.

കൌതുകികൻ= മാംസക്കച്ചവടക്കാരൻ.

കൌടതക്ഷൻ=സ്വതന്ത്രനായ തച്ചുപണിക്കാരൻ. പര്യാ-അനധീനകൻ.

കൌടികൻ=മാംസം വിററു ജീവിക്കുന്നവൻ. പര്യാ-വൈതംസികൻ, മാംസികൻ.

കൌണപൻ=രാക്ഷസൻ.

കൌന്തികൻ=കുന്തക്കാരൻ.

കൌപീനം=കോണകം. പര്യാ-അധരാംബരം, അന്തരീയം.

കൌമുദി=ചന്ദ്രിക. പര്യാ-ജ്യോത്സ്നാ, ശശിപ്രഭ.

കൌമോദകി=വിഷ്ണുവിന്റെഗദ.

കൌലടേയൻ=വേശ്യാപുത്രൻ പൎയ്യാ-ബാന്ധകിനേയൻ, ബന്ധുലൻ, അസതിസുതൻ.

കൌലടേരൻ=ടി അൎത്ഥം.

കൌലീനം=നാ-1നല്ല കുലത്തിലെ ജനനം. 2. ലോകവാദം 3. പശു, പക്ഷി, സൎപ്പംമുതലായവയുടെ യുദ്ധം.

കൌശികൻ -നാ-1. ഇന്ദ്രൻ 2. കൂമൻ 3. പാമ്പാട്ടി 4. വിശ്വാമിത്രൻ.

കൌശേയം=പട്ടുവസ്ത്രം.

കൌസ്തുഭം=വിഷ്ണുവിന്റെ മാറിലെ മണി.

കൌക്ഷേയകം=വാൾ.

## ക്ര

ക്രകചം=അറപ്പുവാൾ.

ക്രതു=നാ-1. യാഗം 2. സപ്തൎഷികളിൽ ഒരു മഹൎഷി.

ക്രതുഭുക്ക്=ദേവൻ.

ക്രഥനം=കൊല.

ക്രമുകം=കമുക്. പൎയ്യാ=ഘോണ്ട, പൂകം, ഗുവാകം.

ക്രമേളകം=ഒട്ടകം.

ക്രയം-വിലയ്ക്കുവാങ്ങുക.

ക്രയികൻ=വിലയ്ക്കു വാങ്ങുന്നവൻ.

ക്രവ്യം=മാംസം.

ക്രായകൻ=കച്ചവടം ചെയ്യുന്നവൻ.

ക്രീതാനുശയം=വിലയ്ക്കുവാങ്ങിയതിനെ തിരിച്ചുകൊടുക്കുക.

ക്രുഞ്ചം=(വളഞ്ഞു ചരിഞ്ഞു പറക്കുന്നതു്) അന്നിൽപക്ഷി.

ക്രേയം-വില്ക്കേണ്ടതു്. പൎയ്യാ-ക്രേതവ്യം, ക്രയ്യം.

ക്രോഡപാദം=ആമ.

ക്രോശം=വിളിപ്പാടുദൂരം.

ക്രോഷ്ടാവു്=കുറുക്കൻ. പൎയ്യാ-ഫേരവം, ജംബുകം, സൃഗാലം, വഞ്ചകൻ.

ക്രോഷ്ട്രീ=കരിമുതക്കു്. പൎയ്യാ-ക്ഷീരശുക്ലാ, ഇക്ഷുഗന്ധാ, വിദാരി.

ക്രൌഞ്ചദാരണൻ=സുബ്രഹ്മണ്യൻ.

## ക്ല

ക്ലമം=തളൎച്ച.

ക്ലമഥം-തളൎച്ച.

ക്ലിന്നം-നനഞ്ഞതു്. പൎയ്യാ-ആൎദ്രം, തിമിതം, സമുന്നം, ഉത്തം.

ക്ലിന്നാക്ഷൻ=ചീമ്പക്കണ്ണൻ. പൎയ്യാ-ചുല്ലൻ, പില്ലൻ, ചില്ലൻ.

ക്ലീതകം=ഇരട്ടിമധുരം. പൎയ്യാ-യഷ്ടിമധുകം, മധുയഷ്ടി, മധുകം. ഇതു് ക്ഷയം, നേത്രരോഗം, വിഷം, ശീതപിത്തം ഇവയെ ശമിപ്പിക്കും. ശുക്ലവൃദ്ധികരവുമാണു്.

ക്ലീബൻ=നപുംസകൻ. പൎയ്യാ-ഷണ്ഡൻ.

ക്ലേദനം=നാ-1. നനവു് 2. ചളിപ്പു്.

**ക്ലോമം**=നാ-1. മൂത്രാശയം 2. കരൾ.

## 'ക്വ'

**ക്വ**=എവിടെ.

**ക്വണം**=വിണ മുതലായ വാദ്യങ്ങളുടെ ശബ്ദം. പൎയ്യാ-നിക്വാണം, നിക്വണം, ക്വാണം, ക്വണനം.

**ക്വഥിതം**=ശരിയായി വേവിച്ച കഷായം. പൎയ്യാ-നിഷ്ക്വം.

**ക്വാഥം**=നാ-1. കഷായം 2. വ്യസനം.

## ഖ

**ഖം**=നാ-1. ആകാശം 2. ഇന്ദ്രിയം 3. സ്വൎഗ്ഗം 4. ശൂന്യം.

**ഖക്ഖടം**= കഠിനമായിട്ടുള്ളതു്. പൎയ്യാ-കൎക്കശം, ക്രൂരം, ദൃഢം, കഠോരം.

**ഖങ്കം**=കുറുനരി.

**ഖഗം**=നാ-1. പക്ഷി 2. സൂൎയ്യൻ 3. ശരം.

**ഖഗേശ്വരൻ**=ഗരുഡൻ. പൎയ്യാ-ഗരുത്മാൻ, താർക്ഷ്യൻ, വൈനതേയൻ, വിഷ്ണുരഥം.

**ഖജാക**=തവി. പൎയ്യാ-ദർവ്വി, കംബി, ഖജം.

**ഖഞ്ജൻ**=മുടന്തൻ. പൎയ്യാ-ഖോഡൻ, ഖോലൻ.

**ഖടം**=നാ-1. കഫം 2. പൊളിഞ്ഞ കിണറു് 3. പുല്ലു്.

**ഖട്വ**=കട്ടിൽ. പൎയ്യാ-മഞ്ചം, പൎയ്യങ്കം, പല്യങ്കം.

**ഖട്ടി**=ശവക്കട്ടിൽ. പൎയ്യാ-ഖാടം, ഖാഡിക, ഖട്ടിക.

**ഖട്ടികൻ**=വേട്ടക്കാരൻ (വേടൻ.)

**ഖണ്ഡവികാരം**=കൽകണ്ടം. പൎയ്യാ-മത്സ്യണ്ഡി, ഫാണിതം, ഖണ്ഡം.

**ഖണ്ഡനഖണ്ഡഖാദ്യം**==ശ്രീഹർഷൻ എഴുതിയ ഒരു ശാസ്ത്രഗ്രന്ഥം.

**ഖദിരം**=കരിങ്ങാലി. പൎയ്യാ-ഗായത്രി, ബലതനയം, ദന്തധാവനം. ഇതു്, പിത്തം, രക്തദോഷം, ആമദോഷം ഇവയ്ക്കു നന്നു്.

**ഖദ്യോതം**=മിന്നാമിനുങ്ങു്. പൎയ്യാ-ജ്യോതിരിംഗം, തൈജസകീടം.

**ഖരം**=നാ-1. ഉഷ്ണം 2. കഴുത 3. ക, ച, ട, ത, പ ഈ അക്ഷരങ്ങൾ.

**ഖരദിനം**=ചൊവ്വാഴ്ച.

**ഖരാംശു**=ആദിത്യൻ.

**ഖരാശ്വ**=കരിഞ്ജീരകം. പൎയ്യാ-കാരവി, ദീപ്യം.

**ഖൎജ്ജൂരം**=നാ-1.വെള്ളി 2.ഈന്തൽ.

**ഖൎപ്പരൻ**=നാ-1. കള്ളൻ 2. ചതിയൻ.

**ഖൎവ്വൻ**=നീളം കുറഞ്ഞവൻ (മുണ്ടൻ.) പൎയ്യാ-വാമനൻ, ന്യക്, നീചൻ, ഹ്രസ്വൻ.

ഖലൻ=ഏഷണിക്കാരൻ പര്യാ-കർണ്ണേജപൻ, സൂചകൻ, പിശുനൻ.

ഖലപൂ=അടിച്ചുതളിക്കാരൻ. പര്യാ-ബഹുകരൻ.

ഖലിനി=ഖലസമൂഹം.

ഖലീനം=കടിഞ്ഞാൺ. പര്യാ-കവിക, രശ്മി, ഖലിനം.

ഖലു=നിഷേധം, വാക്യാലങ്കാരം, ജിജ്ഞാസ, അനുനയം ഈ അർത്ഥങ്ങളിൽ പ്രയോഗിക്കുന്ന അവ്യയം.

ഖലൂരി=കളരി (ആയുധാഭ്യാസം ശീലിക്കുന്ന സ്ഥലം.)

ഖലേദാരു=പന്തൽ. പര്യാ-മേധി.

ഖലം=നാ-1. അമ്മിക്കല്ല് 2. മുതിര.

ഖസ്ഫടികം=നാ-1. സൂര്യകാന്തം 2. വളുങ്കമണി 3. ചന്ദ്രകാന്തം.

## ഖാ

ഖാണ്ഡികൻ=മധുരസാധനങ്ങൾ വിൽക്കുന്നവൻ (പലഹാരക്കച്ചവടക്കാരൻ.)

ഖാതം=കുളം.

ഖാനി=രത്നം മുതലായവ കുഴിച്ചെടുക്കുന്ന സ്ഥലം. പര്യാ-ആകരം.

ഖാവാടൻ= കഷണ്ടിത്തലയൻ, പര്യാ-ശിപിവിഷ്ടൻ, ഇന്ദ്രലുപ്തകൻ.

## ഖി

ഖിദ്രൻ=നാ-1. രോഗി 2. ദരിദ്രൻ.

ഖിന്നത=ഖേദഭാവം, സങ്കടം.

ഖിലം=നാ-1. ശൂന്യമായ 2. തരിശായ.

## ഖു

ഖുരണസൻ=പതിമൂക്കൻ. പര്യാ-ഖുരണാസ്, അവടീടൻ.

ഖുരം=കുളമ്പ്. പര്യാ-ശഫം.

ഖുരാളം=ഇരുമ്പുകൊണ്ടുള്ള അസ്ത്രം.

## ഖേ

ഖേചരൻ=നാ-1. ദേവൻ 2. ആദിത്യൻ.

ഖേടം=ആചാരനിന്ദിതം. പര്യാ-യാപ്യം, അവമം, കുപൂയം, കത്സിതം.

ഖേയം=കിടങ്ങ്. പര്യാ-പരിഖ.

ഖേല=കളി. പര്യാ-കൂർദ്ദനം, ക്രീഡ.

## ഖോ

ഖോഡൻ=മുടന്തൻ.

ഖോലകം=നാ-1. തലപ്പാവ് 2. കറിവെയ്ക്കുന്ന പാത്രം.

## ഖ്യാ

ഖ്യാതം=പ്രസിദ്ധം. പര്യാ-പ്രതീതം, പ്രഥിതം, വിത്തം, വിശ്രുതം.

ഖ്യാതി=പ്രസിദ്ധി. പര്യാ-പ്രഥ, സമജ്ഞ യശസ്സ്.

ഖ്യാനം=പറയുക.

## ഗ

ഗഗനം=ആകാശം.

ഗംഗ=ഒരു പുണ്യനദി. പര്യാ-ഭാഗീരഥി, വിയത്ഗംഗ, സ്വർന്നദി, സുരദീർഘിക, ജാഹ്നവി.

ഗജാസ്യൻ=ഗണപതി. പര്യാ-ലംബോദരൻ, വിഘ്നരാജൻ, ഏകദന്തൻ, ഹേരംബൻ.

ഗഡുലൻ=കൂനൻ. പര്യാ-കുബ്ജൻ.

ഗണകൻ=ജ്യോത്സ്യൻ. പര്യാ-കാർത്താന്തികൻ, ദൈവജ്ഞൻ, മൌഹൂർത്തികൻ.

ഗണിക=നാ-1. വേശ്യാസ്ത്രീ 2. കുരുമൊഴി.

ഗന്ധലി=വെൺകറുക. പര്യാ-ഗോലോമി, ശതവീര്യ, ശകുലാക്ഷകം.

ഗണ്ഡു=നാ-1. സന്ധി 2. തലയണ.

ഗതി=നാ-1. പോക്ക് 2. അറിവ് 3. മോക്ഷം 4 ആശ്രയം.

ഗദം=രോഗം. പര്യാ-രുക്, ഉപതാപം, വ്യാധി, ആമയം.

ഗന്ത്രി=കാളവണ്ടി. പര്യാ-കംബളിവാഹ്യകം.

ഗന്ധം=ചന്ദനം. പര്യാ-ശ്രീഖണ്ഡം, മലയജം, ഭദ്രശ്രീ, മാലയം (മാലേയം) ഗന്ധസാരം.

ഗന്ധനം=നാ-1. ഉത്സാഹിപ്പിക്ക 2. സൂചിപ്പിക്കുക 3. ഹിംസിക്കുക.

ഗന്ധർവം=നാ-1. കുതിര 2. ഒരുജാതി മാൻ.

ഗന്ധവാഹൻ=കാററ്. പര്യാ-സദാഗതി, സമീരണൻ, മാരുതൻ, അനിലൻ.

ഗന്ധോത്തമ=മദ്യം. പര്യാ-പ്രസന്ന, ഇര, കാദംബരി, മദിര, കശ്യം.

ഗന്ധോളി=കടന്നൽ. പര്യാ-വരടം.

ഗഭസ്തി=രശ്മി.

ഗംഭാരി=കുമിഴ്. പര്യാ-കാശ്മരി, മധുപർണ്ണിക, ശ്രീപർണ്ണി, ഭദ്രപർണ്ണി.

ഗരം=വിഷം. പര്യാ-ഹാലം, ഗരളം, ക്ഷ്വേളം.

ഗരിഷ്ഠം=നാ-1. ഏററവും ഉറപ്പുള്ളത് 2. ഏററവും ഘനമുള്ളത്.

ഗരുത്ത്=ചിറക്. പര്യാ-പക്ഷം, പത്രം, ഛദം, പതത്രം, തനൂരുഹം.

ഗർഗ്ഗരി=തൈർപാത്രം. പര്യാ-മന്ഥനി.

ഗർത്തം=കുഴി. പര്യാ-അവടം.

ഗർദ്ദഭം=കഴുത. പര്യാ-ചക്രീവത്ത്, ബാലേയം, രാസഭം, ഖരം.

ഗദ്ധനൻ=അത്യാശക്കാരൻ. പര്യാ-ലുബ്ധൻ, അഭിലാഷുകൻ, ഗൃദ്ധ്നു.

ഗവലം=പോത്തിൻകൊമ്പ്.

ഗവാക്ഷം=ജന്നൽ. പര്യാ-ജാലകം, വാതായനം, അംശം.

ഗവേഷണം=അന്വേഷണം. പര്യാ-പര്യവേക്ഷണം, പരീഷ്ടി, മാർഗ്ഗണം.

ഗവ്യൂതി=രണ്ടുനാഴികദൂരം

ഗഹനം=നാ-1. കടക്കാൻപ്രയാസമുള്ള 2. കാട്.

ഗഹ്വരം=നാ-1. ഗുഹ 2. വള്ളിക്കുടിൽ.

ഗളകംബളം=കാളമുതലായവയുടെതാട. പര്യാ-സാസ്നാ, കംബളം.

ഗളന്തിക=കിണ്ടി. പര്യാ-ആലു, കർക്കരി.

ഗളവ്രതം=ഒരുജാതിക്കോഴി (മയിൽകോഴി)

## ഗാ

ഗാംഗേയം=നാ-1. സ്വർണ്ണം 2. നീർക്കിഴങ്ങ്.

ഗാംഗേരുകി=ആനക്കുറുന്തോട്ടി

ഗാണിക്യം=വേശ്യാസമൂഹം.

ഗാണ്ഡീവം=അർജ്ജുനന്റെവില്ല്

ഗാഥ=നാ-1. പാട്ട് 2. രാപ്പാടിയെന്ന പക്ഷി.

ഗാത്രം=ശരീരം. പര്യാ-തനു, വപുസ്സ്, സംഹനനം, വർഷ്മ, കളേബരം.

ഗാന്ധർവം=ഒരുതരം വിവാഹം (സ്ത്രീപുരുഷന്മാരുടെ സ്വന്തമനസ്സാലെ നടത്തുന്ന വിവാഹം)

ഗാന്ധാരം=സപ്തസ്വരങ്ങളിൽ ഒന്ന് (ഗ)

ഗായത്രി=നാ-1. കരിങ്ങാലി 2. ഋഗ്വേദത്തിലെ ഒരു പ്രധാന മന്ത്രം.

ഗാരുത്മതം=മരതകരത്നം. പര്യാ-ഹരിന്മണി, മരകതം, അശ്മഗർഭം.

ഗാലി=ശാപവാക്ക്, (പ്രാക്ക്)

ഗാഹനം=നാ 1. മുങ്ങുക 2. പ്രവേശിക്കുക.

ഗാളനം=അരിക്കുക

## ഗി

ഗിരം=വാക്ക് (ഭാഷ) പര്യാ-ബ്രാഹ്മീ, ഭാരതി, വാണി, സരസ്വതി.

ഗിരിക=ചുണ്ടെലി

ഗിരിജം=നാ-1. കന്മദം 2. അഭ്രം 3. ഇരിമ്പ്

ഗിരീശൻ=ശിവൻ

ഗിലിതം=ഭക്ഷിക്കപ്പെട്ടത്. പര്യാ-അഭ്യവഹൃതം, ഖാദിതം, ജഗ്ധം, അശിതം.

## ഗീ

ഗീര്=വാക്ക്

ഗീർണ്ണം=സ്തുതിക്കപ്പെട്ടത്. പര്യാ-അഭിഷ്ടുതം, ശസ്തം, വർണ്ണിതം, പണായിതം.

ഗീഷ്പതി=വ്യാഴം. പര്യാ-ബൃഹസ്പതി, സുരാചാര്യൻ, ധിഷണൻ, ഗുരു, ജീവൻ.

ഗീർവാണൻ=ദേവൻ.

## ഗു

ഗുഗ്ഗുലു=ഗുഗ്ഗുലുമരം. പര്യാ-കുംഭം, ഉലൂഖലകം, പുരം, കൌശികം. ഇതു് വാതകഫരോഗങ്ങൾ, വസ്തിവ്രണം, പ്രമേഹം മുതലായവയെ ശമിപ്പിക്കും.

ഗുച്ഛകം=നാ-1. പൂങ്കുല 2. മാല.

ഗുഞ്ജ=കുന്നി. പര്യാ-കാകചിഞ്ച, കൃഷ്ണല. ഇതിന്റെ ഇലയും കായും ഭ്രമം, ഛർദ്ദി, വയററുവേദന, വശ്യവിധി ഇവയ്ക്കു നന്നു്.

ഗുഡം=നാ-1. ശർക്കര 2. ഗുളിക.

ഗുണം=നാ-1. നന്മ 2. കയറു് 3. ഞാണു് 4. കണക്കിന്റെ പെരുക്കം 5. കാവ്യഗുണം 6. ആത്മഗുണം.

ഗുണവൃക്ഷകം=പായ്മരം. പര്യാ-കൂപകം.

ഗുണ്ഠിതം=മറച്ചുകിടക്കുന്നതു്. പര്യാ-രൂഷിതം.

ഗുത്സാർദ്ധം=ഇരുപത്തുനാലിഴയുള്ള മുത്തുമാല.

ഗുന്ദ്രം=നാ-1. ഞാവൽമരം 2 കഴിമുത്തങ്ങ.

ഗുപ്തി=നാ-1. രക്ഷണം 2. മറവു്.

ഗുംജനം=മൂളുക, ചൂളമിടുക.

ഗുംഫനം=നാ-1. കോർക്കുക, 2. ശബ്ദാർത്ഥങ്ങളുടെ സുന്ദരമായ രചന.

ഗുരു=നാ-1. അച്ഛൻ 2. ഗുരുനാഥൻ, 3. വ്യാഴം

ഗുർജ്ജരം=ഗുജരാത്തി, ഒരുദേശം.

ഗുൽഫം=കാലിന്റെ നെരിയാണി.

ഗുവാകം=കവുങ്ങു്.

ഗുഹൻ=സുബ്രഹ്മണ്യൻ.

ഗുലാബം=പനിനീർച്ചെടി

ഗുളൂചി=ചിററമൃതു്. പര്യാ-ഛിന്നരുഹ, തന്ത്രിക, സോമവല്ലി, ജീവന്തി. ഇതു മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും.

## ഗൂ

ഗൂഢപാത്തു്-പാമ്പു്.

ഗൂഥം=മലം. പര്യാ-വിഷ്ഠ, ശകൃത്തു്, അമേദ്ധ്യം, വിട്.

ഗൂനം=വിസർജ്ജിച്ചതു്, പുറത്തുകളഞ്ഞതു്. പര്യാ-ഹന്നം.

ഗൂഹനം=ഒളിക്കുക.

## ഗൃ

ഗൃഞ്ജനം=വെളുള്ളി. പര്യാ-മഹൌഷധം, ലശുനം, അരിഷ്ടം, രസോനകം.

ഗൃധ്നുത=കവിഞ്ഞ ആഗ്രഹം.

ഗൃധ്രം=കഴുകൻ.

ഗൃധ്രസി=മാറിലുണ്ടാകുന്ന ഒരുവക വാതരോഗം.

ഗൃഹഗോധിക=ഗൌളി. പര്യാ-മുസലി.

ഗൃഹയാലു=ധാരണശീലൻ.

ഗൃഹാക്ഷം=കിളിവാതൽ.

ഗൃഹിണി=ഭാര്യ.

## ഗേ

ഗേണ്ഡുകം=പന്തു്.

ഗേഹം=ഭവനം.

ഗേഹേശൂരൻ=ഒരു ശൈലി. (വീട്ടിൽമിടുക്കുകാണിക്കുന്നവൻ)

## ഗൈ

ഗൈരികം=നാ-1. കാവിമണ്ണു് 2. പൊന്നു് 3. മനയോല.

ഗൈരേയം=കന്മദം.

ഗൈർവാണി=സംസ്കൃതഭാഷ.

## ഗോ

ഗോ=നാ-1.സ്വർഗ്ഗം 2. വജ്റം 3. ജലം 4. രശ്മി 5. ശരം 6. രോമം.

ഗോകർണ്ണം=നാ-1. ഒരുജാതി മാൻ 2. ഒരുചാണുനീളം 3. കേരളത്തിൻെറ വടക്കേ അതിർത്തിയിലുള്ള ഒരു സ്ഥലം 4. പശുവിൻെറ ചെവി.

ഗോകുലം=നാ-1.തൊഴുത്തു് 2. പശുക്കളുടെ കൂട്ടം.

ഗോചരം=വിഷയം, ഇന്ദ്രിയംമൂലമുള്ള അറിവു്.

ഗോഡുംബ=ചെറിയ കാട്ടുവെള്ളരി. പര്യാ-ചിത്ര,ഗവാക്ഷി.

ഗോണ്ഡം=നീണ്ട പൊക്കിൾ (മൂട്.)

ഗോത്രം=നാ-1. വംശം 2. പർവതം 3. പേരു്.

ഗോദാരണം=കലപ്പ. പര്യാ-ഹലം, സീരം, ലാംഗലം.

ഗോധം=കൈമൂടി (ഞാണടി കൊള്ളാതിരിക്കാൻ കൈയിൽ തോലുകൊണ്ടു കെട്ടുന്ന മൂടി.)

ഗോധി=നാ-1. നെററി 2. ഉടുമ്പു്.

ഗോധുക്=പശുവിനെ കറക്കുന്നവൻ, ഇടയൻ.

ഗോധൂമം=കോതമ്പു്. പര്യാ-സുമനസ്.

ഗോനസം=പെരുമ്പാമ്പു്.

ഗോപാനസി=മുഖപ്പലക.

ഗോപാലൻ=നാ-1. ശ്രീകൃഷ്ണൻ 2. ഇടയൻ 3. രാജാവു്.

ഗോപി=നാ-1. നറുനീണ്ടി 2. ഇടയസ്ത്രീ 3. ഒരുതരം മണ്ണു്.

ഗോമയം=ചാണകം. പര്യാ-ഗോവിട്.

ഗോമായു=കുറുക്കൻ.

ഗോർദ്ദം=തലച്ചോറു്. പര്യാ-മസ്തിഷ്കം.

ഗോലോമി=നാ-1. വയമ്പു് 2. കറുക.

ഗോഷ്ഠം=നാ-1. ആമ്പാടി 2. തൊഴുത്തു്.

ഗോഷ്പദം=നാ-1. പശുക്കുളമ്പു് 2. പശുക്കുട്ടു്.

ഗോസ്തനി=മുന്തിരിങ്ങ. പര്യാ-മൃദ്വീക, ദ്രാക്ഷ, സ്വാദ്വി, മധുരസ.

ഗോളകൻ=വിധവയുടെ പുത്രൻ.

ഗോക്ഷുരം=ഞെരിഞ്ഞിൽ.

## ഗൌ

ഗൌ=നാ-1. ഭൂമി 2. പശു 3. സരസ്വതി.

ഗൌതമൻ=നാ-1. ബുദ്ധൻ 2. ന്യായദർശനത്തിന്റെ ഉപജ്ഞാതാവായ ഒരു മഹർഷി.

ഗൌധേയം=ഉടുമ്പിന്റെ കുട്ടി. പര്യാ-ഗൌധേരം, ഗോധാരം.

ഗൌരം=നാ-1. വെളുപ്പ് 2. മഞ്ഞ 3. ചെമപ്പ്.

ഗൌരി=നാ-1. തിരളാത്തവൾ 2. പാർവ്വതി.

## ഗ്ര

ഗ്രഥിതം=കെട്ടപ്പെട്ടത്. പര്യാ-സന്ദിതം, ദൃബ്ധം, ഗുംഫിതം.

ഗ്രന്ഥികം=തിപ്പലി വേര്. പര്യാ-ചടകാശിരസ്സ്.

ഗ്രന്ഥികൻ=ജ്യോത്സ്യൻ.

ഗ്രസ്തം=വിഴുങ്ങിയത്.

ഗ്രഹം=നാ-1. നിർബ്ബന്ധം 2. ഗ്രഹണം 3. സൂര്യാദിനവഗ്രഹം.

ഗ്രഹപതി=ആദിത്യൻ.

## ഗ്രാ

ഗ്രാമടിക=നീചമായ ഗ്രാമം.

ഗ്രാമം=സമൂഹം, കൂട്ടം.

ഗ്രാമണി=നാ-1. ക്ഷുരകൻ 2. അധിപൻ.

ഗ്രാമേയി=വേശ്യാസ്ത്രീ.

ഗ്രാമ്യം=നാ-1. നിന്ദ്യം 2. ഒരു കാവ്യദോഷം.

ഗ്രാവം=നാ-1. പർവ്വതം 2. കല്ല്.

ഗ്രാഹം=മുതല.

## ഗ്രീ

ഗ്രീഷ്മം=ഗ്രീഷ്മകാലം (ഉഷ്ണകാലം)

ഗ്രീവ=കഴുത്ത്.

## ഗ്രൈ

ഗ്രൈവേയകം=കണ്ഠാഭരണം. പര്യാ-കണ്ഠഭൂഷ, ഗ്രൈവേയം.

## ഗ്ല

ഗ്ലപിതൻ=ക്ഷീണിച്ചവൻ. പര്യാ-താന്തൻ, സന്നൻ, ക്ലാന്തൻ.

ഗ്ലസ്തം=വിഴുങ്ങിയത്.

ഗ്ലഹം=ചൂത്.

ഗ്ലാനി=തളർച്ച.

ഗ്ലൌ=ചന്ദ്രൻ.

## ഘ

ഘടം=നാ-1. കുടം 2. കുംഭരാശി 3. ആനയുടെ മസ്തകം.

ഘടന=ചേർച്ച, സംയോജനം.

ഘട്ടം=കടവ്.

ഘട്ടകുടി=ചുങ്കപ്പുര.

ഘണ്ടാപഥം=വിശാലമായ വഴി. പര്യാ-സംസരണം.

ഘനം=നാ-1. മേഘം 2. മുത്തങ്ങ 3. മണി 4. ബഹുമാനം 5. മുൾത്തടിയെന്ന ആയുധം.

ഘനസാരം=കർപ്പൂരം. പര്യാ-ഹിമവാലുകം, സിതാഭ്രം.

ഘനാഘനം=നാ-1. വർഷകാലമേഘം 2. മദയാന.

ഘർമ്മം=നാ-1. ചൂട് 2. വെയിൽ 3. വിയർപ്പ് 4. ഉഷ്ണകാലം.

ഘസ്മരൻ=അധികം ഭക്ഷിക്കുന്നവൻ, ആഹാരം പ്രധാനമായിട്ടുള്ളവൻ (തീററിമാടൻ.)

ഘസ്രം=പകൽ. പര്യാ-ദിനം, അഹഃ, വാസരം, ദിവസം, ദിവ.

## ഘാ

ഘാട=കഴുത്തിലെ മുഴ. പര്യാ-അവട്ടു, കൃകാടിക. (ഇതു പുരുഷന്മാരുടെ കഴുത്തിൽ മുൻഭാഗത്തു കാണുന്ന മുഴയാണ്.)

ഘാണ്ടികൻ=മണിയടിക്കുന്നവൻ. പര്യാ-ചാക്രികൻ.

ഘാതുകൻ=ദുഷ്ടൻ, ഉപദ്രവസ്വഭാവമുള്ളവൻ, പര്യാ-ഹിംസ്രൻ നൃശംസൻ, ക്രൂരൻ, പാപൻ.

ഘാസം=നാ-1. പശുക്കൾക്കു തിന്നാൻ കൊള്ളാവുന്ന പുല്ല് 2. പയറ്.

## ഘു

ഘുടിക=കാലിന്റെ ഞെരിയാണി. പര്യാ-ഘുടം, ഗുല്ഫം, ഘുടി.

ഘുണം=വണ്ട് (മരം തുളയ്ക്കുന്ന ഒരുതരം ക്ഷുദ്രജന്തു.)

ഘുസൃണം=കുങ്കുമം.

## ഘൂ

ഘൂകം=മൂങ്ങ, പര്യാ-ദിവാന്ധം, കൌശികം, നിശാടനം.

ഘൂർണ്ണനം=ഉരുട്ടിമിഴിക്കുക, വട്ടം ചുററുക

## ഘൃ

ഘൃണ=നാ-1. ദയ 2. നന്ദി.

ഘൃണി=രശ്മി.

ഘൃതം=നെയ്യ്

ഘൃഷ്ടി=നാ-1. പന്നി, 2. ബ്രഹ്മി 3. അരയ്ക്കുക 4. പൊടിയ്ക്കുക.

## ഘോ

ഘോടകം=കുതിര.

ഘോണ=മൂക്ക്. പര്യാ-ഘ്രാണം, നാസ, നാസിക.

ഘോണി=പന്നി.

ഘോണ്ട=നാ 1. കമുക് 2. ഇലന്ത.

ഘോഷം=നാ-1. ഇടയക്കുടി 2. ഉറക്കെയുള്ള ശബ്ദം 3. ഘോഷാക്ഷരം.

ഘോഷകം=പീച്ചിൽ. പര്യാ-ധാമാർഗ്ഗവം.

## ഘ്രാ

ഘ്രാണം=നാ-1. മൂക്കു്, 2. മണക്കുക.

ഘ്രാണതർപ്പണം=നല്ല മണം. പര്യാ-സുരഭി, ഇഷ്ടഗന്ധം, സുഗന്ധി.

ഘ്രാതം=മണക്കപ്പെട്ടതു്.

## ങ

ങൻ=ശിവൻ.

ങം=വിഷയാഭിലാഷം (വിഷയങ്ങൾ അനുഭവിക്കാനുള്ള ഇച്ഛ.)

## ച

ച=സമുച്ചയം (കൂട്ടിച്ചേർക്കുക) സമാഹാരം (സമൂഹം) അന്വാചയം (രണ്ടു ക്രിയകളിൽ ഒന്നിനു പ്രാധാന്യം) ഈ അർത്ഥങ്ങളിൽ വരുന്ന ഒരു അവ്യയം.

ചകോരം=ചെമ്പോത്തു്. പര്യാ-ലാബം, ജീവജീവം, ചകോരകം ഇതിനു ഈശ്വരൻകാക്കയെന്നും പറയും.

ചക്രം=നാ-1. രാജ്യം 2. ചക്രവാകം 3. സമൂഹം 4. സൈന്യം 5. തേരിന്റെ ഉരുൾ.

ചക്രല=കുണ്ടുമുത്തങ്ങ. പര്യാ-ചൂഡാല, ഉച്ചട (പെരുംമുത്തങ്ങയുടെ വേരെന്നും അഭിപ്രായമുണ്ടു്.)

ചക്രവാളം=നാ-1. കൂട്ടം 2. കണ്ണെത്തുന്ന അകലം.

ചക്രി=നാ-1. പാമ്പ് 2. കുശവൻ 3. ചക്രവാകം 4. വിഷ്ണു 5. ചക്രവർത്തി.

ചക്രീവാൻ=കഴുത.

ചഞ്ചരീകം=വണ്ടു്.

ചഞ്ചു=പക്ഷികളുടെ ചുണ്ടു്. പര്യാ-ത്രോടി.

ചടകം=ഊർക്കുരുകിൽ. പര്യാ-കളവിങ്കം.

ചടകാശിരം=തിപ്പലിയുടെവേരു്.

ചടുലം=ഇളകുന്നതു്.

ചണം=മടുശ്ശള്ള.

ചണകം=കടല. പര്യാ-ഹരിമന്ഥകം.

ചണ്ഡൻ=കോപശീലൻ.

ചണ്ഡാതകം=ഒരുജാതി വസ്ത്രം (പ്രൗഢസ്ത്രീകൾ തുടമദ്ധ്യംവരെയുടുക്കുന്ന മുണ്ടു്.)

ചണ്ഡാലൻ=പറയൻ. പര്യാ-മാതംഗൻ, ദിവാകീർത്തി, ജനംഗമൻ, ശ്വപചൻ.

ചണ്ഡാംശു=ആദിത്യൻ.

ചണ്ഡിക=പാർവ്വതീദേവി.

ചതുരൻ=സമർത്ഥൻ. പര്യാ-ദക്ഷൻ, പേശലൻ, സൂത്ഥാനൻ, പടു.

ചതുരാനനൻ=ബ്രഹ്മാവു്.

ചതുർഭദ്രം=സമനിലയിലുള്ള ധർമ്മാർത്ഥകാമമോക്ഷങ്ങൾ (പുരുഷാർത്ഥങ്ങളുടെ ഒന്നിച്ചുള്ള പേരു്.)

ചതുർഭുജൻ=ബ്രഹ്മാവു്.

ചതുവ്വർഗ്ഗം = മോക്ഷമുൾപ്പടെയുള്ള പുരുഷാർത്ഥങ്ങൾ. (ധർമ്മം, അർത്ഥം, കാമം, മോക്ഷം ഇവ പുരുഷാർത്ഥങ്ങൾ.)

ചതുർഹായണി = വയസ്സുചെന്ന പശു.

ചതുഷ്പഥം = നാലുവഴി കൂടിയ സ്ഥലം. പര്യാ-ശൃംഗാടകം.

ചത്വരം = മുററം. പര്യാ-അങ്കണം, അജിരം.

ചൻ = നാ-1. ചന്ദ്രൻ, 2. ശിവൻ, 3. കള്ളൻ.

ചന = കിം ശബ്ദത്തോടു ചേർന്നുവരുന്ന ഒരവ്യയശബ്ദം. (ഉദാ-കിംചന, കശ്ചന, കാചന)

ചനകം = കടല.

ചന്ദനാലയം = സഹ്യപർവ്വതം, പര്യാ-മലയം.

ചന്ദ്രകം = മയിൽപീലി. പര്യാ-മേചകം, ബർഹം.

ചന്ദ്രഭാഗ = ഒരു നദി.

ചന്ദ്രവാല = പേരേലം. പര്യാ-പൃത്ഥ്വീക, നിഷ്കുടി, ബഹുല.

ചന്ദ്രശേഖരൻ = ശിവൻ.

ചന്ദ്രസംജ്ഞം = കർപ്പൂരം. (ചന്ദ്രന്റെ പേരെല്ലാം കർപ്പൂരത്തിനും വരും)

ചന്ദ്രമസ്സ് = ചന്ദ്രൻ.

ചപല = നാ. 1. മിന്നൽ, 2. ലക്ഷ്മി, 3. വേശ്യ, 4. തിപ്പലി 5. നാക്കു്.

ചപേടം = കൈപ്പടം (ഉള്ളംകൈയ്) പര്യാ-പ്രതലം, പ്രഹസ്തം, ചപ്പടം.

ചമരം = വെൺചമരിമാൻ.

ചമൽകാരം = ഒരുക്കം, അലങ്കാരം.

ചമൽകാരം = ആഹ്ളാദജനകമായ ധർമ്മം (സ്വഭാവം.)

ചമസം - യാഗപാത്രം.

ചമസി = അരിമാവു്.

ചമൂ = സൈന്യം. പര്യാ-വരൂഥിനി, അനീകിനി, പൃതന, ധ്വജിനി, വാഹിനി.

ചമൂരു = ഒരുജാതി മാൻ.

ചമ്പു = ഗദ്യപദ്യമിശ്രമായ ഒരു വക ശ്രവ്യകാവ്യം.

ചമ്പ്രം = വികൃതം.

ചയം = ചാരുമതിൽ. (കോട്ടയെന്നും അർത്ഥം കാണുന്നു) പര്യാ-വപ്രം.

ചരകം = ഒരു വൈദ്യശാസ്ത്രം. (ഇതിന്റെ കർത്താവു ചരകമഹർഷിയാണു്. ഈ ചരകൻ, "പതഞ്ജലി"യാണെന്നു ചരകവ്യാഖ്യാതാവായ ചക്രപാണി പറയുന്നു.)

ചരണായുധം = കോഴി.

ചരമം = നാ-1. ഒടുവിലത്തേതു് 2. പടിഞ്ഞാറു്, 3. അവസാനം, 4. പിമ്പിലുള്ളതു്.

ചരമാദ്രി = അസ്തമയപർവ്വതം.

ചരാചരം = ഇളകുന്നതും ഇളകാത്തതും (ജീവനുള്ളതും ഇല്ലാത്തതും.)

ചരാവം=നാ. 1. ചട്ടി, 2. വിളക്ക്.

ചരു=ഒരുവക യാഗപാത്രം യാഗാൎത്ഥം തയാർചെയ്യുന്ന ചോറെന്നും അൎത്ഥം കാണുന്നു.)

ചൎച്ച=നാ. 1. സുഗന്ധലേപനം 2. വിചാരണ, 3. വിവാദം.

ചൎച്ചിക=ചാമുണ്ഡാദേവി.

ചൎച്ചിതം=നാ. 1. പൂശിയതു്, 2. വ്യാപിച്ചതു്.

ചൎമ്മദണ്ഡം=ചമ്മട്ടി. പൎയ്യാ-കശ.

ചൎമ്മപ്രഭേദിക=തോലുളി. പൎയ്യാ-ആര.

ചൎമ്മപ്രസേവിക=ഉല. പൎയ്യാ-ഭസ്ത്ര.

ചൎമ്മി=വാളും പരിചയും ധരിച്ചവൻ. പൎയ്യാ-ഫലകപാണി.

ചൎയ്യ=മുനിവൃത്തി, മനസ്സംയമനപരമായ അനുഷ്ഠാനം.

ചൎഷിണി=വേശ്യാസ്ത്രീ.

ചലദലം=അരയാൽ. പൎയ്യാ-ബോധിദ്രുമം, പിപ്പലം, കുഞ്ജരാശനം.

ചവിക=കാട്ടുതിപ്പലി. പൎയ്യാ-ശ്രേയസി, വശിരം, ചവ്യം. ഇതു് വാതകഫജങ്ങളായ എല്ലാ രോഗങ്ങൾക്കും നന്നു്.

ചഷകം=മദ്യം ഒഴിച്ചുകുടിക്കുന്ന പാത്രം; സാധാരണ പാനപാത്രമെന്നും പറയാം.

ചഷാലം=യജ്ഞസ്തംഭത്തിന്റെ മുകളിൽ വട്ടമായി ഉണ്ടാക്കിവയ്ക്കുന്ന സാധനം. പൎയ്യാ-യൂപകടകം.

ചക്ഷുഃശ്രവണം=പാമ്പു്.

ചക്ഷുസ്സ്=കണ്ണ്. പൎയ്യാ-നേത്രം, നയനം, ദൃക്, ലോചനം.

## ചാ

ചാക്രികൻ-മണിയടിക്കുന്നവൻ.

ചാടകൈരം-ഊൎക്കുകിലിന്റെ വെൺകുട്ടി.

ചാടുകാരൻ=ഇഷ്ടം പറയുന്നവൻ (വിനോദം പറയുന്നവൻ)

ചാടുകാരം=രത്നജാതി മാല.

ചാണക്യൻ=അൎത്ഥശാസ്ത്രത്തിന്റെ കൎത്താവു്. ഇയ്യാൾക്കു കൗടില്യനെന്നും പേരുണ്ടു്.

ചാതകം=വേഴാമ്പൽപക്ഷി. പൎയ്യാ-സാരംഗം, സ്തോകകം.

ചാപം=വില്ലു്. പൎയ്യാ-ധനുസ്സ്, ശരാസനം, കാൎമ്മുകം, ഇഷ്വാസം.

ചാമീകരം=സ്വൎണ്ണം.

ചാമ്പേയം=നാകമരം. പൎയ്യാ-കേസരം, കാഞ്ചനാഹ്വയം, നാഗകേസരം.

ചായൽ=തലമുടി (തലമുടിയെന്ന അൎത്ഥത്തിൽ ഈ വാക്കു ശരിയല്ലെന്നും പക്ഷമുണ്ടു്.)

ചാരൻ=വാൎത്തയറിയാൻ വേഷം മാറി നടക്കുന്നവൻ. പൎയ്യാ-അപസൎപ്പൻ, പ്രണിധി, സ്പശൻ, ഗൂഢപുരുഷൻ.

ചാരടി=ഓരിലത്താമര. പര്യാ-അവ്യഥ, പത്മ, പത്മചാരിണി. ഇതു മോഹാലസ്യം, അപസ്മാരം, ഛർദ്ദി ഇവയെ ശമിപ്പിക്കും.

ചാരണൻ=വേഷക്കാരൻ(നടൻ)

ചാരു=മനോഹരം. പര്യാ-രുചിരം, സുഷമം, രുച്യം, മഞ്ജുളം.

ചാർവാകൻ= പ്രത്യക്ഷപ്രമാണവാദി (നിരീശ്വരവാദി.) ചാർവ്വാകപക്ഷത്തിൽ ദേഹം ആത്മാവാണ്.

ചാലനി=അരിപ്പുകുട്ട (എടച്ചിൽ) പര്യാ-തിതഉ.

ചാവേരന്മാർ= സാമൂതിരിയുടെ ഒരുവക ഭടന്മാർ.

ചാഷം=കാട്ടുകാക്ക. പര്യാ-കികി, ദിവി.

ചാക്ഷുഷം=കണ്ണിനു വിഷയമായ.

## ചി

ചികിത്സകൻ=വൈദ്യൻ.

ചികുരം=തലമുടി.

ചിക്കണം=നെയ് മുതലായവ ചേർത്തു കൊഴുപ്പുവരുത്തിയ ആഹാരസാധനം. പര്യാ-മസൃണം, സ്നിഗ്ദ്ധം.

ചിക്കസം=യവം മുതലായവ അരച്ചുണ്ടാക്കിയ മാവ്.

ചിഞ്ച=പുളി. പര്യാ-തിന്തിഡീക, അമ്ലിക.

ചിത്(ദ്)=നാ-1. ജ്ഞാനം 2. കിംശബ്ദത്തോടുചേരുന്ന ഒരു പ്രത്യയം.

ചിത=പട്ടട, ശവംദഹിപ്പിക്കുന്ന സ്ഥലം.

ചിത്തു്=ബോധം, (മനസ്സ്)

ചിത്തം=മനസ്സ്.

ചിത്യ=പട്ടട. പര്യാ-ചിതി, ചിത.

ചിത്രം=നാ-1. ആശ്ചര്യം, 2. പടം.

ചിത്രകം=തൊട്ടുകുറി, പര്യാ-തമാലപത്രം, തിലകം, വിശേഷകം.

ചിത്രകാരൻ=ചിത്രമെഴുതുന്നവൻ, പര്യാ-രംഗാജീവൻ.

ചിത്രതണ്ഡുല=വിഴാലരി. പര്യാ-വിഡംഗം, തണ്ഡുല, കൃമിഘ്നം. ഇതു് അഗ്നിമാന്ദ്യം, വിഷം, കൃമി ഇവയെ ശമിപ്പിക്കും.

ചിത്രഭാനു=നാ-1. അഗ്നി 2. സൂര്യൻ.

ചിത്ര=എലിച്ചെവി. പര്യാ-വൃഷ, ദ്രവന്തി, ശംബരി, ഉപചിത്ര. ഇതു് ആനാഹം, ജ്വരം, വയറുവേദന ഇവയെ ശമിപ്പിക്കും.

ചിന്നം=കോപം.

ചിപിടകം=അവൽ. പര്യാ-പൃഥുകം, ചിപിടം.

ചിബുകം=താടി.

ചിരം=അധികസമയം. പര്യാ-ചിരായ, ചിരാൽ, ചിരസ്യ, ചിരേണ.

ചിരക്രിയൻ=മടിയൻ.

ചിരഞ്ജീവി=നാ-1. കാക്ക 2. അധികകാലം ജീവിക്കുന്നവൻ.

ചിരണ്ടി=യൗവനം ആരംഭിച്ച സ്ത്രീ. പര്യാ-സുവാസിനീ, ചിരിണ്ടീ.

ചിരന്തനം=വളരെക്കാല മായുള്ളതു്.

ചിരിവില്വം=ഉങ്ങുമരം. പര്യാ-കരഞ്ജം, നക്തമാലം, കരഞ്ജകം. ഇതു വാതത്തെ ശമിപ്പിക്കും.

ചില=വില്ലു്.

ചില്ലൻ=ചീമ്പക്കണ്ണൻ.

ചില്ലി=പുരികക്കൊടി. പര്യാ- ഭ്രൂ.

ചിലിചിമം=കൊഞ്ചു്. പര്യാ-നളമീനം, ചിലിചിമി.

ചിഹ്നം=അടയാളം. പര്യാ-അങ്കം, ലാഞ്ഛനം, ലക്ഷ്മ, ലക്ഷണം.

## ചീ

ചീനം=ഒരുജാതി മാൻ.

ചീട=ഒരുതരം പലഹാരം.

ചീരം=മരവിരി. പര്യാ-ചീവരം വൽക്കലം.

ചീരുക=ചീവീടു്. പര്യാ-ഭൃംഗാരി, ചീരി, ഝില്ലി, ചീലിക.

ചീല്ലിചിമം=ചെമ്മീൻ.

## ചു

ചുക്രം=ഞെരിഞ്ഞാമ്പുളി.

ചുടർ=അഗ്നി, പ്രകാശം.

ചുഞ്ചു=സമർത്ഥൻ. ഈ വാക്കു സാധാരണ സമാസഗതമായിട്ടേവരൂ.

ചുല്ലൻ=ചീമ്പക്കണ്ണൻ.

ചുല്ലി=അടുപ്പു്.

ചുളുകം=ഉള്ളംകയ്യു്.

## ചൂ

ചൂചുകം=മുലക്കണ്ണു്.

ചൂഡ=കുടുമമി. പര്യാ-ശിഖ, കേശപാശം.

ചൂഡാമണി=ശിരോരത്നം.

ചൂതം=മാവു്.

ചൂതാസ്ത്രൻ=കാമദേവൻ.

ചൂരു്=മണം.

ചൂർണ്ണം=നാ-1. ചുണ്ണാമ്പു് 2. പൊടി.

ചൂർണ്ണകുന്തളം=കുറുനിര, പര്യാ-അളകം, കുരളം.

ചൂർണ്ണി=പെരിയാറു്.

ചൂളികാ=നാ-1. ആനയുടെ ചെവിയുടെ ചുവടു് 2. നാടകത്തിലെ പഞ്ചസന്ധ്യവസ്ഥകളിൽ ഒന്നു്.

ചൂഴവും=ചുററും.

## ചേ

ചേടകൻ=ഭൃത്യൻ (ദാസൻ.) പ

ര്യാ-ദാസേയൻ, ഗോപ്യകൻ, നിയോജ്യൻ, പ്രൈഷ്യൻ.

ചേതന=നാ-1. ജീവൻ. 2. ജ്ഞാനം.

ചേത്=എങ്കിൽ.

ചേതകി=കടുക്ക. പര്യാ-ഹരീതകി, പൂതന, അഭയ, ശിവ.

ചേതസ്സ്=ഹൃദയം.

ചേരലം=കേരള ശബ്ദത്തിന്റെ പൂർവ്വരൂപം.

ചേരച്ചട്ട=ചിരട്ട എന്നതിന്റെ പൂർവ്വരൂപം.

ചേരക്കായ്=കരിയ്ക്കു് എന്നതിന്റെ പൂർവരൂപം.

ചേലം=വസ്ത്രം. പര്യാ-വാസസ്സ്, വസനം, അംശുകം, ആച്ഛാദനം.

ചേവടി=കാലു്. പര്യാ-പാദം ചരണം, വത്തു്

## ചൈ

ചൈത്യം=ദേവാലയം. പര്യാ-ആയതനം (യജ്ഞസ്ഥാനമെന്നും അർത്ഥമുണ്ടു്.)

ചൈതന്യം=നാ-1. ചേതനയുടെ ഭാവം 2. വീര്യം.

ചൈത്രം=ചൈത്രമാസം (മേടമാസം.)

ചൈത്രരഥം=കുബേരന്റെ പുഷ്പവാടി.

ചൈദ്യൻ=ചേദിരാജ്യത്തെ രാജാവു് (ശിശുപാലൻ.)

## ചൊ

ചൊക്കൻ=നാ-1. കുരങ്ങു് 2. നേതാവു്.

ചൊടി=നാ-1. ചുണ്ടു് 2. ഉത്സാഹം 3. കോപം 4. വേഗം.

ചൊരികലമുണി=ലുബ്ധൻ.

ചൊരുക്ക =നാ-1. ലഹരി 2. വക.

## ചോ

ചോമം=നാ-1. വാഴപ്പഴം 2. വനദേവതകൾ.

ചോദനം=പ്രേരണം.

ചോദനി=കൊടിത്തൂവ.

ചോരൻ=കള്ളൻ.

ചോരപുഷ്പി=ചണ്ണാക്കൂവ. പര്യാ-ശംഖിനീ, കേശിനീ.

ചോരി=ചെമന്ന.

ചോല=ഉറവിടം.

ചോളം=കുപ്പായം. പര്യാ-കൂർപ്പാസം, ചോളി, ചോളകം.

## ചൌ

ചൌരൻ=കള്ളൻ.

ചൌര്യം=കള്ളം (മോഷണം.)

ചൌളം=ചൂഡാകർമ്മം (ബ്രാഹ്മണജാതിയിൽ മൂന്നുവയസ്സാകുമ്പോൾ കുട്ടിക്കു പുറപ്പുമുടി കളയുന്ന കർമ്മം.)

## ച്യു

ച്യുതം=വീണതു്. പര്യാ-സ്രസ്തം, ഭ്രഷ്ടം, സ്കന്നം, ഗളിതം.

ച്യുതസംസ്കാരം=ഒരു കാവ്യദോഷം. (വ്യാകരണവിരുദ്ധമായ പ്രയോഗമാണു ലക്ഷണം.)
ച്യുതി=നാ-1. നാശം 2. വീഴ്ച.

## ഛ

ഛഗലം=കോലാട്ട്. പര്യാ-സ്തഭം, ഛാഗം, ബസ്തം, അജം.
ഛഗലൻ=അത്രിമഹർഷി.
ഛഗലാംഘ്രി=മറിക്കുന്നി. പര്യാ-ആവേഗി, വൃക്ഷഗന്ധ, വൃദ്ധദാരകം, ജൂംഗം. ഇതു ശോഫം, കൃമിരോഗം, വാതം ഇവയെ ശമിപ്പിക്കും.
ഛടാ=നാ-1. സമൂഹം 2. രശ്മി.
ഛത്മം=കള്ളം. പര്യാ-ചൌരം, സ്തേയം, ഛലം, മൃഷാ.
ഛത്രം=കുട. പര്യാ-ആതപത്രം.
ഛത്ര=നാ-1. കുടപ്പുല്ല് 2. കൊത്തമല്ലി. 3. കൂൺ.
ഛദം=നാ-1. ഇല 2. ചിറക് 3. വസ്ത്രം.
ഛദനം=ഇല. പര്യാ-പത്രം, പലാശം, ദലം, പർണ്ണം.
ഛന്ദസ്സ്=അഭിപ്രായം. നാ-1. വേദം 2. പദ്യസാഹിത്യത്തിൽ ഓരോ വൃത്തത്തിലും ഇത്ര അക്ഷരമുണ്ടായിരിക്കണമെന്ന ക്ലിപ്തത. (ഇതിനു 'ഛന്ദ'മെന്നും രൂപമുണ്ട്.)
ഛന്നം=മറയ്ക്കപ്പെട്ടതു്. പര്യാ-ഛാദിതം.

ഛലം=നാ-1. വ്യാജം 2. വഞ്ചന.
ഛവി=പ്രഭ. പര്യാ-ദ്യുതി, രുചി, തിട്ട്.

## ഛാ

ഛാഗം=കോലാട്ട്.
ഛാതം=മെലിഞ്ഞതു്, ക്ഷീണിച്ചതു്. പര്യാ-അമാംസം, ദുർബ്ബലം.
ഛാത്രൻ=ശിഷ്യൻ. പര്യാ-അന്തേവാസി.
ഛാദിതം=മറയ്ക്കപ്പെട്ടതു്. പര്യാ-പിഹിതം, തിരോഹിതം, വ്യവഹിതം, അന്തർഹിതം.
ഛാന്ദസൻ=വേദം പഠിച്ചവൻ. (ഛാന്ദസികൻ എന്നും പാഠമുണ്ട്.)
ഛായ=നിഴൽ. നാ-1. സൂര്യന്റെ ഭാര്യ 2. കാന്തി 3. പ്രതിബിംബം.
ഛായാനാഥൻ=സൂര്യൻ.
ഛായാപുത്രൻ=ശനി. പര്യാ-മന്ദൻ, പംഗു, ശനൈശ്ചരൻ.

## ഛി

ഛിക്ക=തുമ്മൽ. പര്യാ-ക്ഷുതം, ക്ഷവം.
ഛിതം=മുറിയ്ക്കപ്പെട്ടതു്. പര്യാ-കൃത്തം, ദാതം, ലൂനം, വൃക്ണം.
ഛിദി=കോടാലി. പര്യാ-പരശു, പരശ്വധം.

ഛരിദ്രം=ദ്വാരം. നാ-1. കലഹം 2. കുററം.

ഛരിന്നരുഹ=ചിററമൃതു്.

## ഛു

ഛുദ്രം=രശ്മി. നാ-1. പ്രതിക്രിയ.

ഛുരിക=ചുരിക. പര്യാ-അസിപുത്രി, അസിധേനു, ശസ്ത്രി.

ഛുരിതം=പൂശിയതു്, ചിതറിയതു്.

ഛുരിതകം=പൊട്ടിച്ചിരി.

## ഛേ

ഛേകൻ=പണ്ഡിതൻ, സമർത്ഥൻ.

ഛേകം=വളർത്തുപക്ഷി, മാൻ മുതലായതു്.

ഛേദനം=മുറിയ്ക്കുക.

## ഛോ

ഛോടികൻ= മീൻപിടിത്തക്കാരൻ.

ഛോലംഗം=ചെറുനാരങ്ങ. പര്യാ-ജംഭം, ജംഭീരം, ജംഭളം.

## ജ

ജഗച്ചക്ഷുസ്സ്=ആദിത്യൻ.

ജഗതി=ലോകം. നാ-1. ഒരു ഛന്ദസ്സ് 2. ഭൂമി.

ജഗത്പ്രാണൻ=കാററു്.

ജഗരം=പടച്ചട്ട. പര്യാ-ഉരച്ഛദം, കങ്കടകം, കവചം.

ജഗലം=കൊഴുത്ത മദ്യം. പര്യാ-മേദകം.

ജഗ്ധി=ഊണു്. പര്യാ-ജേമനം, ഭോജനം, ന്യാദം, സഗ്ധി, നിഘസം.

ജഘനം=സ്ത്രീകളുടെ അരക്കെട്ടിന്റെ മുൻഭാഗം.

ജഘന്യജൻ=അനുജൻ. പര്യാ-കനിഷ്ഠൻ, യവീയാൻ, അവരജൻ, കനീയാൻ.

ജൻ=നാ-1. ശിവൻ 2. വിഷ്ണു 3. ജേതാവു്.

ജംഘ=കണങ്കാൽ. പര്യാ-പ്രസൃത.

ജംഘാകാരികൻ=ഓട്ടക്കാരൻ. (ദൗത്യം മുതലായവകൊണ്ടു് ഓടിനടക്കുന്നവൻ.) പര്യാ-ജാംഘികൻ.

ജംഘാലൻ= അതിവേഗത്തിൽ നടക്കുന്നവൻ. പര്യാ-അതിജവൻ.

ജട=നാ-1. കൂട്ടിപ്പിണഞ്ഞ തലമുടി 2. മാഞ്ചി 3. വേരു്.

ജഠരം=വയറു്. പര്യാ-തുന്ദം, പിചണ്ഡം, കുക്ഷി, ഉദരം.

ജഡൻ=അറിവില്ലാത്തവൻ. പര്യാ-അജ്ഞൻ.

ജഡുലം=ശരീരത്തിലെ കറുത്ത പുള്ളി. പര്യാ-കാളകം, പിപ്ലു.

ജതു=കോലരക്കു്. പര്യാ-ലാക്ഷ, യാവം.

ജതുക=വവ്വാൽ. പര്യാ-അജിനപത്ര.

ജതുകം=പെരുങ്കായം. പര്യാ-ഹിംഗു, രാമഠം, ബാൽഹീകം.

ജതുക=നാ-1. കരിങ്കച്ചോലം 2. വവ്വാൽ.

ജത്രു=പൂണെല്ലു്.

ജനകൻ=അച്ഛൻ. പര്യാ-താതൻ, അഭിജനൻ, പിതാ.

ജനംഗൻ=തീണ്ടൽജാതിക്കാരൻ (ചണ്ഡാലൻ.)

ജനത=ജനസമൂഹം.

ജനനം=ഉത്ഭവം. നാ-വംശം.

ജനനി=അമ്മ. പര്യാ-ജനിയിത്രി, മാതാ, പ്രസവിത്രി.

ജനപദം=രാജ്യം. പര്യാ-നീവൃത്തു്.

ജനശ്രുതി=കേട്ടുകേഴ്‌വി.പര്യാ-കിംവദന്തി.

ജനാർദ്ദനൻ=മഹാവിഷ്ണു.

ജനാശ്രയം=കളിത്തട്ടു്. പര്യാ-മണ്ഡപം.

ജനി=ഉല്പത്തി. പര്യാ-ജനുസ്, ജന്മം, ഉത്ഭവം, ജനനം.

ജനീ=പുത്രന്റെ ഭാര്യ. പര്യാ-സ്നുഷ.

ജന്തുഫലം=അത്തി. പര്യാ-ഉദുംബരം, യജ്ഞാംഗം, ഹേമദുഗ്ദ്ധകം, അത്തിപ്പഴം. ഇവ ദീപനവും രുചികരവും പിത്തനാശകവുമാണു്.

ജന്യം=യുദ്ധം. നാ-1. വരന്റെ ഇഷ്ടജനം.

ജപ=ചെമ്പരത്തിപ്പൂവു്. പര്യാ-ഓണ്ഡ്റപുഷ്പം. (ജപ, ചെമ്പരത്തിയുടെ പേരാണെന്നും പക്ഷമുണ്ടു്.)

ജമനം=ഭക്ഷണം (ഊണു്.)

ജമദഗ്നി=ഒരു മഹർഷി (പരശുരാമന്റെ അച്ഛൻ.)

ജംബാലം=ചെളി. നാ-1. നീർവാളം 2. കടലാവണക്കു്.

ജംബീരം=കർപ്പൂരത്തുളസി, അഥവാ സമുദ്രപ്പച്ച. പര്യാ-സമീരണം, ഫണിജ്ഝകം, മരുവകം.

ജംബു=ഞാവൽ.

ജംബുകൻ=കുറുക്കൻ.

ജംഭം=ചെറുനാരകം.

ജംഭീരം=ചെറുനാരകം.

ജംഭലം=ചെറുനാരകം (ഉപചാരംകൊണ്ടു്, ചെറുനാരങ്ങയെന്നും അർത്ഥമുണ്ടു്.)

ജംഭരിപു=ഇന്ദ്രൻ.

ജയനം=ആന, കുതിര മുതലായവയ്ക്കുള്ള ചട്ട. നാ-ജയം.

ജയന്തൻ = ഇന്ദ്രന്റെ പുത്രൻ. പര്യാ-പാകശാസനി.

ജയ=കടുക്ക. നാ-1. പാർവ്വതിയുടെ ഒരു തോഴി 2. കഞ്ചാവു്.

ജരഠം=മുരടിച്ചതു്, കഠിനമായതു്. പര്യാ-ക്രൂരം, നിഷ്ഠൂരം ദൃഢം, മൂത്തം.

ജരണം=ജീരകം. നാ-1. വാർദ്ധക്യം 2. കായം.

**ജരദ്ഗവം**= പ്രായംചെന്നകാള (മുതുകാള.)

**ജരായു**=നാ-1. മറുപിള്ള 2. പാമ്പിൻപടം.

**ജരായുജം**= പ്രസവിച്ചുണ്ടായതു് (ചരാചരവസ്തുക്കളെ, ഉത്പത്തി പ്രമാണിച്ച് നാലായി തിരിച്ചിട്ടുണ്ട്: പ്രസവിച്ചുണ്ടാകുന്നതു്, മുട്ടയിൽനിന്നുണ്ടാകുന്നതു്, വിയപ്പിൽനിന്നുണ്ടാകുന്നതു്, മുളച്ചുണ്ടാകുന്നതു് ഇങ്ങനെ. ഇവയ്ക്കു യഥാക്രമം, ജരായുജം,അണ്ഡജം, സ്വേദജം, ഉദ്ഭിജം ഇപ്രകാരം പേരു്.)

**ജർജ്ജരം**=നാ-1. പഴയ 2. തകന്ന 3. കീറിയ 4. പൊടിഞ്ഞ.

**ജർത്തിലം**=കാട്ടെള്ളു്. പര്യാ-തിലപേജം, തിലപിഞ്ജം.

**ജലനീലി**=പായൽ.പര്യാ-ശൈവാലം, ശൈവലം.

**ജലനിർഗ്ഗമം**=ഉറവു്.

**ജലമുക്ക്**=മേഘം.

**ജലവ്യാളം**=നീർക്കോലി.

**ജലശുക്തി**=പിരിശംഖ്.പര്യാ-ക്ഷുദ്രശംഖം, ശംഖനകം.

**ജല്പാകൻ**=നിന്ദ്യമായധികം പറയുന്നവൻ. പര്യാ-വാവദൂകൻ, വാചാലൻ, ബഹുഗർഹ്യവാക്.

**ജവൻ**=വേഗം നടക്കുന്നവൻ പര്യാ-തരസ്വീ, ത്വരിതൻ, പ്രജവി.

**ജവനം**=വേഗം. പര്യാ-ജൂതി.

**ജവനിക**= മറത്തുണി (വെളിയട.) പര്യാ-പ്രതിസീര, തിരസ്കരണി.

**ജഹത്തു്**=ഉപേക്ഷിക്കുന്നതു്.

**ജഹല്ലക്ഷണ**= സ്വാർത്ഥത്തെ മുഴുവൻ ഉപേക്ഷിക്കുന്ന ലക്ഷണ. ഇതിനു വിപരീതലക്ഷണ യെന്നും സംജ്ഞയുണ്ടു്.

**ജളൂകം**=അട്ട. പര്യാ-ജളൗകം, രക്തപം, ജളൗകസ്.

## ജാ

**ജാഗരം**=ഉണന്നിരിക്കുക. പര്യാ-ജഗര്യ, ജാഗരണം, ജഗത്തി, ജാഗ്രിയ.

**ജാഗരൂകൻ**=ഉത്സാഹമുള്ളവൻ.

**ജാംഗലികൻ**= വിഷവൈദ്യൻ. നാ- 1. പാമ്പിനെ പിടിക്കുന്നവൻ.

**ജാംഗുലം**=വിഷവൈദ്യം. (വിഷമിറക്കാനുള്ള മന്ത്രമെന്നും അർത്ഥം കാണുന്നു)

**ജാതരൂപം**=സ്വർണ്ണം.

**ജാതവേദസ്സ്**=അഗ്നി.

**ജാതി**=പിച്ചകം. പര്യാ-മാലതി സുമനസ്സ്.

**ജാതീകോശം**=ജാതിക്കാ. പര്യാ-ജാതീഫലം.

**ജാതു**=ഒരിക്കൽ. പര്യാ-ഏകദാ, കദാചിത്, ജാതുചിത്, കദാചന.

ജാതുഷം= അരക്കുകൊണ്ടുണ്ടാക്കിയതു്.

ജാതോക്ഷ.=കാളക്കുട്ടി. പര്യാ-തണ്ണകം.

ജാനു=കാൽമുട്ടു്.

ജാമാതാ=മകളുടെ ഭത്താവു്. പര്യാ-ദുഹിതൃപതി.

ജാമി=നാ-1. സഹോദരി 2. കുലസ്ത്രീ.

ജാമിത്രം=ഏഴാമിടം (കളത്രസ്ഥാനം.)

ജാംബൂനദം=സ്വൎണ്ണം.

ജായ=ഭായ്യ.

ജായകം=പീതചന്ദനം.

ജായാജീവൻ=നടൻ.

ജായാപതികൾ=ദമ്പതികൾ(ജമ്പതികളെന്നും പാഠമുണ്ടു്.)

ജായു=ഔഷധം. പര്യാ-ഭേഷജം, ഭൈഷജ്യം, അഗദം.

ജാലം=നാ-1. സമൂഹം 2. വല 3. ജന്നൽ 4. പൂമൊട്ടു്.

ജാലകം=പൂമൊട്ടു്. പര്യാ-മുകുളം,കലിക,കോരകം, കുഡ്മളം.

ജാലികൻ=ജാലവിദ്യക്കാരൻ. നാ-1. മുക്കുവൻ 2. ചതിയൻ.

ജാല്മൻ=ആലോചിക്കാതെ പ്രവൎത്തിക്കുന്നവൻ.

ജാഹ്നവി=ഗംഗ.

ജാളികം=പണസഞ്ചി.

## ജി

ജിഗമിഷ=പോകാനുള്ള ആഗ്രഹം.

ജിഗീഷു=ജയേച്ഛു.

ജിഘത്സു=വിശപ്പുള്ളവൻ. പര്യാ-ക്ഷുധിതൻ, ബുഭുക്ഷിതൻ, അശനായിതൻ.

ജിഘൃക്ഷ=ഗ്രഹിക്കാനുള്ള ഇച്ഛ (ഭക്ഷണേച്ഛ)

ജിംഗി=മഞ്ചട്ടി. പര്യാ-വികസ, സമംഗ, കാളമേഷിക. ഇതു കഫദോഷം, വ്രണം, നേത്രരോഗം ഇവയെ ശമിപ്പിക്കും.

ജിത്വരൻ=ജയശീലൻ. പര്യാ-ജിഷ്ണു, ജേതാവു്.

ജിനൻ=ബുദ്ധൻ.

ജിഷ്ണു=നാ-1. അജ്ജുനൻ 2. ഇന്ദ്രൻ 3. ജയസ്വഭാവമുള്ളവൻ.

ജിഹ്മം=വളഞ്ഞതു്.

ജിഹ്മഗം=പാമ്പു്.

ജിഹ്വ=നാക്കു്. പര്യാ-രസന, ജിഹ്വിക.

## ജീ

ജീനൻ=വൃദ്ധൻ. പര്യാ-സ്ഥവിരൻ, പ്രവയസ്സു്, ജീണ്ണൻ, ജരൻ.

ജീമൂതം=മേഘം.

ജീവകൻ=നാ-1. ഭൃത്യൻ 2. പാമ്പിനെ പിടിക്കുന്നവൻ.

ജീവനം=നാ-1. വെള്ളം 2. ജോലി.

ജീവനി=അടപതിയൻ. പൎയ്യാ-ജീവന്തി, ജീവ, ജീവനീയ, മധുസ്രവ.

ജീവാതു=ജീവിപ്പിക്കുന്ന മരുന്നു്. പൎയ്യാ-ജീവനൌഷധം.

ജീവികാ=ജീവിതോപായം. പൎയ്യാ-വൃത്തി, വൎത്തനം, ജീവനം.

ജീവിതേശൻ=നാ-1. ഭൎത്താവു് 2. കാലൻ.

## ജു

ജുഗുപ്സ=നിന്ദ.

ജുംഗം=മറിക്കുന്നി.

ജുതുമം=മിഥുനംരാശി.

ജുഹൂ=ഹോമപാത്രം.

ജുഷ്ടം=സേവിക്കപ്പെട്ടതു്.

## ജൂ

ജൂകം=തുലാംരാശി.

ജൂതി=വേഗം.

ജൂൎത്തി=ജ്വരം.

## ജൃ

ജൃംഭം=കോട്ടുവാ. പൎയ്യാ-ജൃംഭണം.

ജൃംഭ=മൂരിയിടുക.

ജൃംഭിതം=വൎദ്ധിച്ചതു്,വീൎത്തതു്.

## ജേ

ജേതാവു്=ജയശീലൻ.

ജേമനം=ഭക്ഷണം. പൎയ്യാ-ജേയൻ, ജയശീലൻ.

## ജൈ

ജൈത്രം=ജയിക്കശീലമുള്ള.

ജൈമിനീ=പൂൎവ്വമീമാംസയുടെ ഉപജ്ഞാതാവായ ഒരു മഹൎഷി.

ജൈവാതൃകൻ=നാ-1. ചന്ദ്രൻ 2. ദീൎഘായുസ്സുള്ളവൻ 3. മെലിഞ്ഞവൻ.

## ജോ

ജോംഗകം=അകിൽ. പൎയ്യാ-കൃമിജം, അഗരു, വംശകം, രാജാൎഹം.

ജോഷം=സുഖം, മിണ്ടാതെ, അതിക്രമം, സ്തുതി ഈ അൎത്ഥത്തിലുള്ള ഒരവ്യയം.

ജോഷിത്തു്=സ്ത്രീ.

## ജ്ഞ

ജ്ഞൻ=നാ-1 വിദ്വാൻ. 2.ബുധഗ്രഹം.

ജ്ഞപ്തിതം=അറിയിക്കപ്പെട്ടതു് പൎയ്യാ-ജ്ഞാപിതം, ജ്ഞപ്തം.

ജ്ഞപ്തി=ബുദ്ധി. പൎയ്യാ-പ്രേക്ഷ, ഉപലബ്ധി, സംവിത്, പ്രതിപത്, മതി.

ജ്ഞാതം=അറിഞ്ഞതു്.

ജ്ഞാതസിദ്ധാന്തൻ=ശാസ്ത്രതത്വങ്ങളറിഞ്ഞവൻ. പൎയ്യാ-താന്ത്രികൻ.

ജ്ഞാതി=ഗോത്രമൊന്നായിട്ടുള്ളവൻ (ബന്ധു.) പൎയ്യാ-സഗോത്രൻ, ബാന്ധവൻ, സ്വജനം.

ജ്ഞാതാവ്=അറിയുന്നവൻ. (ജ്ഞാനശീലൻ.) പര്യാ-വിദ്വാൻ, വിദ്വ.

ജ്ഞാതേയം=ബന്ധുത്വം.

ജ്ഞാപകം=നാ-1. കുറിപ്പ് 2 ഓർമ്മ.

ജ്ഞേയം=അറിയത്തക്കതു്.

## ജ്യ

ജ്യ=നാ-1. ഭൂമി 2. ഞാൺ.

ജ്യാനി=വാർദ്ധക്യം. പര്യാ-ജീർണ്ണി

ജ്യായാൻ=നാ-1. വൃദ്ധൻ 2. പ്രശസ്യൻ.

ജ്യൈഷ്ഠം=മിഥുനമാസം.

ജ്യോതിരിംഗണം = മിന്നാമിനുങ്ങ്

ജ്യോതിസ്സ്=നാ-1. നക്ഷത്രം 2. പ്രകാശം 3. ദൃഷ്ടി.

ജ്യോത്സ്ന=ചന്ദ്രിക(നിലാവ്)

ജ്യോതിഷികൻ=ജ്യോത്സ്യൻ.

ജ്യൗത്സ്നി=നിലാവുള്ള രാത്രി

## ജ്വ

ജ്വരിതൻ=ജ്വരരോഗി.

ജ്വലനൻ=അഗ്നി.

ജ്വാല=അഗ്നിനാളം.

## ഝ

ഝൻ=നാ-1. സൂര്യൻ 2. വായു 3. ബൃഹസ്പതി.

ഝം=നാ-1. അണിയറ 2. നഷ്ടം.

ഝംഝാവാതം=മഴയോടുകൂടിയ കാററ്.

ഝട=കിഴുകാനെല്ലി. പര്യാ-തമാലകി, ശിവ, മംഗളകര, താലി.

ഝരം=അരുവിയാറ്. പര്യാ-ഝരിക, നിർഝരം, വാരിപ്രവാഹം, നിർഝരിണി.

ഝല്ലരി=ഉടുക്ക്.

ഝഷം=മീൻ. പര്യാ-വൈസാരിണം, അണ്ഡജം.

ഝഷകേതു=കാമദേവൻ.

## ഝാ

ഝാടലം=വെൺപാതിരി. പര്യാ-ഗോലീഢം, പാടലി, മുഷ്കകം.

ഝാടലി=മൊക്കമരം.

ഝാവുകം=കാഞ്ചിമരം.

## ഝി

ഝിണ്ടി=നീലക്കുറിഞ്ഞി. പര്യാ-ആർത്തഗളം, ബാണം, സൈരീയകം.

ഝില്ലി=നാ-1. ചീവീട് 2. കൈമണി.

ഝില്ലിക=ചീവീട്. പര്യാ-ചീരുക, ഝീരുക, ഝിരുക.

## ഞ

ഞണ്ടു്=ഒരുവക ജലജന്തു. പര്യാ-കുളീരം, കർക്കടം.

ഞമഞ്ഞി=കക്ക. പര്യാ-ശാംബൂകം.

ഞവര=ഒരുതരം നെല്ലു്.

ഞായം=നീതി. ഇതു ന്യായമെന്നതിൻെറ ഭാഷാരൂപമാണു്.

ഞായർ=ആദിത്യൻ.

ഞാറുപെയ്യുക=കൃഷിയിറക്കുക. (സൃഷ്ടിക്കുക

## ട

ടം=നാ-1. ഭൂരി 2. ജനക്കൂട്ടം.

ടങ്കം=കല്ലുളി. പര്യാ-പാഷാണദാരണം.

ടങ്കം=കൈക്കൊട്ടു് (കൊട്ടുവടി.)

ടാങ്കരൻ=കാമുകൻ.

## ടി

ടിട്ടിഭം=കുണുക്കിക്കുലുക്കിപ്പക്ഷി. പര്യാ-ടിട്ടി, കോയഷ്ടികം, ടിട്ടിഭകം, ടിടിഭം.

ടീക=വിഷമപദങ്ങളുടെ വ്യാഖ്യാനം.

## ഠ

ഠൻ=നാ-1. ശിവൻ, 2. അഗ്നി.

ഠക്കുരം=നാ-1. പട്ടി, 2. വിഗ്രഹം.

ഠം=നാ-1. ചന്ദ്രബിംബം, 2. ശൂന്യം.

## ഡ

ഡൻ=ശിവൻ.

ഡമരം=കൊള്ള മുതലായ ദേശോപദ്രവം. പര്യാ-ഡിംബം, വിപ്ലവം.

ഡമരു=ഉടുക്കു്.

ഡയനം=എടുത്തുകൊണ്ടു പോകുന്ന വാഹനം (പല്ലക്കു്, മേനാവു്, തുടങ്ങിയതു്.) പര്യാ-കർണ്ണീരഥം, പ്രവഹണം.

ഡഹു=അയനിപ്ലാവു്. പര്യാ-ലകുചം, അഡഹു, ലികുചം.

ഡാഡിമം=താളിമാതളം. പര്യാ-കരകം, ദാഡിമം. ഇതു വാതരോഗം, പിത്തം, അരോചകം ഇവയെ ശമിപ്പിക്കും.

ഡിണ്ഡിമം=ചെണ്ട. ഒരുജാതി പറയാണെന്നും പക്ഷമുണ്ടു്.

ഡിണ്ഡീരം=നുര. പര്യാ- അബ്ധികഫം, ഫേനം.

ഡിംബം=നാ-1.കലഹം 2. ഉപദ്രവം. 3. കൊള്ള.

ഡിംഭൻ=നാ-1.കൊച്ചുകുട്ടി. 2. അറിവില്ലാത്തവൻ (മൂഢൻ.)

ഡിംഭ=മുലകുടിപ്രായമുള്ള കുട്ടി. പര്യാ-സ്തനപ, സ്തനന്ധയി, ഉത്താനശയ.

ഡുണ്ഡുകം=പലകപ്പയ്യാനി. പര്യാ-മണ്ഡൂകപർണ്ണം, നടം, പത്രോർണ്ണം, ശ്ലക്ഷം. ഇതു് വസ്തിരോഗം, അരുചി, അതിസാരം ഇവയ്ക്കു നന്നു്.

ഡുണ്ഡുഭം=ചേര. പര്യാ-രാജിലം, ഢുണ്ഡുഭം.

ഡുളി=പെണ്ണാമ. പര്യാ-കമഠി, ഢുളി.

ഡോലി=പല്ലക്കു്.

ഡോള=ഊഞ്ഞാൽ. പര്യാ-പ്രേംഖ.

## ഢ

ഢൻ=നാ-1. ദരിദ്രൻ 2. നിർഗ്ഗുണൻ.

ഢക്ക=ഭേരി. പര്യാ-യശഃപടഹം.

ഢാലം=പരിച.

## ണ

ണൻ=ശിവൻ.

ണം=നാ-1. പന്നി 2. ജ്ഞാനം 3. നിശ്ചയം.

## ത

തൻ=കള്ളൻ.

തക്രം=മോര്. പര്യാ-ഗോരസം, ഉദശ്വിത്, അരിഷ്ടം.

തങ്കം=നാ-1. ഭയം 2. രോഗം 3. കല്ലുളി 4. മാററുകൂടിയ പൊന്ന്.

തടം=തീരം. പര്യാ-രോധം, കൂലം, പ്രതീരം.

തടാകം=താമരപ്പൊയ്ക— പത്മാകരം. (ആഴമേറിയതും അകൃത്രിമവുമായ ജലാശയമെന്നും അർത്ഥമുണ്ട്.)

തടിത്ത്=മിന്നൽ. പര്യാ-സൗദാമിനി, വിദ്യുത്ത്, ചഞ്ചല, ചപല.

തടിത്വാൻ=മേഘം.

തടിനി=നദി. പര്യാ-ഹ്രദിനീ, ധുനീ, ശൈവലിനീ, ദ്വീപവതീ, സ്രവന്തി.

തണ്ടകം=നര.

തണ്ഡുലം=വിഴാലരി. (അരിയെന്നും അർത്ഥം കാണുന്നു.)

തണ്ഡുലീയം=ചെറുചീര. പര്യാ-അല്പമാരിഷം. ഇതു വിഷം, അരുചി ഇവയെ ശമിപ്പിക്കും.

തതം=പരന്നത്. പര്യാ-വിസ്തൃതം, വിസ്തൃതം.

തതഃ=അനന്തരം. നാ-1. അവിടെനിന്ന് 2. അതുകൊണ്ട്.

തതി=കൂട്ടം. പര്യാ-നിചയം, ആവലി, നികുരുംബം, സമുദായം, പടലീ, പംക്തി.

തത്കാലം = വർത്തമാനകാലം. പര്യാ-തദാത്വം, ആകാലം ആപാതം.

തത്ത്വം=നാ-1. പതിഞ്ഞ മട്ടിലുള്ള നൃത്തമുദ്രാപ്രദർശനം. 2. പരമാത്മാവ്.

തഥാ=അപ്രകാരം, പോലെ. പര്യാ-വ=വാ, യഥാ, ഇവ, ഏവം.

തഥാഗതൻ=ബുദ്ധൻ.

തഥ്യം=സത്യം. പര്യാ-ഋതം, സമ്യക്, സമീചി.

തദ്=അതുഹേതുവായിട്ട്, അത്.

തദാനീം=അപ്പോൾ. പര്യാ-തദാ.

തനയൻ=പുത്രൻ. പര്യാ-സുതൻ, ആത്മജൻ, തനൂജൻ, ദായാദൻ.

**തനു**= നാ-1. ശരീരം. 2. അല്പം 3. സൂക്ഷ്മം 4. വിസ്താരം.

**തനുത്രം**=കുപ്പായം. പര്യാ-വമ്മ ദംശനം, ഉരച്ഛദം, ജഗരം, കവചം.

**തനൂനപാത്ത്**=അഗ്നി.

**തനൂരുഹം**=നാ-1. രോമം. 2. ചിറക്.

**തന്തു**=നൂല്. പര്യാ-സൂത്രം.

**തന്തുഭം**=കടുക്. പര്യാ-കദംബകം, സഷ്പം, കദംബം.

**തന്തുവായം**=ചിലന്തി. പര്യാ-ഊൎണ്ണനാഭം, ലൂത, മക്കടകം.

**തന്തുവായൻ**= നെയ്ത്തുകാരൻ. പര്യാ-തന്ത്രവാപൻ, കുവിന്ദൻ, കുവിന്ദകൻ.

**തന്തുസന്തതം**=നെയ്യുത്. പര്യാ-സ്യൂതം, ഊതം, ഉതം.

**തന്തുസന്താനം**=നെയ്ത്ത്. പര്യാ-വയനം, സ്യൂതി.

**തന്ത്രം**=നാ-1. ശാസ്ത്രസിദ്ധാന്തം. 2. ഉപകരണം 3. പ്രധാനം 4. നൂൽപാവുക.

**തന്ദ്ര**=മടി. പര്യാ=പ്രമീള, തന്ദ്രി.

**തപം**=നാ-1. ഗ്രീഷ്മകാലം. 2.തപസ്സ് 3. ചൂട്.

**തപനൻ**=ആദിത്യൻ.

**തപനീയം**=സ്വൎണ്ണം.

**തപസ്സ്വിനീ**=നാ-1. മാഞ്ചി. 2. തപസ്സുചെയ്യുന്നവൾ 3.ദീന.

**തമസ്സ്**=നാ-1. ഇരുട്ട്. 2. അജ്ഞാനം 3. തമോഗുണം.

**തമസ്വിനീ**=രാത്രി. പര്യാ=നിശീഥിനീ, ക്ഷണദ, ക്ഷപ, ത്രിയാമ, വിഭാവരി.

**തമാലം**=തൊട്ടകുറി. പര്യാ=തിലകം, ചിത്രകം, വിശേഷകം.

**തമിസ്രം**=ഇരുട്ട്. പര്യാ=തിമിരം, അന്ധകാരം, ധ്വാന്തം.

**തമോനുത്ത്**=നാ-1. സൂര്യൻ. 2 ചന്ദ്രൻ 3. അഗ്നി.

**തരക്ഷു**=ചെറുപുലി. പര്യാ-മൃഗാദനം.

**തരംഗം**=തിര. പര്യാ-വീചി, ഊൎമ്മി, ഭംഗം, കല്ലോലം.

**തരണി**=തോണി(വള്ളം.) പര്യാ-തരി, നൌ, നൌക.

**തരപണ്യം**=കടത്തുകൂലി. പര്യാ-ആതരം.

**തരള**=കഞ്ഞി. പര്യാ-വിലേപി, യവാഗു, ശ്രാണ.

**തരസ്**=പരാക്രമം. പര്യാ-ദ്രവിണം, സഹസ്, സ്ഥാമാവ്, ശുഷ്മം.

**തരസം**=മാംസം. പര്യാ-ക്രവ്യം, ആമിഷം, പലലം.

**തരസ്വീ**=വേഗമുള്ളവൻ. പര്യാ-ത്വരിതൻ, പ്രജവീ, ജവനൻ, ജവൻ.

**തരു**=വൃക്ഷം. പര്യാ-ദ്രുമം, ഭൂരുഹം, ശാഖി, വിടപി, പാദപം, പലാശി.

**തക്കവിദ്യ**=തക്കശാസ്ത്രം (ന്യായശാസ്ത്രം.) പര്യാ-ആന്വീക്ഷികി.

തപ്പണം=തൃപ്തി. പര്യാ-സൗഹിത്യം, പ്രീണനം.

തമ്മം=യജ്ഞസ്തംഭത്തിൻെറ മുകൾഭാഗം. പര്യാ-യൂപാഗ്രം.

തഷം=ദാഹം. പര്യാ=ഉദന്യം, പിപാസ, തൃട്ട്.

തലം=നാ-1. താഴ്ഭാഗം. 2 സ്വരൂപം 3. പ്രദേശം.

തലപ്പ്=നാ-1. അററം, 2. വായ്ത്തല.

തലുനീ=യുവതി. പര്യാ-തരുണി, യൂനി.

തല്ലജം=പ്രശസ്തം (നല്ലതു്.) പര്യാ-മതല്ലിക, മചച്ചിക, പ്രകാണ്ഡം, ഉൽഘം. ഈ ശബ്ദങ്ങൾ ഒന്നും ഒററയ്ക്കു പ്രയോഗിച്ചുകൂടാ. ഉദാ-കാവ്യതല്ലജം മുതലായവ.

തക്ഷാവ്=ആശാരി. പര്യാ-കാരു, ശില്പി.

## താ

താടങ്കം=കാതിലിടുന്ന ഒരുതരം ആഭരണം (പൊന്നോല.) പര്യാ-കണ്ണിക, താലപത്രം.

താണ്ഡവം=നൃത്തം. പര്യാ-നാട്യം, നടനം, ലാസ്യം, നർത്തനം.

താന്ത്രികൻ = ശാസ്ത്രസിദ്ധാന്തമറിയാവുന്നവൻ. പര്യാ-ജ്ഞാതസിദ്ധാന്തൻ.

താപസതരു=ഓടമരം. പര്യാ-ഇംഗുദീ, ഇംഗുദം. ഇതിൻെറ ഫലം ഭക്ഷിക്കുകയും എണ്ണ ഉപയോഗിക്കുകയും ചെയ്യും.

താപിഞ്ഛം=പച്ചിലമരം. പര്യാ-കാളസ്കന്ധം, തമാലം. ഇതു ബലവും ശുക്ലവും വർദ്ധിപ്പിക്കും.

താംബൂലവല്ലി=വെററക്കൊടി. പര്യാ-നാഗവല്ലി, താംബൂലി, ദേഹദ, ശ്രമഭഞ്ജിനി.

താമ്രം=ചെമ്പു്. പര്യാ-മ്ളേച്ഛമുഖം, ശുല്ബം, താമ്രകം, ദ്വ്യഷ്ടം.

താമ്രകുട്ടകൻ=ചെമ്പുകൊട്ടി. പര്യാ-ശുല്ബശില്പി, വരിഷ്ടകാരൻ.

താമ്രചൂഡഃ=കോഴി (പൂവൻ കോഴി.)

താരം=നാ-1. തെളിമുത്തു്. 2. നക്ഷത്രം 3. കണ്ണിലെ കൃഷ്ണമണി 4. നീണ്ട സ്വരം.

താർക്ഷ്യശൈലം=രസാഞ്ജനം പര്യാ-രസഗർഭം, രസാഞ്ജനം.

താലപത്രം=കണ്ണാഭരണം. പര്യാ-കുണ്ഡലം, കർണ്ണവേഷ്ടനം.

താലവൃന്തകം=വിശറി. പര്യാ-വ്യജനം, താലവൃന്തം.

താലാങ്കൻ=ബലഭദ്രൻ. പര്യാ-പ്രലംബഘ്നൻ, കാമപാലൻ, ഹലായുധൻ, മുസലി, സംകർഷണൻ.

താലു=അണ്ണാക്കു്. പര്യാ-കാകുദം.

താവത്=നാ-1. മുഴുവൻ 2. അവധി 3. അവധാരണം.

താവടം=ഒരുജാതി മുത്തുമാല. പര്യാ-ലലന്തിക.

## തി

തികതം=കയ്പുരസം.

തിക്തകം=പടവലം. പര്യാ-കുളകം, പടോലം, പട്ടു.

തിഗ്മം=ചൂട്. പര്യാ-തീക്ഷ്ണം, ഖരം.

തിതഉ=എടച്ചിൽ (അരിക്കാനുള്ള ഉപകരണം.)

തിതിക്ഷ=ക്ഷമ. പര്യാ-ക്ഷാന്തി.

തിത്തിരി=ഒരുതരം പക്ഷി.

തിനിശം=തൊട്ടുകാര. പര്യാ-സ്യന്ദനം, നേമി, അതിമുക്തകം, രഥദ്രു.

തിന്തിഡീകം=പുളി. പര്യാ-തിന്ത്രിണി, ചുക്രം, തിന്ത്രിണീകം.

തിന്ദുകം=കാക്കപ്പനച്ചി. പര്യാ-കാകേന്ദു, കുളകം, കാകപീലു.

തിമിതം=നനഞ്ഞതു്. പര്യാ-ക്ലിന്നം. സ്തിമിതം, സമുന്നം, ഉത്തം.

തിമിരം=നാ-1. ഇരുട്ടു്. 2.ഒരുവക നേത്രരോഗം.

തിരസ്=വിലങ്ങത്തിൽ. പര്യാ-സാചി, തിരശ്ചീനം.

തിരസ്കരണി=തിരശ്ശീല. പര്യാ-യവനിക, ജവനിക, പ്രതിശീര.

തിരീടം=പാച്ചോററി. പര്യാ-ഗാലവം, ശാബരം, ലോധ്റം, തിലം. ഇതു ദാഹം, അരോചകം, വിഷം ഇവയ്ക്കു നന്നു്.

തിരോധാനം=മറവു്. പര്യാ-അപിധാനം, പിധാനം, അന്തർദ്ധി.

തിര്യക്=വിലങ്ങത്തിൽ നടക്കുന്നതു്.

തിലകാളകം=ശരീരത്തിലെ കറുത്ത പുള്ളി. പര്യാ-പിപ്ലു, കാളകം.

തില്യം=എള്ളു വിളയുന്ന നിലം. പര്യാ-തൈലീനം.

തിഷ്യം=എട്ടാംനക്ഷത്രം (പൂയം) പുഷ്യം, സിദ്ധ്യം.

തിഷ്യഫല=നെല്ലി. പര്യാ-ആമലകി, അമൃത,വയസ്ഥ, കായസ്ഥ. ഇതു ത്രിദോഷശമനമാണു്.

തിറ=കപ്പം. പര്യാ-കരം, ബലി.

## തീ

തീക്ഷ്ണം=ഇരിമ്പു്. പര്യാ-പിണ്ഡം, കാളായസം, അശ്മസാരം, അയസ്സ്, ശസ്ത്രകം.

തീർത്ഥം=നാ-1. പുണ്യജലം 2. ശാസ്ത്രം 3. ഉപായം. പുല്ലിംഗമായാൽ ഗുരുനാഥൻ എന്നും അർത്ഥം വരും.

തീവ്രം=അതിശയം. പര്യാ-ഏകാന്തം, നിതാന്തം, ഗാഢം, ബാഢം.

## തു

തു=നാ-1. പാദപൂരണം 2. വ്യത്യാസം 3. പക്ഷാന്തരം 4. വിയോഗം 5. പ്രശംസ. ഈ അൎത്ഥം വരുന്ന അവ്യയം.

തുംഗം=ഉയൎന്നതു്. പൎയ്യാ-ഉന്നതം, ഉദഗ്രം, ഉഛ്റിതം, പ്രാംശു.

തുംഗി=നായർവേള. പൎയ്യാ-അജഗന്ധിക, കളരി, തുംഗ, ഖരപുഷ്പ. വാതരോഗം, ജ്വരം, ഗുന്മൻ, അഗ്നിമാന്ദ്യം ഇവയ്ക്കു നന്നു്.

തുണ്ഡം=മുഖം. പൎയ്യാ-വക്ത്രം, ആസ്യം, വദനം, ലപനം.

തുണ്ഡികേരി=നല്ല കോവൽ. പൎയ്യാ-രക്തഫല, ബിംബിക, പീലുപൎണ്ണി.

തുണ്ഡിലൻ=പൊക്കിൾ നീണ്ടവൻ. പൎയ്യാ-വൃദ്ധനാഭി, തുന്ദിഭൻ.

തുന്ദം=വയറു്. പൎയ്യാ-പിചണ്ഡം, ഉദരം, കുക്ഷി, ജഠരം.

തുന്ദപരിമൃജൻ=മടിയൻ. പൎയ്യാ-ശീതകൻ, അനുഷ്ണൻ, മന്ദൻ, തുന്ദപരിമാൎജ്ജൻ.

തുന്ദി=പെരുവയറൻ. പൎയ്യാ-തുന്ദിലൻ, തുന്ദിഭൻ, ബൃഹത് കുക്ഷി, പിചണ്ഡിലൻ.

തുമുലം=യുദ്ധസംകുലാവസ്ഥ. പൎയ്യാ-രണസംകുലം.

തുംബ=ചുര. പൎയ്യാ-തുംബി, അലാബു, ലാബു.

തുരഗം=കുതിര. പൎയ്യാ-തുരംഗമം, ഹയം, വാഹം, വീതി, ഘോടകം.

തുൎയ്യം=നാലാമത്തേതു്. പൎയ്യാ-ചതുൎത്ഥം.

തുരുഷ്കം=കുന്തിരിക്കം. പൎയ്യാ-പിണ്ഡകം, സില്ഹം, യവനം.

തുലാം=നൂറുപലം കൂടിയ ഒരു തൂക്കം.

തുല്യപാനം=ഒരുമിച്ചുള്ള കുടി. പൎയ്യാ-സപീതി.

തുഷം=ഉമി. പൎയ്യാ-ധാന്യത്വക്

തുഹിനം=മഞ്ഞു്. പൎയ്യാ-തുഷാരം, ഹിമം.

തുള=ദ്വാരം. പൎയ്യാ-ഛിദ്രം, രന്ധ്രം, സുഷിരം.

## തൂ

തൂണീരം=ആവനാഴി. പൎയ്യാ-നിഷംഗം, തൂണി, ഉപാസംഗം, ഇഷുധി.

തൂലം=പഞ്ഞി. പൎയ്യാ-പിചു.

തൂലിക=എഴുത്തുകോൽ. പൎയ്യാ-ഐഷിക. ലേഖിനി.

തൂഷ്ണീംശീലൻ=മിണ്ടാത്ത സ്വഭാവക്കാരൻ. പൎയ്യാ-തൂഷ്ണീകൻ.

## തൃ

തൃട്ട്=നാ-1. ദാഹം. 2 ആഗ്രഹം.

തൃണം=പുല്ലു്. പൎയ്യാ-അൎജ്ജുനം.

തൃണധാന്യം=ചാമ, തിന, വരകു മുതലായവ.

ത്വണധ്വജം=മുള. പര്യാ-വംശം, ത്വക്സാരം, യവഫലം, മസ്ക്കരം, തേജനം.

ത്വഷ്ടി=അലംഭാവം. പര്യാ-സൗഹിത്യം, തപ്പ്ണം.

തൃഷ=ദാഹം.

തൃഷ്ണക്=ആശയുള്ളവൻ. പര്യാ-ലുബ്ധൻ, ഗദ്ധനൻ, അഭിലാഷുകൻ.

തൃഷ്ണ=നാ-1. ആഗ്രഹം. 2. ഇച്ഛാവിശേഷം.

## തെ

തെന്തനം=അഹങ്കാരം പര്യാ-അവലേപം, ഉത്സേകം, ദപ്പം.

തെന്നൽ=തെക്കൻകാററ്. പര്യാ-വാതപോതം, മാരുതാങ്കരം, തോകസമീരൻ.

തെരിക്കനെ=പെട്ടെന്ന്. പര്യാ-അഹ്നായ, ദ്രാക്, സപദി, മങ്ക്ഷു.

തെരുവ്=അങ്ങാടി; ചന്ത. പര്യാ-ആപണം, സന്ധാനം.

തെറിവാക്ക്=അസഭ്യം. പര്യാ-സോല്ലണ്ഠനം, സോൽപ്രാശം.

## തേ

തേജനം=നാ-1. മുള. 2. മൂർച്ഛകൂട്ടൽ.

തേജസ്സ്=ശുക്ലം. പര്യാ=രേതസ്സ്, ബീജം, വീര്യം, ഇന്ദ്രിയം.

തേജിതം=മൂർച്ഛകൂട്ടിയത്. പര്യാ-ശാതം, നിശിതം, ക്ഷ്ണുതം.

തേമം=നനവ്. പര്യാ-സ്തേമം, സമുന്ദനം.

തേമനം=കറി. പര്യാ-നിഷ്ഠാനം, തേമനി.

തേര്=ഒരുതരം വാഹനം. പര്യാ-സ്യന്ദനം, രഥം.

തേറൽ=ഈത്തുവാ. പര്യാ-സ്യന്ദിനി, സൃണിക, ലാല.

## തൈ

തൈജസം=ലോഹം.

തൈജസാവത്തിനി=മൂശ. പര്യാ-മൂഷ, ആവത്തനി.

തൈലപായിക=നരിച്ചീർ. പര്യാ-പരോഷ്ണി.

തൈലംപാത=എണ്ണ ഒലിക്കുന്നത്.

തൈലീനം=എള്ളുവിളയുന്ന നിലം. പര്യാ-തില്യം.

തൈഷം=മകരമാസം. പര്യാ-പൌഷം, സഹസ്യം.

## തൊ

തൊട്ടുകുറി=പൊട്ട്. പര്യാ-ചിത്രകം, വിശേഷകം, തിലകം.

തൊപ്പി=തലയിലിടുന്ന ഒരു സാധനം. പര്യാ-ശീർഷകം, ശിരസ്ത്രം, ഉഷ്ണീഷം.

തൊഴുത്ത്=എരുത്തിൽ. പര്യാ-വ്രജം, ഗോഷ്ഠം, ഘോഷം.

## തോ

തോകം=കുട്ടി. പര്യാ-ശാബം, പൃഥുകം, ഡിംഭം.

തോഗ്മം=പച്ചയവം.

തോടകം=നാ-1. ആ പേരുള്ള ഒരു വൃത്തം 2. ഒരു രൂപകം.

തോത്രം=ആനവളർ. പര്യാ-വൈണുകം.

തോദനം=കാളയെത്തെളിക്കുന്ന മുടിങ്കോൽ. പര്യാ-പ്രാജനം, തോത്രം.

തോമരം=ഇരുമ്പുപാര. പര്യാ-ശർവല.

തോയം=ഇരുവേലി. പര്യാ-ബാലം, ഹ്രീവേരം, ബർഹിഷ്ഠം.

## തൌ

തൌര്യത്രികം=ആട്ടവും പാട്ടും കൊട്ടും കൂടിയതു്.

തൌലികൻ=എഴുത്തുകാരൻ. പര്യാ-ലേഖകൻ, ലിഖിതാവു്, ലേഖനകൃത്തു്.

തൌരുഷ്കൻ=തുരുഷ്കൻ.

തൌലി=തുലാംരാശി.

തൌഷികം=ഉമിച്ചാരം.

തൌക്ഷികം=ധനുരാശി.

## ത്യ

ത്യാഗം=ദാനം. പര്യാ-ഉത്സർജ്ജനം, വിതരണം, വിസ്രാണനം, സ്പർശനം.

ത്യാഗീ=സന്യാസി. പര്യാ-വ്രതി, യതി, വശീ, യമി.

## ത്ര

ത്രപ=ലജ്ജ. പര്യാ-വ്രീള, ഹ്രീ, വ്രീഡ.

ത്രപു=വെള്ളീയം. പര്യാ-വംഗം, പിച്ചടം, രംഗം, സീസകം.

ത്രയി=വേദം. പര്യാ-ശ്രുതി, ആമ്നായം.

ത്രസം=നടക്കുന്നതു്. പര്യാ-ചരിഷ്ണു, ജംഗമം, ചരം.

ത്രസരം=നൂൽ ചുററുന്ന കതിരു് (ഓടം.) പര്യാ-സൂത്രവേഷ്ടനം.

ത്രസ്നു=ഭയശീലൻ. പര്യാ-അധീരൻ, കാതരൻ, ഭീരു, ഭീലുകൻ.

## ത്രാ

ത്രാണം=രക്ഷിയ്ക്കപ്പെട്ടതു്. പര്യാ-ത്രാതം, രക്ഷിതം, അവിതം, ഗോപായിതം.

ത്രാപുഷി=വെള്ളീയംകൊണ്ടു് ഉണ്ടാക്കിയ പ്രതിമ.

ത്രാസം=ഭയം. പര്യാ-ഭരം, ഭീതം, സാധ്വസം, ഭീ.

## ത്രി

ത്രികം=തുടയെല്ലും തണ്ടെല്ലുംകൂടി ചേരുന്ന ഭാഗം.

ത്രികടുകം=മൂന്നു കട്ടിലിൻെറ ഒരുമിച്ചിരിപ്പു്.

ത്രിപഥഗ=ഗംഗ. പര്യാ-മന്ദാകിനി, വിയൽഗംഗ, ഭാഗീരഥി, സ്വർന്നദി, സുരദീർഘിക.

ത്രിയാമ=രാത്രി.

ത്രിവിഷ്ടപം=സ്വർഗ്ഗം. പര്യാ-നാകം, ത്രിദിവം, ത്രിദശാലയം.

ത്രിവർഗ്ഗം=ധർമ്മം, അർത്ഥം, കാമം ഇവ മൂന്നും.

ത്രിവിക്രമൻ=വിഷ്ണു.

ത്രിവൃത്ത്=ത്രികോല്പക്കൊന്ന. പര്യാ-ത്രിഭണ്ഡി, രേചിനി, ത്രിപുട, സരള.

ത്രിസീത്യം=മൂന്നുചാലുഴുത നിലം. പര്യാ-ത്രിഗുണാകൃതം, ത്രിതീയാകൃതം, ത്രിഹല്യം.

ത്രിഹായണി=മൂന്നു വയസ്സുള്ള പശു.

ത്രുടി=അല്പം. പര്യാ-ലവം, ലേശം, ഭദ്രം, കൃശം.

ത്രേത=അഗ്നിത്രയം

ത്രോടി=പക്ഷിച്ചുണ്ട്. പര്യാ-ചഞ്ചു.

ത്ര്യംബകൻ=ശിവൻ.

ത്ര്യൂഷണം=ചുക്ക്, മുളക്, തിപ്പലി. പര്യാ-ത്രികടു, വ്യോഷം.

## ത്വ

ത്വം=നീ.

ത്വക്ക്=തൊലി (ന) ഇലവർങ്ഗം.

ത്വക്സാരം=മുള.

ത്വക്ക്ഷീരി=കൂവപ്പൊടി.

ത്വര=ബദ്ധപ്പാട്. പര്യാ-ആവേഗം, സംഭ്രമം, ത്വരി.

ത്വഷ്ടാവ്=തേരുണ്ടാക്കുന്നവൻ. പര്യാ-രഥകാരൻ, വർദ്ധകി, തക്ഷാവ്.

ത്വിട്ട്=ശോഭ.

ത്വിഷാംപതി=ആദിത്യൻ.

ത്സരു=വാൾപ്പിടി.

## ദ

ദകം=വെള്ളം. പര്യാ-അർണ്ണസ്, പാഥസ്, മേഘപുഷ്പം, സലിലം.

ദഗ്ദ്ധം=ദഹിച്ചതു്. പര്യാ-പ്ലുഷ്ടം, പ്രുഷ്ടം, ഉഷിതം.

ദഗ്ദ്ധിക=കരിഞ്ഞ ചോറ്. പര്യാ-ഭിസ്സട.

ദണ്ഡം=ദണ്ഡോപായം. പര്യാ-സാഹസം, ദമം.

ദണ്ഡധരൻ=കാലൻ.

ദണ്ഡനീതി=അർത്ഥശാസ്ത്രം.

ദണ്ഡവിഷ്കംഭം=അടപ്പുപലക. പര്യാ-കുഠരം.

ദണ്ഡാഹതം=മോരു്. പര്യാ-അരിഷ്ടം, കാലശേയം, ഗോരസം.

ദദ്രുണൻ=ഒരുതരം ത്വഗ്രോഗമുള്ളവൻ. പര്യാ-ദദ്രു, ദദ്രൂണൻ.

ദധിസക്തു=തൈരിൽഅരിപ്പൊടിചേർത്തുണ്ടാക്കുന്ന പലഹാരം. പര്യാ-കരംഭം.

ദനുജൻ=അസുരൻ.

ദന്തം=പല്ല്. പര്യാ-ദശനം, രദനം, രദം.

ദന്തശഠം=ചെറുനാരകം.

ദന്താവളം=ആന. പര്യാ-വേതണ്ഡം, ദ്വിരദം, ദ്വിപം, മദംഗജം.

ദന്തിക=ചെറിയ നാഗദന്തി. പര്യാ-നികുംഭം, പ്രത്യക്ശ്രേണി, ഉദുംബരപർണ്ണി, മുകൂലകം. ഇതു് കഫവാതരോഗങ്ങൾ, മഹോദരം ഇവയ്ക്കു നന്നു്.

ദഭ്രം=അല്പം.

ദമം=ദണ്ഡോപായം.

ദമഥം=തപഃക്ലേശസഹനം. പര്യാ-ദാന്തി, ദമം.

ദമുനസ്=അഗ്നി.

ദംഭം=വ്യാജം. പര്യാ-ഛത്മം, ഉപധി, കൃസൃതി, നികൃതി, ശാഠ്യം.

ദംഭോളി=വജ്റായുധം.

ദംശനം=കുപ്പായം. നാ-കടിക്കുക.

ദംശി=കാട്ടീച്ച. പര്യാ-ദംശം, വനമക്ഷിക.

ദമ്യം=കുടിവററിയ കാളക്കുട്ടി. പര്യാ-വത്സതരം.

ദയ=അലിവു്. പര്യാ-അനുകമ്പ, കൃപ, കരുണ.

ദവീയസ്=ഏററവും ദൂരെയുള്ളതു്. പര്യാ-ദവിഷ്ഠം, സുദൂരം.

ദസ്രന്മാർ = അശ്വിനീദേവന്മാർ. പര്യാ-സ്വർവൈദ്യന്മാർ, അശ്വികൾ, ആശ്വിനേയന്മാർ.

ദസ്രം=അശ്വതിനക്ഷത്രം.

ദഹനൻ=അഗ്നി. നാ-കൊട്ടവേലി.

ദക്ഷിണൻ=നിഷ്കപടൻ. പര്യാ-ഉദാരൻ, സരളൻ.

ദക്ഷിണേയൻ=ദക്ഷിണ വാങ്ങത്തക്കവൻ. പര്യാ-ദക്ഷിണാർഹൻ, ദക്ഷിണ്യൻ.

## ദാ

ദാഡിമം=താളിമാതളം. പര്യാ-ഡാഡിമി, ഡാഡിമം.

ദാതാവു്=ദാനം ചെയ്യുന്നവൻ. പര്യാ-വിസ്രാണകൻ, വിസർജ്ജകൻ, ഉത്സർജ്ജയിതാ.

ദാത്യൂഹം=നത്തു്. പര്യാ-കാളകണ്ഠം, നീലകണ്ഠം.

ദാത്രം=അരിവാൾ. പര്യാ-ലവിത്രം.

ദാനം=കൊട്ടക്കൽ. നാ-മദജലം.

ദാനവൻ=അസുരൻ.

ദാനവാരി=മഹാവിഷ്ണു. പര്യാ-ദാനജലം, മദജലം. (നീർവീഴ്ത്തി ദാനം ചെയ്യണമെന്നു ദാനവിധി)

ദാനശൗണ്ഡൻ=ദാനശീലൻ.പര്യാ-വദാന്യൻ, സ്ഥൂലലക്ഷൻ, ബഹുപ്രദൻ.

ദാന്തൻ=തപോനിഷ്ഠയുള്ളവൻ. പര്യാ-തപഃക്ലേശസഹൻ.

ദാന്തി=ക്ലേശസഹനം.

ദാമിനി=പശുക്കളെ കെട്ടുന്ന കയറു്. പര്യാ-പശുരജ്ജു.

ദായാദൻ=പുത്രൻ. നാ-ബന്ധുജനം.

ദാരദം=ഉപവിഷങ്ങളിൽ ഒന്നു് പര്യാ-വത്സനാഭം.

ദാരിതം=പിളക്കപ്പെട്ടതു്. പര്യാ-ഭിന്നം, ഭേദിതം.

ദാരു=വിറകു് (തടി.) പര്യാ-ഇദ്ധ്മം, ഇന്ധനം, ഏധസ്, കാഷ്ഠം.

ദാരുണം=ഭയങ്കരം. പര്യാ-ഭീഷണം, ഭീഷ്മം, ഘോരം, ഭീമം, ഉഗ്രം, ഭയാനകം.

ദാരുഹസ്തകം=മരപ്പിടിയിട്ട ചട്ടുകം. പര്യാ-തർദ്ദൂ.

ദാർവാഘാടം=മരംകൊത്തി. പര്യാ-ശതപത്രം, രതനിധി, കാഷ്ഠകുട്ടം, ഭദ്രനാമാ.

ദാർവികാ=കൊഴുപ്പ. പര്യാ-ഗോജിഹ്വ. ഇതു പിത്തം, വ്രണം, ദന്തരോഗം ഇവയെ ശമിപ്പിക്കും.

ദാവം=കാട്ടുതീയ്യ്. പര്യാ-ദവം, വനവഹ്നി.

ദാവികം=ദേവനദിയിലുണ്ടായതു (ഏകാരത്തിനു് ആകാരസിദ്ധി)

ദാസി=ഭൃത്യ. പര്യാ-ഭൃംഗാരി, ഭുജിഷ്യ, കിംകരീ.

ദാസീസഭം=ദാസികളുടെ സമൂഹം. നാ-ദാസീഗൃഹം.

ദാക്ഷായണി=ശ്രീപാർവ്വതി.

ദാക്ഷ്യം=സാമർത്ഥ്യം. പര്യാ-ചാതുര്യം, വൈശാരദ്യം, പാടവം, കൌശല്യം (കൌശലം)

## ദി

ദിഗംബരൻ=ശിവൻ. നാ-നഗ്നൻ.

ദിഗ്ദ്ധം=വിഷം പുരട്ടിയ അമ്പ്. പര്യാ-ലിപ്തകം.

ദിധിഷു=പുനർവിവാഹം ചെയ്യപ്പെട്ടവൾ. പര്യാ-പുനർഭ്രൂവു്

ദിനാന്തം=വൈകുന്നേരം. പര്യാ-സായം, സന്ധ്യ, പിതൃപ്രസൂ.

ദിവാകീർത്തി=ക്ഷുരകൻ. പര്യാ-ക്ഷുരി, മുണ്ഡി, നാപിതൻ.

ദിവ്യോപപാദുകം=അദൃഷ്ടകാരണത്തിൽനിന്നുണ്ടായതു്.

ദിഷ്ടം=കാലം. പര്യാ-അനേഹസ്, സമയം.

ദിഷ്ടം=ശുഭാശുഭകർമ്മം. പര്യാ-ദൈവം, ഭാഗധേയം, ഭാഗ്യം, നിയതി, വിധി.

ദിഷ്ടാന്തം=മരണം. പര്യാ-പഞ്ചത, പ്രളയം, അത്യയം, നിധനം.

ദിഷ്ട്യാ=ആനന്ദം. പര്യാ-ശം, ഉപജോഷം.

## ദീ

ദീധിതി=രശ്മി.

ദീനൻ=ദരിദ്രൻ. പര്യാ-നിസ്സ്വൻ, ദുർവിധൻ, ദുർഗ്ഗതൻ.

ദീപം=വിളക്കു്. പര്യാ-പ്രദീപം, സ്നേഹാശം, കജ്ജളധ്വജം, ദശേന്ധനം, ഗൃഹമണി.

ദീർഘം=നീണ്ടതു്. പര്യാ-ആയതം.

ദീർഘദശി=വിദ്വാൻ. പര്യാ-മനീഷി, കോവിദൻ, സൂരി, വിപശ്ചിത്തു്.

ദീർഘപൃഷ്ഠം=പാമ്പു്. പര്യാ-ദർവീകരം, ദന്തശൂകം, പവനാശനം, ലേലിഹാനം.

ദീർഘസൂത്രൻ=താമസിച്ചു കാര്യങ്ങൾ നടത്തുന്നവൻ. പര്യാ-ചിരക്രിയൻ.

ദീർഘിക=കുളം. പര്യാ-വാപി.

ദീക്ഷാന്തം=യാഗാവസാനത്തെ കുളി. പര്യാ-അവഭൃഥം.

ദീക്ഷിതൻ=സോമയാഗം ചെയ്തവൻ.

## ദു

ദുകൂലം=വെൺപട്ടു്. പര്യാ-ക്ഷൌമം.

ദുഗ്ദ്ധം=പാലു്. പര്യാ-ക്ഷീരം, പയസ്സു്.

ദുന്ദുഭി=പെരുമ്പറ. പര്യാ-ഭേരി.

ദുരാലഭ=കൊടിത്തൂവ. പര്യാ-ദുസ്പശ്, യാസം, യവാസം, കുനാശകം.

ദുരിതം=പാപം. പര്യാ-വൃജിനം ഏനസ്, അംഹസ്, കില്ബിഷം, കന്മഷം.

ദുരേഷണ=ശാപവാക്കു്. പര്യാ-ആക്രോശം.

ദുരോദരം=ചൂതുകളി. നാ-ചൂതിലെ പണയം.

ദുർഗ്ഗം=കോട്ട. നാ-1. മതിൽ 2. കിടങ്ങു് 3. പർവ്വതം.

ദുർഗ്ഗതി=നരകം. പര്യാ-നാരകം, നിരയം.

ദുർന്നാമകം=മൂലക്കുരുവു്. പര്യാ-ദുർന്നാമം, അശ്സ്സു്, അശം.

ദുർമ്മനസ്=ദുഃഖമനസ്കൻ. പര്യാ-വിമനസ്, അന്തർമ്മനസ്.

ദുർമ്മുഖൻ=അപ്രിയം പറയുന്നവൻ. പര്യാ-മുഖരൻ, അബദ്ധമുഖൻ (എല്ലായ്പ്പോഴും സംസാരിക്കുന്നവൻ എന്നും അർത്ഥമുണ്ടു്.)

ദുർവ്വർണ്ണം=വെള്ളി. പര്യാ-രജതം, രൂപ്യം, ഖജ്ജൂരം, ശ്വേതം.

ദുർവ്വിധൻ=ദരിദ്രൻ. നാ-ദുർന്നടപ്പുകാരൻ.

ദുർഹൃത്തു്=ശത്രു. പര്യാ-ദ്വിട്ടു്, പരിപന്ഥി, സപത്നൻ, ദ്വേഷണൻ, പരൻ, ദസ്യു.

ദുഷ്കൃതം=പാപം.

ദുഷ്ഠു=നിന്ദ.

ദുഷ്ഷമം=നിന്ദ്യം. പര്യാ-നിഷ്ഷമം.

ദുഷ്പ്രധഷിണി=ചെറുവഴുതിന. പര്യാ-വാർത്താകി, ഹിംഗുളി, സിംഹി, ഭണ്ടാകി. ഇതു് ശ്വാസം, കാസം, ജ്വരം, ആമദോഷം ഇവയ്ക്കു നന്നു്.

ദുഹിതാ=മകൾ. പര്യാ-ആത്മജ, തനയ, സുത.

ദുഹിതൃപതി=മകളുടെ ഭർത്താവു്. പര്യാ-ജാമാതാ.

ദുളി=പെണ്ണാമ. പര്യാ-കൂർമ്മി, കമഠി.

## ദൂ

ദൂതൻ=ഒരാളുടെ വർത്തമാനം മറ്റൊരുവനെ ചെന്നറിയിക്കുന്നവൻ. പര്യാ-സന്ദേശഹരൻ, സന്ദേശവാഹി.

ദൂനൻ=ദുഃഖിതൻ. പര്യാ-സന്താപിതൻ, സന്തപ്തൻ, ധൂപിതൻ ധൂപായിതൻ.

ദൂരം=അകലെയുള്ളതു്. പര്യാ-വിപ്രകൃഷ്ടം, വിപ്രകൃഷ്ടകം.

ദൂരദർശി=നാ-1.പണ്ഡിതൻ. 2.ഭൂതഭാവികളെ അറിയാൻ കഴിവുള്ള സന്യാസി (മഹർഷി.)

ദൂർവ്വ=കറുക. പര്യാ-ഭാർഗ്ഗവി, ശതപർവിക, രുഹാ, അനന്ത.

ദൂഷിക=കണ്ണിലെ പീള. പര്യാ-ദൂഷി.

ദൂഷ്യ=ആനയുടെ കച്ചക്കയറു്. പര്യാ-കക്ഷ്യ, വരത്ര, ചൂഷ.

ദൂഷ്യം=പാളയം (കൂടാരം.) പര്യാ-ശിബിരം.

## ദൃ

ദൃക്=കണ്ണു്. ഈ വാക്കു സമാസഗതമായാൽ കാണുന്നതു് എന്നർത്ഥംവരും. ഉദാ-ദോഷദൃക്, ദോഷത്തെ കാണുന്നവൻ.

ദൃഢൻ=ശക്തിയുള്ളവൻ. നാ-തടിച്ചവൻ.

ദൃതി=തോൽകുടം. പര്യാ-അജിനകലശം, ചർമ്മകുംഭം.

ദൃപ്തൻ=ഗർവിഷ്ഠൻ. പര്യാ-മത്തൻ, അവലിപ്തൻ, ഉത്സിക്തൻ.

ദൃബ്ധം=കെട്ടപ്പെട്ടതു്. പര്യാ-ഗ്രഥിതം, സന്ദിതം.

ദൃഷത്തു്=കല്ലു്. പര്യാ-ശില, പ്രസ്തരം, പാഷാണം, ഉപലം, ഗ്രാവ.

ദൃഷ്ടരജസ്=തിരണ്ടവൾ. പര്യാ-മദ്ധ്യമ.

ദൃഷ്ടാന്തം=നാ-1. ഉദാഹരണം. 2. മരണം.

ദൃഷ്ടി=നാ-1. കണ്ണു്. 2. ജ്ഞാനം 3. കാഴ്ച.

## ദേ

ദേവൻ=നാ-1ദിവ്യതയുള്ളവൻ. 2. രാജാവു്.

ദേവകുസുമം= ഇലവർങ്ഗപ്പൂവു്. പര്യാ-ലവംഗം, ശ്രീസംജ്ഞം.

ദേവഖാതം=ഗുഹ. പര്യാ-ദരി, കന്ദരം, ബിലം.

ദേവച്ഛന്ദം=നൂറിഴയുള്ള മുത്തുമാല.

ദേവജഗ്ധകം=നാൻമുകപ്പുല്ലു്. പര്യാ-കത്തൃണം, പൌരം, സൗഗന്ധികം, രൗഹിഷം, ധ്യാമം. ഇതു് കവടംപുല്ലാണെന്നും പക്ഷമുണ്ടു്.

ദേവതരു=ദേവവൃക്ഷം. മന്ദാരം, പാരിജാതം, കല്പവൃക്ഷം, സ

ന്താനം, ഹരിചന്ദനം ഇങ്ങനെ ദേവവൃക്ഷങ്ങൾ അഞ്ചുണ്ട്.

ദേവദ്ര്യക്=ദേവപൂജകൻ.

ദേവനം=ചൂതുകളിയ്ക്കുള്ള ഉപകരണം. പര്യാ-പാശകം, പരിണായം. (ഇതിനു ചൃക്കിണിയെന്നു ഭാഷ കാണുന്നു.)

ദേവഭ്രൂയ=ദേവഭാവം (ദേവപ്രാപ്തി) പര്യാ-ദേവത്വം, ദേവസായൂജ്യം.

ദേവമാതൃകം= മഴവെള്ളംകൊണ്ടുണ്ടായ ധാന്യങ്ങളാൽ രക്ഷിക്കപ്പെടുന്ന ദേശം. നദീമാതൃകമെന്നും ദേവമാതൃകമെന്നും ദേശം രണ്ടുതരം.

ദേവയോനി=ദേവാംശ സംഭൂതൻ. പര്യാ-വിദ്യാധരൻ, യക്ഷൻ, കിന്നരൻ, ഗന്ധർവൻ.

ദേവരൻ=ഭർത്താവിൻെറ സഹോദരൻ. പര്യാ-ദേവാവ്.

ദേവലൻ=ശാന്തിക്കാരൻ. പര്യാ-ദേവാജീവി.

ദേവസേന=സുബ്രഹ്മണ്യൻെറ സൈന്യം.

ദേവി=നാ-1. ദേവൻെറ സ്ത്രീ. 2. പട്ടമഹിഷി (രാജഭാര്യ.)

ദേശരൂപം=നീതിന്യായം. പര്യാ-അഭ്രേഷം, ന്യായം, കല്പം, സമഞ്ജസം.

ദേഹം=ശരീരം. പര്യാ-കായം, കളേബരം, ഗാത്രം, സംഹനനം, വിഗ്രഹം.

ദേഹളി=ചേറരുപടി. പര്യാ-ഗൃഹാവഗ്രഹണി (തിണ്ണയെന്നും അർത്ഥം കാണുന്നു.)

## ദൈ

ദൈത്യഗുരു=ശുക്രൻ. പര്യാ-ഭാർഗ്ഗവൻ, ഉശനസ്, കവി, കാവ്യൻ.

ദൈത്യാരി=മഹാവിഷ്ണു.

ദൈർഘ്യം=നീളം. പര്യാ-ആനാഹം, ആനായം, ആയാമം.

ദൈവതീർത്ഥം=വിരലുകളുടെ അററം, അംഗുല്യഗ്രം.

ദൈവജ്ഞൻ=ജ്യോത്സ്യൻ. പര്യാ-ഗണകൻ, കാർത്താന്തികൻ, സാംവത്സരൻ, മൗഹൂർത്തികൻ.

## ദോ

ദോഷജ്ഞൻ=നാ-1. വിദ്വാൻ 2. വൈദ്യൻ.

ദോഷ=നാ-1.രാത്രി. 2.കൈയ്.

ദോസ്=കൈയ്. പര്യാ- ബാഹു, ഭുജം, കരം, പാണി, ഹസ്തം.

ദോഹദം=ഗർഭിണികളുടെ ഇച്ഛ (ഗർഭലക്ഷണം.) പര്യാ-ദൗഹൃദം, ദോഹളം.

ദോഹദവതി= വ്യാക്കമുള്ളവൾ (ഗർഭിണി.) പര്യാ-ശ്രദ്ധാലു.

ദോള=ഊഞ്ഞാൽ. പര്യാ-പ്രേംഖ.

## ദൗ

ദൗത്യം=ദൂതൻെറ പ്രവൃത്തി.

ദൗരാത്മ്യം=ദുഷ്ടത. പര്യാ-ദൗ

ർഖ്യം, ഖലത്വം, നൃശംസത.

ദൗവാരികൻ=വാതിൽ കാക്കുന്നവൻ. പര്യാ-ദ്വാരപാലകൻ, ദ്വാസ്ഥൻ.

ദൗഷ്ട്യം=ദുഷ്ടത്വം.

ദൗഹിത്രൻ=മകളുടെ മകൻ.

## ദ്യ

ദ്യാവാഭൂമി=ആകാശവും ഭൂമിയും. പര്യാ-ദ്യാവാപൃഥിവി.

ദ്യുമ്നം=ധനം. പര്യാ-ഹിരണ്യം, ദ്രവിണം, അർത്ഥം.

ദ്യൂതം=ചൂതു്.

ദ്യോതകം=നാ-1. വെളിപ്പെടുത്തുന്നതു്. 2.വാചകം 3. ദ്യോഷിച്ചുണ്ടായ ശബ്ദം.

## ദ്ര

ദ്രഘണം=ഇരുമ്പുഗദ. പര്യാ-മുൽഗരം, ഘനം, (ദ്രുഘണമെന്നും രൂപമുണ്ടു്.)

ദ്രപ്സം=നെയ്യു്. പര്യാ-ആജ്യം, ഘൃതം, സപ്പിസ്, ഹവിസ്സ്.

ദ്രവം=ഓട്ടം. പര്യാ-പ്രദ്രാവം, വിദ്രാവം, അപ്രകം, അപയാനം.

ദ്രാക്‍—വെട്ടന്നു്, വേഗത്തിൽ. പര്യാ-അഞ്ജസാ, സപദി, അഹ്നായ.

ദ്രാക്ഷ=മുന്തിരിങ്ങ.

ദ്രാഘിഷ്ഠ=ഏററവും നീണ്ടതു്.

ദ്രാവിഡകം=കച്ചൂരി (കച്ചോലം.) പര്യാ-കാല്യകം, വേധമുഖ്യകം, കച്ചൂരകം.

ദ്രുണം=തേളു്. പര്യാ-ആളി, വൃശ്ചികം.

ദ്രുണി=നാ-1 ചെവിപ്പാമ്പു്. 2. ഉടമ്പു് 3. ജലപാത്രം.

ദ്രുവയം=അളവുസാധനം. പര്യാ-യൌതവം, പായ്യം.

ദ്രുഹിണൻ=ബ്രഹ്മാവു്.

ദ്രോണം=പതിനാറിടങ്ങഴി ത്താപ്പു്.

ദ്രോണദുഘ= പതിനാറിടങ്ങഴി പാൽ കറവയുള്ള പശു. പര്യ്യാ-ദ്രോണക്ഷീര.

ദ്രോണി=തൊട്ടി. പര്യ്യാ-കാഷ്ഠാംബുവാഹിനി.

ദ്രോഹചിന്തനം=ദ്രോഹവിചാരം. പര്യാ-വ്യാപാദം.

ദ്രൌണികം= പതിനാറിടങ്ങഴി വിതയ്ക്കുന്ന സ്ഥലം.

## ദ്വ

ദ്വന്ദ്വം=ഇരട്ട. പര്യാ-യുഗ്മം, യുഗളം, യുഗം.

ദ്വയാതിഗൻ= രജസ്തമോഗുണങ്ങൾ നീങ്ങിയവൻ. പര്യ്യാ-വിരജസ്തമസ്.

ദ്വാപരം=നാ-1. മൂന്നാമത്തെ യുഗം. 2. സംശയം.

ദ്വാരം=വാതിൽ. പര്യ്യാ-പ്രതീഹാരം, ദ്വാർ.

ദ്വാഃസ്ഥിതൻ= ദ്വാരപാലകൻ

പൎയ്യാ-ദർശകൻ, പ്രതീഹാരൻ, വേത്രധാരകൻ.

ദ്വിജൻ=നാ-1. ബ്രാഹ്മണൻ. 2. ചന്ദ്രൻ.

ദ്വീപു്=തുരുത്തു്. പൎയ്യാ-ദ്വീപം, അന്തരീപം.

ദ്വേഷബുദ്ധി=അന്യന്റെ നന്മയിൽ ദ്വേഷമുള്ളവൻ. പൎയ്യാ-മത്സരൻ, അന്യശുഭദ്വേഷി.

ദ്വേഷണൻ=ശത്രു.

ദ്വൈധം=അഭയംതേടുക. പര്യാ-ആശ്രയം.

ദ്വൈപം=പുലിത്തോൽ പൊതിഞ്ഞ തേരു്. പര്യാ-വൈയാഘ്രം.

ദ്വൈപായനൻ=വേദവ്യാസൻ. പൎയ്യാ-പാരാശൎയ്യൻ, സത്യവതീസുതൻ.

ദ്വൈമാതുരൻ=ഗണപതി.

ദ്വൈമാത്രേയൻ= രണ്ടമമ്മമാരുടെ പുത്രൻ (ഒരാൾ രണ്ടുവിവാഹംചെയ്തവരിൽ ഒരു സ്ത്രീയുടെ പുത്രൻ. അവനു രണ്ടു സ്ത്രീകളും അമ്മമാരാണല്ലൊ.) പൎയ്യാ-വൈമാത്രേയൻ, വിമാതൃജൻ.

ദ്വ്യഷ്ടം=ചെമ്പു്.

## ധ

ധടം=തുലാസ്സ്. പര്യാ-തുല, തോലനയന്ത്രം.

ധനഞ്ജയൻ=നാ-1. അഗ്നി. 2. അൎജ്ജുനൻ.

ധനി=ധനവാൻ. പൎയ്യാ-ഇഭ്യൻ, ആഢ്യൻ.

ധനുൎദ്ധരൻ=വില്ലാളി. പൎയ്യാ-ധനുഷ്മാൻ, ധന്വീ, ധാനുഷ്കൻ, അസ്ത്രി.

ധന്യൻ=സുകൃതമുള്ളവൻ. പര്യാ-സുകൃതി, പുണ്യവാൻ.

ധന്വാവു്=മരുഭൂമി. പൎയ്യാ-മരു.

ധമനി=ഞരമ്പു്. പര്യാ-നാഡി, സിര.

ധമ്മില്ലം=കെട്ടിവച്ച തലമുടി. പൎയ്യാ-സംയതകചം.

ധൎമ്മം=പുണ്യം. പൎയ്യാ-സുകൃതം, വൃഷം, ശ്രേയസ്.

ധൎമ്മധ്വജി= വേഷമാത്രസന്യാസി. പൎയ്യാ-ലിംഗവൃത്തി.

ധൎമ്മപത്തനം=കുരുമുളകു്. പൎയ്യാ-മരിചം, കോലകം, കൃഷ്ണം, ഊഷണം.

ധൎമ്മസംഹിത= ധൎമ്മശാസ്ത്രം പര്യാ-സ്മൃതി.

ധവൻ=ഭൎത്താവു്. പൎയ്യാ-പ്രിയൻ, പതി.

ധവിത്രം=തോൽവിശറി.

## ധാ

ധാതു=സപ്തധാതു. 1. തൊലി, 2. മാംസം, 3. അസ്ഥി, 4. രക്തം, 5. മജ്ജ, 6. വസ, 7. ശുക്ലം.

ധാത്രീ=നാ-1. നെല്ലിക്കായ്. 2. വളൎത്തമ്മ.

ധാനം=വറുത്തുപൊടിച്ച അരി.

ധാന്യാമ്ലം=വെച്ചുണ്ടാക്കിയ കാടി.

ധായ്യ=അഗ്നിജ്വാലകമായമന്ത്രം. പര്യാ-സാമിധേനി.

ധാരണ=ന്യായനിഷ്ഠ. പര്യാ-സംസ്ഥ, മര്യാദ, സ്ഥിതി.

ധാര=കുതിരകളുടെ അഞ്ചുവിധമുള്ള ഗതി. 1. അസ്കന്ദിതം, 2. ധൗരിതകം, 3. രേചിതം, 4. വൽഗിതം, 5. പ്ലുതം ഇവയാണ് ആ ഗതികൾ. ഇതുകളുടെ വിവരണം വലിയ നിഘണ്ടുവിൽ കണ്ടുകൊൾക.

ധാരാസംപാതം= ഇടമുറിയാത്ത വർഷപാതം. പര്യാ-ആസാരം.

ധാർത്തരാഷ്ട്രം=കാരന്നം. പര്യാ-മല്ലികാക്ഷം, കാദംബം.

## ധി

ധിക്=നിന്ദിക്കുക. പര്യാ-ന്യക്.

ധിക്കൃതൻ= നിന്ദിക്കപ്പെട്ടവൻ. പര്യാ-അപധ്വസ്തൻ, ഗർഹിതൻ, ഭത്സിതൻ, അവധീരിതൻ.

ധിഷണ=ബുദ്ധി. പര്യാ-ധീ, പ്രജ്ഞ, ശേമുഷി, മനീഷ.

ധിഷ്ണ്യം=നാ-1. ഗൃഹം. 2. സ്ഥാനം, 3. അഗ്നി, 4. നക്ഷത്രം.

## ധീ

ധീരം=രക്തചന്ദനം. പര്യാ-ലോഹിതചന്ദനം (ഇതു കുങ്കുമമാണെന്നും പക്ഷമുണ്ട്.)

ധീസചിവൻ=ബുദ്ധികൊണ്ടുസഹായിക്കുന്ന മന്ത്രി.

## ധു

ധുതം=നാ-1. ഇളക്കപ്പെട്ടതു്. 2. ഉപേക്ഷിക്കപ്പെട്ടതു്.

ധുത്തൂരം=ഉമ്മത്തു്. പര്യാ-ഉന്മത്തം, കിതവം, ധൂർത്തം, കനകം. ഇതു് ഉപവിഷങ്ങളിലൊന്നാണെങ്കിലും സംസ്കരിച്ചു പ്രയോഗിച്ചാൽ കാസം, കുഷ്ഠം, ജ്വരം ഇവ ശമിക്കും.

ധുരന്ധരൻ=ഭാരവാഹി. പര്യാ-ധൗരേയൻ, ധുരീണൻ, ധുര്യൻ.

ധുരീണൻ=മുമ്പൻ. പര്യാ-അഗ്രേസരൻ, പുരസ്സരൻ, പുരോഗൻ.

ധുര്യം=കുതിര.

## ധൂ

ധൂനനം=ഇളക്കം. പര്യാ-കമ്പനം, ചലനം, വിലോളനം, വേല്ലനം.

ധൂമകേതു=നാ-1. 2.വാൽനക്ഷത്രം. അഗ്നി.

ധൂമയോനി=നാ-1. മേഘം. 2. അഗ്നി.

ധൂമളം=പുകനിറം. പര്യാ-ധൂമ്രം, കൃഷ്ണലോഹിതം.

ധൂമ്യ=ധൂമസമൂഹം.

ധൂമ്യാടം=ചെറുകുരികൽ. പര്യാ-കലിംഗം, ഭൃംഗം.

ധൂസരം=അല്പമായ വെളുപ്പ്. പര്യാ-സ്തോകപാണ്ഡു.

ധൂളി=പൊടി. പര്യാ-രേണു, പാംസു, രജസ്.

## ധൃ

ധൃതി=നാ-1.ധാരണ.2.ധൈര്യം.

ധൃഷ്ടൻ=ലജ്ജയില്ലാത്തവൻ. പര്യാ-ധൃഷ്ണു, വിയാതൻ, ധൃഷ്ണക്ക്.

## ധേ

ധേനു=കറവപ്പശു. പര്യാ-നവസൂതിക.

ധേനുഷ്യ=കറവയ്ക്കുകൊടുത്ത പശു. (* കെട്ടിനില്ക്കുന്ന പശു എന്ന അൎത്ഥം തെററാണ്. "ധേനുഷ്യാ ബന്ധകെ സ്ഥിതാ" ഇവിടുത്തെ ബന്ധകശബ്ദത്തിനു കൈമാററംചെയ്യുക എന്നാണൎത്ഥം.)

## ധൈ

ധൈനുകം=പശുക്കൂട്ടം.

ധൈര്യം=ഇളകാത്ത മനഃസ്ഥിതി. പര്യാ-ധൃതി, ധീരത.

ധൈവതം= സപ്തസ്വരങ്ങളിൽ ഒന്നു്. 'ധ' എന്ന സ്വരം.

## ധൌ

ധൌതം=കഴുകിയതു്. പര്യാ-ക്ഷാളിതം.

ധൌരിതകം=കുതിരയുടെ ഒരുതരം ഗതിവിശേഷം.

## ധ്രു

ധ്രുവം=നിത്യം. പര്യാ-സനാതനം, സദാതനം.

## ധ്വ

ധ്വജം=കൊടിക്കൂറ. പര്യാ-കേതനം, പതാക, വൈജയന്തി.

ധ്വനിതം= ഒച്ചപ്പെടുത്തിയതു്. പര്യാ-സ്വനിതം, രാവിതം.

ധ്വസ്തം=നാ-1.വീണതു്. 2. നശിപ്പിച്ചതു്.

ധ്വാംക്ഷം=നാ-1. കാക്ക. 2. കൊക്കു്.

## ന

ന=ഇല്ല, അല്ല. പര്യാ-നഹി, നൊ, അന.

നകുലേഷ്ട=അരത്ത. പര്യാ-ഭുജംഗാക്ഷി, ഛത്രാകി, സുവഹ, രാസ്ന, സുഗന്ധ, ഗന്ധനാകുലി.

നക്തകം=വിയപ്പു തുടയ്ക്കാനുള്ള തുണിത്തുണ്ടു്. പര്യാ-കപ്പടം, ലക്തകം. (ഇതു കീറത്തുണിയെന്നും പക്ഷമുണ്ടു്.)

നക്തം=രാത്രിയിൽ. പര്യാ-ദോഷാ. (ഇവിടെ ദോഷാശബ്ദം അവ്യയമാണ്. 'അനവ്യയമപി' എന്നതുകൊണ്ടു് അവ്യയമല്ലാതെയും ദോഷാശബ്ദം വരും. അവിടെ 'രാത്രി'യെന്നേ അൎത്ഥമുള്ളു.)

---

* മലയാളനിഘണ്ടു 243-ാം വശം നോക്കുക.

**നഖരം**=നഖം. പര്യാ-പുനർഭവം, കരജം, കരരുഹം.

**നഗരം**=പട്ടണം. പര്യാ-പൂരു്, പുരി, പത്തനം, പുടഭേദനം.

**നഗ്നൻ**=ഉടുക്കാത്തവൻ. പര്യാ-അവാസസ്സ്, ദിഗംബരൻ.

**നഗ്നഹൂ**=മദ്യബീജം. പര്യാ-കിണ്വം.

**നഞ്**=നിഷേധാർത്ഥം കുറിക്കുന്ന ഒരവ്യയം. അഭാവം, സാദൃശ്യം, വിരോധം, അല്പം, വ്യത്യാസം (ഭേദം), പൂർണ്ണം ഇങ്ങനെ ആറുവിധം വരും. ഇതിൽ പദാംശം ന എന്നുമാത്രം. ഞ് ഇത്താണ്. പാണിനിസംജ്ഞയാണ നഞ് എന്നു്. സമാസത്തിൽ, നകാരം ലോപിക്കും. അ, അൻ ഇവ ആദേശംവരും. (നലോപൊ നഞഃ.)

**നടനം**=നൃത്തം. പര്യാ-താണ്ഡവം, നാട്യം, ലാസ്യം, നർത്തനം.

**നടി**=പവിഴക്കൊടി. പര്യാ-സുഷിര, വിദ്രുമലത, നളി. ഇതു വാതഹരമാണു്.

**നഡം**=വേഴൽപുല്ലു്. പര്യാ-ധമനം, പോടഗളം. ഇതു രക്തപിത്തം, അരോചകം, അഗ്നിമാന്ദ്യം ഇവയെ ശമിപ്പിക്കും.

**നഡ്വലം**=വേഴൽപുല്ലു് അധികമുള്ള സ്ഥലം. പര്യാ-നഡ്വാൻ.

**നതം**=കുനിഞ്ഞതു്. (വളഞ്ഞതെന്നും അർത്ഥമുണ്ടു്.)

**നതനാസികൻ**= പതിമൂക്കൻ. പര്യാ-അവടീടൻ.

**നധ്രീ**=തോൽവാറു്. പര്യാ-വർധ്രി, വരത്ര.

**നനാന്ദ**=നാത്തൂൻ. പര്യാ-ഭർത്തൃഭഗിനി, പതിസ്വസ.

**നനു**=ചോദ്യം, നിശ്ചയം, അനുജ്ഞ, വിളി ഈവക അർത്ഥമുള്ള ഒരവ്യയം.

**നനുച**=വിരോധാർത്ഥത്തിൽ വരുന്ന ഒരവ്യയം. (നനു എന്നു മാത്രം ബാലപ്രിയയിൽ കാണുന്നതു മഹേശ്വരപാഠമാണു്.)

**നന്ദനം**=ഇന്ദ്രന്റെ ഉദ്യാനം.

**നപുംസകൻ**= ആണുംപെണ്ണുമല്ലാത്തവൻ. പര്യാ-ഷണ്ഡൻ, ക്ലീബൻ.

**നപ്ത്രീ**=മകളുടെമകൾ. പര്യാ-പൌത്രീ, സുതാത്മജ.

**നഭസ്സംഗമം**=പക്ഷി. പര്യാ-ശകുന്തം, ശകുനം, ദ്വിജം, പത്രരഥം, വാജി, വികിരം, വിഷ്കിരം, നീഡജം.

**നഭസ്യം**=കന്നിമാസം. പര്യാ-പ്രൌഷ്ഠപദീ, ഭാദ്രീ, ഭാദ്രപദീ.

**നമസ്സ്**=നമസ്കാരം. പര്യാ-നതി, നമസ്യ.

**നമസിതം**=നമസ്കരിക്കപ്പെട്ടതു്. പര്യാ-അർഹിതം, നമസ്യിതം, അപചായിതം, വരിവസ്യിതം.

**നയം**=നീതി. പര്യാ-ന്യായം ഇതിന്റെ തത്ഭവമാണു ഞായം.

**നരൻ**=മനുഷ്യൻ. പര്യാ-മാനഷൻ, മർത്ത്യൻ, മാനുജൻ, മാനവൻ.

**നത്തകി**=നൃത്തക്കാരി. പര്യാ-ലാസിക, നടി.

**നമ്മദ**=നമ്മദാനദി. പര്യാ-രേവ, സോമോത്ഭവ, മേഖലകന്യക.

**നമ്മം**=കളി (ക്രീഡ.) പര്യാ-ഖേലം, ദ്രവം, കേളി, പരീഹാസം.

**നലപം**=രാമച്ചം കൂടിയതു്.

**നവം**=പുതിയതു്. പര്യാ-നൂതനം, നൂത്നം, പ്രത്യഗ്രം, നവീനം, നവ്യം.

**നവനീതം**=പുതുവെണ്ണ. പര്യാ-നവോദ്ധൃതം.

**നവാംബരം**=അലക്കാതെ നെയ്തെടുത്ത വസ്ത്രം. പര്യാ-അനാഹതം, നിഷ്പ്രവാണി, തന്ത്രകം.

**നഷ്ടം**=ഒളിച്ചതു്. പര്യാ-തിരോഹിതം, പിഹിതം.

**നസ്തിതം**=മൂക്കുതുളച്ചു കയറിട്ട കാള. പര്യാ-നസ്യോതം, നസ്തോതം.

**നളകം**=മുഴങ്കാലിലെ എല്ലു്. പര്യാ-ജംഘാസ്ഥി, നളം.

## നാ

**നാകു**=ചിതൽപുററു്. പര്യാ-വാമലൂരം, വല്മീകം.

**നാഗം**=നാ-1. ആന. 2. സപ്പം 3 കാരീയം.

**നാഗകേസരം**=നാകമരം. പര്യാ-ചാമ്പേയം, കാഞ്ചനാഹ്വയം. ഇതിൻെറ പൂവാണു നാഗപ്പൂവെന്ന മരുന്നു്.

**നാഗരം**=ചുക്കു്. പര്യാ-മഹൌഷധം, ഭേഷജം, വിശ്വം.

**നാഗലോകം**=പാതാളം. പര്യാ-അധോഭുവനം, ബലിസത്മം, രസാതലം.

**നാഗസംഭവം**=സിന്ദൂരം.

**നാഡിന്ധമൻ**=തട്ടാൻ. പര്യാ-രുഗ്മകാരകൻ.

**നാണം**=ലജ്ജ. പര്യാ-വ്രീള, ഹ്രീ.

**നാഥവാൻ**=അസ്വതന്ത്രൻ, പരതന്ത്രൻ, പരാധീനൻ, പരവാൻ.

**നാനാ**=കൂടാതെ, സംശയം, ബഹുവിധം ഈ അത്ഥങ്ങളിൽ വരുന്ന ഒരവ്യയം.

**നാനാരൂപം**=പലപ്രകാരം. പര്യാ-വിവിധം, ബഹുവിധം, പൃഥക്‌വിധം.

**നാന്ദീകരൻ**=നാടകത്തിൽ നാന്ദി ചൊല്ലുന്നവൻ. പര്യാ-നാന്ദീവാദി.

**നാഭീ**=ചക്രക്കുടം. പര്യാ-പിണ്ഡിക.

**നാമം**=പേരു്. പര്യാ-ആഖ്യ, ആഹ്വം, അഭിധാനം, നാമധേയം.

**നായകൻ**=നേതാവു്. പര്യാ-അധിഭൂവു്, പ്രഭു, പരിവൃഢൻ, അധിപൻ.

**നാരം**=നാ-1വെള്ളം. 2.ധമ്മശാസ്ത്രം.

**നാരദൻ**=ബ്രഹ്മപുത്രനായ ഒരുമഹർഷി.
(ʻʻനരതീതി നരഃ പ്രോക്തഃ
പരമാത്മാ സനാതനഃ
തസ്യ സംബന്ധിനം ജ്ഞാനം
ദദാതിതി സ നാരദഃ)

**നാരാചീ**=പൊന്നുതൂക്കുന്ന ത്രാസ്. പര്യാ-ഏഷണിക.

**നാരീ**=സ്ത്രീ. പര്യാ-യോഷിത്ത്, യോഷാ, സീമന്തിനീ, വധു, പ്രതീപദർശിനീ, വാമ, വനിത മഹിള.

**നാസാമലം**=മൂക്കള. പര്യാ-സിംഘാണം.

**നാസ്തികൻ**=നിരീശ്വരവാദി. പര്യാ-ശൂന്യവാദി, ലോകായതികൻ.

**നാളം**=താമരത്തണ്ട്. പര്യാ-നാളി.

**നാളികേരം**=തെങ്ങ്. പര്യാ-ലാംഗലി, നാരികേളം, നാഡികേരം, നാരികേളി.

## നി

**നികടം**=സമീപമുള്ളത്. പര്യാ-ആസന്നം, സന്നികൃഷ്ടം, സനീഡം, അഭ്യാശം, സവേശം, അഭ്യർണ്ണം, അഭിതഃ അന്തികം.

**നികഷം**=ഉരകല്ല്. പര്യാ-ശാണം, കഷം.

**നികഷ്ണം**=ഗൃഹ നിർമ്മിതിക്കു ഒരുക്കിയിട്ട സ്ഥലം. സന്നിവേശം (കളിത്തട്ടെന്നുമത്ഥമുണ്ട്)

**നികഷ**=സമീപത്തിൽ. പര്യാ-സമയ, ഹിരുക്. (ഈ ശബ്ദങ്ങൾ അവ്യയങ്ങളാണ്.)

**നികാമം**=ഇഷ്ടംപോലെ.പര്യാ-കാമം, പ്രകാമം, ഇഷ്ടം, യഥേപ്സിതം.

**നികാരം**=അപകാരം(ഉപദ്രവം.) പര്യാ-നികൃതി, വിപ്രകാരം.

**നികാരണം**=കൊല.

**നികുഞ്ചകം**=ഉഴക്കുതാപ്പ്. പര്യാ-നികുഞ്ചം.

**നികുഞ്ജം**=വള്ളിക്കുടിൽ. പര്യാ-കുഞ്ജം.

**നികൃഷ്ടം**=നിന്ദിക്കപ്പെട്ടതു്.

**നിഖിലം**=മുഴുവനും. പര്യാ-അഖണ്ഡം,വിശ്വം,സമഗ്രം,കൃത്സ്നം

**നിഗളം**=ആനത്തുടൽ. പര്യാ- അന്ദുകം, ശൃംഖല, നിഗഡം.

**നിഗദം**=വ്യക്തമായി പറയുക. പര്യാ-നിഗാദം.

**നിഗമൻ**=കച്ചവടക്കാരൻ. പര്യാ-നൈഗമൻ, സാത്ഥവാഹൻ, വാണിജൻ, വൈദേഹകൻ, പണ്യാജീവൻ, വണിക്.

**നിഗാരം**=തികട്ടൽ. പര്യാ-ഉൽഗാരം.

**നിഗാളം**=കുതിരകഴുത്ത്. പര്യാ-ഗളോദ്ദേശം.

**നിഘലം**=കുത്തുകത്തി. പര്യാ-ആവിധം.

നിഘസം=ഭക്ഷണം (സദ്യ.)

നിചോളം=മൂടുപടം (പുതപ്പ്.) പര്യാ-നിചുളം, പ്രച്ഛദപടം, നിചോളി.

നിജം=നാ-1തന്റേതു്.2നിത്യം.

നിതാന്തം=ഏററവും (അതിശയം.) പര്യാ-അതിവേലം, ഭൃശം, നിർഭരം, ഗാഢം, ബാഢം, ദൃഢം.

നിദാഘം=ചൂടു്. പര്യാ-ഘർമ്മം, സ്വേദം.

നിദിഗ്ദ്ധം=വദ്ധിച്ചതു്. പര്യാ-ഉപചിതം.

നിദേശം=ആജ്ഞ. പര്യാ-നിർദ്ദേശം, ശാസനം, ശിഷ്ടി, അവവാദം.

നിദ്ര=ഉറക്കം. പര്യാ-സ്വപനം, സ്വാപം, സ്വപ്നം, സംവേശം.

നിധുവനം=സ്ത്രീപുരുഷസംയോഗം. പര്യാ-മൈഥുനം, രതം, സുരതം, വ്യവായം.

നിധ്യാനം=നോട്ടം. പര്യാ-നിർവ്വർണ്ണനം, ദർശനം, ആലോകനം, ഈക്ഷണം.

നിന്ദ=നിന്ദിക്കുക. പര്യാ-ഉപക്രോശം, ജുഗുപ്സ, കുത്സ, കുത്സനം, ഗർഹണ.

നിപം=കുടം. പര്യാ-കലശം, ഘടം.

നിപാഠം=പാഠനം. പര്യാ-നിപഠം, പാഠം.

നിപാതനം=താഴ്ത്തുക. പര്യാ-അവനായം, നിയാതനം.

നിപുണൻ=സമത്ഥൻ. പര്യാ-പ്രവീണൻ, അഭിജ്ഞൻ, വിജ്ഞൻ, നിഷ്ണാതൻ, ശിക്ഷിതൻ.

നിഭം=തുല്യം. പര്യാ-സങ്കാശം, നീകാശം, പ്രതീകാശം. (ഈശബ്ദങ്ങൾ സമാസഗതമായിട്ടേ പ്രയോഗിക്കാവൂ. "സങ്കാശം കലരാത്ത" ഇത്യാദി പ്രയോഗം സാധുവല്ല.)

നിഭൃതൻ=വിനയമുള്ളവൻ. പര്യാ-വിനീതൻ, പ്രശ്രിതൻ.

നിമയം=ഒന്നുകൊടുത്തു മററൊന്നു വാങ്ങുക. പര്യാ-പരിദാനം, പരിവത്തം, പരിവത്തനം, നൈമേയം.

നിമിത്തം=കാരണം. പര്യാ-ഹേതു, നിദാനം.

നിമ്നം=താഴ്ന്ന പ്രദേശം. പര്യാ-ഗംഭീരം, ഗഭീരം.

നിംബം=വേപ്പ്. പര്യാ-അരിഷ്ടം, സർവതോഭദ്രം, ഹിംഗുനിര്യാസം, പിചുമന്ദം. ഇതു കഫരോഗം, രക്തപിത്തം, കുഷ്ഠം, വ്രണം ഇവയ്ക്കു നന്നു്.

നിയതി=ശുഭകർമ്മം. പയ്യാ-ദൈവം, ദിഷ്ടം, ഭാഗധേയം, ഭാഗ്യം.

നിയന്താവ്=തേരാളി. പയ്യാ. പ്രാജിതാവു്, യന്താവു്, സൂതൻ, ക്ഷത്താവു്, സാരഥി.

**നിയാമകൻ**=തോണിനടത്തുകാരൻ. പൎയ്യാ-പോതവാഹൻ, നൗകയന്താവു്.

**നിയോജ്യൻ**=ഭൃത്യൻ. പൎയ്യാ-പ്രൈഷ്യൻ, ഭുജിഷ്യൻ, പരിചാരകൻ.

**നിരന്തരം**=ഇടയില്ലാത്തതു്. പൎയ്യാ-ഘനം. സാന്ദ്രം.

**നിരർഗ്ഗളം**=തടവില്ലാത്തതു്. പൎയ്യാ-അബാധം.

**നിരവഗ്രഹൻ**=സ്വതന്ത്രൻ. പൎയ്യാ-അപാവൃതൻ, സ്വൈരി, സ്വച്ഛന്ദൻ.

**നിരസ്തൻ**=നിഷേധിക്കപ്പെട്ടവൻ, പ്രത്യാഖ്യാതൻ, നിരാകൃതൻ, പ്രത്യാദിഷ്ടൻ.

**നിരാകൃതി**=നിഷേധിക്കുക. പൎയ്യാ-പ്രത്യാഖ്യാനം, നിരസനം, പ്രത്യാദേശം.

**നിരാമയൻ**=രോഗമില്ലാത്തവൻ പൎയ്യാ-വാൎത്തൻ, കല്യൻ, ഉല്ലാഘൻ.

**നിരൃതി**=നരകദേവത. പൎയ്യാ-അലക്ഷ്മീ.

**നിരോധം**=നിരോധിക്കുക. പൎയ്യാ. നിഗ്രഹം.

**നിർഗ്രന്ഥനം**=കൊല. പൎയ്യാ-പ്രമാപണം, നിബർഹണം, നികാരണം, നിശാരണം, പ്രവാസനം, പരാസനം, നിഷൂദനം, നിഹിംസനം, നിൎവ്വാസനം, സംജ്ഞപനം, അപാസനം, നിസ്തർഹണം, നിഹനനം, ക്ഷണനം, പരിവൎജ്ജനം, നിൎവ്വാപണം, വിശസനം, പ്രതിഘാതനം, ഉദ്വാവസനം, പ്രമഥനം, ക്രഥനം, ഉജ്ജാസനം, ആലംഭം, പിഞ്ജം, വിശരം, ഘാതം, ഉന്മാഥം, വധം.

**നിർഘോഷം**=ശബ്ദം. പൎയ്യാ-നിനാദം, നിനദം, ധ്വനി, ധ്വാനം, രവം, സ്വനം, ആരാവം, രാവം, സംരാവം, വിരാവം.

**നിൎണ്ണിക്തം**=ശുദ്ധിവരുത്തിയതു്. പൎയ്യാ-ശോധിതം, നിശ്ശോധ്യം, അനവസ്കരം.

**നിൎണ്ണേജകൻ**= അലക്കുകാരൻ. പൎയ്യാ-രജകൻ.

**നിർമ്മുക്തം**=വളയഴിച്ച പാമ്പു്. പൎയ്യാ-മുക്തകഞ്ചുകം.

**നിൎയ്യാതനം**=പകവീട്ടൽ. പൎയ്യാ-വൈരശുദ്ധി.

**നിൎയ്യൂഹം**=നാ-1 ഉമ്മരവാതിൽ 2. ചുമരിൽതറയ്ക്കുന്ന ആണി, 3. ശിരോഭൂഷണം, 4. കഷായം.

**നിൎവ്വാണം**=മോക്ഷം. പൎയ്യാ-മുക്തി, കൈവല്യം, നിഃശ്രേയസം, അമൃതം.

**നിൎവ്വാതം**=കാററില്ലാത്തസ്ഥലം. പൎയ്യാ-ഗതാനിലം.

**നിവാൎയ്യൻ**=ഏതു വിഷമസ്ഥിതിയിലും ഇളകാതെ സ്വകാൎയ്യം നടത്തുന്നവൻ.

**നിർവൃത്തം**=സാധിക്കപ്പെട്ടതു്. പര്യാ-നിഷ്പന്നം, സിദ്ധം.

**നിർവേശം**=ശമ്പളം. പര്യാ-കർമ്മണ്യ, വിധ, ഭൃതി, ഭർമ്മം, വേതനം, ഭരണം, മൂല്യം, പണം.

**നിർഹാരം**=പുറത്തേയ്ക്കു് എടുക്കുക. പര്യാ-അഭ്യവകർഷണം.

**നിർഹാരി**=അകലെപ്പരക്കുന്ന സുഗന്ധമുള്ളതു്. പര്യാ-സമാകർഷി.

**നിർവാതം**=ആയുധം ഏല്ക്കാത്ത ചട്ട. നാ-കാററു കടക്കാത്ത സ്ഥലം.

**നിർവാപം**=മരിച്ചവരെ ഉദ്ദേശിച്ചു ചെയ്യുന്ന ദാനം. പര്യാ-പിതൃദാനം.

**നിവീതം**=ഉടുത്ത വസ്ത്രം. പര്യാ-പ്രാവൃതം.

**നിവൃത**=ചുററപ്പെട്ടതു്. പര്യാ-പരിക്ഷിപ്തം.

**നിവേശം**=പടകുടി. പര്യാ-ശിബിരം. സ്കന്ധാവാരം.

**നിശാഹ്വ**=മഞ്ഞൾ. പര്യാ-കാഞ്ചനീ, പീത, ഹരിദ്ര, വരവർണ്ണിനീ.

**നിശ്രേണി**=കോണി. പര്യാ-ആരോഹണം, സോപാനം, അധിരോഹിണി.

**നിശിതം**=മൂർച്ചകൂട്ടിയതു്. പര്യാ-ക്ഷ്ണുതം, ശാതം, തേജിതം.

**നിഷദ്യ**=കച്ചവടസ്ഥലം. പര്യാ-ആപണം, വിപണി, പണ്യവീഥിക.

**നിഷാദൻ**=ചണ്ഡാളൻ (കാട്ടാളൻ.) പര്യാ-കിരാതൻ, ശബരൻ, പുളിന്ദൻ.

**നിഷ്കം**=നാ-1. ഒരുപലം. 2 ആഭരണവിശേഷം, 3. സ്വർണ്ണം 4. ഇരുപത്തു പണത്തൂക്കം 5. ദീനാരമെന്ന നാണയം.

**നിഷ്കുടം**= അടുക്കളപ്പൂങ്കാവു്. പര്യാ-ഗൃഹാരാമം.

**നിഷ്ക്രമം** = ബുദ്ധിസാമർത്ഥ്യം. പര്യാ-ധീശക്തി.

**നിഷ്ഠ**=നാ-1. നിയതസ്ഥിതി. 2. ഉത്ഭവം 3. കാണാവുന്നതു് 4. അവസാനം.

**നിഷ്ഠീവനം**=തുപ്പുക. പര്യാ-നിഷ്ഠ്യൂതി, നിഷ്ഠേവനം, നിഷ്ഠേവം.

**നിഷ്ഠ്യൂതം** = പ്രേരിപ്പിക്കപ്പെട്ടതു്. പര്യാ-നുത്തം, നുന്നം, അസ്തം, ആവിദ്ധം, ക്ഷിപ്തം, ഈരിതം.

**നിഷ്ണാതൻ**=കർമ്മനിപുണൻ. പര്യാ-പ്രവീണൻ, നിപുണൻ, വിജ്ഞൻ, ശിക്ഷിതൻ. (കാര്യസാധനോപായങ്ങളറിഞ്ഞവൻ എന്നും അർത്ഥം പറയാം.)

**നിഷ്പാവം**=നെല്ലു തൂററുക. പര്യാ-പവനം, പവം.

**നിഷ്പ്രവാണി**=പുതിയ മുണ്ടു്. പര്യാ-തന്ത്രകം, നവാംബരം, അനാഹതം.

നിസർഗ്ഗം=സ്വഭാവം. പര്യാ-സ്വരൂപം, സംസിദ്ധി, പ്രകൃതി.

നിസൃഷ്ടം=വെടിയപ്പെട്ടതു്. പര്യാ-ന്യസ്തം.

നിസ്തലം=വട്ടത്തിലുള്ളതു്. പര്യാ-വർത്തുളം, വൃത്തം.

നിഹാക=നീർക്കുടുമ്പു്. പര്യാ-ഗോധിക.

നിഹീനൻ=നീചൻ. പര്യാ-അപസദൻ, ജാല്മൻ, ക്ഷുല്ലകൻ, പ്രാകൃതൻ, പൃഥക്ജനം, വിവർണ്ണൻ, പാമരൻ.

നിഹ്നവം=വാസ്തവം മറച്ചു പറയുക. പര്യാ-അപലാപം.

## നീ

നീചികം=ഉത്തമലക്ഷണമുള്ള പശു. പര്യാ-നൈചികീ, നീചികി.

നീചൈസ്=അല്പം (ഏററവും താണതെന്നും അർത്ഥമുണ്ടു്.)

നീഡം=പക്ഷിക്കൂടു്. പര്യാ-കുലായം.

നീധ്രം=ഇറ്റാല്പലക. പര്യാ-വലീകം, പടലപ്രാന്തം.

നീപം=കടമ്പുമരം. പര്യാ-ഹലിപ്രിയം, പ്രിയകം, കദംബം.

നീരുജൻ=രോഗമില്ലാത്തവൻ.

നീലകണ്ഠം=മയിൽ. പര്യാ-മയൂരം, ബർഹിണം, ബർഹി, ഭുജംഗഭുക്, ശിഖാവളം, ശിഖി, കേകി.

നീലാംബരൻ=ബലഭദ്രൻ. പര്യാ-രേവതീരമണൻ, കാമപാലൻ, ഹലായുധൻ, പ്രലംബഘ്നൻ, ബലദേവൻ, അച്യുതാഗ്രജൻ, രൗഹിണേയൻ, താലാങ്കൻ, മുസലി, ഹലി, സംകർഷണൻ, സീരപാണി, കാളിന്ദീഭേദനൻ, ബലൻ.

നീലി=ഈച്ച. പര്യാ-വർവണ, മക്ഷിക, ചർവണ, നീലി.

നീവാകം= വസ്തുസമ്പാദനവ്യഗ്രത. പര്യാ-പ്രയാമം.

നീവാരം=വരിനെല്ലു്.

നീവി=മൂലധനം. പര്യാ-പരിപണം. (വസ്ത്രം ഉടുത്തു ചൊരുകുന്ന സ്ഥലം, വസ്ത്രഗ്രന്ഥി എന്നും അർത്ഥമുണ്ടു്.) "നീവിമോക്ഷോ ഹി മോക്ഷഃ" എന്നു കാളിദാസൻ.

നീവൃത്തു്=രാജ്യം. പര്യാ-ജനപദം, ദേശം, വിഷയം.

നീശാരം=പുതപ്പു്.

നീഹാരം=മഞ്ഞു്.

## നു

നു=ചോദ്യം, സംശയം ഈ അർത്ഥങ്ങളിൽ വരുന്ന ഒരവ്യയം.

നുതി=സ്തുതി. പര്യാ-സ്തവം, സ്തോത്രം.

നുര=പത. പര്യാ-ഫേനം, ഡിണ്ഡീരം, അബ്ധികഫം.

നുറുങ്ങു്=അല്പം. പര്യാ-ലവം, ലേശം, തെല്ലു്, കണം, തരി.

നലമ്പു്=വളിപ്പു്. (നനവു്)

പര്യാ-ക്ലേദം. തിമിതം, ആർദ്രം.

## നൂ

**നൂതനം**=പുത്തൻ. പര്യാ-നവീനം, നവം, നവ്യം, നൂത്നം പ്രത്യഗ്രം.

**നൂദം**=കാട്ടുരയാലു്. പര്യാ-പൂഗം, ക്രമുകം, ബ്രഹ്മണ്യം, ബ്രഹ്മദാരു. (ചെറുകമുകെന്നും അർത്ഥം കാണുന്നു.)

**നൂനം**=നിശ്ചയം, ഊഹം ഈ അർത്ഥങ്ങളെ കുറിയ്ക്കുന്ന ഒരവ്യയം. ഇതു് ഉത്പ്രേക്ഷാലങ്കാരത്തിലെ വാചകമായും വരും. ഉദാ-"നിഗൂഹിതും നൂനമരഃ കളങ്കം."

**നൂപുരം**=കാൽചിലമ്പു്. പര്യാ-പാദാംഗദം, തുലാകോടി, മഞ്ജീരം.

**നൂററിക്കൊല്ലി**=ഒരായുധം. പര്യാ-ശതഘ്നി.

## നൃ

**നൃജനി**=മനുഷ്യജന്മം.

**നൃപൻ**=രാജാവു്. പര്യാ-രാട്, പാർത്ഥിവൻ, ക്ഷ്മാഭൃത്തു്, ഭൂപൻ, മഹീക്ഷിത്തു്.

**നൃപലക്ഷ്മാവു്**=രാജചിഹ്നം

**നൃപാസനം**=സിംഹാസനം. പര്യാ-ഭദ്രാസനം.

**നൃശംസൻ**=പരദ്രോഹി (ദുഷ്ടൻ) പര്യാ-ഘാതകൻ, ക്രൂരൻ, പാപൻ.

**നൃസേനം**=* മനുഷ്യസേന. (ഷഷ്ഠ്യന്തമായ ഒരുപദത്തിനോടു്, സേന, ഛായ, ശാല, സുര, നിശ ഈ ശബ്ദങ്ങൾ സമാസിക്കുമ്പോൾ നപുംസകരൂപവും വരും.)

* ഷഷ്ഠ്യന്തപ്രാക്പദാഃസേനാ ഛായാ ശാലാ സുരാ നിശാ.

## നെ

**നെടുവീർപ്പു്**=ദീർഘശ്വാസം. പര്യാ-നിശ്ശ്വാസം.

**നെട്ടൻ**=നീളമുള്ളവൻ. പര്യാ-പ്രാംശു, ഉത്താളൻ, ഉന്നതൻ.

**നെയ്ത്തു്**=നെയ്യുക. പര്യാ-വയനം, സിവനം, സ്യൂതം.

**നെയ്ത്തുകോൽ**=നെയ്യാനുള്ള കോൽ. പര്യാ-വയനദണ്ഡം, വേമാവു്.

**നെററി**=പുരികത്തിന്റെ മുകൾവശം. പര്യാ-ഫാലം, നിടിലം, ഭാലം, നിടാലം.

## നേ

**നേദിഷ്ഠം**=ഏററവും അടുത്തുള്ളതു്. പര്യാ-അന്തികതമം.

**നേപത്ഥ്യം**=അലങ്കാരം. പര്യാ-ആകല്പം, വേഷം, പ്രതികർമ്മം, പ്രസാധനം. (നടന്മാരുടെ അലങ്കരണം എന്നർത്ഥത്തിലാണു് ഇതിനു് അധികം പ്രസക്തി. അണിയറയെന്നും ഈ വാക്കിനു് അർത്ഥംകാണുന്നു)

നേമി=ചക്രമുരുളുമ്പോൾ ഭൂമിയിൽതൊടുന്ന ഭാഗം(വിളുമ്പ്) പര്യാ-പ്രധി.

## നൈ

നൈകഭേദം=പലപ്രകാരം. പര്യാ-ഉച്ചാവചം.

നൈഗമൻ=കച്ചവടക്കാരൻ. നാ-പട്ടണവാസി.

നൈപഥ്യം=നേപഥ്യത്തിന്റെ അൎത്ഥംതന്നെ.

നൈപാളി=മനയോല. പര്യാ-മനോഗുപ്ത, നാഗജിഹ്വികാ, കുനടി, ഗോള, മനശ്ശില.

നൈയായികൻ=ന്യായശാസ്ത്രമറിയാവുന്നവർ. പര്യാ-ആക്ഷപാദൻ.

നൈഷ്കികൻ=ഭണ്ഡാരം സൂക്ഷിപ്പുകാരൻ. പര്യാ-ദ്രുപാദ്ധ്യക്ഷൻ, ടങ്കകപതി.

നൈസ്ത്രിംശകൻ=വാൾക്കാരൻ പര്യാ-അസികൻ, അസിഹേതി.

## നൌ

നൌക=തോണി.

നൌകാദണ്ഡം= കഴുക്കോല്. പര്യാ-ക്ഷേപണി.

നൌതാര്യം=തോണികൊണ്ടു കടക്കാൻകൊള്ളാവുന്ന പ്രദേശം. പര്യാ-നാവ്യം (പുഴക്കടവു്.)

## പ

പകയൻ=ശത്രു. പര്യാ-പററലർ, മാററാർ, വിണ്ടാർ, മരുവലർ.

പകഴി=ശരം. പര്യാ-അമ്പ്, കണ.

പക്കണം=കാട്ടാളക്കുടി. പര്യാ-ശബരാലയം.

പകപം=പാകംവന്നതു്. പര്യാ-പരിണതം, പചേളിമം, പക്ത്രിമം.

പക്ഷം=സമൂഹാൎത്ഥത്തിൽ കേശശബ്ദത്തിനോടു സമാസഗതമായിവരുന്ന ഒരു ശബ്ദം. പാശം, ഹസ്തം ഇങ്ങനെ മററു രണ്ടു ശബ്ദംകൂടി ഈയിനത്തിലുണ്ടു്. മുറയ്ക്കു് ഉദാ: കേശപക്ഷം, കേശപാശം, കേശഹസ്തം. തലമുടിക്കൂട്ടമെന്നു് ഇവയ്ക്കെല്ലാമൎത്ഥം. (അഭിപ്രായം, ചന്ദ്രന്റെ വൃദ്ധിക്ഷയകാലം, ചിറകു് ഇത്യാദി വേറെ അൎത്ഥവും പക്ഷശബ്ദത്തിനുണ്ടു്.)

പക്ഷകം=രണ്ടു കീററുവാതിൽ. പര്യാ- പക്ഷദ്വാരം.

പക്ഷസ്=ചിറകു്. പര്യാ-ഛദം, ഗരുത്തു്, പത്രം, പതത്രം, പക്ഷം, തനൂരുഹം.

പക്ഷ്മം=നാ-1. കൺപീലി 2. പുഷ്പങ്ങളുടെ അല്ലി 3. ചെറിയ നൂൽ മുതലായവയുടെ അംശം.

പങ്കിലം=ചളിപ്രദേശം. അഴുക്കുള്ളതെന്നും അൎത്ഥംപറയാം.

പംക്തി=ഇടതൂൎന്നില്ലാത്ത വൃക്ഷക്കൂട്ടം. പര്യാ-വീഥി, ആളി,

ആവലി, ശ്രേണി. സാധാരണ സമൂഹവാചകളായും ഇവയ്ക്കു പ്രയോഗമുണ്ട്.

**പംഗു**=മുടന്തൻ. പര്യാ-ശ്രോണൻ.

**പചം**=പാകപ്പെടുത്തുക. പര്യാ-പാകം.

**പഞ്ചജനൻ**=മനുഷ്യൻ. പര്യാ-പുരുഷൻ, പൂരുഷൻ, നരൻ, മനുജൻ, മാനവൻ, മാനുഷൻ.

**പഞ്ചനഖം**=സിംഹം. പര്യാ-പഞ്ചാസ്യൻ, ഹര്യക്ഷൻ, കേസരി, ഹരി, കണ്ഠീരവൻ, മൃഗരിപു, മൃഗദൃഷ്ടി, മൃഗാശനൻ, പുണ്ഡരീകം, ചിത്രകായം.

**പഞ്ചമം**=സപ്തസ്വരങ്ങളിൽ ഒന്ന്. (പ)

**പഞ്ചലക്ഷണം**=പുരാണം. സർഗ്ഗം, പ്രതിസർഗ്ഗം, വംശം, മന്വന്തരം, വംശാനുചരിതം ഈ അഞ്ചു ലക്ഷണമുള്ളതാണ പുരാണം.

**പഞ്ചശരൻ**=കാമദേവൻ. പര്യാ-മദനൻ, മന്മഥൻ, മാരൻ, പ്രദ്യുമ്നൻ, മീനകേതനൻ, ശംബരാരി, മനസിജൻ, കുസുമേഷു, അനന്യജൻ, കന്ദർപ്പൻ, ദർപ്പകൻ, അനംഗൻ, ശൃംഗാരയോനി, ശ്രീപുത്രൻ, ശൂർപ്പകാരാതി.

**പഞ്ചശാഖം**=ഉള്ളംകയ്യ്. പര്യാ-ശയം, പാണി.

**പഞ്ചാലിക**=പാവ. പര്യാ-പുസ്തം, പുത്രിക.

**പഞ്ജരം**=നാ-1. കൂട് 2. അസ്ഥികൂടം.

**പഞ്ജിക**=നാ-1. സകലപദവ്യാഖ്യാനം 2. വരവുചെലവുകണക്ക് പഞ്ചിക എന്നും രൂപം കാണുന്നു.

**പടച്ചരൻ**=കള്ളൻ. പര്യാ-ഐകാഗരികൻ, സ്തേനൻ, ദസ്യു, തസ്കരൻ, മോഷകൻ, പ്രതിരോധി, പരാസ്കന്ദി, മലിമ്ലുചൻ.

**പടലം**=പുരമേയാനുള്ള സാധനം. പര്യാ-ഛദി.

**പടവാസകം**= സുഗന്ധപ്പൊടി. പര്യാ-പിഷ്ടാതം. വസ്ത്രങ്ങൾക്ക സൗരഭ്യമുണ്ടാക്കുകയാണ് ഇതിൻെറ ഉപയോഗം.

**പടു**=പ്രവൃത്തിതല്പരൻ. പര്യാ-ദക്ഷൻ, ചതുരൻ, പേശലൻ, സൂത്ഥാനൻ.

**പട്ടിശം**=ഒരുതരം ആയുധം. 'പട്ടസ'മെന്നും പാഠം കാണുന്നു.

**പണിതവ്യം**=വില്പനവസ്തു. പര്യാ-വിക്രേയം, പണ്യം.

**പണ്ഡൻ**=നപുംസകൻ. പര്യാ-ഷണ്ഡൻ, ക്ലീബൻ, തൃതീയപ്രകൃതി.

**പതംഗം**=പാററ. പര്യാ-ശലഭം.

**പതൽഗ്രഹം**=കോളാമ്പി. പര്യാ-പ്രതിഗ്രാഹം.

**പതയാലു**=പതനശീലൻ. പര്യാ-പാതുകൻ.

**പതിംവര**=ഇച്ഛിച്ച ഭർത്താവിനെ

വരിക്കുന്നവൾ. പര്യാ-സ്വയംവര, വര്യ.

**പതിവ്രത**=പാതിവ്രത്യമുള്ളവൾ പര്യാ-സതീ, സാധ്വീ, സുചരിത്ര.

**പത്രപരശു** = സ്വർണ്ണംമുറിക്കുന്ന ആയുധം. പര്യാ-വ്രശ്ചനം.

**പത്രപാശ്യ**=നെററിപ്പട്ടം. പര്യാ-ലലാടിക.

**പത്രലേഖ**=പത്തിക്കീററ്. പര്യാ-പത്രരേഖ, പത്രാംഗുലി.

**പത്രോർണ്ണം**=അലക്കിയ പട്ട്. പര്യാ-ധൌതകൌശേയം.

**പഥികൻ**=വഴിപോക്കൻ. പര്യാ-അധ്വനീനൻ, അധ്വഗൻ, അധ്വന്യൻ, പാന്ഥൻ.

**പദം**=കാല്. പര്യാ-പത്ത്, അംഘ്രി, ചരണം, ചേവടി.

**പദഗം**=കാലാൾപ്പട. പര്യാ-പദാതി, പത്തി, പാദാതം, പദാജി, പദികം.

**പദ്മകം**=ആനയുടെ മുഖത്തുള്ള പുള്ളി. പര്യാ-ബിന്ദുജാലകം.

**പത്മരാഗം**=പത്മരാഗമെന്ന രത്നം. പര്യാ-ശോണരത്നം, ലോഹിതകം.

**പദ്മാടം**=തകര. പര്യാ-പ്രപുന്നാടം, ഏഡഗജം, ദദ്രുഘ്നം, ചക്രമർദ്ദകം. ഇതു വാതം, ചൊറി, കുഷ്ഠം ഇവയെ ശമിപ്പിക്കും.

**പനസം**=പ്ലാവ്. പര്യാ-കണ്ടകീഫലം.

**പന്നം**=വീണത്. പര്യാ-സ്ഖന്നം, ധ്വസ്തം, ഭ്രസ്തം, ച്യുതം, ഗളിതം.

**പന്നഗം**=പാമ്പ്. പര്യാ-പൃദാകുഭുജംഗം, ഭുജഗം, അഹി, ആശീവിഷം, വിഷധരം, ചക്രീ, വ്യാളം, സരീസൃപം, കുണ്ഡലി, ഗൂഢപാത്ത്, ചക്ഷുഃശ്രവസ്സ്, കാകോദരം, ഫണി, ദർവീകരം, ദീർഘപൃഷ്ഠം, ദന്തശൂകം, വിലേശയം, ഉരഗം, ഭോഗി, ജിഹ്മഗം, പവനാശനം, ലേലിഹാനം, ദ്വിരസനം, ഗോകർണ്ണം, കഞ്ചുകി, കുംഭീനസം, ഫണധരം, ഭോഗധരം.

**പയോധരം**=മേഘം. നാ-മുല.

**പരജാതൻ**=അന്യനാൽ വളർത്തപ്പെട്ടവൻ. പര്യാ-പരാചിതൻ, പരിസ്കന്ദൻ, പരൈധിതൻ.

**പരപിണ്ഡാദൻ**=അന്യൻെറ ഭക്ഷണംകഴിച്ചു ജീവിക്കുന്നവൻ. പര്യാ-പരാന്നൻ.

**പരമ്പരാകം**=യാഗത്തിനു ചെയ്യുന്ന പശുഹിംസ. പര്യാ-ശമനം, പ്രോക്ഷണം.

**പരവാൻ**=അസ്വതന്ത്രൻ. പര്യാ-പരതന്ത്രൻ, പരാധീനൻ, നാഥവാൻ.

**പരശ്ശതം**=നൂറിലധികം.

**പരശ്വധം**=മഴു. പര്യാ-സ്വധിതി, പരശു, കുഠാരം, പരസ്വധം.

**പരാഗം**=പൂമ്പൊടി. പര്യാ-പുഷ്പരജസ്, സുമരേണു.

പരാജയം=തോൽവി. പര്യാ-ഭംഗം, പരാഭൂതി, പരാഭവം.

പരായണം=താല്പര്യം. പര്യാ-പാരായണം.

പരാരി=രണ്ടാമത്തെ ആണ്ട്.

പരികരം=കട്ടിള. പര്യാ-പരിചാരകജനം.

പരിക്രമം=കളിച്ചുനടക്കുക. പര്യാ-വിഹാരം.

പരിഘാതനം=ഇരുമ്പുലക്ക. പര്യാ-പരിഘം.

പരിചയം=സംസർഗ്ഗം. പര്യാ-സംസ്തവം.

പരിചര്യ=ശുശ്രൂഷ. പര്യാ-വരിവസ്യ, ഉപാസനം.

പരിണാമം=മാററം. പര്യാ-വികാരം, വികരണം, വികൃതി, വിക്രിയ.

പരിണായം=എണ്ണംനോക്കിച്ചൂതുവയ്ക്കുക.

പരിണാഹം=വീതി. പര്യാ-വിശാലത.

പരിപ്ലവം=ഇളകുന്നതു്. പര്യാ-ചഞ്ചലം, തരളം, പാരിപ്ലവം, ചലനം, കമ്പനം, കമ്പ്രം.

പരിമളം=സൗരഭ്യം. പര്യാ-സുഗന്ധം, ആമോദം, ഇഷ്ടഗന്ധം.

പരിരംഭം=ആലിംഗനം. പര്യാ-പരിഷ്വംഗം, സംശ്ലേഷം, ഉപഗൂഹനം, പരിരംഭണം.

പരിവിത്തി=വിവാഹിതനെൻറ അവിവാഹിതനായ ജ്യേഷ്ഠൻ.

പരിവേഷം=സൂര്യചന്ദ്രന്മാരുടെ ചുററിലും കാണപ്പെടുന്ന കുണ്ഡലരേഖ. പര്യാ-പരിധി, ഉപസൂര്യകം, മണ്ഡലം.

പരിവ്രാട്=സന്യാസി. പര്യാ-ഭിക്ഷു, കർമ്മന്ദീ, പാരാശരി, തപസ്വി, താപസൻ.

പരിഷത്ത്=സഭ. പര്യാ-സമജ്യ, ഗോഷ്ഠീ, സമിതി, സംസത്ത്, ആസ്ഥാനം, സദസ്.

പരിഷ്ക്കാരം=ആഭരണം. പര്യാ-വിഭൂഷണം, മണ്ഡനം അലങ്കാരം.

പരിസരം=സമീപപ്രദേശം. പര്യാ-പര്യന്തഭൂ.

പരീതൽ=കുടൽ. പര്യാ-ആന്ത്രം.

പരേതൻ=മരിച്ചവൻ. പര്യാ-പരാസു, പ്രാപ്തപഞ്ചതൻ, പ്രേതൻ, സംസ്ഥിതൻ, മൃതൻ, പ്രമീതൻ.

പർജ്ജന്യം=മഴമേഘം. പര്യാ-ഘനാഘനം.

പർണ്ണം=ഇല. പര്യാ-ഛദം, പത്രം, ദലം.

പര്യടനം=അവിടവിടെ സഞ്ചരിക്കുക. പര്യാ-അട, അട്യ, വ്രജ്യ, അടനം.

പര്യുദഞ്ചനം=കടം. പര്യാ-ഉദ്ധാരം, ഋണം.

പര്യേക്ഷണ=അന്വേഷണം. പര്യാ-പരീഷ്ടി, ഗവേഷണം.

പലഗണ്ഡൻ= കുമ്മായപ്പണിക്കാരൻ. പര്യാ-ലേപകൻ.

പലിതം=നര. പര്യാ-പാകം.

പല്ലവം=തളിര്. പര്യാ-കിസലയം, പ്രവാളം.

പല്വലം=ചെറിയ ജലാശയം. പര്യാ-വേശന്തം, അല്പസരസ്സ്.

പവം=ധാന്യംതൂററുക. പര്യാ-നിഷ്പാവം, പവനം.

പവിത്രം=പരിശുദ്ധം. പര്യാ-പൂതം, പ്രയതം.

പശു=മൃഗജാതി.

പശ്ചാത്താപം=പിന്നീടുള്ള ദുഃഖം. പര്യാ-അനുശയം, അനുതാപം, വിപ്രതിസാരം.

പസ്ത്യം=വീട്. പര്യാ-ഗൃഹം, ഉദവസിതം, വേശ്മം, സത്മം, നികേതനം, നിശാന്തം, സദനം, ഭവനം, ആഗാരം, മന്ദിരം, ധിഷ്ണ്യം, വാസ്തു-നിവേശനം.

## പാ

പാകം=നാ-1. ഫലം. 2. നര 3. പാകപ്പെടുക 4. കുട്ടി.

പാകം=കുട്ടി. പര്യാ-പോതം, അർഭകം, ഡിംഭം, പൃഥു, ശാബകം, ശിശു.

പാകസ്ഥാനം=അടുക്കള. പര്യാ-മഹാനസം, രസവതി, രന്ധനം.

പാടലി=പൂപ്പാതിരി. പര്യാ-പാടല, അമോഘ, കാചസ്ഥാലി, ഫലേരുഹ. ഇതു്, രക്തവാതം, പിത്തം, ഇക്കിൾ, ഛർദ്ദി, അരോചകം ഇവയ്ക്കു നന്നു്.

പാണിഘ്നൻ=കൈത്താളക്കാരൻ. പര്യാ-പാണിവാദകൻ.

പാണിപീഡനം=വിവാഹം. പര്യാ-ഉദ്വാഹം, ഉപയമം, ഉപയാമം, പരിണയം, പരിണയനം. ബ്രാഹ്മം, ദൈവം, ആർഷം, പ്രാജാപത്യം, ആസുരം, ഗാന്ധർവ്വം, രാക്ഷസം, പൈശാചം ഇങ്ങനെ വിവാഹം എട്ടുവിധം.

പാത്രം=ജലമദ്ധ്യപ്രദേശം.

പാത്രീ=പാത്രം (കലം മുതലായതു്.) പര്യാ-ആവപനം, ഭാണ്ഡം, അമത്രം, ഭാജനം.

പാദഗ്രഹണം=അഭിവാദ്യം ചെയ്യുക (ഭക്തിപൂർവ്വം വന്ദിക്കുക.) പര്യാ-അഭിവാദനം.

പാദവത്മീകം=മന്ത് (പെരുക്കാൽ.) പര്യാ-പദശ്വയഥു.

പാദുക=ചെരുപ്പ്. പര്യാ-പാദൂ, ഉപാനത്ത്. (മെതിയടിയെന്നു പറയാം.)

പാദ്യം=കാൽകഴുകാനുള്ളവെള്ളം.

പാനം=കുടിക്കുക. പര്യാ-ധയനം.

പാനം=കള്ളുഷാപ്പ്. പര്യാ-ശുണ്ഡ, മദസ്ഥാനം.

പാപൻ=ദുഷ്ടൻ.

പാപചേലി=പാടയെന്ന മരുന്ന്. പര്യാ=സ്ഥാപനീ, ശ്രേയസീ, രസ, ഏകാഷ്ഠീല, പ്രാചീന, വനതിക്തിക. ഇതു ത്രിദോഷശമനമാകുന്നു.

പാമ=ചിരങ്ങ്. പര്യാ-കച്ഛുവി ചർച്ചിക.

പാമനൻ=ചിരങ്ങുള്ളവൻ. പര്യാ-കച്ഛുരൻ.

പായു=മലദ്വാരം. പര്യാ-ഗുദം, അപാനം.

പായ്യം=അളക്കാനുള്ള ഉപകരണം. പര്യാ-യൗതവം, ദ്രവയം, മാനം.

പാരദം=രസം. പര്യാ-ചപലം സൂതം.

പാരശവൻ=വായ്യർ. (ശൂദ്രസ്ത്രീയിൽ ബ്രാഹ്മണനു ജനിച്ച പുത്രൻ.)

പാരസികം =പേർഷ്യയിലുണ്ടായ കുതിര.

പാരാവതം=മാടപ്രാവ്. പര്യാ-കപോതം, കളരവം.

പാരികാംക്ഷി= തപോനിഷ്ഠൻ. പര്യാ-തപസ്വി, താപസൻ.

പാരിഹാര്യം=വള. പര്യാ-ആവാപകം, കടകം, വലയം.

പാരുഷ്യം=അപ്രിയമായ വാക്ക്. പര്യാ-അതിവാദം.

പാർഷ്ണി=കാൽമട്ടമ്പ് (കാലിലെ ചിരട്ടയ്ക്കു താഴെയുള്ള വശം.)

പാലങ്കി=കുന്തുരുക്കം. പര്യാ-പാലങ്ക്യ, മുകുന്ദം. കുന്ദുരു. ഇതു പ്രദരം, വാതകഫരോഗങ്ങൾ ഇവയ്ക്കു നന്ന്.

പാഷണ്ഡൻ= വൈദികമതവിരോധി. പര്യാ-പാഖണ്ഡൻ, സർവ്വലിംഗി.

പാളി=ആയുധങ്ങളുടെ മൂർച്ചയുള്ള ഭാഗം. പര്യാ-അശ്രി,കോടി, കോണം.

പാളിന്ദി= നാൽക്കോല്പക്കൊന്ന. പര്യാ-ശ്യാമ, സുഷേണിക, മസൂരവിദളം, അദ്ധ്ചന്ദ്ര. ഇതു കൃമിരോഗം, കഫരോഗം, വ്രണം ഇവയെ ശമിപ്പിക്കും.

## പി

പിചണ്ഡിലൻ=പെരുവയറൻ. പര്യാ-തുന്ദിലൻ, തുന്ദിഭൻ, തുന്ദി, ബൃഹൽകുക്ഷി, പിചണ്ഡൻ.

പിചു=പരുത്തിപ്പഞ്ഞി. പര്യാ-തൂലം.

പിച്ചടം=വെളുത്തീയ്യം. പര്യാ-ത്രപു. രംഗം, വംഗം.

പിച്ഛിലം=വഴുപ്പുതട്ടിയ ചോറ് കറി മുതലായതു്. പര്യാ-വിജിലം.

പിഞ്ഛം=മയിൽപീലി. പര്യാ-ബർഹം.

പിഞ്ഛരിക=ജാലക്കോൽ.

പിഞ്ജരം=അരിതാരം. പര്യാ-പീതനം, താലം, ആലം, ഹരിതാലം.

പിഞ്ജുലം=ആകുലമായ സൈന്യം. പര്യാ-സമുത്പിഞ്ജം.

പിടക=കുരു. പര്യാ-വിസ്ഫോടം, പിടകം.

പിഡ=പെട്ടി. പര്യാ-പേട, പേടകം, മഞ്ജൂഷ.

പിണ്ഡിക=ചക്രക്കുടം. പര്യാ-നാഭി.

പിണ്യാകം=പിണ്ണാക്ക്. പര്യാ-പിണ്ഡ്യം.

പിതൃപിതാ=അപ്പൂപ്പൻ. പര്യാ-പിതാമഹൻ.

പിതൃവനം=ചുടുകാട്. പര്യാ-ശ്മശാനം, പരേതാടവി, പ്രേതാരണ്യം.

പിതൃവ്യൻ=അച്ഛന്റെ അനുജൻ (ചിററപ്പൻ.) വലിയച്ഛനെന്നും അർത്ഥംകാണുന്നു.

പിത്സത്=പക്ഷി. പര്യാ-ശകുന്തി, ശകുനി, പതത്രി, പത്രി, പത്രരഥം, നീഡോത്ഭവം, ഗരുത്മത്ത്.

പിനദ്ധം=ഇട്ടുകെട്ടിയ കുപ്പായം. പര്യാ-ആമുക്തം, പ്രതിമുക്തം, അപിനദ്ധം

പിനാകം=ശിവന്റെ വില്ല്. പര്യാ-അജഗവം.

പിപീലിക=എറുമ്പ്.

പിശുനൻ=നാ-1. അല്പൻ 2. നിന്ദ്യൻ.

പിഷ്ടകം=അപ്പം. പര്യാ-പൂപം, അപൂപം.

പിഷ്ടപചനം=പലഹാരമുണ്ടാക്കുന്ന പാത്രം. പര്യാ-ഋജീഷം.

പിഷ്ടാതം=സുഗന്ധപ്പൊടി.

## പീ

പീഠം=ആസനം (ഇരിക്കാനുള്ള സാധനം.) പര്യാ-വിഷ്ടരം, ആസനം.

പീഡനം=ഉപദ്രവം. പര്യാ-വിപ്ലവം, ബാധ, പീഡ.

പീതം=മഞ്ഞനിറം. പര്യാ-ഗൌരം, ഹാരിദ്രാഭം.

പീതദാരു=ദേവതാരം. പര്യാ-ഭദ്രദാരു, ദ്രുകിളിമം, പാരിഭദ്രകം. ഇതു കഫവാതരോഗങ്ങൾ, ആമദോഷം, പ്രമേഹം ഇവയെ ശമിപ്പിക്കും.

പീതനം=നാ-1. അരിതാരം 2. കുങ്കുമം.

പീതി=നാ-1. കുതിര 2. കുടിക്കുക.

പീനം=തടിച്ചതു്. പര്യാ-പീവ, പീവരീ, പീവരം, സ്ഥൂലം.

പീനസം=നാ-1. ഒരു രോഗം 2. പ്രതിശ്യ 3. പ്രതിശ്യായം.

പീയൂഷം=അമൃതം. പര്യാ-സുധ.

പീലു=നാ-1. കാപ്പിച്ചെടി 2. ആന 3. അമ്പ് 4. പുഷ്പം.

## പു

പുക=ധൂമം. പര്യാ-വഹ്നിധ്വജം, അഗ്നിലിംഗം, അനലബാഹു.

പുംശ്ചലി=വ്യഭിചാരിണി. പര്യാ-പുംശ്ചലീ, ധർഷിണീ, ബന്ധകീ, അസതീ, കുലടാ, ഇത്വരി, സ്വൈരിണീ, പാംസുല.

പുക്കസൻ=ചണ്ഡാലൻ (പറയൻ.)

പുംഖം=അമ്പിൻെറ ചുവട്ട്.

പുംഗവൻ=ശ്രേഷ്ഠൻ. മറേറതെങ്കിലും പുല്ലിംഗശബ്ദത്തോടു ചേരുമ്പോൾമാത്രമേ ഈ അൎത്ഥം കുറിക്കാൻ ഇതിനു ശക്തിയുള്ളു. സിംഹം, ശൎദ്ദൂലം, നാഗം, വ്യാഘ്രം, ഋഷഭം, കുഞ്ജരം ഇവയും പുംഗവശബ്ദത്തിൻെറ പട്ടികയിൽപെട്ടവതന്നെ. ഉദാ—കവിപുംഗവൻ, പുരുവ്യാഘ്രം.

പുച്ഛം=വാല്. പൎയ്യാ-ബാലം, ലൂമം, ലാംഗൂലം, ബാലധി.

പുഞ്ജം=കൂട്ടിയ ധാന്യം. പൎയ്യാ-നികായം, രാശി, ഉൽകരം, കൂടം, സാധാരണ കൂട്ടമെന്നൎത്ഥത്തിലും കവികൾ പ്രയോഗിക്കാറുണ്ട്.

പുടഭേദം=വെള്ളച്ചുഴി. പൎയ്യാ-ചക്രം, ഭ്രമം.

പുണ്ഡരീകം=നാ-1. വെൺതാമര 2. പുലി 3. സിംഹം.

പുണ്ഡ്രം=നാ-1. കുറി 2. കരിമ്പ്.

പുണ്യവാൻ=സൽപ്രവൃത്തിചെയ്യുന്നവൻ. പൎയ്യാ-സുകൃതി, ധന്യൻ, ശിവംകരൻ, ശിവതാതി

പുത്തിക=ഒരുവക തേനീച്ച. പൎയ്യാ-പതംഗിക.

പുത്രിക=പാവ. പൎയ്യാ-സാലഭഞ്ജിക, പാഞ്ചാലിക.

പുദ്ഗളം=ശരീരം. (ജൈനമതസിദ്ധാന്തമനുസരിച്ചുള്ള ജീവാത്മാവ്.)

പുനഃ(ര്)=രണ്ടാമത്, വ്യത്യാസം, നിശ്ചയം, നിഷേധ , വീണ്ടും, ഇങ്ങനെ അൎത്ഥമുള്ള ഒരവ്യയം.

പുനർഭ്രൂ=പുനർവിവാഹം ചെയ്യപ്പെട്ടവൾ. പൎയ്യാ-ദിധിഷു.

പുരം=പട്ടണം. പൎയ്യാ-നഗരി, നഗരം, പൂര്, പുരി.

പുരസ്(ഃ)=മുമ്പിൽ. പൎയ്യാ-പുരതഃ(സ്), അഗ്രതഃ(സ്), പുരസ്താത്.

പുരാ=പണ്ട്. (ആസന്നഭാവിയെന്നും അൎത്ഥമുണ്ട്.)

പുരാവൃത്തം=പണ്ടത്തെ കഥ. പൎയ്യാ-ഇതിഹാസം.

പുരു=പെരുകിയത് (വൎദ്ധിച്ചത്.) പൎയ്യാ-പ്രഭ്രൂതം, പ്രചുരം, പ്രാജ്യം, അദഭ്രം, ബഹുലം, ബഹു, പുരുഹം, ഭൂയിഷ്ഠം, സ്ഫിരം, ഭൂയസ്, ഭൂരി.

പുരോഡാശം=ഒരുവക യാഗസാധനം.

പുരോഭാഗി=ദോഷംമാത്രം കാണുന്നവൻ. പൎയ്യാ-ദോഷൈകദൃക്.

പുരോഹിതൻ=യാഗം, വിവാഹം മുതലായ കൎമ്മങ്ങൾ വിധിപ്രകാരം പറഞ്ഞു നടത്തുന്നവൻ. പൎയ്യാ-ധൎമ്മാദ്ധ്യക്ഷൻ, പുരോധസ്.

പുലാകം=നാ-1. പതിര് 2. വറവ് 3. പരപ്പില്ലായ്മ.

പുലോമജ=ഇന്ദ്രന്റെ ഭാര്യ. പര്യാ-ശചീ, ഇന്ദ്രാണി.

പുഷിതം=പുഷ്ടിപ്പെട്ടതു്. പര്യാ-പുഷ്ടം.

പുഷ്കലം=ഏററവും ശോഭനമായതു്. പര്യാ-ശ്രേയസ്സ്, അതിപ്രശസ്തം, ശ്രേഷ്ഠം, സത്തമം, അതിശോഭനം.

പുഷ്പം=പൂവു്. പര്യാ-സുമനസ്സ്, പ്രസൂനം, കുസുമം, സുമം, പ്രസവം, സൂനം.

പുഷ്പരസം=തേൻ. പര്യാ-മരന്ദം മകരന്ദം, മധൂളി, മാധ്വി, മധു, ആസവം.

പുഷ്പസമയം=വസന്തകാലം. പര്യാ-സുരഭി, മധു.

പുളകം=രോമാഞ്ചം. പര്യാ-കണ്ടകം, രോമോൽഗമം, കോൾമയിർ. കോരിത്തരിക്കുക.

പുളിനം=മണൽത്തിട്ട. പര്യാ-സൈകതം; സികതാമയം.

## പൂ

പൂഗം=കമുകു്. പര്യാ-ഘോണ്ട, ക്രമുകം, ഗുവാകം, ഖപുരം, ഉദ്വേഗം (പാക്കെന്നും അർത്ഥമുണ്ടു് )

പൂജ=ആരാധനം. പര്യാ-അച്ച, അർഹണ, അപചിതി, അർഘ്യ, സപര്യ, അർഹണം.

പൂതം=പരിശുദ്ധം. പര്യാ-പ്രയതം, പവിത്രം.

പൂതികരജം=ഞെട്ടാവൽ. പര്യാ-പ്രകീര്യം, പൂതികം, കലിമാരകം.

പൂരം=ഒഴുക്കു്. പര്യാ-ഓഘം, പ്രവാഹം, പരീവാഹം.

പൂരിതം=നിറഞ്ഞതു്. പര്യാ-പൂർണ്ണം.

പൂർത്തം= പൊതുജനോപകാരമുദ്ദേശിച്ചു കിണറു കുളം മുതലായവ കുഴിപ്പിക്കുക, സൽക്കർമ്മം.

പൂർവം=ആദ്യമുള്ളതു്. പര്യാ-പൌരസ്ത്യം, പ്രഥമം, ആദിമം.

പൂർവജൻ= ജ്യേഷ്ഠസഹോദരൻ. പര്യാ-അഗ്രജൻ, ജ്യായാൻ, അഗ്രിയൻ.

പൂഷാവു്=ആദിത്യൻ.

## പൃ

പൃക്തി=തൊട്ടുക. പര്യാ-സ്പൃഷ്ടി, സ്പർശം, സ്പർശനം.

പൃച്ഛ=ചോദ്യം. പര്യാ-പ്രശ്നം, അനുയോഗം.

പൃതന=സൈന്യം.

പൃഥഗ്വിധം=അനേകപ്രകാരം. പര്യാ-വിവിധം, ബഹുവിധം, നാനാരൂപം.

പൃഥു=നാ-1. കരിഞ്ജീരകം, 2. ഒരു രാജാവു്, 3. പരന്നതു്.

പൃഥുകം=നാ-1. അവൽ, 2. കുട്ടി.

പൃഥുരോമം=മത്സ്യം. പര്യാ-ഝഷം, മീനം, വൈസാരിണം, അണ്ഡജം.

പൃഥുലം=വിസ്താരമുള്ളതു്. പര്യാ-പൃഥു, വിശാലം, ബൃഹത്തു്, മഹത്തു്, വന്ദ്രം, ഉരു, വിപുലം.

പൃദാകു=നാ-1. പാമ്പു്, 2. തേൾ.

പൃശ്നി=ഏററവും നീളംകുറഞ്ഞവൻ (കുരുട്ടുമനുഷ്യൻ.) പര്യാ-അല്പതനു.

പൃഷത്തു്=വെള്ളത്തുള്ളി. പര്യാ-ബിന്ദു, പൃഷതം, വിപ്രുട്, ശീകരം.

പൃഷദാജ്യം=തൈരും നെയ്യും കൂട്ടിച്ചേർത്തതു്. പര്യാ-പൃഷാതകം.

പൃഷ്ഠം=പുറം.

പൃഷ്ഠ്യം=ചുമടെടുക്കുന്ന കുതിര. പര്യാ-സ്ഥൌരി.

## പെ

പെങ്ങൾ=ഉടപ്പിറന്നവൾ. പര്യാ-സോദരി, സ്വസ, സഹോദരി, ഭഗിനി, സഹജ.

പെൺകൊടി= ചെറുപ്പക്കാരി. പര്യാ-യുവതി, തരുണി, യൂനി, ബാല.

പെട്ടി=സാധനങ്ങൾ വച്ചുപൂട്ടുന്ന പാത്രം. പര്യാ-പേടകം, പേടം, മഞ്ജൂഷ, പേടിക, പേടി.

പെട്ടെന്നു്=വേഗത്തിൽ. പര്യാ-ദ്രാക്, ഝടിതി, അഹ്നായ, മംക്ഷു.

പെരുമാൾ=ചക്രവർത്തി. പര്യാ-രാജരാജൻ, സമ്രാട്ടു്, സാർവഭൌമൻ.

പെരുവയറൻ=വലിയ വയറുള്ളവൻ. പര്യാ-തുന്ദിലൻ. തുന്ദിഭൻ, തുന്ദൻ, പിചണ്ഡൻ, പിചണ്ഡിലൻ.

പെറുക്കി=തെണ്ടി (ഇരന്നുജീവിക്കുന്നവൻ) പര്യാ-യാചകൻ, ഇരപ്പാളി, ഇരപ്പൻ.

പെററമ്മ=പെററതള്ള. പര്യാ-മാതാവു്, ജനനി. പ്രസൂ, ജനയിത്രി.

## പേ

പേചകം=നാ-1. മൂങ്ങ 2. ആനയുടെ വാൽച്ചുവടു്.

പേടി=നാ-1. പെട്ടി 2. ഭയം.

പേയൂഷം=അപ്പോൾ കറന്ന പാലു്. പര്യാ-ധാരോഷ്ണം, പീയൂഷം.

പേലവം=ഇടവിട്ടതു്. പര്യാ-വിരളം, തനു.

പേശലൻ=സമർത്ഥൻ. പര്യാ-ദക്ഷൻ, ചതുരൻ, പടു, സൂത്ഥാനൻ.

പേശി=മുട്ട. പര്യാ-കോശം, കോഷം, അണ്ഡം.

പേഷണം=പൊടിക്കുക (അര

യ്ക്കുകയെന്നും അൎത്ഥമുണ്ടു്.) പൎയ്യാ-വേഷം.

## പൈ

പൈഠരം= പാകംചെയ്ത ചോറു് കറി മുതലായതു്. പൎയ്യാ-ഉഖ്യം.

പൈതൃഷ്വസേയൻ= അച്ഛന്റെ പെങ്ങളുടെ മകൻ. പൎയ്യാ-പൈതൃഷ്വസ്രീയൻ.

പൈദാഹം=വിശപ്പുംദാഹവും. പൎയ്യാ-ക്ഷുത്പിപാസ.

പൈശുന്യം=പിശുനത്വം, നീചത്വം.

## പൊ

പൊക്കം=ഉയരം. പൎയ്യാ-ഉത്സേധം, ഉന്നതി, ഉഛ്റായം.

പൊങ്ങച്ചം=ദുരഭിമാനം. പൎയ്യാ-ദാംഭികത്വം, ഗർവം.

പൊങ്ങുതടി=വെള്ളത്തിൽ താഴാത്ത തടി. പൎയ്യാ-ഉഡുപം, പ്ലവം, കോലം. (ഇതിനു ചങ്ങാടമെന്നും അൎത്ഥം പറയാം.)

പൊത്തു്=പുനം. പൎയ്യാ-ബിലം, അളു, വങ്കു്, വിവരം.

പൊന്നു്=സ്വൎണ്ണം. പൎയ്യാ-ഹേമം, കാഞ്ചനം, കലധൗതം, മഹാരജതം, ജാംബൂനദം, ശാതകുംഭം, രുഗ്മം, കനകം.

പൊളി=കള്ളം. പൎയ്യാ-അസത്യം, അനൃതം, സ്തേയം.

## പോ

പോക്കു്=സഞ്ചാരം. പൎയ്യാ- ഗതി, ഗമനം, യാനം, വ്രജനം.

പോഗണ്ഡൻ= പിറവിയിൽതന്നെ അംഗവൈകല്യമുള്ളവൻ. പൎയ്യാ-വികലാംഗകൻ, പൗഗണ്ഡൻ.

പോടഗളം=വേഴൽപുല്ലു്. പൎയ്യാ-നഡം, ധമനം.

പോതം=നാ-1. കുട്ടി 2. കപ്പൽ (തോണി.)

പോതവണിജൻ= കപ്പൽകച്ചവടക്കാരൻ. പൎയ്യാ-സാംയാത്രികൻ.

പോതവാഹൻ=തോണിനടത്തുന്നവൻ. പൎയ്യാ-നിയാമകൻ, നാവികൻ.

പോതാധാനം= ചെറുമത്സ്യക്കൂട്ടം. പൎയ്യാ-ക്ഷുദ്രമത്സ്യസംഘാതം.

പോതാവു്=ഋത്വിക്കുകളിൽ ഒരുവൻ. (പതിനാറു ഋത്വിക്കുകളുണ്ടു്.)

പോത്രം=നാ-1. പന്നിത്തേറ്റ 2. കലപ്പ 3. വസ്ത്രം.

പോത്തു്=കന്നു്. പൎയ്യാ-മഹിഷം, കാസരം, സൈരിഭം

പോരാട്ടം=യുദ്ധം. പൎയ്യാ-അടർ, അമർ, അടല്, മല്ലു്, പടവെട്ടു്, അങ്കം, ഒത്തു്.

## പൌ

പൌത്രൻ =പുത്രന്റെ പുത്രൻ.

പര്യാ-നപ്താവു്, സുതാത്മജൻ.

പൗനഃപുന്യം=വീണ്ടുംവീണ്ടുമെന്നുള്ള അവസ്ഥ.

പൗനരുക്ത്യം=ഒരു കാവ്യദോഷം.

പൗരം=നാന്മുകപ്പുല്ലു്. പര്യാ-സൌഗന്ധികം, ധ്യാമം, രൌഹിഷം.

പൗരസ്ത്യം=നാ-1.കിഴക്കുള്ളതു് 2. മുമ്പിലുള്ളതു്.

പൌരുഷം=ഒരാൾപ്രായം. പര്യാ-പുരുഷദഘ്നം, പുരുഷമാത്രം, പുരുഷദഘ്നം.

പൗരുഷം=തേജസ്സ്. പര്യാ-പുരുഷത്വം, പുരുഷകാരം.

പൗരോഗവൻ=അട്ടക്കളയിലെ മേൽനോട്ടക്കാരൻ.

പൗർണ്ണമാസി=വെളുത്ത വാവു്. പര്യാ=പൂർണ്ണിമാ, രാക, പർവ, പൗർണ്ണമി.

പൗലസ്ത്യൻ= നാ-1. വൈശ്രവണൻ 2. രാവണൻ.

പൗലി=ബോളി(ഓട്ടട.) പര്യാ-ആപൂപം, അഭ്യൂഷം.

പൗലോമി=ഇന്ദ്രഭാര്യ (ഇന്ദ്രാണി.) പുലോമമുനിയുടെപുത്രി.

പൌഷി=ധനുമാസത്തിലെ പൗർണ്ണമി.

## പ്ല

പ്ലാ=ജട. പര്യാ-സട, കോടീരം.

## പ്യാട്

പ്യാട്= സംബോധനാവാചകം. പര്യാ=പാട്, ഹാട്, അംഗ, ഹെ, ഹൈ, ഭൊ.

## പ്ര

പ്രകമ്പനൻ=കൊടുങ്കാററു്. പര്യാ=മഹാവാതം.

പ്രകർഷം=ആധിക്യം. പര്യാ-അതിശയം.

പ്രകാമം=ഇഷ്ടാനുസാരം, പര്യാ-കാമം, നികാമം, യഥേഷ്ടം. ഈ ശബ്ദങ്ങൾ ക്രിയാവിശേഷണങ്ങളായിട്ടേ പ്രയോഗിക്കാവൂ.

പ്രകാശം=വെളിച്ചം. പര്യാ-പ്രഭ, രുക്, രുചി, ത്വിട്, ഭാ, ഭാസ്, ദീപ്തി,രോചിസ്, ശോചിസ്.

പ്രകീർണ്ണകം=വെൺചാമരം. പര്യാ=ചാമരം.

പ്രകുഞ്ചകം=ഉഴക്കു്. പര്യാ-നികുഞ്ചകം.

പ്രകൃതി=സ്വഭാവം, പര്യാ-സംസിദ്ധി, സ്വരൂപം, നിസർഗ്ഗം.

പ്രകൃതി=നാ-1അമാത്യൻ(മന്ത്രി) 2. ത്രിദോഷങ്ങളുടെ സമാവസ്ഥ. 3. ഉല്പത്തിസ്ഥാനം. 4. പ്രത്യയമൊഴിച്ചുള്ള പദാംശം. 5. പഞ്ചഭൂതം.

പ്രകോഷ്ഠം=കൈമുട്ടിന്റെ താഴ്ഭാഗം.

പ്രക്രമം=തുടക്കം. പര്യാ-ഉപക്രമം, ആരംഭം.

പ്രക്രിയ=പ്രകൃതിപ്രത്യയങ്ങളെ ചേർക്കുമ്പോൾ രൂപസിദ്ധിക്കു വേണ്ടി ചെയ്യുന്ന വ്യാകരണ കാര്യം.

പ്രഗത്ഭത=പ്രതിഭാശക്തി. "നവനവോന്മേഷശാലി നി യാ യ ബുദ്ധിയാണു പ്രതിഭ."

പ്രഗുണം=നെരെ ചൊവ്വായുള്ളതു്. പര്യാ-ഋജു, അജിഹ്മം.

പ്രഗെ=രാവിലെ. പര്യാ-പ്രാതഃ, പ്രഭാതം, വിഭാതം, പ്രത്യൂഷം, കല്യം, ഉഷസ്സ്, ഉഷ, ഗോസർഗ്ഗം, അഹർമുഖം.

പ്രഗ്രഹം=ജയിലിലിടുക. പര്യാ-ഉപഗ്രഹം, ബന്ദി (പുല്ലിംഗമായാൽ തടവുകാരനെന്നും അർത്ഥം.)

പ്രഗ്രീവം=നാ-1. കിളിവാതിൽ 2. പൂമുഖം 3. വൃക്ഷശിഖരം.

പ്രഘണം=പുറന്തിണ്ണ. പര്യാ-പ്രഘാണം, അളിന്ദം.

പ്രചേതസ്=വരുണൻ. പര്യാ-പാശി, യാദസാംപതി, അപ്പതി.

പ്രച്ഛദപടം=മൂടുപുടവ. പര്യാ-അവഗുണ്ഠനം, നിചോളം.

പ്രച്ഛർദ്ദിക=ഛർദ്ദി, പര്യാ-വമി, വമഥു, വമനം.

പ്രജനം=ഗർഭംധരിക്കുക. പര്യാ-ഉപസരം.

പ്രജ=നാ-1. ജനം 2. സന്താനം.

പ്രജാത=പ്രസവിച്ചുകിടക്കുന്നവൾ. പര്യാ-ജാതാപത്യ, പ്രസൂത, പ്രസൂതിക.

പ്രജ്ഞ=ബുദ്ധി. പര്യാ-മനീഷ, ധിഷണ, ധീ, ശേമുഷി, മതി, പ്രേക്ഷ, ഉപലബ്ധി, സംവിത്, ജ്ഞപ്തി, ചേതന.

പ്രഡീനം=വിലങ്ങനെ പറക്കുക.

പ്രണവം=ഓങ്കാരം (ബ്രഹ്മം.)

പ്രണാളി=ഓവു്. പര്യാ-പ്രണാളം.

പ്രണിധി=ചാരപുരുഷൻ. പര്യാ-അപസർപ്പൻ, ചാരൻ, സ്പശൻ, ഗൂഢപുരുഷൻ.

പ്രണീതം=പാകപ്പെടുത്തിയതു് (ഉണ്ടാക്കിയതു്.) പര്യാ-ഉപസംപന്നം.

പ്രണുതം=സ്തുതിക്കപ്പെട്ടതു്. പര്യാ-ഈളിതം, ശസ്തം, പണായിതം, പനായിതം, പണിതം, പനിതം, ഗീർണ്ണം, വർണ്ണിതം, അഭിഷ്ടുതം, ഈഡിതം, സ്തുതം.

പ്രതതി=നാ-1. വിസ്താരം 2. പടർന്നുപിടിച്ച വള്ളി.

പ്രതനം=പഴയതു് (പണ്ടേയുള്ളതു്.) പര്യാ-പുരാണം, പ്രത്നം, പുരാതനം, ചിരന്തനം, ചിരത്നം.

പ്രതികൂലം=വിപരീതം. പര്യാ-പ്രസവ്യം, അപസവ്യം, അപഷ്ഠം.

പ്രതികൃതി=പ്രതിമ. പര്യാ-പ്രതിമാനം, പ്രതിബിംബം, പ്രതിയാതന, പ്രതിച്ഛായ, പ്രതിനിധി.

പ്രതിഗ്രഹം=സൈന്യത്തിന്റെ പിൻഭാഗം.

പ്രതിഘം=കോപം. പര്യാ-ക്രോധം, അമൎഷം, രോഷം, രുട്ട്, ക്രുത്.

പ്രതിജാഗരം = ദൃഷ്ടിയുറപ്പിച്ച നോട്ടം. പര്യാ-അവേക്ഷ.

പ്രതിദാനം=തിരിച്ചുകൊടുക്കുക

പ്രതിധ്വാനം=മാറെറാലി. പര്യാ-പ്രതിശ്രുത്, പ്രതിശ്രുതി.

പ്രതിപാദനം=ദാനം. പര്യാ-ത്യാഗം, വിഹാപിതം, ഉത്സജ്ജനം, വിസജ്ജനം, വിശ്രാണനം, വിതരണം, സ്പൎശനം.

പ്രതിഭൂ=ജാമ്യക്കാരൻ. പര്യാ-ലഗ്നകൻ.

പ്രതിമുക്തം=ധരിച്ച കുപ്പായം. പര്യാ-ആമുക്തം, അപിനദ്ധം, പിനദ്ധം.

പ്രതിരോധി=നാ-1. കള്ളൻ. 2. എതിക്കുന്നവൻ.

പ്രതിവാക്യം=മറുപടി. പര്യാ-ഉത്തരം.

പ്രതിശാസനം= ഭൃത്യന്മാരെ കാൎയ്യങ്ങളിൽ നിയോഗിക്കുക.

പ്രതിശ്രയം=യാഗശാല. പര്യാ-സത്രശാല.

പ്രതിശ്രവം=കയ്യേൽക്കുക. പര്യാ-സംവിദാഗൂ, പ്രതിജ്ഞാനം, അംഗീകാരം, അഭ്യുപഗമം, നിയമം, ആശ്രവം, സംശ്രവം.

പ്രതീകം=അവയവം. പര്യാ-അംഗം, അപഘനം.

പ്രതീചി=പടിഞ്ഞാറേ ദിക്ക്. പര്യാ-വാരുണി, പശ്ചിമദിശ, അപര.

പ്രതോളി=ഗ്രാമമദ്ധ്യത്തിലുള്ള മുഖ്യവഴി. പര്യാ-രഥ്യ, വിശിഖ.

പ്രത്നം=പഴയതു്.

പ്രത്യക്=പടിഞ്ഞാറു്.

പ്രത്യന്തപൎവ്വതം=വലിയ മലയുടെ ചുററുമുള്ള ചെറുകുന്നു്. പര്യാ-പാദം.

പ്രത്യയം=നാ-1. വിശ്വാസം. 2. പ്രകൃതിയൊഴിച്ചുള്ള പദാംശം.

പ്രത്യവസിതം= ഭക്ഷിക്കപ്പെട്ടതു്. പര്യാ-ജഗ്ദ്ധം, ഗീലിതം, പ്സാതം, ഗ്രസ്തം, ഗ്ലസ്തം, അശിതം.

പ്രത്യുത്ക്രമം=യുദ്ധോത്സാഹം. പര്യാ-പ്രയോഗാൎത്ഥം.

പ്രത്യൂഹം=വിഘ്നം. പര്യാ-അന്തരായം.

പ്രഥ=പ്രസിദ്ധി. പര്യാ-ഖ്യാതി.

പ്രദരം=നാ-1. മടിവു്. 2.രക്തസ്രാവം 3. ശരം.

പ്രദേശനം=കാഴ്ച്ചദ്രവ്യം. പൎയ്യാ-പ്രാഭൃതം, ഉപായനം, ഉപദാ, ഉപഗ്രാഹ്യം, ഉപഹാരം

പ്രദ്രാവം=ഓട്ടം. പൎയ്യാ-ദ്രാവം, സംദ്രാവം, ദ്രവം, അപക്രമം, അപയാനം.

പ്രധി=ചക്രത്തിന്റെ വിളുമ്പ്. പൎയ്യാ-നേമി.

പ്രപഞ്ചനം=നാ-1. വിസ്തരിക്കുക. 2. വിപരീതം 3. സമൂഹം.

പ്രപാതം=മലഞ്ചരുവ്. പൎയ്യാ-അതടം, ഭൃഗു.

പ്രഫുല്ലം=വിരിഞ്ഞതു്. പര്യാ-ഉൽഫുല്ലം, സംഫുല്ലം, വ്യാകോശം, വികചം, സ്ഫുടം.

പ്രബൎഹം=ശ്രേഷ്ഠം. പര്യാ-പ്രധാനം, പ്രമുഖം, അനുത്തമം, പ്രവേകം, ഉത്തമം, മുഖ്യം, വൎയ്യം, വരേണ്യം, അനവരാൎദ്ധ്യം, പരാൎദ്ധ്യം, അഗ്രം, പ്രാഗ്രഹരം, പ്രാഗ്ര്യം, അഗ്ര്യം.

പ്രഭവം=നാ-1. ഉത്ഭവസ്ഥാനം 2. പരാക്രമം, 3. ഉറവിടം 4. പ്രഥമജ്ഞാനം.

പ്രഭാവ=തേജസ്സ്. പൎയ്യാ-പ്രതാപം.

പ്രമദ=അധികം കാമവേഗമുള്ള സ്ത്രീ.

പ്രമ=പ്രത്യക്ഷജ്ഞാനം (നേരിട്ടുള്ള അറിവ്.) പൎയ്യാ-പ്രമിതി.

പ്രമാദം=വീഴ്ച്ച. (ആലോചനകൂടാതെ പെരുമാറുക) പൎയ്യാ-അനവധാനത.

പ്രയാമം=സമ്പാദിക്കാനുള്ള അത്യാശ. പൎയ്യാ-രീവാകം.

പ്രവണം=നാ-1. താഴ്ച്ച (ചരിവുള്ള പ്രദേശം) 2. വണക്കം 3. താല്പൎയ്യം.

പ്രവാരണം=ഫലേച്ഛയോടുകൂടിയദാനം. പൎയ്യാ-പ്രധാരണം, പ്രഹാരണം, കാമ്യദാനം.

പ്രവിദാരണം=നാ-1. പിളക്കുക 2. യുദ്ധം 3. കല്ലുളി.

പ്രവൃദ്ധം=പെരുകിയതു്. പൎയ്യാ-പ്രൗഢം, എധിതം.

പ്രവേണി=മെടഞ്ഞുകെട്ടിയ തലമുടി. പൎയ്യാ-വേണി.

പ്രശ്രയം=പ്രീതിപൂൎവമായ അപേക്ഷ. പര്യാ-പ്രണയം, പ്രശ്രയണം. (സ്നേഹമെന്നും അൎത്ഥം കാണുന്നു.)

പ്രസഭം=ബലാൽകാരം. പൎയ്യാ-ഹഠം.

പ്രസവം=നാ-1. പുഷ്പം 2. പ്രസവിക്കുക.

പ്രസാരി=പരക്കുന്ന സ്വഭാവമുള്ളതു്. പൎയ്യാ-വിസൃത്വരം, വിസൃമരം, വിസാരിണി.

പ്രസിതി=കെട്ടുക. പൎയ്യാ-ചാരം, ബന്ധനം.

പ്രസേവം=കുട്ട. പര്യാ-സ്യൂതം.

പ്രസ്ഫോടനം=മുറം. പൎയ്യാ-ശൂൎപ്പം, സൂൎപ്പകം.

പ്രഹരം=ദിവസത്തിന്റെ എട്ടിലൊരുഭാഗം. പര്യാ-യാമം.

പ്രഹി=കിണറ്. പര്യാ-കൂപം, ഉദപാനം, അന്ധു.

പ്രക്ഷാളനം=കഴുകുക. പര്യാ-ക്ഷാളനം.

പ്രക്ഷേപളനം=ഇരുമ്പുകൊണ്ടുണ്ടാക്കിയ അമ്പ്. പര്യാ-നാരാചം.

## പ്രാ

പ്രാക്=മുമ്പ്, കിഴക്ക്. പര്യാ-പ്രാചി, ഐന്ദ്രി, പൂർവദിക്.

പ്രാകാരം=മതില്. പര്യാ-വാരണം, സാലം.

പ്രാഘാരം=തളർച്ച. പര്യാ-ക്ലമം, ക്ലമഥം, ക്ലാന്തി.

പ്രാചിക=കാട്ടീച്ച. പര്യാ-വനമക്ഷിക.

പ്രാജനം=ചാട്ട (വളർ എന്നും പറയാം) പര്യാ-തോത്രം, തോദനം, പ്രാജനം.

പ്രാഡ്വിപാകൻ= ന്യായാധിപൻ (ജഡ്ജി.) പര്യാ-അക്ഷദർശകൻ.

പ്രാണൻ=ജീവൻ. പര്യാ-അസു

പ്രാദുഃ(സ്)=വെളിപ്പെടുക, ജനിക്ക ഇത്യാദി അർത്ഥത്തിൽ മററു പദങ്ങളോടു ചേൎന്നുവരുന്ന ഒരവ്യയം.

പ്രാന്തരം=നാ- 1. അനുകൂലം. 2. ബന്ധനം 3. വഴി 4. അതിദൂരം.

പ്രാപ്തരൂപം=സുന്ദരം. പര്യാ-അഭിരൂപം, സ്വരൂപം.

പ്രായഃ(സ്)=മിക്കതും.

പ്രാവാരം=മേൽമുണ്ട് (രണ്ടാംമുണ്ട്.) പര്യാ-ഉത്തരാസംഗം, ബൃഹതിക, സംവ്യാനം, ഉത്തരിയം.

പ്രാവൃട്=വൎഷകാലം. പര്യാ-വൎഷ

പ്രാസം=നാ-1. കുന്തം 2. ഒരു വക ശബ്ദാലങ്കാരം.

പ്രാസാദം=മാളിക. പര്യാ-സൗധം, രാജസദനം, ഹൎമ്മ്യം.

പ്രാഹ്നം=സൂൎയ്യോദയംമുതൽ പന്ത്രണ്ടുനാഴിക പുലരുന്നതുവരെയുള്ള സമയം. പര്യാ-പൂൎവ്വാഹ്ണം.

## പ്രി

പ്രിയം=സ്നേഹം. പര്യാ-സൗഹൃദം, സൗഹാർദ്ദം, മൈത്രി.

പ്രിയംഗു=ഞൊഴൽമരം. പര്യാ-ഗോവിന്ദനി, ഗുന്ദ്ര, ഫലിനി, ഫലി.

പ്രിയത=സ്നേഹം. പര്യാ-പ്രേമം, ഹാർദ്ദം, ദോഹദം.

പ്രിയംവദൻ=ഇഷ്ടം പറയുന്നവൻ. പര്യാ-ശക്ലൻ.

## പ്രീ

പ്രീണനം=തൃപ്തി വരുത്തുക. പര്യാ-തൎപ്പണം, അവനം.

പ്രീതി=സന്തോഷം, പര്യാ-മുത്, പ്രമദം, പ്രമോദം, ഹർഷം, ആമോദം, സംമദം.

## പ്ലു

പ്ലുഷ്ടം=ദഹിച്ചതു്. പര്യാ-പ്ലുഷ്ടം, ഉഷിതം, ദഗ്ദ്ധം.

## പ്രേ

പ്രേംഖ=ഊഞ്ഞാൽ. പര്യാ-ഡോള.

പ്രേംഖിതം=ഇളക്കപ്പെട്ടതു്. പര്യാ-വേല്ലിതം, ചലിതം, ആകമ്പിതം, ധുതം.

പ്രേത്യ=പരലോകം. പര്യാ-അമുത്ര.

പ്രേഷ്ഠൻ=അധികം പ്രിയമുള്ളവൻ.

പ്രേക്ഷ=നാ-1. നൃത്തം കാണുക (നോട്ടം) 2. ബുദ്ധി.

പ്രേക്ഷാവാൻ=ബുദ്ധിശാലി.

## പ്രൈ

പ്രൈഷം=നാ-1. പ്രേരണം 2. മർദ്ദനം.

പ്രൈഷ്യൻ=ഭൃത്യൻ.

## പ്രോ

പ്രോതം നാ-1. തുന്നിച്ചേർത്തതു് 2. കോർക്കപ്പെട്ടതു്.

പ്രോഥം=കുതിരയുടെ വട്ടംതിരിച്ചിൽ. പര്യാ-ഘോണ.

പ്രോഷ്ഠി=കരിമീൻ. പര്യാ-ശഫരം, പ്രോഷ്ഠം.

## പ്ല

പ്ലവം=പൊങ്ങുതടി.

പ്ലവഗം=കുരങ്ങ്. പര്യാ-കപി, പ്ലവംഗം, ശാഖാമൃഗം, വലീമുഖം, പ്ലവംഗമം, വാനരം, മർക്കടം, കീശം.

പ്ലാക്ഷം=അത്തിക്കായ്.

പ്ലീഹ=വയററിനുള്ളിൽ ഇടത്തുവശമിരിക്കുന്ന മാംസഖണ്ഡം. പര്യാ-ഗുന്മം.

പ്ലുതം=ചാട്ടം (കുതിരയുടെ ഗതിവിശേഷം.)

പ്ലോഷം=ദഹിക്കുക (പൊള്ളുക.) പര്യാ-ഓഷം.

പ്സാതം=ഭക്ഷിക്കപ്പെട്ടതു്.

## ഫ

ഫണി=പാമ്പ്.

ഫണീശ്വരൻ=അനന്തൻ. പര്യാ-ആദിശേഷൻ, ശേഷൻ.

ഫലകം=പരിച. പര്യാ-ഫലം, ചർമ്മം.

ഫലകപാണി=പരിചക്കാരൻ. പര്യാ-ചർമ്മി.

ഫലപൂരം=മാതളനാരകം. പര്യാ-ബീജപൂരം, മാതുലുംഗകം, രുചകം.

ഫൽഗു=ബലമില്ലാത്തതു്. പര്യാ-അസാരം.

## ഫാ

ഫാട്=സംബോധനാർത്ഥം കുറിക്കുന്ന ഒരവ്യയം. (ഖ്യാട് എന്ന ശബ്ദം നോക്കുക.)

ഫാണിതം=നീക്കണ്ടിശർക്കര. പര്യാ-മത്സ്യണ്ഡി, ഖണ്ഡവികാരം

ഫാണ്ടം=വെട്ടെന്നുണ്ടാക്കിയ കഷായം. പര്യാ-അനായാസകൃതം.

ഫാലം=കലപ്പക്കൊഴു്. പര്യാ-നിരീഷം, കുടകം, കുടകം, കൃഷികം.

## ഫു

ഫുല്ലം=വിരിഞ്ഞതു്.

## ഫേ

ഫേനം=പത.

ഫേനിലം=ലന്തക്കായ്. പര്യാ-കുവലം, സൗവീരം, ബദരം, കോലം. ഇതു് അതിസാരം, രക്തദോഷം, നേത്രരോഗം ഇവയെ ശമിപ്പിക്കും.

ഫേരവം=കുറുക്കൻ (കാടൻ.) പര്യാ-സൃഗാലൻ, വഞ്ചകൻ, ക്രോഷ്ടാവു്, ജംബുകൻ, ഫേരു.

ഫേല=ഉച്ഛിഷ്ടം. പര്യാ-ഭുക്തസമുത്ഥിതം.

## ബ

ബകം=കൊക്കു്. പര്യാ-കഹ്വം.

ബകുളം=ഇലഞ്ഞിമരം. പര്യാ-കേസരം. ഇലഞ്ഞിപ്പൂ പാലിൽ കാച്ചിക്കുടിച്ചാൽ അതിസാരം ശമിക്കും. ഇലഞ്ഞിയുടെ കുരുവു പല്ലിനു് ഉറപ്പുണ്ടാക്കും.

ബഡവ=പെൺകുതിര. പര്യാ-വാമി, അശ്വ.

ബഡവാനിലൻ=ബഡവാഗ്നി. പര്യാ-ബാഡവം, ഔർവ്വൻ.

ബഡിശം=ചൂണ്ടൽ. പര്യാ-ബളിശം, മത്സ്യവേധനം, ബളിശി.

ബധിരൻ=പൊട്ടൻ. പര്യാ-ഏഡൻ.

ബന്ധകീ=വേശ്യ. (തോന്ന്യാസമായി നടക്കുന്നവൾ.

ബന്ധനാലയം=ജയിൽ. പര്യാ-കാര, കാരാഗൃഹം.

ബന്ധുരം=പൊങ്ങിയും താണുമുള്ളതു്. പര്യാ-ബന്ധുരം, ഉന്നതാനതം.

ബന്ധൂകം=ഉച്ചമലരി. പര്യാ-ബന്ധുജീവകം, രക്തകം.

ബഭ്രു=നാ-1. തടിച്ചകീരി 2. മഹാവിഷ്ണു 3. പരപ്പുള്ളതു്.

ബർബ്ബരം=ചെറുതേക്കു. പര്യാ-അംഗാതവല്ലി, ബാലേയശാകം, വർദ്ധകം, പർവകം. ഇതു കാസശ്വാസങ്ങൾക്കും, രക്തവാതം, കൃമി ഇവയ്ക്കും നന്നു്.

ബർഹി=മയിൽ.

ബർഹിർമ്മുഖൻ=ദേവൻ.

ബർഹിഷ്ഠം=ഇരുവേലി. പര്യാ-ഹ്രീബേരം, ഉദീച്യം, കേശാംബുനാമകം, ബാലം. ഇതു് വിസൎപ്പം, ചൊറി, വ്രണം, ചുട്ടുനീററൽ ഇവയ്ക്കു നന്നു്.

ബലാക=വെള്ളിപ്പക്ഷി. പര്യാ-ബിസകണ്ഠിക, വലാക. (വിസകണ്ഠികയെന്നും പാഠമുണ്ടു്.)

ബലിപുഷ്ടം=കാക്ക. പര്യാ-കരടം, അരിഷ്ടം, സകൃൽപ്രജം, ധ്വാംക്ഷം, ആത്മഘോഷം, പരഭൃത്തു്, വായസം, ബലിഭുക്ക്, ചിരംജീവി, ഏകദൃഷ്ടി, മൗകലി (മൗകുലി.)

ബൽബജം=ബൽബജപ്പുല്ലു്. പര്യാ-ബല്വജം.

ബസ്തം=കോലാടു്. പര്യാ-അജം, ഛഗലകം, ഛാഗം, സ്തഭം, തുഭം.

ബഹിഃ(സ്)=പുറത്തു്. പര്യാ-ബാഹ്യം

ബഹുലം=പെരുകിയതു്. പര്യാ-പ്രഭൂതം, പ്രചുരം, പ്രാജ്യം, അദഭ്രം, ബഹു, പുരുഹം, പുരു, ഭൂയിഷ്ഠം, സ്ഫിരം, ഭൂയസ്, ഭൂരി.

## ബാ

ബാഡവൻ=ബ്രാഹ്മണൻ. പര്യാ-അഗ്രജന്മാവു്, ഭൂദേവൻ, വിപ്രൻ, ദ്വിജൻ, ആരണൻ, അന്തണൻ.

ബാണവാരം=പടച്ചട്ട. പര്യാ-വാരവാണം.

ബാന്ധകിനേയൻ=വേശ്യാപുത്രൻ. പര്യാ-ബന്ധുലൻ, അസതീസുതൻ, കൌലടേയൻ.

ബാലഗൎഭിണി=കടിഞ്ഞൂൽച്ചനയുള്ള പശു. പര്യാ-പ്രഷ്ഠൌഹി, പഷ്ഠൌഹി.

ബാഹുജൻ=ക്ഷത്രിയൻ. പര്യാ-മൂൎദ്ധാഭിഷിക്തൻ, രാജന്യൻ, വിരാട്.

ബാഹുദ=നൎമ്മദാനദി. പര്യാ-കരതോയ, സദാനീര, സൈതവാഹിനീ, മേഖലകന്യക.

ബാഹുലം=വൃശ്ചികമാസം. പര്യാ-ഊൎജ്ജം, കാൎത്തികം, കാൎത്തികികം.

ബാൽഹവം=ബൽഹദേശത്തിലുണ്ടായതു്.

## ബി

ബിഡാലം=പൂച്ച. പര്യാ-ഓതു, വിലാളം, മാൎജ്ജാരം, വൃഷദംശകം, ആഖുഭുക്ക്.

ബിഡൌജസ്സ്=ഇന്ദ്രൻ.

ബിന്ദുജാലകം=ആനയുടെ മുഖത്തു കാണുന്ന പുള്ളി. പര്യാ-പത്മകം.

ബിംബം=സൂൎയ്യചന്ദ്രന്മാരുടെ ശരീരം. പര്യാ-മണ്ഡലം.

ബിംബോകം=സ്ത്രീകളുടെ ശൃംഗാരചേഷ്ട. വിലാസം, ബിംബോകം, വിഭ്രമം, ലളിതം,

ഹേല, ലീല ഇവയെല്ലാം ഓരോ വകശൃംഗാരചേഷ്ടകളാണ്.

ബിസം=താമരവളയം. പര്യാ-മൃണാളം.

ബിസിനി=താമരപ്പൊയ്ക. പര്യാ-നളിനി, പത്മിനി.

## ബീ

ബീജം=നാ-1. കാരണം 2. വിത്ത് 3. ശുക്ലം.

ബീജപൂരം=മാതളനാരകം.

ബീജാകൃതം = വിതച്ചുഴുതത്. പര്യാ ഉപ്തകൃഷ്ടം.

ബീജ്യൻ=വംശജാതൻ. പര്യാ-കുലസംഭവൻ.

ബീഭത്സം=ഒൻപതു രസങ്ങളിൽ ഒന്ന്. അറപ്പും വെറുപ്പും ജനിപ്പിക്കുകയാണ് ഇതിൻെറ ലക്ഷണം.

## ബു

ബുകം=കൊക്കുമന്താരം. പര്യാ-ശിവമല്ലി, പാശുപതം, ഏകാഷ്ഠീലം, വസു.

ബുക്ക=ഹൃദയത്തിനുള്ളിലുള്ള ഒരു വക മാംസം. പര്യാ-അഗ്രമാംസം.

ബുദ്ബുദം=വെള്ളത്തിലെ കുമിള.

ബുഭുക്ഷ=ഭക്ഷിക്കാനുള്ള ആഗ്രഹം (വിശപ്പ്.) പര്യാ-അശനാനം, ക്ഷുത്ത്, ക്ഷുധ.

ബുസം=പതിര്. പര്യാ-കഡംഗരം, കഡംകരം. (കച്ചിയെന്നും അർത്ഥംകാണുന്നു.)

ബൃഹതിക=നാ-1. മേൽമുണ്ട് (രണ്ടാംമുണ്ട്) 2. വഴുതിന.

ബൃംഹിതം=ആനയുടെ അലച്ച്. പര്യാ-കരിഗജ്ജിതം.

## ബോ

ബോധകരൻ= സ്തുതിപാഠകൻ. പര്യാ-വൈതാളികൻ.

ബോധിദ്രുമം=അരയാൽ. (ഈ മരത്തിൻെറ ചുവട്ടിൽ വച്ചാണു ബുദ്ധന് ആത്മജ്ഞാനമുണ്ടായതു്.)

ബോലം=നറുമ്പശ. പര്യാ-ഗന്ധരസം, പ്രാണം, പിണ്ഡം, ഗോപം, ഗോരസം.

## ബ്ര

ബ്രഹ്മചാരി=വേദാദ്ധ്യയനം ചെയ്യുന്നവൻ. (ഗായത്രിബ്രഹ്മചാരി, വൈദികബ്രഹ്മചാരി, പ്രാജാപത്യബ്രഹ്മചാരി, നൈഷ്ഠികബ്രഹ്മചാരി. ഇങ്ങനെ ബ്രഹ്മചാരി നാലുവിധം. അവരുടെ വിവരണം, വലിയ നിഘണ്ടുവിൽ നോക്കുക.)

ബ്രഹ്മത്വം=ബ്രഹ്മഭാവം. പര്യാ-ബ്രഹ്മഭൂയം, ബ്രഹ്മസായുജ്യം.

ബ്രഹ്മബന്ധു= കർമ്മരഹിതനായ ബ്രാഹ്മണൻ.

ബ്രഹ്മവർച്ചസം=തപോജന്യമായ തേജസ്സ്.

ബ്രഹ്മബിന്ദു=വേദോച്ചാരണം ചെയ്യുമ്പോൾ വായിൽനിന്നു തെറിക്കുന്ന ഉമിനീർത്തുള്ളി.

ബ്രഹ്മസൂ=കാമദേവൻ.

ബ്രഹ്മാഞ്ജലി=വേദാദ്ധ്യയനത്തിലെ തൊഴുകൈ.

## ബ്രാ

ബ്രാഹ്മതീർത്ഥം=പെരുവിരലിൻെറ ചുവട്ട്.

ബ്രാഹ്മണാച്ഛംസി=ഋത്വിക്കുകളിൽ ഒരുവൻ.

ബ്രാഹ്മണ്യം=ബ്രാഹ്മണസമൂഹം. പര്യാ-ബാഡവ്യം.

## ഭ

ഭക്തം=ചോറ്. പര്യാ-ഓദനം, അന്നം, ഭിസ്സ, ദീദിവി.

ഭഗം=യോനി. പര്യാ-വരാംഗം, ഉപസ്ഥം. (ഉപസ്ഥശബ്ദത്തിനു ലിംഗമെന്നും അർത്ഥമുണ്ട്.)

ഭംഗം=നാ-1. തോൽവി. 2. തിര.

ഭംഗി=നാ-1. സൌന്ദര്യം 2. കൌടില്യം.

ഭടൻ=യോദ്ധാവ്. പര്യാ-യോധൻ, യൌധൻ, ജജൻ.

ഭടിത്രം=ഇരുമ്പുകോലിൽ കുത്തി തീയിൽ ചുട്ട മാംസം.

ഭട്ടാരകൻ=രാജാവ് (നാട്യത്തിൽ പ്രയോഗിക്കുന്ന വാക്ക്.)

ഭട്ടിനി=പട്ടമഹിഷിയല്ലാത്ത രാജഭാര്യ. (ഇതും നാട്യത്തിൽ മാത്രമുപയോഗിക്കുന്നതാണ്.

ഭദ്രം=മംഗളം. പര്യാ-ശ്വശ്ശ്രേയസം, ശിവം, കല്യാണം, ശുഭം, ഭാവുകം, ഭവികം, ഭവ്യം, കുശലം, ക്ഷേമം.

ഭദ്രശ്രീ=ചന്ദനം. പര്യാ-ഗന്ധസാരം, മാലയജം, പാടീരം, മാലയം (മലേയം എന്ന രൂപം വ്യാകരണ സമ്മതിയില്ലാത്തതാണ്. എന്നാൽ പ്രയോഗത്തിലുണ്ടുതാനും. എതായാലും ആ ശബ്ദം അബദ്ധമൂലംതന്നെ)

ഭയം=പേടി. പര്യാ-ദരം, ത്രാസം, ഭീതി, സാധ്വസം, ഭീ.

ഭയദ്രുതൻ=പേടിച്ചോടിയവൻ. പര്യാ-കാന്ദിശീകൻ.

ഭരണം=ശമ്പളം. കർമ്മണ്യ, വിധ, ഭൃതി, വേതനം, ഭരണ്യം, മൂല്യം, നിർവ്വേശം, പണം.

ഭല്ലൂകം=കരടി. പര്യാ-ഋക്ഷം, അച്ഛഭല്ലം, ഭല്ലുകം.

ഭഷകം=പട്ടി. പര്യാ-കൌലേയകം, സാരമേയം, കുക്കുരം, മൃഗദംശം, ശുനകം, ശ്വാവ്.

ഭസിതം=ഭസ്മം. പര്യാ-ഭൂതി.

ഭസ്ത്ര=ഉലത്തോൽ. പര്യാ-ചർമ്മപ്രസേവിക, ഭസ്ത്രിക, ചർമ്മപ്രസേവകം.

ഭക്ഷകാരൻ=പലഹാരക്കച്ചവടക്കാരൻ. പര്യാ-ആപിപൂകൻ, കാന്ദവികൻ.

## ഭാ

ഭാ=ശോഭ, പ്രകാശം.

ഭാഗിനേയൻ= സഹോദരിയുടെ പുത്രൻ. പര്യാ-സ്വസ്രിയൻ, ഭഗിനീസുതൻ.

ഭാഗ്യം=ദൈവാനുകൂല്യം. പര്യാ-ദിഷ്ടം, ഭാഗധേയം, ദൈവം.

ഭാനു=നാ-1. സൂര്യൻ. 2. രശ്മി

ഭാമിനീ=അധികം കോപമുള്ള സ്ത്രീ. പര്യാ-കോപന.

ഭാരം=ചുമട്ട്, ഇരുപതുതുലാം കൂടിയതു്.)

ഭാരതം=ഇൻഡ്യ. പര്യാ-ഭരതമേദിനി, ഭാരതവർഷം, ഭൂതധാത്രീ.

ഭാരതീ=ഭാഷാദേവത. പര്യാ-സരസ്വതീ, വാണീ, ഗീര്, വാക്, ബ്രാഹ്മീ.

ഭാരയഷ്ടി=ഉറിതൂക്കുന്ന വടി. പര്യാ-വിഹംഗിക.

ഭാരികൻ=ചുമട്ടുകാരൻ. പര്യാ-ഭാരവാഹൻ.

ഭാവം=വികാരശൂന്യമായ മനസ്സിൽ ആദ്യമുണ്ടാകുന്ന വികാരം. (ഭാവഃ പ്രഥമവിക്രിയാ.) ഇതു് ഒരുവക ശൃംഗാരചേഷ്ടയാണ്.

ഭാവന=കവിതാഹേതുകമായ മനോവൃത്തി. പര്യാ-വാസന, കല്പനാശക്തി, ശക്തി. (ഇതിനു മുമ്പനുഭവിച്ചതിനെ മറക്കാതിരിക്കയെന്നും അർത്ഥമുണ്ട്. അപ്പോൾ വിമർശം എന്നതും പര്യായംതന്നെ.)

ഭാഷ്യം=സൂത്രാർത്ഥ വിവരണം. (സൂത്രാർത്ഥോ വർണ്ണ്യതേ യത്ര വാക്യൈസ്സൂത്രാനുകാരിഭിഃ സ്വപാദാനി ച വർണ്ണ്യന്തേ ഭാഷ്യംഭാഷ്യവിദൊ വിദുഃ)

## ഭി

ഭിത്തം=ശകലം. പര്യാ-ഖണ്ഡം, അംശകം, അർദ്ധം.

ഭിത്തി=ചുവര്. പര്യാ-കുഡ്യം, ഏഡൂകം, ഏഡുകം.

ഭിദ=പിളക്കുക. പര്യാ-വിദരം, സ്ഫുടനം.

ഭിദുരം=വജ്രായുധം. പര്യാ-കുലിശം, പവി, ഹ്രാദിനി, ശതകോടി, സ്വരു, ശംബാ, ദംഭോളി, അശനി.

ഭിന്ദിപാലം=കവണ. പര്യാ-സൃഗം.

ഭിഷക്=വൈദ്യൻ. പര്യാ-ചികിത്സകൻ, അഗദംകാരൻ, രോഗഹാരി.

ഭിക്ഷ=യാചന. പര്യാ-അർത്ഥന, അർദ്ദന, യാച്ഞ.

## ഭീ

ഭീമം=ഭയമുണ്ടാക്കുന്നതു്. പര്യാ-ഭീഷണം, ഭീഷ്മം, ദാരുണം, ഭയങ്കരം, ഭയാനകം.

ഭീരു=അധികം പേടിയുള്ള സ്ത്രീ. പര്യാ-ഭീലു, ഭീരൂ, ഭീലൂ.

ഭീരുകൻ=ഭയശീലൻ. പര്യാ-അധീരൻ, കാതരൻ, ത്രസ്നു, ഭീലുകൻ.

ഭീഷ്മസു=ഗംഗാദേവി.

## ഭു

ഭുജശിരസ്സ്=തോൾ. പര്യാ-അംസം, സ്കന്ധം.

ഭുജംഗഭുക്=നാ-1. മയിൽ 2. കീരി.

ഭുജാന്തരം=മാറിടം. പര്യാ-ക്രോഡം, വത്സം, ഉരസ്, വക്ഷസ്.

ഭുജിഷ്യൻ=ഭൃത്യൻ. പര്യാ-നിയോജ്യൻ, കിങ്കരൻ, പ്രൈഷ്യൻ, ദാസേരൻ, ദാസൻ, ഗോപ്യകൻ, ചേടകൻ, പരിചാരകൻ.

ഭുവനം=നാ-1. ലോകം 2. വെള്ളം.

## ഭൂ

ഭൂ=ഭൂമി. പര്യാ-അചല, അനന്ത, ധര, വിശ്വംഭര, സ്ഥിര, ക്ഷോണി, ജ്യാ, കാശ്യപി, ക്ഷിതി, സർവംസഹാ, വസുമതീ, വസുധ, ഉർവി, വസുന്ധര, കു, പൃഥിവി, പൃഥ്വി, ക്ഷ്മാ, അവനി, മേദിനീ, മഹി, ഗോത്രാ, വിപുല, ഗോ, ഗഹ്വരീ, ധാത്രീ, കുംഭിനീ, ക്ഷമ, ജഗതി, രത്നഗർഭ, അബ്ധിമേഖല.

ഭൂതകേശം=ജടാമാഞ്ചി. പര്യാ-ഗോലോമി.

ഭൂതാത്മാവ്=നാ-1. ശരീരം 2. ബ്രഹ്മാവ്.

ഭൂതികം=നാ-1. ചെറുകമിഴ് 2. പൂതണക്ക് 3. കിരിയാത്ത്.

ഭൂദാരം=പന്നി.

ഭൂഭൃത്ത്=നാ-1. പർവ്വതം 2. രാജാവ്.

ഭൂമിസ്പൃക്ക്=വൈശ്യൻ. പര്യാ-ഊരവ്യൻ, ഊരുജൻ, ആര്യൻ.

ഭൂരിമായു=കുറുക്കൻ. ഭൂരിമായം എന്നും പാഠമുണ്ട്.

ഭൂർജ്ജം=പൂതണക്ക്. പര്യാ-മൃദുത്വക്, ചമ്മി. ഇതു മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും.

ഭൂഷ്ണു=ഭവിക്കസ്വഭാവമുള്ളവൻ. പര്യാ-ഭവിഷ്ണു, ഭവിതാ.

## ഭൃ

ഭൃഗു=മലയുടെ ചരിവ്. പര്യാ-പ്രപാതം, അതടം തടം.)

ഭൃംഗം=വണ്ട്. പര്യാ-ചഞ്ചരീകം, മിളിന്ദം, ഇന്ദിന്ദിരം, മധുപം, ദ്വിരേഫം, അളി, ഷൾപദം, ഭ്രമരം.

ഭൃംഗാരം=പൊന്നിൻ പിടിമൊന്ത. പര്യാ-കനകാലുക.

ഭൃതകൻ=ശമ്പളക്കാരൻ, ഭൃത്യൻ.

ഭൃതി=ശമ്പളം, വേലക്കൂലി.

## ഭേ

ഭേകം=തവള. പര്യാ-ദർദ്ദരം, മണ്ഡൂകം, വഷാഭ്രൂ, ശാലൂരം, പ്ലവം.

ഭേദം=നാ-1. വ്യത്യാസം 2. ചതുരുപായങ്ങളിൽ ഒന്നു്.

ഭേരി=പെരുമ്പറ. പര്യാ-ദുന്ദുഭി, ആനകം.

ഭേഷജം=മരുന്നു്. പര്യാ-അഗദം, ഭൈഷജ്യം, ജായു, ഔഷധം.

## ഭൈ

ഭൈരവൻ=നാ-1. ഒരു ദേവൻ 2. ഭയമുണ്ടാക്കുന്നവൻ.

ഭൈരവീ=ശ്രീപാർവ്വതി. പര്യാ-ശിവ, ഭവാനീ, രുദ്രാണി, ശർവ്വാണി, സർവ്വമംഗള, അപർണ്ണ, പാർവ്വതീ, ദുർഗ്ഗാ, മൃഡാനി, ചണ്ഡിക, അംബിക, ആര്യ, ദാക്ഷായണി, ഗൌരി, ഗിരിജാ, മേനകാത്മജ, ചാമുണ്ഡ, കർണ്ണമോടി, ചർച്ചിക.

## ഭോ

ഭോഗം=നാ-1. സുഖം, 2. സർപ്പത്തിന്റെ ശരീരം 3. വേശ്യയുടെ കൂലി.

ഭോഗവതി=നാ 1. സർപ്പം 2. നദി 3. പട്ടണം.

ഭോഗിനീ= പട്ടമഹിഷിയല്ലാത്ത രാജഭാര്യ.

## ഭൌ

ഭൌമൻ=ചൊവ്വാഗ്രഹം. പര്യാ-അംഗാരകൻ, കുജൻ, ലോഹിതാംഗൻ, മഹീസുതൻ.

ഭൌരികൻ=സ്വർണ്ണഭണ്ഡാരത്തിന്റെ അധികാരി. പര്യാ=കനകാധ്യക്ഷൻ.

## ഭ്ര

ഭ്രുകുംസൻ= സ്ത്രീവേഷംകെട്ടിയ നടൻ. പര്യാ-ഭ്രൂകുംസൻ, ഭ്രൂകുംസൻ.

ഭ്രുകുടി=പുരികം വളയ്ക്കുക. പര്യാ-ഭ്രൂകുടി, ഭ്രൂകുടി.

ഭ്രമം=തലച്ചുററൽ. പര്യാ-ഭ്രമി.

ഭ്രാജിഷ്ണു=അലങ്കാരങ്ങൾകൊണ്ടു ശോഭിക്കുന്നവൻ. പര്യാ-വിഭ്രാട്, രോചിഷ്ണു.

ഭ്രാതാവു്=സഹോദരൻ. പര്യാ-സജാതൻ, സഹജൻ, സഗർഭ്യൻ, സോദരൻ.

ഭ്രാതൃജായ=സഹോദരഭാര്യ. പര്യാ- പ്രജാവതി.

ഭ്രാത്രീയൻ= സഹോദരപുത്രൻ. പര്യാ-ഭ്രാതൃജൻ.

ഭ്രാന്തി=തെററിദ്ധാരണ. പര്യാ-മിഥ്യാമതി, ഭ്രമം.

ഭ്രൂ=പുരികക്കൊടി. പര്യാ-ചില്ലി.

ഭ്രൂണം=നാ-1. ഗർഭം 2. കുട്ടി.

ഭ്രേഷം=സ്വസ്ഥാനത്തുനിന്നു തെററുക.

# മ

മകുടം=കിരീടം. പര്യാ-മകുടി, മുകുടം.

മകുരം=കണ്ണാടി. പര്യാ-മുകുരം, ആദർശം, ദർപ്പണം.

മഖം=യാഗം. പര്യാ-അദ്ധ്വരം, സത്രം, യജ്ഞം, ഇഷ്ടി, സവം, സപ്തതന്തു, ക്രതു.

മഗധൻ=സ്തുതിപാഠകൻ. പര്യാ-മാഗധൻ, വന്ദി.

മജ്ജ=കാതൽ. പര്യാ- സാരം.

മഞ്ജരി=പൂങ്കുല. പര്യാ- വല്ലരി, സ്തബകം.

മഞ്ജു=മനോഹരം. പര്യാ-സുന്ദരം, രുചിരം, ചാരു, ശോഭനം, കാന്തം, മനോരമം, രുച്യം, മനോജ്ഞം, മഞ്ജുളം.

മഡ്ഡു=കട്ടച്ചൂടിയെന്ന വാദ്യം. പര്യാ-ഡമരു.

മണിതം=രതികാലത്തുണ്ടാകുന്ന ശബ്ദം. പര്യാ-രതികൂജിതം.

മണ്ഡം=തെളി. പര്യാ-സർവ്വരസാഗ്രം.

മണ്ഡലകം=വട്ടപ്പുണ്ണ്. പര്യാ-കോഠം.

മണ്ഡഹാരകൻ=ചെത്തുകാരൻ. പര്യാ-ശൌണ്ഡികൻ, മദ്യഹാരകൻ.

മണ്ഡൂരം=ഇരുമ്പിൻകിട്ടം. പര്യാ-ശിംഘാണം, സിംഹാണം, സിംഘാണം.

മത്തൻ=കുടിച്ചുമദിച്ചവൻ. പര്യാ-ശൌണ്ഡൻ, ഉൽക്കടൻ, ക്ഷീബൻ.

മഥിതം=വെള്ളംചേക്കാത്ത മോരു്. പര്യാ-തക്രം, ഉദശ്വിത്തു്.

മദകളം=മദയാന. പര്യാ-മദോല്ക്കടം.

മദിര=കള്ളു്. പര്യാ-സുര, ഹലിപ്രിയ, ഹാല, പരിസ്രുത്തു്, വരുണാത്മജ, ഗന്ധോത്തമ, പ്രസന്ന, ഇര, കാദംബരി, പരിസ്രുത, കശ്യം.

മധുക്രമ=മദ്യപാനത്തിനുള്ള അവസരം. പര്യാ-മധുവാരം.

മധുമക്ഷിക=തേനീച്ച. പര്യാ-സരഘ.

മധുലിട്ട്=നാ-1. വണ്ടു് 2. മദ്യപാനി.

മധൂകം=ഇരിപ്പ്. പര്യാ-ആമ്രാതകം, ഗുഡപുഷ്പം, മധുദ്രമം, വാനപ്രസ്ഥം, മധുഷ്ഠീലം. ഇതു ചുട്ടനീറൽ, തളച്ച ഇവയെ ശമിപ്പിക്കും.

മധ്യം=ശരീരമധ്യം(അര.)പര്യാ-മധ്യമം, വലഗ്നം, അവലഗ്നം.

മനസ്സ്=ഹൃദയം. പര്യാ-ചിത്തം, ചേതസ്, സ്വാന്തം, ഹൃത്തു്, മാനസം.

മനാക്=കുറഞ്ഞൊന്നു്. പര്യാ-കിഞ്ചിൽ, ഈഷൽ, അല്പം.

മനു=ധർമ്മശാസ്ത്രകർത്താവു് (മനുക്കൾ പലരുമുണ്ടായിട്ടുണ്ടു്.)

മനോരഥം=ആഗ്രഹം. പര്യാ-ഇച്ഛ, കാംക്ഷ, സ്പൃഹ, ഈഹ, വാഞ്ഛ, ലിപ്സ.

മന്തു=അപരാധം. പര്യാ-ആഗസ്സ്, അംഹം.

മന്ഥദണ്ഡകം=മത്തു് (തൈരു കടയുന്ന കോൽ.) പര്യാ-വൈശാഖം, മന്ഥം, മന്ഥാനം, മന്ഥനം.

മന്ദാക്ഷം=ലജ്ജ. പര്യാ-ഹ്രീ, ത്രപ, വ്രീള.

മന്യു=ദുഃഖം. പര്യാ-ശോകം. ശുക്.

മയൂഖം=നാ-1. രശ്മി. 2. കടിഞ്ഞാൺ.

മരന്ദം=തേൻ. പര്യാ-പുഷ്പരസം, മധു, മാദ്ധ്വീ, മധൂളി, മകരന്ദം, ആസവം.

മരീചിക=മൃഗതൃഷ്ണ (വെള്ളമില്ലാത്തിടത്തു വെള്ളമുണ്ടെന്നു തോന്നൽ), കാനൽജലഭ്രമം.

മരുത്=നാ-1. വായു 2. ദേവൻ.

മർമ്മരം=വസ്ത്രം, കരിയില ഇവയുടെ ശബ്ദം.

മലിനം=അഴുക്കായതു്. പര്യാ-മലീമസം, കച്ചരം, മലദൂഷിതം.

മല്ലകൻ=ഗുസ്തിക്കാരൻ. പര്യാ-മല്ലൻ.

മസി=മഷി. പര്യാ-മഷിക.

മസ്തിഷ്കം=തലച്ചോറ്. പര്യാ-ഗോർദ്ദം.

മസ്തകം=തല. പര്യാ-ഉത്തമാംഗം, ശീർഷം, ശിരസ്സ് (ശിരം), മൂർദ്ധാവു്.

മസ്തു=തൈരിൻെറ തെളി. പര്യാ-ദധിമണ്ഡം.

മഹതി=നാരദൻെറ വീണ.

മഹാധനം=വളരെ വിലയുള്ള വസ്ത്രം. പര്യാ-ബഹുമൂല്യം.

മഹാനടൻ=ശിവൻ.

മഹാനസം=അടുക്കള. പര്യാ-പാകസ്ഥാനം, രന്ധനം.

മഹാരജനം-ചായില്യം. പര്യാ-കുസുംഭം, വഹ്നിശിഖം.

മഹിഷം=പോത്തു്. പര്യാ-ലുലായം, കാസരം, സൈരിഭം, വാഹദ്വിട്.

മഹീരുഹം=വൃക്ഷം. പര്യാ-ശാഖി, വിടപി, പലാശി, ദ്രുതു്, പാദപം, തരു, അനോഹകം, കുജം, സാലം, ദ്രു, ദ്രുമം, അഗമം.

മഹേള=സ്ത്രീ. പര്യാ-യോഷിത്തു്, അബല, നാരീ, സീമന്തിനീ, വധു, ലലന, യോഷ, പ്രതീപദർശിനീ, വാമ.

മഹൌഷധം=ചുക്കു്. പര്യാ-നാഗരം, വിശ്വം.

## മാ

മാ=നാ-1. ലക്ഷ്മീദേവി 2. അരുതു് 3. അല്ല.

മാംസളൻ=ശക്തിയുള്ളവൻ. പര്യാ-അംസളൻ, ബലവാൻ, ബലി.

മാംസികൻ=ഇറച്ചി കച്ചവടക്കാരൻ. പര്യാ-വൈതംസികൻ കൌടികൻ.

മാഢി=നാ-1. ഇലയിലെ ഞരമ്പ് 2. ദീനത വെളിപ്പെടുത്തുക.

മാണവ്യം=നാ-1. ബ്രാഹ്മണസമൂഹം 2. കുട്ടികളുടെ സമൂഹം.

മാതാമഹൻ=അമ്മയുടെ അച്ഛൻ.

മാതാമഹി=അമ്മയുടെ അമ്മ.

മാതുലൻ=അമ്മയുടെ സഹോദരൻ. പര്യാ-മാതുഭ്രാതാ.

മാതുലാനി=അമ്മാവി. പര്യാ-മാതുലീ, മാതുല.

മാദം=മദിക്കുക. പര്യാ-മദം.

മാദകം=മദിപ്പിക്കുന്നതു്, മദമുണ്ടാക്കുന്നതു്.

മാധവീ=ഒരുജാതി മുല്ല. പര്യാ-വാസന്തി. (ഇതിന്റെ പൂവിനു കസ്തൂരിയുടെ സൌരഭ്യമുണ്ടായിരിക്കും.)

മാനസൌകസ്=അരയന്നം. പര്യാ-ഹംസം, ശ്വേതഗരുത്തു്, ചക്രാംഗം.

മായ=ഇന്ദ്രജാലം. പര്യാ-ശാംബരീ.

മായാകാരൻ=ജാലക്കാരൻ. പര്യാ-പ്രതിഹാരികൻ.

മായു=പിത്തം. പര്യാ-അപിത്തം (ഭാഗുരിമതപ്രകാരം അകാരം ലോപിച്ച രൂപമാണു പിത്തം)

മാരജിത്തു്=ബുദ്ധൻ. പര്യാ-സർവ്വജ്ഞൻ, സുഗതൻ, ധർമ്മരാജൻ, തഥാഗതൻ, സമന്തഭദ്രൻ, ഭഗവാൻ, ലോകജിത്തു്, ജിനൻ, ഷഡഭിജ്ഞൻ, ദശബലൻ, അദ്വയവാദി, വിനായകൻ, മുനീന്ദ്രൻ, ശ്രീഘനൻ, ശാസ്താ.

മാർജ്ജനം=പാദച്ചാററിമരം.

മാർജ്ജന=ശുദ്ധിവരുത്തുക, തുടയ്ക്കുക. പര്യാ-മാർഷ്ടി, മൃജ.

മാർജ്ജിനി=ചൂലു്. പര്യാ-മാർഷ്ടിക, ശോധിനി.

മാലതി=പിച്ചകം. പര്യാ-ജാതി, സുമനാ(സ്)

മാസരം=വാർത്തകാഞ്ഞി. പര്യാ-ആചാമം, നിസ്രാവം.

മാസ്മ=അരുതു്, വേണ്ടാ. പര്യാ-മാ, അലം.

## മി

മിഥസ്(ഽ)=നാ-1. അന്യോന്യം 2. രഹസ്യമായിട്ടു്.

മിഥുനം=ഇരട്ട (സ്ത്രീയും പുരുഷനും.) പര്യാ-ദ്വന്ദ്വം, യുഗ്മം, യുഗളം, യുഗം.

മിഥ്യ=അസത്യം (ഇല്ലാത്തതു്. പര്യാ-മൃഷ.

മിഥ്യാഭിയോഗം = ഇല്ലാത്തതു പറഞ്ഞുണ്ടാക്കി ആക്ഷേപിക്കു

ക. പര്യാ-അഭ്യാഖ്യാനം, മിഥ്യാഭിശംസനം.

മിസി=മാഞ്ചി. പര്യാ-ജടില,റാംസി, ജട, മിശി. ഇതു് ഏദ്രോഗം, രക്തപിത്തം, വിഷം ഇവയെ ശമിപ്പിക്കും.

## മീ

മീഢം=മൂത്രവിസർജ്ജനം ചെയ്തതു്. പര്യാ-മൂത്രിതം.

മീനകേതനൻ=കാമദേവൻ.

മീമാംസകൻ=മീമാംസമതക്കാരൻ. പര്യാ-ജൈമിനിയൻ (വേദത്തിൻെറ പൂർവഭാഗമാണു മീമാംസ. ഇതിനെ പൂർവമീമാംസയെന്നും പറയും. വേദത്തിൻെറ ഉത്തരഭാഗത്തെ—വേദാന്തത്തെ — ഉത്തരമീമാംസയെന്നും) ഈ രണ്ടുതരം മീമാംസയും യഥാക്രമം ജൈമിനിയും, വ്യാസനും ഉണ്ടാക്കിയതാണു്.

## മു

മുക്ത=മുത്തു്. പര്യാ-മൗക്തികം.

മുക്താസ്ഫോട=മുത്തുച്ചിപ്പി. പര്യാ-ശുക്തി.

മുക്തി=മോക്ഷം,പര്യാ-നിശ്രേയസം, കൈവല്യം, അമൃതം, ശ്രേയസ്സ്.

മുഖരൻ=അപ്രിയവാദി. പര്യാ-ദുർമ്മുഖൻ, അബദ്ധമുഖൻ.

മുണ്ഡൻ=തലമുടി മുറിച്ചവൻ. പര്യാ-മുണ്ഡിതൻ. മുണ്ഡി.

മുദിരം=മേഘം.

മുധ=വെറുതെ. പര്യാ-വൃഥാ, വ്യർത്ഥകം.

മുഷിതം=മോഷ്ടിക്കപ്പെട്ടതു്. പര്യാ-മൂഷിതം.

മുഷ്കം=വൃഷണം(തുക്കു്. പര്യാ-അണ്ഡം, അണ്ഡകോശം.

മുഷ്ടി=ചുരുട്ടിയ കൈയ്. പര്യാ-മുഷ്ടിബന്ധം, സംഗ്രാഹം.

മുസലി=നാ-1. ബലഭദ്രൻ 2. ഗൗളി.

മുഹുഃ(സ്)=വിണ്ടെയും വിണ്ടെയും. പര്യാ-ഭൂയഃ, പുനഃ, ശശ്വത്, അഭീക്ഷ്ണം, അസകൃത്.

മുഹൂർത്തം=രണ്ടുനാഴിക.

## മൂ

മൂകൻ=നാക്കെടുക്കാൻ വയ്യാത്തവൻ. പര്യാ-അവാക്

മൂഢൻ=അജ്ഞൻ. പര്യാ-മൂർഖൻ, വൈധേയൻ, ബാലിശൻ യഥാജാതൻ.

മൂതം=കെട്ടപ്പെട്ടതു്. പര്യാ-ബദ്ധം, സന്ദാനിതം, ഉദ്ദിതം, സന്ദിതം, സിതം.

മൂർച്ഛ=മോഹാലസ്യം. പര്യാ-കശ്മലം, മോഹം, വിചിത്തത.

മൂർത്തിമാൻ=ദൃഢശരീരൻ (ഉറച്ച ശരീരമുള്ളവൻ പര്യാ-ജരഠൻ, മൂർത്തൻ, പ്രൌഢൻ, ഏധിതൻ.

മൂലധനം=മുടക്കുമുതൽ. പര്യാ-നീവി, പരിപണം.

മൂല്യം=വില. പര്യാ-അവക്രയം, വസ്നം.

മൂഷ=മൂശ. പര്യാ-തൈജസാവ ൎത്തിനി.

## മൃ

മൃഗം=നാ-1. മാൻ 2. കസ്തൂ രി.

മൃഗനാഭി=കസ്തൂരി. പര്യാ-മൃഗമദം, മൃഗം, ഏണനാഭി.

മൃഗയ=നായാട്ട്. പര്യാ-ആച്ഛോ ദനം, മൃഗവ്യം, ആഖേട.

മൃഗിതം=അന്വേഷിക്കപ്പെട്ടതു്. പര്യാ-അന്വിഷ്ടം, ഗവേഷി തം, മാർഗ്ഗിതം, അന്വേ ഷിതം.

മൃത്തു്=മണ്ണ്. പര്യാ-മൃത്തിക.

മൃത്സ=നല്ലമണ്ണ്. പര്യാ-മൃത്സ്ന.

മൃദു=മാർദ്ദവമുള്ളതു്. പര്യാ-സുകു മാരം, കോമളം, മൃദുലം.

മൃധം=യുദ്ധം.

മൃഷാൎത്ഥകം=തീരെ ചേർച്ചയി ല്ലാത്ത വാക്കു്. പര്യാ-വ്യാഹ തം, അഹതം.

## മെ

മെതിയടി=ചെരിപ്പു്. പര്യാ-പാദുക, ഉപാനത്തു്, പാദകൊ രട്ടു്.

മെത്ത=കിടക്ക. പര്യാ-ശയ്യ, ശ യനീയം, തല്പം.

മെത്തുക=ചേർക്കുക. പര്യാ-മേള നം, മിളിതം.

മെയ്യ്=ശരീരം. പര്യാ-തനു, കാ യം, കളേബരം, സംഹനനം, ഉടൽ, ഉടമ്പു്, തടി, ദേഹം.

മെഴുകു്=തേനിൻെറ കീടൻ. പ ര്യാ-മധൂച്ഛിഷ്ടം, സിക്ഥം.

## മേ

മേഖല=അരഞ്ഞാൺ. പര്യാ-കാഞ്ചി, കടിസൂത്രം.

മേഘം=കാറു്. പര്യാ-മുകിൽ, കൊണ്ടൽ.

മേഘജ്യോതിസ്=ഇടിത്തീയ്യ്. പര്യാ-ഇരമ്മദം.

മേഘനിർഘോഷം=ഇടി. പ ര്യാ-സ്ഫൂൎജ്ജഥു, വജ്രനിർ ഘോഷം, സ്തനിതം. ഗർജ്ജിതം, രസിതം.

മേഘമാല=മേഘക്കൂട്ടം. പര്യാ-കാദംബിനി

മേചകം=നീലനിറം. പര്യാ-കൃ ഷ്ണം, ശ്യാമം, ശ്യാമളം, അസി തം, കാളം.

മേഢ്റം=ലിംഗം. പര്യാ-ധ്വ ജം, ശിശ്നം, മേഹനം, ശേ ഫസ്.

മേദകം=കള്ളിൻെറമട്ടി (കോട.) പര്യാ=ജഗലം.

മേദുരം=കനത്തും മിനുത്തും ഇരി ക്കുന്നതു്. പര്യാ-സ്നിഗ്ദ്ധം, സാ ന്ദ്രം.

മേധ=മറവിയില്ലാത്ത ബുദ്ധി. പ ര്യാ=ധാരണാമതി.

മേധ്യം=പരിശുദ്ധം. പര്യാ-പൂതം, പവിത്രം, വിധ്യം, വിമലാത്മകം.

മേരു=മഹാമേരുപർവ്വതം. പര്യാ-സുമേരു, ഹേമാദ്രി, രത്നസാനു, സുരാലയം.

മേഷം=നാ-1. ആട്. 2. മേടം രാശി.

മേഹം=പ്രമേഹരോഗം (മൂത്രദോഷം.)

മേളകം=ചേർച്ച. പര്യാ-മേളനം, സംഗം, സംഗമം.

## മൈ

മൈത്രി=മിത്രഭാവം (സ്നേഹം.) പര്യാ-മൈത്ര്യം.

മൈഥുനം=സ്ത്രീപുരുഷ സംയോഗം. പര്യാ-നിധുവനം, സുരതം, രതം.

മൈരേയം=ഒരുവക മദ്യം. പര്യാ-ശീധു.

## മോ

മോഘം=നിഷ്ഫലം. പര്യാ-നിരർത്ഥകം, വ്യർത്ഥം.

മോചം=വാഴ. പര്യാ-കദളി, വാരണബുസ, അംശുമത്ഫല.

മോദകം=നാ-1. കൊഴക്കട്ട 2. സന്തോഷമുണ്ടാക്കുന്നതു്.

മോരടം=കരിമ്പിൻവേരു്.

മോഹം=മോഹാലസ്യം.

## മൗ

മൗകുലി=കാക്ക.

മൗക്തികം=മുത്തു്. പര്യാ-മുക്ത.

മൗദ്ഗീനം=ഉഴുന്നു വിളയുന്ന നിലം.

മൗനം=മിണ്ടാതിരിക്കുക. പര്യാ-തൂഷ്ണീം, അഭാഷണം.

മൗരജികൻ=പറകൊട്ടുന്നവൻ.

മൗർവ്വി=ഞാണു്. പര്യാ-ജ്യാ, ധനുർഗ്ഗുണം, ഗുണം.

മൗലി=ശിരസ്സ്. പര്യാ-മൂർദ്ധാവു്, ശീർഷം, കോടീരം.

മൗഷ്ടം=മുഷ്ടിപ്രയോഗമുള്ള രതിക്രീഡ.

മൗഹൂർത്തികൻ=ജോത്സ്യൻ.

## മ്ലാ

മ്ലാനം=വാട്ടം, ക്ഷീണം.

മ്ലിഷ്ടം=കൊഞ്ഞവാക്കു്. പര്യാ-അവിസ്പഷ്ടം.

മ്ലേച്ഛമുഖം=ചെമ്പു്.

## യ

യകൃത്തു്=വയററിനുള്ളിൽ വലതുവശമിരിക്കുന്ന മാംസഖണ്ഡം. പര്യാ-കാളഖണ്ഡം.

യജമാനൻ=യാഗം നടത്തിക്കുന്നവൻ. പര്യാ-വ്രതി, യഷ്ടാവു്.

യജൂസ്=യജുർവ്വേദം.

യജ്ഞസൂത്രം=പൂണനൂൽ. പര്യാ-ഉപവീതം.

യത്=യാതൊന്നുനിമിത്തം. പര്യ്യാ-യതഃ (സ്)

യതി=സന്ന്യാസി.

യഥാ=എങ്ങനെ (യാതൊരുപ്രകാരം.)

യഥാജാതൻ=അജ്ഞൻ (അറിവില്ലാത്തവൻ.)

യഥാതഥം=ഉള്ളതുപോലെ, കൃത്യമായിട്ടു്. പര്യ്യാ-യഥാൎത്ഥം.

യഥാസ്വം=യോഗ്യതപോലെ. പര്യ്യാ-യഥായഥം.

യദി=എങ്കിൽ. പര്യ്യാ-ചേത്.

യമുന=കാളിന്ദീനദി. പര്യ്യാ-സൂൎയ്യതനയ, ശമനസ്വസാ

യയു=യാഗത്തിനു നിശ്ചയിച്ച കുതിര. പര്യ്യാ-അശ്വമേധീയം.

യവാഗ്രജം=ചവക്കാരം. പര്യ്യാ-യവക്ഷാരം, പാക്യം.

യശസ്സ്=കീൎത്തി. പര്യ്യാ-സമജ്ഞ.

## യാ

യാചകൻ=തെണ്ടിനടക്കുന്നവൻ. പര്യ്യാ-വനീപകൻ, യാചനകൻ, മാൎഗ്ഗണൻ, അൎത്ഥി.

യാതന=നരകദുഃഖം. പര്യ്യാ-തീവ്രവേദന.

യാതുധാനൻ=രാക്ഷസൻ.

യാതാവ്=സഹോദരഭാൎയ്യ.

യാത്ര=പുറപ്പാടു്. പര്യ്യാ-വ്രജ്യ, അഭിനിൎയ്യാണം, പ്രസ്ഥാനം, ഗമനം, ഗമം.

യാദസ്=ജലജന്തു.

യാനം=വാഹനം. പര്യ്യാ-യുഗ്യം, ധോരണം, പത്രം, വൈനീതകം.

യാമം=ദിവസത്തിൻെറ എട്ടിലൊന്നു്, ഏഴരനാഴിക കൂടുന്ന സമയം. പര്യ്യാ-പ്രഹരം.

യാമം=ഹിംസ കൂടാ തിരിക്കുക. പര്യ്യാ-വിയാമം, വിയമം, യമം, സംയാമം, സംയമം.

യാവം=അരക്കു്. പര്യ്യാ-ജതു, ലാക്ഷ, രാക്ഷ, അലക്തം, ദ്രുമാമയം.

യാസം=ചെറിയ കൊടിത്തൂവ.

## യു

യുഗം=നാ-1. നുകം 2. ഇരട്ട 3. കൃതത്രേതാദിയുഗം.

യുഗപത്=ഒരുമിച്ചു് (സമകാലത്തിൽ)

യുഗ്യം=നുകത്തിൽകെട്ടിയ കാള.

യുതകം=നാ-1. ഇരട്ട 2. സംശയം 3. യോനിസംബന്ധം.

## യൂ

യൂകം=പേൻ.

യൂഥം=ഒരു ജാതിയിൽപെട്ട പ്രാണികളുടെ സമൂഹം (ആനക്കൂട്ടമെന്നും അൎത്ഥമുണ്ടു്.

യൂഥപൻ=ആനത്തലവൻ. പര്യ്യാ-യൂഥനാഥൻ.

യൂപം=യജ്ഞസ്തംഭം. പര്യ്യാ-യൂവം.

യൂഷം=പരിപ്പു മുതലായവ വച്ചുററിയ രസം.

## യോ

യോഗം=നാ-1. ധ്യാനം 2. യുദ്ധത്തിനു തയ്യാറാവുക 3. ഉപായം 4. സംയോജനം5. യുക്തി.

യോജന=രണ്ടുനാഴിക ദൂരം.

യോത്രം=നുകക്കയറു്. പര്യാ-യോക്ത്രം, ആബന്ധം.

യോധസംരാവം=പോർവിളി. പര്യാ-ക്രന്ദനം.

യോനി=സ്ത്രീയുടെജനനേന്ദ്രിയം. പര്യാ-ഭഗം, വരാംഗം.

## യൗ

യൗതകം=സ്ത്രീധനം. പര്യാ-സുദായം, ഹരണം.

യൗതവം=അളക്കാനുള്ള ഉപകരണം. പര്യാ-ദ്രുവയം.

യൗവതം=യുവതികളുടെ സമൂഹം.

യൗവനം=യുവത്വം. പര്യാ-താരുണ്യം, തരുണത, യുവത.

## ര

രക്തം=ചോര. പര്യാ-അസൃക് ലോഹിതം, ശോണിതം, ക്ഷതജം, നിണം, കുരുതി.

രക്തപം=അട്ട. പര്യാ-ജളൂകം ജലൌകസ്.

രക്തി=താല്പര്യം. പര്യാ-രാഗം, രതി.

രക്തോല്പലം=ചെന്താമര. പര്യാ-കോകനദം.

രംഹസ്=വേഗം. പര്യാ-തരം, രയം, സ്യദം, ജവം.

രംഗം=വെളുത്തീയം.

രചന=ആഭരണങ്ങൾ അണിയുക. പര്യാ-പരിസ്പന്ദം.

രജകൻ=അലക്കുകാരൻ. പര്യാ-നിർണ്ണേജകൻ.

രജതം=നാ-1. വെള്ളി 2. സ്വർണ്ണം 3. വെളുപ്പു്.

രജനീമുഖം=രാത്രിയുടെ ആരംഭം. പര്യാ-പ്രദോഷം.

രജസ്സ്=പൊടി. പര്യാ-രേണു, ധൂളി, പാംസു, ക്ഷോദം,ചൂർണ്ണം.

രജസ്വല=തീണ്ടായിരിക്കുന്നസ്ത്രീ പര്യാ-സ്ത്രീധർമ്മിണി, അവി,ആത്രേയി, മലിനി, പുഷ്പവതി, ഋതുമതി, ഉദക്യ.

രജ്ജു=കയറു് (വലച്ചരടു്.) പര്യാ-ശുല്വം, വരാടകം, വടി, ഗുണം.

രഞ്ജനം=രക്തചന്ദനം.

രത്നം=മുത്തു് മരതകം മുതലായവ. പര്യാ-മണി.

രത്നി=പിടിമുഴം.പര്യാ-സരത്നി.

രഥകട്യ=തേർക്കൂട്ടം. പര്യാ-രഥ്യാ, രഥവ്രജം.

രഥകാരൻ=ആശാരി.പര്യാ-കാഷ്ഠതട്, ത്വഷ്ടാ, വർദ്ധകി, തക്ഷാവു്.

**രഥാംഗം**=നാ-1. ചക്രം 2. ചക്രവാകം.

**രഥി**=തേരാളി. പര്യാ-രഥികൻ, സാരഥി, സ്യന്ദനാരോഹൻ, സൂതൻ, നിയന്താ.

**രദം**=പല്ല്. പര്യാ-രദനം, ദന്തം, ദ്വിജം, ദശനം.

**രദനച്ഛദം**=ചുണ്ട്. പര്യാ-അധരം, ഓഷ്ഠം, ദശനവാസസ്.

**രഭസം**=നാ-1. വേഗം 2. സന്തോഷം.

**രല്ലകം**=കരിമ്പടം. പര്യാ-കംബളം.

**രവണൻ** = ഒച്ചയുണ്ടാക്കുന്നവൻ. പര്യാ-ശബ്ദനൻ.

**രശന**=അരഞ്ഞാൺ. പര്യാ-മേഖല, കാഞ്ചി, സപ്തകി.

**രസജ്ഞ**=നാക്ക്. പര്യാ-രസന, ജിഹ്വ.

**രസവതി**=അടുക്കള.

**രസാള**=പഞ്ചസാരയും മുളകുപൊടിയുമിട്ടു വെള്ളം ചേർക്കാതെ കടഞ്ഞ തൈരിൽ ചുക്കും ജീരകവും പൊടിച്ചുണ്ടാക്കുന്ന പാനീയം. പര്യാ-മജ്ജിത.

**രഹസ്**=വിജനം(ആളൊഴിഞ്ഞ സ്ഥലം) പര്യാ-വിവിക്തം, ഉപാംശു, രഹസ്യം.

**രക്ഷഃസഭം**=രാക്ഷസന്മാരുടെ സഭ.

**രക്ഷണം**=രക്ഷ. പര്യാ-പാലനം, അവനം, രക്ഷണം, ഗോപനം.

## രാ

**രാക**=വെളുത്ത വാവ്. പര്യാ-പർവ്വ, പൂർണ്ണിമ. പൗർണ്ണമാസി, പൗർണ്ണമി.

**രാങ്കവം**=മൃഗരോമംകൊണ്ടു നെയ്ത വസ്ത്രം. പര്യാ-മൃഗരോമജം.

**രാജകം**=രാജസമൂഹം.

**രാജരാജൻ**=നാ-1. കുബേരൻ 2. ചക്രവർത്തി.

**രാജവത്ത്**=രാജാവുള്ള ദേശം. പര്യാ-രാജന്വത്ത്.

**രാജസൂയം**=ഒരുതരം യാഗം.(ഇതു നടത്തുന്ന രാജാവ് ചക്രവർത്തിയാകും.)

**രാജാർഹം**=അകിൽ. പര്യാ-വംശകം, അഗരു, ലോഹം, കൃമിജം.

**രാജി**=സമൂഹം. പര്യാ-വീഥി, ആളി, ആവലി, ശ്രേണി, പംക്തി.

**രാജിക**=കറുത്ത കടുക്, പര്യാ-ക്ഷവം, ക്ഷുധാഭിജനനം, കൃഷ്ണിക, ആസുരി.

**രാജീവം**=നാ-1. താമര 2. കരിങ്കുവളം 3. വരിമത്സ്യം.

**രാജ്യാംഗം**=രാജ്യത്തിന്റെ അംഗം. അത് ഏഴുണ്ട്. 1. സ്വാമി 2. അമാത്യൻ 3. രാഷ്ട്രം 4. ദുർഗ്ഗം 5. കോശം 6. ബലം 7 സുഹൃത്ത്.

**രാദ്ധാന്തം**= ആലോചനാപൂർവ്വം

ഇന്നപ്രകാരമെന്നു തിച്ചപ്പെട്ടത്തുക. പര്യാ-സിദ്ധാന്തം.

രാധ=നാ-1. ഒരു ഗോപസ്ത്രീ 2. ഇടവമാസം 3. വിശാഖനക്ഷത്രം 4. മിന്നൽ.

രാമഠം=പെരുങ്കായം. പര്യാ-സഹസ്രവേധി, ബാൽഹികം, ജാതു, ഹിംഗു.

രാംഭം=മുളവടി. പര്യാ-വൈണവം.

രാശി=നാ-1. മേടം മുതലായ 12 രാശി 2. സമൂഹം.

രാഷ്ട്രം=നാ-1. രാജ്യം. 2. ഉപദ്രവം.

രാസഭം=കഴുത. പര്യാ-ഗർദ്ദഭം, ഖരം.

രാസ്ന=അരത്ത. പര്യാ-നാകുലി, സുരസ, സുഗന്ധ, ഗന്ധനാകുലി, നകുലേഷ്ട, ഭുജംഗാക്ഷി.

രാളം=ചെഞ്ചല്യം. പര്യാ-യക്ഷധൂപം, സജ്ജരസം, സർവ്വരസം, ബഹുരൂപം.

രാഹു=രാഹു എന്ന ഗ്രഹം. പര്യാ-തമസ്, സ്വർഭാനു, സൈംഹികേയൻ, വിധുന്തുദൻ.

## രി

രിക്തകം=ശൂന്യം. പര്യാ-വശികം, തുച്ഛം.

രിക്ഥം=ധനം. പര്യാ-ദ്രവ്യം, വിത്തം, സ്വാപതേയം, ഋക്ഥം, വസു, ഹിരണ്യം, ദ്രവിണം, ദ്യുമ്നം, അർത്ഥം, രാ, വിഭവം.

രിംഖണം=പിച്ചനടപ്പ് (കുട്ടികളുടെനടപ്പ്.) പര്യാ-രിംഗണം, സ്ഖലം.

രിദ്ധം=മെതിച്ചുകൂട്ടിയ നെല്ല്. പര്യാ-ഋദ്ധം, ആവസിതം.

രിഷ്ടം=നാ-1. അശുഭം 2. പാപം.

രിഷ്ടി=വാൾ.

## രീ

രീഢ=നിന്ദ. പര്യാ-അനാദരം, പരിഭവം, തിരസ്കാരം, അവമാനം, അവജ്ഞ, അവഹേളനം, അസൂക്ഷണം.

രീണം=ഒഴുകിയതു്. പര്യാ-സ്യന്നം, സ്രുതം, സ്നുതം.

രീതി=നാ-1. ഒഴുക്ക് 2. നാട്ടുനടപ്പ് 3. പിച്ചള.

രീതിപുഷ്പം=കുസുമാഞ്ജനം. പര്യാ-പുഷ്പകേതു, പൌഷ്പകം. (ഇതു പിച്ചളയുടെ കിട്ടാംശമാണ്.)

## രു

രുക്പ്രതിക്രിയ=ചികിത്സ.

രുക്മകാരകൻ=തട്ടാൻ. പര്യാ-കളാദൻ, നാഡിന്ധമൻ.

രുഗ്ണം=നാ-1. വളഞ്ഞതു് 2. രോഗം.

രുചകം=തുവർച്ചിലഉപ്പ്. പര്യാ-സൗവർച്ചലം, അക്ഷം.

രുജ=രോഗം. പര്യാ-രുക്, ഉപതാപം, വ്യാധി, ഗദം, ആമയം.

രുതം=പക്ഷിമൃഗാദികളുടെ ശബ്ദം. പര്യാ-വാശിതം.

രുദിതം=കരച്ചിൽ. പര്യാ-രോദനം, ക്രന്ദനം.

രുദ്ധം=ചുററപ്പെട്ടതു്. പര്യാ-വലയിതം, വേഷ്ടിതം, സംവീതം, വീതം, ആവൃതം.

രുധിരം=നാ-1. കുങ്കുമം. 2. രക്തം.

രുമ=ഉപ്പുപടന്ന. പര്യാ-ലവണാകരം, ഗഞ്ജ.

രുരു=ഒരുജാതി മാൻ (കറുത്ത മാൻ—കൃഷ്ണമൃഗം) പര്യാ-കൃഷ്ണസാരം, ന്യങ്കു.

## രൂ

രൂപാജീവ=വേശ്യ. പര്യാ-വാരസ്ത്രീ, ഗണിക.

രൂപ്യം=നാ-1. നല്ലരൂപം 2. വെള്ളി 3. സ്വർണ്ണം.

രൂഷിതം=മററു വസ്തുക്കൾ പുരണ്ടതുകൊണ്ടു സ്വസ്വഭാവം മറഞ്ഞതു്.

രൂക്ഷം=കൊഴുപ്പില്ലായ്മ, സ്നേഹമില്ലായ്മ. പര്യാ-ഗുണ്ഡിതം

## രേ

രേചിനി=നാ-1.കടുക്ക 2. ത്രികോല്പക്കൊന്ന.

രേചിതം=നാ-1. കുതിരയുടെ ഗതിവിശേഷം (മദ്ധ്യവേഗമാണു് ഇതിൻെറ സ്വഭാവം) 2. പ്രകാശിപ്പിച്ചതു് 3. മൂർച്ഛകൂട്ടിയതു്.

രേണുക=നാ-1.തക്കോലം 2. പരശുരാമൻെറ അമ്മ.

രേതസ്=ശുക്ലം. പര്യാ-തേജസ്, ബീജം, വീര്യം, ഇന്ദ്രിയം.

രേഫൻ=ദുഷ്ടൻ, നിന്ദിതൻ.

രേവ=നർമ്മദാനദി.

രേവതി=നാ-1. ബലഭദ്രൻെറ ഭാര്യ 2. ഒടുവിലത്തെ നക്ഷത്രം.

## രൈ

രൈ=ധനം.

രൈവതം=ഒരു പർവ്വതം.

## രോ

രോഗം=വ്യാധി.

രോഗഹാരി=വൈദ്യൻ. പര്യാ-അഗദംകാരൻ, ചികിത്സകൻ, ആമയാരി.

രോചിഷ്ണു= അലങ്കാരങ്ങൾകൊണ്ടു ശോഭിക്കുന്നവൻ. പര്യാ-വിഭ്രാട്, ഭ്രാജിഷ്ണു.

രോചിസ്=പ്രകാശം. പര്യാ-ദ്യോതം, ആതപം.

രോദസ്=ആകാശവും ഭൂമിയും. പര്യാ-രോദസി.

രോധസ്=തീരം. പര്യാ-കൂലം, പ്രതീരം, തടം, തടി.

രോപം=അമ്പ്. പര്യാ-പൃഷൽകം, ബാണം, വിശിഖം, അജിഹ്മഗം, ഖഗം, ആശുഗം, കളംബം, മാർഗ്ഗണം, ശരം, പത്രി, ഇഷു.

രോപണം=കരിയുക, ഉണങ്ങുക. പര്യാ-വിരോപണം.

രോമം=ശരീരത്തിലെ രോമം. പര്യാ-ലോമം, തനൂരുഹം.

രോമന്ഥം=തികട്ടിച്ചവയ്ക്കുക.

രോമഹർഷണം=രോമാഞ്ചം.

രോഹിത=ചുവന്നനിറമുള്ളവൾ. പര്യാ-രോഹിണി, രക്തലോഹിനീ, ലോഹിത.

## രൌ

രൌദ്രം—നാ-1. നവരസങ്ങളിൽ ഒന്ന് 2. ഭയമുണ്ടാക്കുന്നത്.

രൌമകം=പടന്നയുപ്പ്. പര്യാ-വസുകം.

രൌരവം=ഒരുജാതി നരകം. തപനം, അവീചി, മഹാരൌരം, രൌരം, സംഹാരം, കാലസൂത്രം ഇങ്ങനെ നരകങ്ങൾ പലതുണ്ട്.

രൌഹിണേയൻ=ബുധൻ. പര്യാ-സൗമ്യൻ, സോമജാതകൻ.

രൌഹിഷം=ചെങ്കവരിമാൻ.

## ല

ലക്തകം=നാ-1. അരക്ക് 2. ചെമ്പഞ്ഞിച്ചാറ്.

ലഗുഡം=കുറുവടി.

ലഗ്നം=നാ-1. രാശികളുടെ ഉദയം 2. പററിയതു്, ചേർന്നതു്.

ലഗ്നകം=ജാമ്യം. പര്യാ-പ്രതിഭൂതം.

ലഘു=നാ-1. അല്പം 2. ഇഷ്ടമായതു് 3. ഒരു മാത്ര 4. ഹ്രസ്വാക്ഷരം.

ലങ്ക=നാ-1. ലങ്കാപുരി 2. വേശ്യ 3. ശാഖ.

ലടപം=ഊർക്കുരികിൽ. പര്യാ-ഖഞ്ജരീടം, ഖഞ്ജളം

ലത=വള്ളി. പര്യാ-ലതിക, വല്ലീ, വ്രതതി.

ലപിതം=പറയപ്പെട്ടതു്. പര്യാ-ഉക്തം, ഭാഷിതം, ഉദിതം, ജല്പിതം, ആഖ്യാതം, അഭിഹിതം.

ലബ്ധം=ലഭിക്കപ്പെട്ടതു്. പര്യാ-പ്രാപ്തം, ഭാവിതം, ആസാദിതം, ഭൂതം.

ലഭ്യം=കിട്ടാൻ കൊള്ളാവുന്നതു്. പര്യാ-യുക്തം, ഔപയികം, ഭജമാനം, അഭിനീതം.

ലലാമം=നാ-1. വാലു് 2. നെററിയിലെ പുള്ളി 3. പ്രാധാന്യം 4. ആഭരണം 5. കൊടിമരം.

ലലാമകം=മുടിയിൽകെട്ടുന്ന ഒരുതരം മാല.

ലവം=അല്പം. പര്യാ-മാത്ര, ത്രു

ടി, ലേശം, അണു, സ്തോകം, ക്ഷുല്ലകം, കൃശം, തനു.

ലവനം=കൊയ്ത്ത്. പര്യാ-അഭിലാവം.

ലശുനം=വെള്ളുള്ളി. പര്യാ-മഹൌഷധം, ഗൃഞ്ജനം, അരിഷ്ടം, രസോനം, മഹാകന്ദം.

ലസ്തകം=വില്ലിന്റെ നടുവു്. പര്യാ-ധനുർമദ്ധ്യം.

ലക്ഷം=ലാക്കു്. പര്യാ-ലക്ഷ്യം, ശരവ്യം.

ലക്ഷ്മണൻ=ഐശ്വര്യമുള്ളവൻ. പര്യാ-ലക്ഷ്മീവാൻ, ശ്രീലൻ, ശ്രീമാൻ, ശ്ലീലൻ.

ലക്ഷ്മാവു്=അടയാളം. പര്യാ-കളങ്കം, അങ്കം, ലാഞ്ഛനം, ചിഹ്നം, ലക്ഷണം.

## ലാ

ലാംഗലം=കലപ്പ. പര്യാ-ഹലം, സീരം, ഗോദാരം, ഹാലം.

ലാംഗലി=നീർതിപ്പലി. പര്യാ-ശാരദി, തോയപിപ്പലി. ഇതു് കഫപിത്തരോഗശമനകരവും കാസശ്വാസഹരവുമാകുന്നു.

ലാംഗ്ഗൂലം=വാലു്. പര്യാ-പുഛം, ബാലം, ബാലധി.

ലാജ=മലർ. പര്യാ-അക്ഷതം.

ലാലസ=അത്യാശ.

ലാല=ഉമിനീരു്. പര്യാം-സ്യന്ദിനി, സൃണിക.

ലാവം=ചകോരം. പര്യാ=തിത്തിരി, കുക്കുഭം, ജീവം, ചകോരകം.

ലാസിക=നൃത്തക്കാരി. പര്യാ-നർത്തകി.

ലാസ്യം=നൃത്തം. പര്യാ-നർത്തനം, നടനം, താണ്ഡവം, നാട്യം.

ലാക്ഷ=കോലരക്കു്.

## ലി

ലിംഗവൃത്തി=വേഷമാത്രസന്ന്യാസി. പര്യാ- ധർമ്മധ്വജി.

ലിപി=അക്ഷരവിന്ന്യാസം. ലിബി.

ലിപികരൻ=എഴുത്തുകാരൻ. പര്യാ-അക്ഷരചണൻ, അക്ഷരചുഞ്ചു, ലേഖകൻ.

ലിപ്തകം=പുരട്ടിയതു്. പര്യാ-ദിഗ്ദ്ധം.

ലിപ്സ=ആഗ്രഹം.

ലിക്ഷ=പേനിന്റെ മുട്ട. പര്യാ-യൂകാണ്ഡം.

## ലീ

ലീഢം=ആസ്വാദിക്കപ്പെട്ടതു്.

ലീല=ഒരുവക ശൃംഗാരചേഷ്ട. വേഷം, അലങ്കാരം, പ്രണയപൂർവ്വമായ വാക്കു് ഇവകൊണ്ടു പ്രിയതമനെ അനുകരിക്കുക ഇതിന്റെ ലക്ഷണം.

ലീല=നാ-1. വിലാസം 2. ശൃംഗാരക്രിയ.

## ലു

ലുഠിതം=ഉരുളുക. പര്യാ-ഉപാവൃത്തം, ലുഠനം.

ലുബ്ധൻ=ആശയുള്ളവൻ. പര്യാ-ഗൃധ്നു, ഗർദ്ധനൻ, അഭിലാഷുകൻ, തൃഷ്ണക്.

ലുബ്ധകൻ=വേടൻ (കാട്ടാളൻ)പര്യാ-വ്യാധൻ, മൃഗവധാ, ജീവൻ, മൃഗയു.

ലുലായം=പോത്ത്. പര്യാ-മഹിഷം, കാസരം, വാഹദ്വിഷത്ത്, സൈരിഭം.

## ലൂ

ലൂത=ചിലന്തി. പര്യാ-തന്തുവായം, ഊർണ്ണനാഭം, മർക്കടകം.

ലൂനം=മുറിച്ചതു്. പര്യാ-ഛിന്നം ഛാതം, കൃത്തം, ദാതം, ദിതം, ഛിതം, വൃക്ണം.

ലൂമം=വാല്. പര്യാ-പുച്ഛം, ലാംഗൂലം, ബാലഹസ്തം, ബാലധി.

## ലേ

ലേഖൻ=ദേവൻ.

ലേഖർഷഭൻ=ഇന്ദ്രൻ. പര്യാ-ജിഷ്ണു, ശക്രൻ, ശതമന്യു, ദിവസ്പതി, സുത്രാമാവു്,ഗോത്രഭിത്തു്, വജ്റി, വാസവൻ, വൃത്രഹാ, വൃഷാ, വാസ്തോഷ്പതി, സുരപതി, വലാരാതി, ശചീപതി, ജംഭഭേദി, ഹരിഹയൻ, സ്വാരാട്ടു്, നമുചിസൂദനൻ.

ലേപകൻ=കുമ്മായപ്പണിക്കാരൻ. പര്യാ-പലഗണ്ഡൻ.

ലേലിഹാനം=പാമ്പു്.

ലേഷ്ടു=മൺകട്ട. പര്യാ-ലോഷ്ടം.

ലേഹം=ഭക്ഷണം.

## ലോ

ലോകം=നാ-1. ജനം 2. ഭുവനം

ലോകായതം=ചാർവാകശാസ്ത്രം

ലോചനം=കണ്ണു്. പര്യാ-നയനം, നേത്രം, ഈക്ഷണം, ചക്ഷു, അക്ഷി, ദൃഷ്ടി, ദൃക്.

ലോത്രം=കട്ട മുതൽ. പര്യാ-ലോപ്ത്രം.

ലോപാമുദ്ര=അഗസ്ത്യന്റെഭാര്യ

ലോലംബം=വണ്ട്.

ലോലുഭൻ=അത്യാശക്കാരൻ. പര്യാ-ലോലുപൻ.

ലോഹകാരൻ=ഇരുമ്പു പണിക്കാരൻ. പര്യാ-വ്യോകാരൻ,അയസ്കാരൻ.

ലോഹലൻ=വാക്കിനു വൈകല്യമുള്ളവൻ. പര്യാ-അസ്ഫുടവാക്.

ലോഹാഭിസാരം =യുദ്ധയാത്രയ്ക്കു മുമ്പുള്ള പൂജാകർമ്മം.

ലോഹിനീ=ചെമന്നവൾ.

## ലൗ

ലൗകികം=ലോകത്തെ സംബന്ധിച്ചതു്.

ലൗകായിതകൻ=നിരീശ്വരവാദി. പര്യാ-ചാർവാകൻ.

ലൌഹം=ഇരുമ്പ്.

## വ

വ=പോലെ. പര്യാ-വാ, യഥാ, തഥാ, ഏവം ഇവ.

കതവ്യം=നാ-1. നിന്ദ്യം 2. പറയത്തക്കതു്.

വക്താവു്=പറയുന്നവൻ. പര്യാ-വദൻ, വദാവദൻ.

വചനം=വാക്കു്. പര്യാ-വ്യാഹാരം, ഉക്തി, ലപിതം, ഭാഷിതം വചസ്.

വഞ്ചിതൻ=ചതിയിൽപെട്ടവൻ പര്യാ-വിപ്രലബ്ധൻ.

വടകം=വടയെന്ന പലഹാരം. മുറുക്കെന്നും അൎത്ഥം കാണുന്നു.

വഡ്റം=പരന്നതു്. പര്യാ-വിപുലം, ഉരു, വിശങ്കടം, പൃഥു, ബൃഹത്തു്, വിശാലം, മഹത്തു്. (വലുതെന്നും അൎത്ഥമുണ്ടു്)

വണ്ടകം=അംശം. പര്യാ-പാദം, ഭാഗം.

വതംസം=മുടിപ്പൊന്നു്. പര്യാ-ശേഖരം, ശിരോഭൂഷ, അവതംസം.

വത്സം=നാ-1. പശുക്കുട്ടി 2. സംവത്സരം.

വത്സലൻ=സ്നേഹമുള്ളവൻ. പര്യാ-സ്നിഗ്ദ്ധൻ.

വദാന്യൻ=ദാനശീലൻ. പര്യാ-ദാനശൗണ്ഡൻ, സ്ഥൂലലക്ഷ്യൻ, ബഹുപ്രദൻ.

വനം=കാടു്. പര്യാ-അടവി, അരണ്യം, വിപിനം, കാനനം, ഗഹനം.

വനപ്രിയം=കുയിൽ. പര്യാ-പരഭൃതം, കളകണ്ഠം, പികം, പരപുഷ്ടം, കോകിലം.

വനഹുതാശനൻ= കാട്ടുതീയ്. പര്യാ-ദാവം, ദവം.

വനായുജം= വനായുദേശത്തിലുണ്ടായ കുതിര.

വനീപകൻ= തെണ്ടിനടക്കുന്നവൻ (യാചകൻ.)

വനൗകസ്=കുരങ്ങു്.

വന്ദാരു=വന്ദനശീലൻ. പര്യാ-അഭിവാദകൻ.

വന്ധ്യ=മച്ചി (പ്രസവിക്കാത്തവൾ.)പര്യാ-വശ, അവതോക.

വപ=മാംസക്കൊഴുപ്പു്. പര്യാ-മേദസ്, വസ.

വപ്രം=ചാരുമതിൽ (കോട്ടയെയെന്നും അൎത്ഥമുണ്ടു്.) പര്യാ-ചയം.

വമനം=ഛർദ്ദിക്ക. പര്യാ-വമഥു, വമി, വമം.

വയസ്യൻ=സ്നേഹിതൻ. പര്യാ-സ്നിഗ്ദ്ധൻ, സവയസ്സ്, മിത്രം, സഖാവു്, സുഹൃത്തു്.

വയസ്യത=സ്നേഹം. പര്യാ-

സഖ്യം, സാപ്തപദീനം, മൈത്രി, സൗഹൃദം.

വരം=ദേവന്മാരിൽനിന്നു ലഭിക്കുന്ന അഭീഷ്ടലാഭം. പര്യാ-വൃതി.

വരട=അന്നപ്പിട. പര്യാ-ഹംസി.

വരണ്ഡം=മുഖരോഗം.

വരത്ര=ആനയുടെ കച്ചക്കയറ്. പര്യാ-ചൂഷ്യ, കക്ഷ, കക്ഷ്യ.

വരാംഗം=നാ-1. യോനി 2. ശിരസ്സ്.

വരാടകം=നാ-1. വലച്ചരട് 2. കയറ്.

വരാരോഹ=ഉത്തമസ്ത്രീ. പര്യാ-മത്തകാശിനീ, വരവർണ്ണിനീ.

വരിവസ്യ=ശുശ്രൂഷ. പര്യാ-പരിചര്യ, ഉപാസനം.

വരൂഥം=തേരാളിയ്ക്കു് അസ്ത്രം ഏല്ക്കാതിരിക്കാൻ തേരിൽ കെട്ടുന്ന മറ. പര്യാ-രഥഗുപ്തി.

വരേണ്യൻ=മുഖ്യൻ (ശ്രേഷ്ഠൻ.)

വർക്കരം=ചെറിയ നാല്ക്കാലി (ആട്ടിൻകുട്ടി.)

വർണ്ണകം=കുറിക്കൂട്ട് (അരച്ചുണ്ടാക്കുന്ന സുഗന്ധദ്രവ്യം.) പര്യാ-ഗാത്രാനുലേപിനീ, വർത്തി, വിലേപനം.

വർത്തിക=കാടപ്പക്ഷി. പര്യാ-വർത്തകം.

വർദ്ധിഷ്ണു=വർദ്ധിക്കശീലമുള്ളവൻ.

വർമ്മിതൻ=ചട്ടയിട്ടവൻ. പര്യാ-സന്നദ്ധൻ, സജ്ജൻ, ദംശിതൻ, വ്യൂഢകങ്കടൻ (ഒരുങ്ങിയവനെന്നും അർത്ഥം കാണുന്നു.)

വർഷവരൻ=അന്തഃപുരത്തിലെ പരിചാരകൻ. (ഇവൻ നപുംസകനായിരിക്കും) പര്യാ-ഷണ്ഡൻ.

വർഷ്മം=നാ-1. കൺപോള 2. ശരീരം.

വലജം=നാ-1. സസ്യങ്ങളുള്ള നിലം 2. ഗോപുരവാതിൽ.

വലിനൻ=ശരീരത്തിൽ ചുളികളുള്ളവൻ. പര്യാ-വലിഭൻ, വലീ.

വലീരൻ=കോങ്കണ്ണൻ. പര്യാ-കേകരൻ.

വല്ലകി=വീണ. പര്യാ-വിപഞ്ചി, വിപഞ്ചിക, പരിവാദിനീ.

വല്ലരി=പൂക്കുല. പര്യാ-മഞ്ജരി, സ്തബകം.

വല്ലൂരം=ഉണക്കമാംസം. പര്യാ-ഉത്തപ്തം, ശുഷ്കമാംസം.

വശക്രിയ=വശീകരണവിദ്യ. പര്യാ-സംവനനം, സംവപനം.

വശികം=ഒന്നുമില്ലാത്തതു് (ശൂന്യം.)

വശംകം=നാ-1. മുളവടി 2. കുലം.

വശിരം=കടലുപ്പ്. പര്യാ-വസിരം, അക്ഷീവം.

വസു=നാ-1. ദ്രവ്യം (ധനം) 2. ഒരുജാതി ദേവൻ.

വസ്തി=മൂത്രാശയം.
വസ്നം=വില.
വസ്നസ=സന്ധിഞരമ്പ്. പര്യാ-സ്നായു.
വളഭി=മുഖപ്പലക. പര്യാ-ഛാദനം.

## വാ

വാ=തീർച്ചപ്പെടുത്തുക എന്നാർത്ഥത്തിൽവരുന്ന ഒരവ്യയം. പര്യാ-ഏവം, തു, പുനഃ, ഏവ. (ഇതു് അതോ ഇതോ എന്ന വികല്പാർത്ഥത്തിലും വരും.)
വാഗുര=മൃഗപക്ഷ്യാദികളെ പിടിക്കാനുള്ള വല. പര്യാ-മൃഗബന്ധിനി. (കടിഞ്ഞാണെന്നും അർത്ഥം കാണുന്നു.)
വാഗ്മി=യുക്തിയായി സംസാരിക്കുന്നവൻ. പര്യാ-വചോയുക്തിപടു.
വാചംയമൻ=മൗനവ്രതക്കാരൻ. പര്യാ-വചോയമി, മുനി.
വാചികം=ദൂതൻവശം പറഞ്ഞയയ്ക്കുന്ന വാക്കു്. പര്യാ-സന്ദേശം.
വാജപേയം=ഒരുവക യാഗം.
വാജിശാല=കുതിരപ്പുര. പര്യാ-മന്ദുര.
വാതൂലം=കൊടുങ്കാററു്. പര്യാ-പ്രകമ്പനം, മഹാവാതം, വാതുലം, വതലം.
വാദിത്രം=നാലുതരം വാദ്യം. പര്യാ-ആതോദ്യം. വീണ, മുരശു്, ഓടക്കുഴൽ, കൈമണി (ഇലത്താളം) ഇവയാണു നാലുതരം വാദ്യങ്ങൾ.
വാനീരം=വഞ്ചി. പര്യാ-വേതസം, രഥം, അഭ്രപുഷ്പം, വഞ്ജുളം.
വാമനൻ=നീളംകുറഞ്ഞവൻ. (മുണ്ടൻ) പര്യാ-ഹ്രസ്വൻ, ഖർവൻ.
വായദണ്ഡം=നെയ്ത്തുകോൽ. പര്യാ-വേമാവു്.
വാരു്=വെള്ളം. പര്യാ-സലിലം, കമലം, ജലം, വാരി, പയസ്സ്, കീലാലം, അമൃതം, ജീവനം, ഭുവനം, വനം.
വാരിവാഹം=മേഘം. പര്യാ-അഭ്രം, മേഘം, സ്തനയിത്നു, വലാഹകം, ധാരാധരം, ജലധരം, തഡിത്വാൻ, വാരിദം, അംബുഭൃത്തു്, ഘനം, ജീമൂതം, മുദിരം, ജലമുക്, ധൂമയോനി.
വാരുണി=നാ-1. പടിഞ്ഞാറേദിക്കു് 2. കള്ളു് (മദ്യം.)
വാർദ്ധുഷികൻ=പലിശകൊണ്ടു ജീവിക്കുന്നവൻ. പര്യാ-കുസീദകൻ, വൃദ്ധ്യാജീവൻ, വാർദ്ധുഷി.
വാലുകം=നാ-1. മണൽ 2. ഏലാവാലുകം എന്ന മരുന്നു്.
വാവദൂകൻ=അധികം സംസാരിക്കുന്നവൻ. പര്യാ-ബഹുഭാഷി, അതിവക്താവു്.
വാസസ്=വസ്ത്രം.

വാസുകി=ഒരു സർപ്പം. പര്യാ-സർപ്പരാജൻ.

വാഹസം=പെരുമ്പാമ്പ്. പര്യാ-അജഗരം, ശയു.

വാഹിത്ഥം=ആനയുടെ മസ്തകത്തിൻെറ താഴെയുള്ള ഭാഗം.

വാഹിനീ=നാ-1. സേന 2. നദി.

## വി

വി=നാ-1. പക്ഷി 2. സർപ്പം 3. മൃഗം 4. ചെള്ളി 5. ഇരുട്ട് 6. വാൎദ്ധക്യം.

വികസ്വരം=വിരിഞ്ഞതു്. പര്യാ-ഉൽഫുല്ലം, സംഫുല്ലം, വ്യാകോശം, വികചം, സ്ഫുടം.

വികാരം=മാററം. പര്യാ-പരിണാമം, വികൃതി, വിക്രിയ.

വികാശം=നാ-1. ആളില്ലാത്ത സ്ഥലം 2. പ്രകാശം.

വികുർവാണൻ=സന്തുഷ്ടമായ മനസ്സുള്ളവൻ. പര്യാ-ഹർഷമാണൻ, പ്രമനസ്സ്, ഹൃഷ്ടമാനസൻ.

വിക്രയം=വില്ക്കുക. പര്യാ-വിപണം, വിപണനം.

വിക്ലവൻ=അവശൻ. പര്യാ-വിഹ്വലൻ.

വിചയനം=അന്വേഷണം. പര്യാ-സംവീക്ഷണം, മാർഗ്ഗണം, മൃഗണം, മൃഗം.

വിചികിത്സ=സംശയം. പര്യാ-സന്ദേഹം, വിശയം.

വിച്ഛന്ദകം=ഒരുതരം ദേവാലയം.

വിജിലം=വളിച്ച ചോറ്. പര്യാ-വിച്ഛ, പിച്ഛിലം.

വിടൻ=ധൂർത്തൻ, സ്ത്രീജിതൻ.

വിട്ചരം=പോക്കു്. പര്യാ-സൂകരം, ഗ്രാമ്യം. (ഗ്രാമ്യസൂകരമെന്നും പാഠമുണ്ടു്.)

വിഡ=വിളയുപ്പ്. പര്യാ-പാക്യം.

വിതർദ്ദി=തിണ്ണ. പര്യാ-പ്രതീഹാരം, വേദിക.

വിതാനം=മേൽക്കട്ടി. പര്യാ-ഉല്ലോചം.

വിദരം=പിളൎക്കുക. പര്യാ-സ്ഫുടനം, ഭിദ.

വിദുരൻ=ജ്ഞാനശീലൻ. പര്യാ-ജ്ഞാതൻ, വിന്ദു.

വിദ്ധം=നാ-1. പിളൎക്കപ്പെട്ടതു് 2. പ്രേരിപ്പിക്കപ്പെട്ടതു്.

വിധവ=ഭൎത്താവു മരിച്ചവൾ. പര്യാ-വിശ്വസ്ത.

വിധുരം=വേർപാട്. പര്യാ-വിരഹം, വിപ്രയോഗം, വിശ്ലേഷം, പ്രവിശ്ലേഷം.

വിപത്തി=ആപത്ത്. പര്യാ-വിപത്തു്, ആപത്തു്.

വിപര്യയം=വ്യത്യാസം. പര്യാ-വിപര്യാസം, വ്യത്യയം, വിപരീതം.

വിപശ്ചിത്തു്=വിദ്വാൻ. പര്യാ-ദോഷജ്ഞൻ, സുധി, കോവിദൻ, ബുധൻ, ധീരൻ, മനീഷി, ജ്ഞൻ, പ്രാജ്ഞൻ, സംഖ്യാവാൻ, പണ്ഡിതൻ, കവി, ധീമാൻ, സൂരി, കൃതി, കൃഷ്ടി, ലബ്ധവർണ്ണൻ, വിചക്ഷണൻ.

വിപ്രകൃതം = ഉപദ്രവിക്കപ്പെട്ടതു്. പര്യാ-നികൃതം.

വിപ്രലംഭം=അനുരക്തരായസ്ത്രീപുരുഷന്മാരുടെ വേർപാടു്. ശൃംഗാരരസം വിപ്രലംഭമെന്നും സംഭോഗമെന്നും മൊത്തത്തിൽ രണ്ടുവിധം.

വിപ്ലവം=കൊള്ള (ദേശോപദ്രവം) പര്യാ-ഡിംബം, ഡമരം.

വിഭൂതി=നാ-1. ഐശ്വര്യം, 2. ഭസ്മം.

വിമയം=വച്ചുമാററം. പര്യാ-നിമയം, പരിവത്തം, പരിവത്തനം, വൈമേയം, നൈമേയം.

വിയാമം=സ്വസ്ഥമായ ഇരിപ്പു്. പര്യാ-വിയമം, യാമം, യമം.

വിരതി=അടങ്ങുക (പിന്മാറുക.) പര്യാ-ആരതി, അവരതി, ഉപരാമം, ഉപരതം.

വിരളം=ഇടവിട്ടതു്. പര്യാ-പേലവം, തനു.

വിലംഭം=അതിദാനം. പര്യാ-അതിസജ്ജനം.

വിവിക്തം=നാ. 1. പരിശുദ്ധം 2. വിജനം (രഹസ്സ്.)

വിവേകം= വേർതിരിച്ചറിയുക. പര്യാ-പൃഥക്ജ്ഞാനം, വിവേചനം.

വിശരം=കൊല.

വിശായം=തവണയുറക്കം. പര്യാ-ഉപശായം.

വിശ്വം=നാ-1. മുഴുവൻ 2. ലോകം 3. ചുക്കു്.

വിശ്വകദ്രു=വേട്ടപ്പട്ടി. പര്യാ-ആഖേടശ്വനം.

വിഷം=നാ-1. വെള്ളം 2. നഞ്ചു്.

വിഷവൈദ്യൻ= വിഷചികിത്സകൻ. പര്യാ-നരേന്ദ്രൻ, ജാംഗുലികൻ, ജാംഗുലി.

വിഷാണം=കൊമ്പു്. പര്യാ-ശൃംഗം.

വിഷ്ടരം=നാ-1. പീഠം 2. ദർഭ 3. മുഷ്ടി 4. വൃക്ഷം.

വിസരം=കൂട്ടം. പര്യാ-സമൂഹം, നിവഹം, വ്യൂഹം, സന്ദോഹം, വ്രജം, സ്തോമം, ഔഘം, നികരം, വ്രാതം, വാരം, സംഘാതം, സഞ്ചയം, സമുദായം, സമുദയം, സമവായം, സംഹതി, വൃന്ദം, നികുരുംബം, കദംബകം.

വിസൃമരം=പരക്കുക സ്വഭാവമുള്ളതു്. പര്യാ-വികാസി, വികസ്വരം, വിസൃത്വരം, പ്രസാരി, വിസാരി.

വിസ്രംഭം=വിശ്വാസം. പര്യാ-വിശ്രംഭം, പ്രത്യയം.

വിഹാപിതം=നാ-1. ദാനം 2. ഉപേക്ഷിച്ചതു്.

വിക്ഷാവം=തികട്ടുക. പര്യാ-ഉൽഗ്രാഹം.

## വീ

വീകാശം=നാ-1. പ്രകാശം 2. വിജനസ്ഥലം.

വീതം=നാ-1. ബലമില്ലാത്തതു് 2. കൂടാത്തതു്.

വീതംസം=കുരുക്കുവല. പര്യാ-ഉന്മാഥം, വിതംസം.

വീനാഹം=കൊട്ടത്തളം. പര്യാ-വിനാഹം, വീനാഹം.

വീരമാതാവു്=വീരനെ പ്രസവിച്ചവൾ. പര്യാ-വീരസൂ.

വീരുത്തു്=പടൎന്ന വള്ളി. പര്യാ-ഗുന്മിനി, ഉലപം.

വിവധം=കാവു്. പര്യാ-വിവധം.

## വൃ

വൃകം=ചെന്നായ്. പര്യാ-കോകം, ഈഹാമൃഗം.

വൃജിനം=നാ-1. പാപം 2. അപരാധം.

വൃത്താന്തം=വൎത്തമാനം (ചരിത്രം.) പര്യാ-വാൎത്ത, പ്രവൃത്തി, ഉദന്തം.

വൃത്രം=നാ-1. ഇരുട്ടു് 2. ശത്രു.

വൃദ്ധൻ=കിഴവൻ. പര്യാ--പ്രവയസ്, സ്ഥവിരൻ, ജീനൻ, ജീൎണ്ണൻ, ജരൻ.

വൃദ്ധി=പലിശ. പര്യാ-വാൎദ്ധുഷ്യം, കുസീദം, വാൎദ്ധുഷി.

വൃന്തം=പൂവിന്റെ ഞെട്ടു്. പര്യാ-പ്രസവബന്ധനം.

വൃന്ദാരകൻ=ദേവൻ.

വൃഷം=നാ-1. ധൎമ്മം. 2. കാള

വൃഷലൻ=ശൂദ്രൻ. പര്യാ-അവരവൎണ്ണൻ, ജഘന്യജൻ.

വൃഷസ്യന്തി= സംയോഗത്തിൽ അത്യാഗ്രഹമുള്ളവൾ. പര്യാ-കാമുകി.

വൃഷാകപായി=നാ-1. പാൎവ്വതി 2. ലക്ഷ്മീദേവി.

വൃഷ്ടി=മഴ. പര്യാ-മാരി, വൎഷം.

## വേ

വേഗം=നാ-1. ഝടിതി 2. മലമൂത്രാദികൾക്കു മുട്ടുക 3. ഒഴുക്കു്

വേണുദ്ധ്മൻ=ഓടക്കുഴൽവായനക്കാരൻ. പര്യാ-വൈണവികൻ.

വേദന=ദുഃഖാനുഭവം. പര്യാ-സംവേദം, തോദനം.

വേധം=തുളയ്ക്കുക. പര്യാ-വ്യാധം

വേപഥു=വിറയൽ. പര്യാ-കമ്പം, ലേപം.

വേസവാരം=കട്ടുകു വറുക്കുക. പര്യാ-വേശവാരം, ഉപസ്കരം.

വേഹത്തു്=ചെനയഴിഞ്ഞ പശു. പര്യാ-ഗൎഭോപഘാതിനീ.

## വൈ

വൈ=പാദപൂരണത്തിനു മാത്രം പ്രയോഗിക്കുന്ന ഒരവ്യയം. പര്യാ-ച, തു, ഹി.

വൈകക്ഷകം=വിലങ്ങത്തിലിട്ട മാല. പര്യാ-വൈകക്ഷ്യകം, വൈകക്ഷികം.

വൈജയന്തം=ഇന്ദ്രന്റെ മാളിക.

വൈജയന്തി=കൊടിക്കൂറ. പര്യാ-പതാക, വൈജയന്തിക.

വൈണികൻ=വീണവായനക്കാരൻ.

വൈതംസികൻ= കുരുക്കുവലക്കാരൻ. പര്യാ-ഔന്മാഥികൻ.

വൈദേഹി=സീത. പര്യാ-ജാനകി, മൈഥിലി, രാമവല്ലഭ, ജനകജ, മഹീസുത.

വൈനീതകം=ചുമക്കുന്ന വാഹനം (പല്ലക്കു മുതലായവ.)

വൈരം=വിരോധം. പര്യാ-വിദ്വേഷം.

വൈവസ്വതൻ=നാ-1. കാലൻ 2. ഒരു മനു സൂര്യവംശത്തിലെ ആദ്യത്തെ രാജാവു് ഈ മനുവാണ്.)

വൈശ്വാനരൻ=അഗ്നി. പര്യാ-വഹ്നി, വീതിഹോത്രൻ, ധനഞ്ജയൻ, കൃപീടയോനി, ജ്വലനൻ, ജാതവേദസ്, തനൂനപാത്ത്, ബർഹിസ്, ശുഷ്മാവ്, കൃഷ്ണവർത്മാവു്, രോചിഷ്കേശൻ, ഉഷർബുധൻ.

## വൌ

വൌഷട്=ദേവന്മാർക്ക് യാഗസാധനങ്ങൾ നിവേദിക്കുമ്പോൾ ഉപയോഗിക്കുന്ന വാക്കു്. പര്യാ-സ്വാഹ, ശ്രൌഷട്, വഷട്, സ്വധ. (ഇതിന്റെ വിവരണം ഗൃഹ്യസൂത്രത്തിൽനിന്നറിഞ്ഞുകൊള്ളണം.

## വ്യ

വ്യക്തി=ഓരോ വസ്തു. പര്യാ-പൃഥഗാത്മത.

വ്യജനം=വിശറി. പര്യാ=താലവൃന്തം.

വ്യഞ്ജനം=നാ-1. അടയാളം 2. മീശ. 3. കറിക്കൂട്ടു്.

വ്യധ്വാവു്=ചീത്തവഴി. പര്യാ-ദുരധ്വാവു്, കദധ്വാവു്, കാപഥം.

വ്യയം-ചെലവു്, നാശം. പര്യാ-അർത്ഥാപഗമം.

വ്യവായം=സംയോഗം. പര്യാ-ഗ്രാമ്യധർമ്മം, നിധുവനം, മൈഥുനം.

വ്യളീകം=അസത്യം. പര്യാ-അളീകം, അനൃതം.

## വ്യാ

വ്യാഘ്രം=പുലി. പര്യാ-ശാർദ്ദൂലം, ദ്വീപി, തരക്ഷു, മൃഗാദനം.

വ്യാനൻ=ശരീരത്തിലെ പഞ്ചവായുക്കളിൽ ഒന്നു്. പ്രാണൻ, അപാനൻ, സമാനൻ, ഉദാനൻ, വ്യാനൻ. ഇവയാണു് പഞ്ചവായുക്കൾ.

വ്യാപാദം=ദ്രോഹവിചാരം.

വ്യാമം=ഒരുമാറു്.

വ്യാസൻ=വേദവ്യാസൻ. പര്യാ-ബാദരായണൻ, കൃഷ്ണദ്വൈപായനൻ, പാരാശര്യൻ, സത്യവതീസുതൻ.

വ്യാഹാരം=വാക്കു്.

വ്യാളം=പാമ്പു്.

വ്യാളി=നാ-1. കൊലയാന 2. പാമ്പു്.

## വ്യു

വ്യുല്പത്തി=നാ-1. നാനാമുഖമായ ശാസ്ത്രജ്ഞാനം 2. ഉത്ഭവം.

## വ്യൂ

വ്യൂഢം=നാ-1. വഹിക്കപ്പെട്ടതു് 2. ഉറപ്പുള്ളതു്.

വ്യൂതി=നെയ്ത്തു്. പര്യാ-വാണി, വയനം.

വ്യൂഹം=സൈന്യങ്ങളെ നിരത്തുന്ന ക്രമം. പര്യാ-ബലവിന്യാസം.

## വ്ര

വ്രജം=നാ-1. കൂട്ടം 2. തൊഴുത്തു്.

വ്രണം=പുണ്ണു്. പര്യാ-ഈർമ്മം, അരു.

വ്രാതം=സമൂഹം.

വ്രീഹി=ഞവര മുതലായ നെല്ലു്. പര്യാ-ആശു, പാടലം.

വ്രീള=ലജ്ജ. പര്യാ-വ്രീഡ, മന്ദാക്ഷം, ത്രപ.

## ശ

ശകടം=വണ്ടി. പര്യാ-അനസ്സ്.

ശകൃത്കരി=കാളക്കുട്ടി. പര്യാ-വത്സം.

ശക്തി=നാ-1. ബലം 2. വേലു്.

ശങ്കു=കുററി. പര്യാ-സ്ഥാണു.

ശംഖം=ഒരു ജലജന്തു. പര്യാ-കംബു.

ശഠൻ=രഹസ്യമായി ഉപദ്രവിക്കുന്നവൻ, ചതിയൻ. പര്യാ-ഗൂഢവിപ്രിയകൃത്തു്.

ശതപദി=ചേരട്ട. പര്യാ-കർണ്ണജളൌക.

ശതാംഗം=പടത്തേരു്. പര്യാ-രഥം, സ്യന്ദനം.

ശംബാകൃതം=രണ്ടുചാലുഴുത നിലം. പര്യാ-ദ്വിഗുണാകൃതം, ദ്വിതീയാകൃതം, ദ്വിസീത്യം.

ശംബൂകം=നത്തയ്ക്കു. പര്യാ-ജലശുക്തി, തടാകശുക്തി.

ശംഭളി=വിടന്മാരേയും വേശ്യമാരേയും തമ്മിൽ കൂട്ടിയിണക്കുന്നവൾ. പര്യാ-കുട്ടനി.

ശമ്യ=നുകക്കൈയ്. പര്യാ-യുഗകീലകം.

ശയനം=കിടക്ക. പര്യാ-തല്പം, ശയനീയം, ശയ്യ.

ശരാടി=താറാവ്. പര്യാ-ശരാരി, ശരാഡി, ശരാതി, ശരാളി, ആടി.

ശരാവം=ചരാതി (വലിയചാടി.) പര്യാ-വർദ്ധമാനകം.(ചട്ടിയെന്നും അർത്ഥമുണ്ട്.)

ശലലം=മുള്ളൻപന്നിയുടെമുള്ള്. പര്യാ-ശലലി. ശലം.

ശല്യം=മുള്ളൻപന്നി. പര്യാ-ശ്വാവിത്ത്.

ശശം=മുയൽ.

ശശ്വത്=പിന്നെ, ഒന്നിച്ച്, നിത്യം ഈ അർത്ഥം കുറിക്കുന്ന ഒരവ്യയം.

ശഷ്പം=ഇളംപുല്ല്. പര്യാ-ബാലതൃണം.

## ശാ

ശാകം=ഇലക്കറിസാധനം. പര്യാ-ഹരിതകം, ശിഗ്രു.

ശാഖ=മരക്കൊമ്പ്. പര്യാ-വിടപം, ശിഖരം.

ശാടകം=കീറത്തുണി പര്യാ-കന്ഥ.

ശാണം=ചാണക്കല്ല്. പര്യാ-നികഷം, കഷം.

ശാദം=നാ-1. ചെളി 2. ഇളം പുല്ല്.

ശാംബരി=നാ-1. മായ 2. ജാലവിദ്യ.

ശാരിഫലം=ചൂതുപടം. പര്യാ-അഷ്ടാപദം.

ശാർവരം=കൂരിരുട്ട്. പര്യാ-അന്ധതമസ്സ് (അന്ധം തമസ്സ്)

ശാലേയം= ചെന്നെല്ലുവിളയുന്ന നിലം.

ശാശ്വതം=നിത്യം. പര്യാ-ധ്രുവം, സദാതനം, സനാതനം.

ശാഷ്കുലികൻ = മുറുക്കുകച്ചവടക്കാരൻ.

## ശി

ശിക്യം=ഉറി. പര്യാ-കാചം.

ശിഖ=നാ-1. അഗ്നിജ്ജ്വാല 2. കുടുമ 3. വൃക്ഷത്തിൻെറ കൊമ്പ് 4. മയിൽപീലി.

ശിഞ്ജ=ആഭരണങ്ങളുടെ കിലുക്കം. പര്യാ-ശിഞ്ജനം, ശിഞ്ജിതം.

ശിഞ്ജിനി=ഞാണ്. പര്യാ-മൗർവ്വി, ജ്യാ, ഗുണം.

ശിപിവിഷ്ടൻ=നാ-1. കഷണ്ടിത്തലയൻ 2. ശിവൻ 3.ത്വക്ദോഷമുള്ളവൻ.

ശിബിക=അന്തോളം (പല്ലക്ക്.) പര്യാ-യാപ്യയാനം.

ശിംബി=പയററിൻെറ തൊലി. പര്യാ-ശിംബ, ശിമി.

ശിരസ്ത്രം=തൊപ്പി. പര്യാ-ശീർഷകം, ശീർഷണ്യം, ശിരസ്ത്രാണം.

ശിരീഷം=നെന്മേനിവാക. പര്യാ-കപീതനം, ഭണ്ഡിലം. ഇതു് എല്ലാത്തരം ചമ്മരോഗങ്ങൾക്കും നന്നു്.

ശില്പം=കലാവിദ്യ. (കലകൾ 64)

ശിശപിദാനൻ = പാപകമ്മങ്ങൾ ചെയ്യാത്തവൻ. പര്യാ-അകൃഷ്ണകമ്മാവു്.

ശിഷ്ടി=വരുതികൊടുക്കുക. പര്യാ-ആജ്ഞ, ശാസ്തി, ശാസനം, നിദേശം, നിർദ്ദേശം.

## ശീ

ശീതകൻ=മടിയൻ. പര്യാ-മന്ദൻ, പരിമൃജൻ, ആലസ്യൻ, അലസൻ, അനുഷ്ണൻ.

ശീതശിവം=ഇന്തുപ്പു്. പര്യാ-മാണിമന്ഥം, സിന്ധുജം, സൈന്ധവം, സിന്ധൂത്ഥം. ഇതു മൂന്നു ദോഷങ്ങളേയും ശമിപ്പിക്കും.

ശീഷം=ശിരസ്സ് (തല.) പര്യാ-ഉത്തമാംഗം, ശിരസ്സ്, മൂദ്ധാവു്, മസ്തകം, വരാംഗം.

ശീഷ്ഛേദ്യൻ=കൊല്ലാൻ വിധിക്കപ്പെട്ടവൻ. പര്യാ-വധ്യൻ, വധാർഹൻ.

## ശു

ശുക്താം=നാ-1. പുളിച്ച കാടി 2. ഉറപ്പുള്ളതു്.

ശുക്രം=നാ-1. പുളി 2. ശുക്ലം.

ശുക്രശിഷ്യൻ=അസുരൻ. പര്യാ-ദൈത്യൻ, ദൈതേയൻ, ദനുജൻ, ഇന്ദ്രാരി, ദാനവൻ, ദിതിസുതൻ, പൂർവദേവൻ, സുരദ്വിട്.

ശുചി=നാ-1. ശുദ്ധി 2. അഗ്നി.

ശുണ്ഠി=ചുക്കു്. പര്യാ-മഹൗഷധം, വിശ്വം, നാഗരം, വിശ്വഭേഷജം.

ശുണ്ഡ=കള്ളുഷാപ്പു്. പര്യാ-പാനം, മദസ്ഥാനം.

ശുഭംയു= ശുഭത്തോടുകൂടിയവൻ. പര്യാ-ശുഭാന്വിതൻ, മംഗളികൻ.

ശുല്ബം=ചെമ്പു്. പര്യാ-താമ്രകം, മ്ലേഛമുഖം, ദ്വഷ്ടം, വരിഷ്ഠം, ഉദുംബരം.

ശുഷ്മാവു്=അഗ്നി.

## ശൂ

ശൂകം=ധാന്യങ്ങളുടെ മുന (നെല്ലിൻെറയും മററും ഓവു്.)

ശൂന്യവാദി= ഈശ്വരനില്ലെന്ന സിദ്ധാന്തക്കാരൻ. പര്യാ-നാസ്തികൻ, ചാർവാകൻ, ലോകായതികൻ.

ശൂപ്പം=മുറം. പര്യാ-പ്രസ്ഫോടനം.

ശൂല്യം=കമ്പിയിൽ കുത്തി പൊരിച്ച മാംസം. പര്യാ-ഭടിത്രം, ശൂലാകൃതം.

## ശൃ

ശൃംഖലം=നാ-1. തുടൽ 2. കച്ചപ്പുറം.

ശൃംഗം=നാ-1. കൊമ്പു് 2. കാമാങ്കരം.

ശൃംഗാടകം=നാലുകൂടിയ പെരുവഴി. പര്യാ-ചതുഷ്പഥം, ഘണ്ടാപഥം.

ശൃംഗാരം=ഒന്നാമത്തെ രസം. പര്യാ-ശുചി, ഉജ്ജ്വലം.

ശൃണി=ആനത്തോട്ടി. പര്യാ-അങ്കുശം, സൃണി.

ശൃതം=കാച്ചിയ പാലും നെയ്യും.

## ശേ

ശേഖരം=മുടിപ്പൊന്നു്. പര്യാ-ശിരോഭൂഷ, ആപീഡം, അവതംസം.

ശേഫസ്സ്=പുരുഷലിംഗം. പര്യാ-മേഹനം, ശിശ്നം, ശേഫസ്സ്, ശേഫം, മേഢ്രം.

ശേഫാളിക=നാ-1. കരുത്തനൊച്ചി 2. ഒരുതരം പുഷ്പം.

ശേവധി=നിധി.

## ശൈ

ശൈഖരികം=വലിയ കടലാടി.

ശൈബ്യം=വിഷ്ണുവിൻെറ തേർക്കുതിര (സുഗ്രീവം, ശൈബ്യം, മേഘപുഷ്പം, വലാഹകം ഇങ്ങനെ നാലു കുതിരകൾ വിഷ്ണുവിനുണ്ടു്.)

ശൈലേയം=മുരാമാഞ്ചി. പര്യാ-താലപർണ്ണി, ദൈത്യ, ഗന്ധകുടി, മുര. ഇതു് കഫപിത്തദോഷങ്ങളെ ശമിപ്പിക്കും.

ശൈവലിനി=നദി. പര്യാ-സരിത്തു്, തരംഗിണി, തടിനി, ഹ്രാദിനി, ധുനി, സ്രോതസ്വിനി, ദ്വീപവതി, സ്രവന്തി, നിമ്നഗ, അപഗ.

## ശോ

ശോഫം=നീരു്. പര്യാ-ശോഥം, ശ്വയഥു.

ശോധിതം=ചളി കളഞ്ഞു ശുദ്ധമാക്കിയതു്. പര്യാ-നിർണ്ണിക്തം, മൃഷ്ടം, നിശ്ശോധ്യം, അനവസ്കരം.

ശോഷം=രാജയക്ഷ്മാവെന്ന രോഗം. പര്യാ-ക്ഷയം, യക്ഷ്മാവു്.

## ശൗ

ശൗണ്ഡൻ=കുടിച്ചുമദിച്ചവൻ. പര്യാ-ഉത്കടൻ, ക്ഷീബൻ, മത്തൻ.

ശൗണ്ഡികൻ= ചെത്തുകാരൻ, കള്ളെടുക്കുന്നവൻ. പര്യാ-മണ്ഡഹാരകൻ, മദ്യഹാരി.

ശൗര്യം=പരാക്രമം. പര്യാ-ദ്രവിണം, തരസ്സ്, സഹസ്സ്, സ്ഥാമം, ശുഷ്മം, ശക്തി, പ്രാണം, ബലം.

ശൗല്ബികൻ = ചെമ്പുപണിക്കാരൻ (ചെമ്പുകൊട്ടി.) പര്യാ-താമ്രകുട്ടകൻ, ഔദുംബരൻ.

ശൗഷ്കലൻ= മാംസഭക്ഷണക്കാരൻ. പര്യാ-ആമിഷാശി, ശുഷ്കലൻ, തരസഭോജി.

## ശ്യ

ശ്യാമ=നാ-1. ഞാഴൽ 2. നറു നീണ്ടി 3. രാത്രി 4. സുന്ദരി.

ശ്യാവം=കറുപ്പും മഞ്ഞയുംകൂടി കലന്ന നിറം. പര്യാ-കപിശം.

ശ്യേത=വെളുത്തവൾ. പര്യാ-ശ്യേനി, സിത.

ശ്യേനം=പരുന്ത്. പര്യാ-പത്രി ശശാദനം.

## ശ്ര

ശ്രവണം=ചെവി. പര്യാ-കണ്ണ്, ശബ്ദഗ്രഹം, ശ്രോത്രം, ശ്രുതി, ശ്രവസ്സ്.

ശ്രാണ=കഞ്ഞി.

ശ്രായം=ആശ്രയിക്കുക. പര്യാ-ശ്രയണം.

ശ്രാവണം=ചിങ്ങമാസം.

## ശ്രീ

ശ്രീ=ലക്ഷ്മീദേവി. പര്യാ-പത്മാലയ, പത്മ, കമല, ഹരിപ്രിയ, ഇന്ദിര, ലോകമാതാ, മാ, രമ, മംഗലദേവത, ഭാർഗ്ഗവി, ലോകജനനി, ക്ഷീരസാഗരകന്യക.

ശ്രീദൻ=കുബേരൻ. പര്യാ-ത്ര്യംബകസഖൻ, യക്ഷരാട്, ഗുഹ്യകേശ്വരൻ, മനുഷ്യധർമ്മാവ്, ധനദൻ, രാജരാജൻ, ധനാധിപൻ, കിന്നരേശൻ, വൈശ്രവണൻ, പൗലസ്ത്യൻ, നരവാഹനൻ, ഏകപിംഗൻ, ഐളിബിളി, പുണ്യജനേശ്വരൻ.

ശ്രീവാസം=തിരുവട്ടപ്പശ. പര്യാ-വൃകധൂപം, ശ്രീവേഷ്ടം, സരളദ്രവം.

ശ്രുതി=വേദം. പര്യാ-ആമ്നായം, നിഗമം, ത്രയി, ആരണം, മറ.

ശ്രോണൻ=കുരുട്ടിച്ചവൻ. പര്യാ-അല്പതനു, പൃശ്നി.

ശ്രോണി=ചന്തി. പര്യാ-ശ്രോണിഫലകം, കകുദ്മതി, കടി.

ശ്രോത്രിയൻ=വേദാന്തി. പര്യാ-പണ്ഡിതൻ.

## ശ്ല

ശ്ലാഘ=സ്നേഹത്തോടുകൂടിയ സ്തുതിവചനം. പര്യാ-ചട്ട, ചാട്ട.

ശ്ലീപദം=മന്തുരോഗം (പെരുക്കാല്. ) പര്യാ-പാദവാത്മീകം.

ശ്ലേഷം=ചേച്ച്. പര്യാ-സന്ധാനം, സന്ധി.

ശ്ലേഷ്മളൻ= കഫരോഗമുള്ളവൻ. പര്യാ-ശ്ലേഷ്മണൻ, കഫി.

## ശ്വ

ശ്വഭ്രം=ഓട്ട. പര്യാ-കുഹരം, സുഷിരം, വിവരം, വിലം, ഛിദ്രം, നിർവ്യഥനം, രോകം, രന്ധ്രം, വപ, സുഷി.

ശ്വവൃത്തി=ദാസ്യം. പര്യാ-സേവ, സേവനം.

ശ്വശുരൻ=ഭൎത്താവിന്റെ അച്ഛൻ.

ശ്വശ്രു=ഭൎത്താവിന്റെ അമ്മ.

ശ്വസ്(ഃ)=നാളെ. പൎയ്യാ-അനാഗതാഹം.

ശ്വസ്തനം=നാളെയുള്ളതു്.

ശ്വിത്രം=ഒരുതരം പുണ്ണ്. പൎയ്യാ-കോഠം, മണ്ഡലകം, കുഷ്ഠം (പാണ്ഡുരോഗമെന്നും പക്ഷമുണ്ടു്.)

## ഷ

ഷൾകൎമ്മാവു്= യാഗംതുടങ്ങിയ ആറുകൎമ്മങ്ങളോടുകൂടിയവൻ. യാഗംചെയ്യുക, ഓത്തു (വേദം) ചൊല്ലുക, ദാനംചെയ്യുക, യാഗംചെയ്യിക്കുക, വേദം ചൊല്ലിക്കുക, ദാനംചെയ്യിക്കുക ഇവയാണു ഷൾകൎമ്മങ്ങൾ.

ഷഡഭിജ്ഞൻ=ബുദ്ധൻ.

ഷഡ്ജം= സപ്തസ്വരങ്ങളിൽ ഒന്നു്, സ.

ഷണ്ഡം=സമൂഹം.

ഷണ്ഡൻ=നപുംസകൻ.

ഷണ്ഡ്ഢം=മദമിളകിയ കാള. പൎയ്യാ-ഇട്ചരം, ഇത്വരം, ശണ്ഡം.

ഷഷ്ഠിക്യം=ഞവരനെല്ലു വിളയുന്ന നിലം.

## സ

സഖാവു്=ഃസ്നേഹിതൻ. പൎയ്യാ-സവയസ്കൻ, വയസ്യൻ,മിത്രം, സുഹൃത്തു്.

സഗൎഭ്യൻ=ഉടപ്പിറന്നവൻ. പൎയ്യാ-സമാനോദൎയ്യൻ, സോദൎയ്യൻ, സഹജൻ, സജാതൻ.

സങ്കസുകൻ= സ്ഥിരതയില്ലാത്തവൻ. പൎയ്യാ-അസ്ഥിരൻ.

സംഗം=ചേൎച്ച. പൎയ്യാ-മേളം, മേളകം, സംഗമം.

സചിവൻ=നാ-1. മന്ത്രി 2. സഹായവാൻ (ഒന്നിച്ചു നടക്കുന്നവൻ)

സജ്ജൻ=തയ്യാറായവൻ. പൎയ്യാ-സന്നദ്ധൻ, വൎമ്മിതൻ, ദംശിതൻ, വ്യൂഢകങ്കടൻ, ബദ്ധപരികരൻ.

സതീൎത്ഥ്യൻ=കൂടെപ്പഠിച്ചവൻ. പൎയ്യാ-സഹപാഠി, സബ്രഹ്മചാരി.

സത്വം=നാ-1. ജീവൻ 2. ദ്രവ്യം 3. ഉത്സാഹം 4. മനസ്സ്.

സത്യാപനം=കരാറു്. പൎയ്യാ-സത്യങ്കാരം, സത്യാകൃതി, സത്യാപന.

സദസ്യൻ= സഭയിലിരിക്കുന്നവൻ. പൎയ്യാ-സഭ്യൻ, സാമാജികൻ, സഭാസത്തു്, സഭാസ്തരൻ.

സദൃക്ഷം=തുല്യം. പൎയ്യാ-സമം,

സദൃശം, സദൃക്, സാധാരണം, സമാനം.

**സനി**=ഗുരു മുതലായവരെ ആരാധിക്കുക. പര്യാ-അധ്യേഷണ.

**സന്തതി**=വംശം. പര്യാ-ഗോത്രം, ജനനം, കുലം, അഭിജനം, അന്വയം, അന്വവായം, സന്താനം.

**സന്ദാനം**=പശുവിനെ കെട്ടുന്ന കയറ്. പര്യാ-ദാമം, പശുരജ്ജുദമനി.

**സന്ധാനം**=മദ്യംവാററുക. പര്യാ-അഭിഷവം.

**സന്ധിനീ**=ചെനയേററ പശു. പര്യാ-വൃഷഭാക്രാന്ത.

**സഭാജനം**= ബന്ധുജനസ്വീകരണം. പര്യാ-ആനന്ദനം, ആപ്രച്ഛനം.

**സമജം**=പശുക്കളുടെ സമൂഹം.

**സമസനം**=ചുരുക്കുക. പര്യാ-സംക്ഷേപം, സംക്ഷേപണം, സംഗ്രഹണം.

**സമ**=ആണ്ട്. പര്യാ-അബ്ദം, വഷം.

**സമാഹാരം**=ഒന്നിച്ചുചേക്കുക. പര്യാ-സമുച്ചയം.

**സമീകം**=യുദ്ധം.

**സമുത്ഗകം**=ചെപ്പ് (കുടുക്ക) പര്യാ-സമ്പുടകം, സമുത്ഗം.

**സമുന്ദനം**=നനവ്. പര്യാ-സ്തേമം, തേമം.

**സമ്പത്തി**=ധനസമൃദ്ധി. പര്യാ-സമ്പത്ത്, ശ്രീ, ലക്ഷ്മി.

**സമ്പ്രദാനം**=നശിക്കുക. പര്യാ-ക്ഷയം, ക്ഷിയ.

**സമ്മാജ്ജ്നി**—ചൂല്. പര്യാ-ശോധിനി.

**സമ്യക്**=നാ. 1. സത്യം 2. വഴിപോലെ (വേണ്ടവണ്ണം.)

**സരടം**=ഓന്ത്. പര്യാ-കൃകലാസം.

**സരമ**=നാ-1. പെൺപട്ടി 2. വിഭീഷണൻെറ ഭാര്യ.

**സഗ്ഗം**=നാ-1. സൃഷ്ടി 2. സ്വഭാവം 3. മോചനം 4. നിശ്ചയം, 5. അദ്ധ്യയനം.

**സർജ്ജരസം**=ചെഞ്ചല്യം.

**സവ്വല**=ചില്ലാക്കോൽ (ഇരുമ്പുപാര.) പര്യാ-തോമരം.

**സഷ്പം**=കട്ടുക്. പര്യാ-തണ്ണുഭം, കദംബകം.

**സവനം**=നാ-1. യാഗം 2. പുളികുടി 3. കളി.

**സവ്യം**=ഇടത്തേത്. പര്യാ-വാമം.

**സഹ**=കൂടെ. പര്യാ-സമം, സാദ്ധം, സാകം, അന്വിതം, അമ, സമേതം.

**സഹസ്**=പരാക്രമം.

**സഹസാ**= അവിചാരിതമായിട്ട് (പെട്ടെന്ന്.)

**സഹസ്രി**=ആയിരം ഭടന്മാരുടെ നായകൻ (ക്യാപ്ററൻ.)

## സാ

സാചി=വിലങ്ങനെ. പര്യാ-തിരസ്, തിര്യക്.

സാതിസാരൻ= അതിസാരരോഗി. പര്യാ-അതിസാരകൻ.

സാനു=പർവ്വതത്തിന്റെ താഴ്വരപ്പ്രദേശം. പര്യാ-പ്രസ്ഥം, സ്നു.

സാന്നായ്യം=യാഗസാധനം. പര്യാ-ഹവിസ്.

സാമി=നാ-1. പകുതി 2. നിന്ദിതം.

സാരിക=പഞ്ചവർണ്ണക്കിളി. പര്യാ-ശാരിക.

സാഹസം=ദണ്ഡോപായം. പര്യാ-ദമം, ദണ്ഡനം.

## സി

സികത=മണൽ. പര്യാ-വാലുക.

സിക്ഥം=മെഴുക്, പര്യാ-സിക്ഥകം, മധൂച്ഛിഷ്ടം.

സിതാഭ്രം=കർപ്പൂരം. പര്യാ-ഘനസാരം, ചന്ദ്രസംജ്ഞം, ഹിമവാലുക.

സിദ്ധ്മലൻ= ചുണങ്ങുരോഗമുള്ളവൻ. പര്യാ-കിലാസി.

സിധ്രകം=കുവളം.

സിന്ധുസംഗമം=അഴി. പര്യാ-സംഭേദം.

## സീ

സീത=നാ-1. ഉഴവുചാല്. 2. ശ്രീരാമപത്നി.

സീമ=അതിര്. പര്യാ-ഗ്രാമാന്തം, ഉപശല്യം.

സീവനം=തുന്നൽ. പര്യാ-സേവനം, സ്യൂതി.

സീസകം=കാരീയം(കറുത്ത ഈയം) പര്യാ-നാഗം, സീസം, യോഗേഷ്ടം, വപ്രം.

## സു

സു=നല്ലതു്. പര്യാ-സുഷ്ഠു.

സുകര=ഇണക്കമുള്ള പശു. പര്യാ-അചണ്ഡി.

സുഖവർച്ചകം= തുവർച്ചിലക്കാരം. പര്യാ-സജ്ജികാക്ഷാരം, കപോതം, സൗവർച്ചലം.

സുചേലകം=വിശിഷ്ടവസ്ത്രം. പര്യാ-പടം.

സുത്യ=സോമലത ഇടിച്ചുപിഴിയുന്ന ക്രിയ. പര്യാ-അഭിഷവം, സവനം.

സുന്ദരി=അഴകുള്ള സ്ത്രീ. പര്യാ-രമണി, രാമ.

സുപ്രലാപം=നല്ല വാക്ക്. പര്യാ-സുവചനം.

സുരഭി=നാ-1. വസന്തം 2. കാമധേനു.

സുഷമ=ശ്രേഷ്ഠമായ പ്രകാശം. പര്യാ-പരമശോഭ.

സുഷീമം=തണുപ്പുള്ളതു്. പര്യാ-സുഷീമം, ശിശിരം, ജഡം, തുഷാരം, ശീതളം, ശീതം, ഹിമം.

## സൂ

സൂചകൻ=ഏഷണിക്കാരൻ. പര്യാ-ദ്വിജിഹ്വൻ, ഖലൻ.

സൂതികാഗൃഹം=പേററില്ലം. പര്യാ-അരിഷ്ടം, സൂതകാഗൃഹം.

സൂത്രം=നൂല്. പര്യാ-തന്തു.

സൂർമ്മി=ഇരുമ്പുപ്രതിമ. പര്യാ-സ്ഥൂണ, അയഃപ്രതിമ.

സൂര്യതനയ=കാളിന്ദീനദി.

## സൃ

സൃക്കിണി=കടവായ്. പര്യാ-സൃക്കി, സൃക്ക, സൃകഭണി, സൃകഭി.

സൃഗം=കവണി. പര്യാ-ഭിണ്ഡിപാലം.

സൃണിക=ഉമിനീര്. പര്യാ-സ്യന്ദിനീ, സൃണീക, ലാല.

സൃപാടി=ഒരുതരം അളവ്.

## സേ

സേകപാത്രം=വെള്ളംകോരുന്ന പാത്രം. പര്യാ-സേചനം.

സേതു=ചിറ (വലിയ വരമ്പ്.) പര്യാ-ആളി.

സേനാരക്ഷൻ=സേനാനായകൻ. പര്യാ-സേനാനി, സൈനികൻ.

സേവ=പരാശ്രയജീവിതം. പര്യാ-ശ്വവൃത്തി, സേവനം.

## സൈ

സൈകതം=മണൽത്തിട്ട. പര്യാ-പുളിനം, സികതാമയം.

സൈന്ധവം=നാ-1. കുതിര 2. ഇന്തുപ്പ്.

സൈരന്ധ്റി=പ്രഭുസ്ത്രീകളെ ചമയിക്കുന്നവൾ. പര്യാ-ശില്പകാരിക.

സൈരികൻ=ഉഴവുകാരൻ. പര്യാ-ഹാലികൻ.

## സോ

സോഢം=സഹിക്കപ്പെട്ടതു്. പര്യാ-ക്ഷാന്തം.

സോൽപ്രാശം=പരിഹാസവാക്കു്. പര്യാ-സോല്ലുണ്ഠനം.

സോപാനം=കല്പട. പര്യാ-നിഃശ്രേണി, ഒതുക്കു്, അധിരോഹിണീ.

സോമവല്ക്കം=വെൺകരിങ്ങാലി.

## സൗ

സൗചികൻ=തയ്യൽക്കാരൻ. പര്യാ-തുന്നവായൻ, സ്യൈൗതികൻ.

സൗഭാഗിനേയൻ=ഭാഗ്യവതിയുടെ പുത്രൻ. പര്യാ-സുഭഗാസുതൻ.

സൗമ്യൻ=ബുധഗ്രഹം. പര്യാ-രൗഹിണേയൻ.

സൗരഭേയി=പശു. പര്യാ-മാഹേയി, ഗൌഃ, ഉസ്ര, മാതാ,

ശൃംഗിണി, അർജ്ജുനി, അഘ്ന്യാ, രോഹിണി.

സൗവിദല്ലൻ=ശിപായി (അന്തഃപുരം രക്ഷിക്കുന്നവൻ. പര്യാ-കഞ്ചുകി, സ്ഥാപതി, സൌവിദൻ.

സൗഹിത്യം=തൃപ്തി. പര്യാ-തർപ്പണം.

## സ്ക

സ്കന്ധം=തോൾ (ചുമൽ) പര്യാ-ഭുജശിരസ്, അംസം.

സ്കന്ധശാഖ=മരത്തിന്റെ പ്രധാനമായ കൊമ്പ്. പര്യാ-ശാല.

സ്കന്നം=വീണതു്. പര്യാ-ഭ്രഷ്ടം, സ്രസ്തം, ച്യുതം, ഗളിതം.

സ്ഖലിതം= നിലയിൽനിന്നു തെററിയതു്. പര്യാ-മരലം (നാട്ടുനടപ്പിനെ ലംഘിച്ചതെന്നും അർത്ഥമുണ്ടു്.)

## സ്ത

സ്തനന്ധയി= മുലകുടിക്കുന്നകുട്ടി. പര്യാ-സ്തനപ, ഉത്താനശയ, ഡിംഭം.

സ്തനിതം=ഇടിനാദം. പര്യാ-ഗർജ്ജിതം, മേഘനിർഘോഷം, രസിതം.

സ്തംബം=പുൽത്തണ്ടു് (പുൽക്കുററിയെന്നും അർത്ഥമുണ്ടു്.) പര്യാ-സ്തംബകരി, ഗുച്ഛം.

സ്തംബേഘ്നം=തുമ്പ. പര്യാ-ഖനിത്രം, സംബഹനം.

സ്തംബേരമം=ആന.

സ്തംഭം=തൂണു്. പര്യാ-സ്ഥൂണം, അവഷ്ടംഭകം.

സ്തിമിതം=നനഞ്ഞതു്. പര്യാ-ആർദ്രം, കിന്നം, തിമിതം, സമുന്നം, ഉത്തം.

സ്തൂപം=താഴികക്കുടം. പര്യാ-സ്തൂപി, സ്തൂപിക.

സ്തേമം=നനവു്. പര്യാ-തേമം, സമുന്ദനം.

സ്തൈന്യം=കളവു്. പര്യാ-ചൌരികം, ചൌര്യം, സ്തേയം.

## സ്ഥ

സ്ഥവിരൻ=കിഴവൻ. പര്യാ-വൃദ്ധൻ, പ്രവയസ്, ജിനൻ, ജീർണ്ണൻ, ജരാവാൻ, ജരഠൻ.

സ്ഥാണു=നാ-1. ശിവൻ 2. കുററിമരം.

സ്ഥാമം=ബലം, പരാക്രമം.

സ്ഥായുകൻ=ദേശാധികാരി. പര്യാ-അധികൃതൻ.

സ്ഥാലി=കലം. പര്യാ-പിഠരം, ഉഖ, ഉഷ.

സ്ഥാസകം=സുഗന്ധദ്രവ്യങ്ങൾ പൂശുക. പര്യാ-ചർച്ച, ചാർച്ചിക്യം.

സ്ഥേയസ്=ഏററവും സ്ഥിരമായിട്ടുള്ളതു്. പര്യാ-സ്ഥാസ്നു, സ്ഥിരതരം.

സ്ഥൌരി=ചുമട്ടുകുതിര. പര്യാ-പൃഷ്ഠ്യം.

## സ്ന

സ്നവം=ഒലിക്കുക. പര്യാ-സ്രവം.

സ്നാനം=കുളി. പര്യാ-ആപ്ലാവം, ആപ്ലവം, മജ്ജനം.

സ്നുതം=ഒഴുകിയതു്. പര്യാ-സ്യന്നം, സ്രുതം, രീണം.

സ്നുഷ=മകന്റെ ഭാര്യ. പൎയ്യാ-ജനീ, വധു.

## സ്പ

സ്പന്ദനം=ഇളക്കം, തുടിപ്പു്.

സ്പശൻ=ചാരൻ. പൎയ്യാ - ഗൂഢപുരുഷൻ, പ്രണിധി, അപസൎപ്പകൻ, ചരൻ, അപസൎപ്പൻ.

സ്പഷ്ടം=വ്യക്തമായിട്ടു്. പര്യാ-സ്ഫുടം, പ്രവ്യക്തം, ഉൽബണം.

## സ്ഫ

സ്ഫിരം=പെരുകിയതു്. പൎയ്യാ-പ്രഭൂതം, പ്രചുരം, പ്രാജ്യം, അഭ്രം, ബഹുലം, ബഹുപുരുഹം, പുരു, ഭൂയിഷ്ഠം.

സ്ഫുടനം=വിളക്കുക, പൊട്ടുക.

സ്ഥേഷ്ഠം=അധികം ഉറപ്പുള്ളതു്.

## സ്ര

സ്രക്ക്=മുടിയിൽചൂടുന്ന മാല. പര്യാ-മാല്യം, മാല.

സ്രുവം=നെയ്പാത്രം.

സ്രോതസ്=ഒഴുക്കു്. പര്യാ-പ്രവാഹം, പരിവാഹം, ഓഘം.

## സ്വ

സ്വച്ഛന്ദൻ=സ്വതന്ത്രൻ. പൎയ്യാ-അപാവൃതൻ, സ്വൈരീ, നിരവഗ്രഹൻ.

സ്വധിതി=മഴുവു്. പൎയ്യാ-കുഠാരം, പരശു, പരശ്വധം.

സ്വസ്തികം=ഒരുവക ദേവാലയം.

സ്വാദു്=നാ-1. ഇഷ്ടമായിട്ടുള്ളതു് 2. മധുരമുള്ളതു്.

സ്വാദ്ധ്യായം=ഉരുവിടുക.

സ്വിത്=ചോദ്യാൎത്ഥം കുറിക്കുന്ന ഒരവ്യയം.

സ്വേദം=വിയൎപ്പു്. പൎയ്യാ-ഘൎമ്മം, നിദാഘം. (ചൂടെന്നും അൎത്ഥമുണ്ടു്.)

സ്വൈരിത=സ്വതന്ത്രത. പൎയ്യാ-സ്വാതന്ത്ര്യം, സ്വൈരത, യദൃച്ഛ, (യദൃച്ഛാശബ്ദത്തിനു വ്യവസ്ഥിതമായ ഒരൎത്ഥം നിൎദ്ദേശിക്കാൻ സാധിക്കയില്ലെന്നു വല്ലഭാചാൎയ്യൻ പറയുന്നു.)

## ഹ

ഹഠം=ബലാൽക്കാരം. പൎയ്യാ-പ്രസഹ്യ.

ഹണ്ഡേ=നാടകത്തിൽ നീചസ്ത്രീയേയും ദാസിയേയും സഖിയേയും ഉദ്ദേശിച്ചുള്ള സംബോധന. പൎയ്യാ-ഹഞ്ജേ, ഹള.

ഹനു=താടി. പര്യാ-ചിബുകം.

ഹരണം=സ്ത്രീധനം. പര്യാ-യൗതകം, സുദായം, ദേയം.

ഹരിത്ത്=ദിക്ക്. പര്യാ-ആശ, കകുപ്, കാഷ്ഠ.

ഹരിദ്ര=മഞ്ഞൾ. പര്യാ-നിശാഹ്വ, കാഞ്ചിനീ, പീത, വരവർണ്ണിനീ

ഹലാഹലം=വിഷം. പര്യാ-കാകോളം, കാളകൂടം. (ഇതു് സ്ഥാവരവിഷമാണ്.)

ഹവം=വിളിക്കുക. പര്യാ-ഹൂതി.

ഹവിസ്=നെയ്യ്. പര്യാ-ഘൃതം, ആജ്യം, സർപ്പിസ്.

ഹസനീ=നെരിപ്പോട് (തീച്ചട്ടി.) പര്യാ-അംഗാരധാനിക, അംഗാരശകടി, ഹസന്തി.

## ഹാ

ഹാടകം=സ്വർണ്ണം. പര്യാ-സുവർണ്ണം, കനകം, ഹിരണ്യം, ഹേമം, തപനീയം, ശാതകുംഭം, ഗാംഗേയം, ഭർമ്മം, കർബ്ബുരം, ചാമീകരം, ജാതരൂപം, മഹാരജതം, കാഞ്ചനം, രുക്മം, കാർത്തസ്വരം, ജാംബൂനദം, അഷ്ടാപദം.

ഹായനം=ആണ്ട്. പര്യാ-സംവത്സരം, വത്സരം, അബ്ദം.

ഹാസം=ചിരി. പര്യാ-സ്മിതം.

## ഹി

ഹിംസ=ഉപദ്രവം (കൊല്ലാനുള്ള ഇച്ഛ.)

ഹിംസ്രം=ദുഷ്ടജന്തു. പര്യാ-ശരാരു, ഘാതുകം.

ഹിക്ക=ഇക്കിൾ.

ഹിമാനി=മഞ്ഞിൻകൂട്ടം. പര്യാ-ഹിമസംഹതി.

## ഹു

ഹുതഭുക്പ്രിയ=അഗ്നിയുടെ ഭാര്യ. പര്യാ-സ്വാഹ.

ഹൂതി=വിളിക്കുക.

ഹൂഹൂ=ഒരു ഗന്ധർവ്വൻ.

## ഹൃ

ഹൃണീയ=നിന്ദ. പര്യാ-ഹൃണിയ, ഘൃണ, ജുഗുപ്സ.

ഹൃദയംഗമം=യുക്തിയുക്തമായതു് (ഭംഗിയുള്ളതു്.) പര്യാ-സംഗതം, അത്യർത്ഥമധുരം.

ഹൃഷീകം=കണ്ണു മുതലായ പഞ്ചേന്ദ്രിയം. പര്യാ-വിഷയി, ഇന്ദ്രിയം.

## ഹേ

ഹേതി=നാ-1. ആയുധം 2. രശ്മി 3. അഗ്നിജ്വാല.

ഹേമപുഷ്പകം=ചമ്പകം. പര്യാ-ചാമ്പേയം, ഹേമപുഷ്പം. ഇതു ചുട്ടുനീററൽ, കുഷ്ഠം, വ്രണം ഇവയെ ശമിപ്പിക്കും.

ഹേഷ=കുതിരയുടെ ശബ്ദം.

## ഹൈ

ഹൈയംഗവീനം=പുതുവെണ്ണ.

പര്യാ-നവനീതം, നവോദ്ധൃതം.

ഹോമം=പഞ്ചയജ്ഞങ്ങളിൽ ഒന്ന്. പാഠം, ഹോമം, സപര്യ, തർപ്പണം, ബലി ഇവ പഞ്ചയജ്ഞങ്ങൾ.

ഹോര=നാ-1. ലഗ്നം 2. അഹോരാത്രം 3. രാശിയുടെ പകുതി.

ഹ്യസ്=ഇന്നലെ.

ഹ്യസ്തനം=ഇന്നലെയുണ്ടായതു്.

ഹ്രസിഷ്ഠം=ഏററവും നീളം കുറഞ്ഞതു്.

ഹ്രീതൻ=നാണിച്ചവൻ. പര്യാ-ഹ്രീണൻ, ലജ്ജിതൻ.

ഹ്രേഷ=കുതിരയുടെ ശബ്ദം പര്യാ-ഹേഷ.

## ക്ഷ

ക്ഷണം=ഉത്സവം. പര്യാ-ഉദ്ധർഷം, മഹം, ഉദ്ധവം, ഉത്സവം.

ക്ഷതവ്രതൻ=ബ്രഹ്മചര്യാദി വ്രതങ്ങളെ തകരാറാക്കിയവൻ. പര്യാ-അവകീർണ്ണി.

ക്ഷവം=തുമ്മൽ. പര്യാ-ക്ഷുത് (ത്തു്), ക്ഷുതം, ക്ഷവഥു.

ക്ഷാന്തി=ക്ഷമ. പര്യാ-തിതിക്ഷ.

ക്ഷിപ്നു= ഉപേക്ഷാശീലൻ. പര്യാ-ക്ഷപ്ണു, നിരാകരിഷ്ണു.

ക്ഷീരം=പാലു്. പര്യാ-പയസ്സ്, ദുഗ്ദ്ധം.

ക്ഷുത്തു്=നാ-1. വിശപ്പു് 2. തുമ്മൽ.

ക്ഷേത്രം=വിളനിലം. പര്യാ-കേദാരം.

ക്ഷേത്രജ്ഞൻ=ആത്മാവു്. പര്യാ-പുരുഷൻ, പൂരുഷൻ.

ക്ഷേപണം=പ്രേരണം. പര്യാ-ക്ഷിപ, ഈരണം.

ക്ഷൈത്രം = വിളനിലത്തിൻെറ കൂട്ടം. പര്യാ-കൈദാരികം.

ക്ഷോദം=പൊടി (അരച്ച-പൊടിച്ച-പൊടി) പര്യാ-ചൂർണ്ണം.

ക്ഷൌദ്രം=ചെറുതേൻ. പര്യാ-മധു, മാക്ഷികം.

ക്ഷേഡം=നാ-1. മുള 2. സിംഹനാദം.

ക്ഷേള=സിംഹനാദം (വീരന്മാരുടെ ശബ്ദം—അലർച്ച.)

# പരിശിഷ്ടം

## 1. ഏകാക്ഷരകോശം

അ=നാ-1. വിഷ്ണു 2. ശിവൻ 3. വായു 4. ഇല്ല, അല്ല.

ആ=നാ-1. ബ്രഹ്മാവ് 2. ഒരു ചുട്ടെഴുത്ത്.

ഇ=നാ-1. കാമദേവൻ 2. ഒരു ചുട്ടെഴുത്ത്.

ഈ=നാ-1. മഹാലക്ഷ്മി 2. താമരദലം.

ഉ=നാ-1. ശിവൻ 2. ബ്രഹ്മാവ് 3. കോപവചനം.

ഊ=നാ-1. ശിവൻ 2. ബ്രഹ്മാവ് 3. രക്ഷ.

ഋ=അസുരമാതാവ് (ദിതി.)

ൠ=നാ-1. ഭൈരവൻ 2. ഒരസുരൻ.

ഌ=നാ-1. ഭൂമി 2. പർവ്വതം 3. ദേവി 4. സ്ത്രീത്വം.

ൡ=നാ-1. ശിവൻ 2. ദേവമാതാവ് (അദിതി.)

ഏ=നാ-1. വിഷ്ണു 2. ഓർമ്മ 3. അസൂയ 4. കരുണ 5. വിളി 6. നിന്ദ.

ഐ=ശിവൻ.

ഓ=നാ-1. ഓർമ്മ 2. വിളി 3. ദയ.

ഓം=പ്രണവം (ബ്രഹ്മം.) അ, ഉ, മ, ഈ അക്ഷരങ്ങളുടെ സമാഹാരമാണ് ഓം. വിഷ്ണു, ശിവൻ, ബ്രഹ്മാവ് ഇങ്ങനെ അവയുടെ മുറയ്ക്കർത്ഥം.

ഔ=അനന്തൻ (ആദിശേഷൻ.)

അം=പരബ്രഹ്മം.

അഃ=മഹേശ്വരൻ (ശിവൻ.)

കൻ=ബ്രഹ്മാവ്.

കം=നാ-1. ശിരസ്സ് 2. വെള്ളം 3. സുഖം.

കു=നാ-1. ഭൂമി 2. ചീത്ത.

ഖം=നാ-1. ആകാശം 2. ഇന്ദ്രിയം 3. സ്വർഗ്ഗം.

ഗൻ=നാ-1. ഗണേശൻ 2. ഗന്ധർവ്വൻ.

ഗീഃ(ര്)=വാക്ക്.

ഗൌ=നാ-1. പശു 2. ഭൂമി 3. സരസ്വതി.

ഘം=നാ-1. മണി 2. മേഘം.

ഘു=നാ-1. ശബ്ദം 2. മൂക്ക്.

ങൻ=ശിവൻ.

ങം=വിഷയാഭിലാഷം.

ചൻ=നാ-1. ശിവൻ 2. ചന്ദ്രൻ 3. കള്ളൻ 4. സൂര്യൻ.

ഛരം=നാ-1. ഇളക്കം 2. പരിശുദ്ധം.

ജൻ=നാ-1. വിഷ്ണു 2. ശിവൻ 3. വിജയി.

ജ്ഞൻ=നാ-1. വിദ്വാൻ 2. ബുധഗ്രഹം.

ജ്യ=നാ-1. ഞാണ് 2. ഭൂമി.

ഝൻ=നാ-1. സൂര്യൻ 2. വായു 3. ബൃഹസ്പതി.

ഝം=നാ-1. അണിയറ 2. നാശം.

ഞൻ=ഗായനൻ എന്ന മഹർഷി.

ടം=നാ-1. ശബ്ദം 2. ജനക്കൂട്ടം 3. ഭൂമി.

ഠൻ=നാ-1. അഗ്നി 2. ശിവൻ.

ഠം=നാ-1. ചന്ദ്രബിംബം 2. ശൂന്യം.

ഡൻ=ശിവൻ.

ഡം=നാ-1. ഭയം 2. ഭയങ്കരം 3. ശബ്ദം.

ഢൻ=നാ-1. ദരിദ്രൻ 2. നിർഗ്ഗുണൻ 3. കീർത്തിപ്പെട്ടവൻ.

ഢം=ഉടുക്ക്.

ണൻ=ശിവൻ.

ണം=നാ-1. ജ്ഞാനം 2. നിശ്ചയം 3. പനി.

തൻ=കള്ളൻ.

തം=പനിവാൽ.

ഥം=നാ-1. മല 2. ഭയം 3. ഒരു രോഗം 4. രക്ഷണം.

ദൻ=ദാനംചെയ്യുന്നവൻ.

ദം=നാ-1. ദാനം 2. ഭാര്യ 3. ഛേദം.

ധൻ=നാ-1. ബ്രഹ്മാവ് 2. കുബേരൻ 3. ധനവാൻ.

ധം=നാ-1. ബന്ധനം 2. ബുദ്ധി.

ധീ=ബുദ്ധി.

ധൂര്=നാ-1. ഭാരം 2. ധനം.

നൻ=നാ-1. സൂര്യൻ 2. നായകൻ 3. ബുധൻ 4. ഗണപതി 5. വേദത്തെ നിന്ദിക്കുന്നവൻ 6. ബന്ധുജനം.

ന=നാ-1. അല്ല 2. ഇല്ല. 3. ബുദ്ധി 4. സ്തുതി 5. വൃക്ഷം.

നൃ=മനുഷ്യൻ.

പൻ=നാ-1. രക്ഷകൻ 2. കാറ്റ് 3. കുബേരൻ.

പ=നാ-1. കുടിക്കുക 2. ഒട്ടവിലത്തേത് 3. പുറകുള്ളത്.

പാ=നാ-1. ധർമ്മം 2. കുടിക്കുക 3. മലദ്വാരം.

പീ=നാ-1. മലം 2. ചാണകം.

പേ=നാ-1. ഭ്രാന്ത് 2. പിശാച് 3. ചീത്ത.

പ്താ=ശിവന്റെ ജട.

പ്യാട്ട്=ഹേ (അല്ലയോ.)

ഫം=നാ-1. വാതരോഗം 2. വിളിക്കുക 3. വെറുംവാക്ക് 4. ഫൂൽക്കരിക്കുക 5. കഫം.

ബൻ=വരുണൻ.

ബം=നാ-1. ഗദ 2. മാറിടം.

ഭൻ=ശുക്രൻ.

ഭം=നാ-1. നക്ഷത്രം 2. മേടം രാശി 3. വീട്.

ഭാ=നാ-1. ശോഭ 2. ഭൂമി 3. സൌന്ദര്യം.
ഭീ=ഭയം.
ഭ്രൂ=ഭൂമി.
ഭോ=അല്ലയോ, എടോ.
ഭൃ=പുരികം.
മൻ=നാ-1. ചന്ദ്രൻ 2. കാലൻ 3. ശിവൻ 4. വിഷ്ണു 5. ബ്രഹ്മാവു്.
മം=ബന്ധനം.
മ്യാത്=നാ-1. മഴപെയ്യുന്ന സ്ഥലം 2. പാകുന്ന സ്ഥലം.
യൻ=നാ-1. കാലൻ 2. കാററു്.
യാ=യാത്ര.
രൻ=നാ-1. അഗ്നി. 2. വായു.
രം=നാ-1. ധനം 2. ഇന്ദ്രിയം.
രു=ഭയം.
രാട്=രാജാവു്.
രൈ=ധനം.
ലൻ=നാ-1. അനന്തൻ 2. ഇന്ദ്രൻ.
ലം=നാ-1. ആകാശം 2. ദീപ്തി 3. ഭയം 4. ഉപ്പു് 5. സ്നേഹം.
വൻ=വരുണൻ.
വാ=നാ-1. സാദൃശ്യം 2. സംശയം 3. നിശ്ചയം.
വാഃ(ര്)=വെള്ളം.
ശൻ=ശിവൻ.
ശി=ശിവൻ.
ശം=നാ-1. സുഖം 2. പ്രതാപം 3. കിടക്ക 4. ഉപദ്രവം.
ശ്വസ്(ഃ)=നാളെ.
ഷൻ=നാ-1. ശ്രേഷ്ഠൻ 2. കീർത്തിപ്പെട്ടവൻ.
ഷം=നാ-1. ദുശ്ശകുനം 2. ആക്ഷേപം.
സൻ=നാ-1. സജ്ജനം 2. വിഷ്ണു 3. വരുണൻ 4. ശിവൻ.
സഃ=അവൻ.
സാ=അവൾ.
സം=നാ-1. കോപം 2. അടയാളം.
സൃക്=സൃഷ്ടിക്കുന്നവൻ (ബ്രഹ്മാവു്.)
സ്രക്=മാല (തലയിൽ ചൂടുന്നതു്.)
സ്വഃ(ര്)=സ്വർഗ്ഗം.
ഹൻ=നാ-1. ശിവൻ 2. വിഷ്ണു 3. ആന.
ഹം=കോപം.
ഹി=നാ-1. കാരണം 2. നിശ്ചയം.
ഹു=നാ-1. വിളി 2. നിന്ദ 3. ദുഃഖം.
ഹൊ=നാ-1. ചോദ്യം 2. വിളി.
ഹ്യസ്(ഃ)=ഇന്നലെ.
ക്ഷ=നാ-1. വയലു് 2. വാക്കു് 3. ക്ഷത്രിയൻ 4. നരസിംഹം.
ക്ഷ്മാ=ഭൂമി.

## 2. സംഖ്യാപരിച്ഛിന്ന സജാതീയ പദാർത്ഥങ്ങൾ

### ഒന്നു്

ബ്രഹ്മം.

### രണ്ടു്

ഗുണം, ദോഷം.

### മൂന്നു്

#### അഗ്നിത്രയം

1. ദക്ഷിണാഗ്നി 2. ഗാർഹപത്യാഗ്നി 3. ആഹവനീയാഗ്നി.

#### അവസ്ഥാത്രയം

1. ജാഗരം 2. സ്വപ്നം 3. സുഷുപ്തി.

#### ഋണത്രയം

1. ദേവന്മാൎക്കു് 2. ഋഷികൾക്കു് 3. പിതൃക്കൾക്കു്. ഇങ്ങനെ മനുഷ്യനു മൂന്നു കടമുണ്ടു്.

#### ഏഷണത്രയം

1. പുത്രൈഷണം 2. ദാരൈഷണം 3. വിത്തൈഷണം.

#### കൎമ്മത്രയം

1. സൃഷ്ടി 2. സ്ഥിതി 3. സംഹാരം.

#### കാരണത്രയം

1. സമവായികാരണം 2. അസമവായികാരണം 3. നിമിത്തകാരണം.

#### കാലത്രയം

1. ഭൂതകാലം 2. വൎത്തമാനകാലം 3. ഭാവികാലം

#### ഗുണത്രയം

1. സത്വഗുണം 2. രജോഗുണം 3. തമോഗുണം.

#### താപത്രയം

1. ആദ്ധ്യാത്മികം 2. ആധിഭൌതികം 3. ആധിദൈവികം

#### വേദത്രയം

1. ഋഗ്വേദം 2. യജുൎവ്വേദം 3 സാമവേദം.

#### ത്രിദോഷം

1. വാതം 2. പിത്തം 3. കഫം.

#### ത്രിവൎഗ്ഗം

1. ധൎമ്മം 2 അൎത്ഥം 3. കാമം.

#### ത്രിസന്ധ്യ

1. പൂൎവ്വാഹ്നസന്ധ്യ 2. മദ്ധ്യാഹ്നസന്ധ്യ 3. സായാഹ്നസന്ധ്യ.

#### ദോഷത്രയം

1. അവ്യാപ്തി 2. അതിവ്യാപ്തി 3. അസംഭവം.

#### മധുരത്രയം

1. നെയ്യ് 2. പഞ്ചസാര 3. തേൻ.

#### മൂൎത്തിത്രയം

1. ബ്രഹ്മാവു് 2. വിഷ്ണു 3. ശിവൻ.

#### രീതിത്രയം

1. വൈദർഭി 2. ഗൌഡി 3. പാഞ്ചാലി.

#### ലോകത്രയം

1. പാതാളം 2. ഭൂമി 3. സ്വൎഗ്ഗം.

### വൃത്തിത്രയം

1. അഭിധ 2. ലക്ഷണ 3. വ്യഞ്ജന.

### ശക്തിത്രയം

1 പ്രഭുശക്തി 2. ഉത്സാഹശക്തി 3. മന്ത്രശക്തി.

### ശരീരത്രയം

